

# ഉപജീവന റബർ
# അതിജീവന ചിന്തകൾ

ജനകീയ വിഷയങ്ങളിൽ സാമൂഹിക വിദ്യാഭ്യാസത്തിന്റെ ഭാഗമായി
പൊതുചർച്ചയ്ക്കായി പ്രസിദ്ധീകരിക്കുന്ന ജനകീയ ഗവേഷണ പ്രബന്ധം

ജെയിംസ് വടക്കൻ

# ഉൾപേജുകളിൽ

- റബർ വിറ്റ് അത്യാവശ്യസാധനങ്ങൾ വാങ്ങാൻ വിപണിയിലെത്തുന്ന ചെറുകിട കർഷകന്റെ റബർ സംഭരിച്ച് അവനു ന്യായവില നൽകണം. ഉത്പാദനച്ചിലവെങ്കിലും കൊടുക്കണമല്ലോ. വിപണിയെക്കാൾ രണ്ടു രൂപ കൂടുതൽ എന്ന അശാസ്ത്രീയമായ സമീപനം ഉപേക്ഷിച്ച് 150 രൂപയ്ക്ക് ഉത്പാദകസംഘങ്ങൾ വഴി യഥാർത്ഥ ചെറുകിടക്കാരന്റെ ഉത്പന്നം സംഭരിക്കുക. *(Page 15)*

- വിലത്തകർച്ചയ്ക്കു പരിഹാരം കാണാൻ പല മാർഗ്ഗങ്ങളും പലരും നിർദ്ദേശിക്കുന്നു. റബറിന്റെ അനിയന്ത്രിതമായ ഇറക്കുമതി കേന്ദ്ര ഗവണ്മെന്റ് അവസാനിപ്പിക്കണം. അധികനികുതി ഈടാക്കണം, റബറിനു സംരക്ഷണചുങ്കം വേണം, ഉത്പന്നവും ഉപഭോഗവും കണക്കാക്കി ഇറക്കുമതി അനുവദിക്കണം, 200 രൂപയ്ക്കു റബർ സംഭരിക്കാൻ വിലസ്ഥിരതാഫണ്ടിൽനിന്നു തുക അനുവദിക്കണം. ഇങ്ങനെപോകുന്നു വിവിധ മേഖലകളിൽനിന്നുള്ള ആവശ്യങ്ങൾ. വിപണിവില ഉയർത്താൻവേണ്ടി ഇടപെടാൻ പരിമിതികൾ ഉണ്ടെന്ന് അറിഞ്ഞിട്ടും ഉദാരവത്കരണത്തിനു മുൻപ് പ്രശ്നങ്ങളെ അഭിമുഖീകരിച്ച അതേ രീതിയിൽ നിലവിലുള്ള പ്രശ്നങ്ങളെ രാഷ്ട്രീയനേതൃത്വങ്ങളും ഗവണ്മെന്റുകളും കാണുന്നതു നിർഭാഗ്യകരമാണ്. 1994-ലെ ലോക വ്യാപാരകരാറിനുശേഷം 150ലധികം രാജ്യങ്ങൾ ഉൾപ്പെടുന്ന ലോകവ്യാപപാരസംഘടനയിൽ 1995ൽ അംഗമായ ഇന്ത്യക്കു നമ്മുടെ വിപണി ലോക റബർ വിപണിക്കു തുറന്നുകൊടുക്കേണ്ടിവന്നു. ഇതിൻപ്രകാരം 2001 മുതൽ നിലവിലെ ഇറക്കുമതി തീരുവ നല്കി ആർക്കും യാതൊരു ലൈസൻസും കൂടാതെ ഗുണനിലവാരം ഉറപ്പാക്കി റബർ ഇറക്കുമതി നടത്താം. ഇറക്കുമതി ഒരു ഗവണ്മെന്റിനും നിരോധിക്കാൻ സാധിക്കില്ല. *(Page 23, 24)*

- റബർവില കുറഞ്ഞതുമൂലമുണ്ടായ പ്രതിസന്ധിയും പരിഹാരനിർദ്ദേശങ്ങളും കഴിഞ്ഞ രണ്ടു വർഷമായി മാധ്യമങ്ങളിൽ നിറഞ്ഞുനിൽക്കുന്നു. പുതിയ നിർദ്ദേശങ്ങളും നൂതന ആശയങ്ങളുമായി റിപ്പോർട്ടുകളും ലേഖനങ്ങളും മാധ്യമങ്ങളിൽ ദിവസവും വരുന്നു. 1. ഇറക്കുമതി നിരോധനം 2. ഉയർന്ന ഇറക്കുമതിച്ചുങ്കം 3. ആന്റി ഡമ്പിങ് ഡ്യൂട്ടി 4. സേഫ്ഗാർഡ് നടപടി 5. കാർഷികോത്പന്നം എന്ന പ്രഖ്യാപനം 6. മിനിമം വില പ്രഖ്യാപനം 7. സംഭരണം 8. ആഭ്യന്തര ഉപഭോഗം. 2001 മുതൽ നിലവിലുള്ളതും മുൻവിവരിച്ചതുമായ മാറിയ സാഹചര്യങ്ങളുടെ പശ്ചാത്തലത്തിൽ ഈ ഓരോ ആശയത്തിന്റെയും പ്രസക്തി പരിശോധിക്കാം. എഴുപതുകളിലും 80-കളിലും ഉണ്ടായിരുന്ന സാഹചര്യമല്ല ഇന്ത്യയിൽ ഇന്നുള്ളത്. സമ്പദ്‌രംഗത്തിന്റെ അടിസ്ഥാനസ്വഭാവങ്ങളിലും സമീപനങ്ങളിലും അടിമുടി മാറ്റം വന്നിരിക്കുന്നു. ഇന്ത്യയിൽ 1991 മുതൽനടപ്പാക്കിത്തുടങ്ങിയ സാമ്പത്തിക പരിഷ്കാരങ്ങളാണ് ഈ മാറ്റങ്ങളിലേക്കുള്ള തുടക്കം. 1994-ലെ ഗാട്ടുകരാറിൽ ഇന്ത്യയും ഭാഗമാണ്. *(Page 25, 26, 28, 29)*

- വിദേശവിപണിയെ ആശ്രയിച്ചുമാത്രമേ ആഭ്യന്തരവിപണി ഇനി വരുംകാലങ്ങളിൽ മുമ്പോട്ടുള്ളൂ എന്ന് ഒരിക്കൽക്കൂടി ഓർമ്മിപ്പിച്ചുകൊണ്ടു പറയട്ടെ. വിദേശവില + ഇറക്കുമതിതീരുവ 25% + ട്രാൻസ്പോർട്ടിംഗ് ചാർജ് എന്നതായിരിക്കും വരുംകാലങ്ങളിൽ ആഭ്യന്തരവില. 2015 ഒക്ടോബറിൽ 1kg റബർഷീറ്റിന്റെ ബാങ്കോങ് വില 86.28 രൂപാ. 25% ഇറക്കുമതിതീരുവ 21.57 രൂപ. ട്രാൻസ്പോർട്ടിംഗ് ചാർജ് 1kg ക്ക് 2 രൂപാ. അങ്ങനെ നോക്കുമ്പോൾ കോട്ടയം മാർക്കറ്റിലെ 1kg റബർ ഷീറ്റിന്റെ വില 110 രൂപയേ ആകൂ. *(Page 7, 8)*

- സേഫ്ഗാർഡ് ഡ്യൂട്ടി (സുരക്ഷിത ചുങ്കം) യുടെ കാര്യത്തിൽ മാത്രമാണ് എന്തെങ്കിലും പ്രതീക്ഷിക്കാനാവുക. എന്നാൽ അവിടെയും തീരുമാനത്തിലെത്താൻ വർഷങ്ങളെടുത്തേക്കാം. റബറിനെ രക്ഷിക്കാൻ സാധിച്ചാൽപ്പോലും അത് നാളികേരത്തെയോ മറ്റു കാർഷിക ഉൽപ്പന്നങ്ങളെയോ പ്രതികൂലമായി ബാധിക്കാം. കേരളത്തിലെ 10 ലക്ഷം കർഷകരെ രക്ഷിക്കാൻ ഇറക്കുമതിച്ചുങ്കം ഉയർത്താൻ ഗാട്ട് കരാറിൽ അംഗങ്ങളായ 150-ൽ പരം രാജ്യങ്ങൾ സമ്മതിക്കുമെന്നും വിശ്വസിക്കാനാവില്ല.

- റബർ നിയമം ഭേദഗതിചെയ്ത് റബർ ട്രേഡിംഗ് കോർപറേഷൻ രൂപവത്കരിക്കാൻ കേന്ദ്രസസർക്കാർ തയാറാവണമെന്നും ഇതുവഴി റബറിന്റെ വില്പനയിലും വിലയിലും നിയന്ത്രണസംവിധാനങ്ങൾ കൊണ്ടുവരാൻ കഴിയുമെന്നും പ്രതിപക്ഷനേതാവ് വി.എസ്. അച്ച്യുതാനന്ദൻ *(Page 30)*

- 'ഡ്യൂട്ടി പെയിഡ്'റബർ ഇറക്കുമതിയിലൂടെ കേന്ദ്രസർക്കാരിനു കഴിഞ്ഞ 6 വർഷങ്ങളിൽ ലഭിച്ച ഇറക്കുമതിച്ചുങ്കം 2092 കോടി രൂപ *(Page 5)*

- സ്വാഭാവിക റബർ മേഖലയിൽനിന്നും കേരള സംസ്ഥാന സർക്കാരിനു ലഭിച്ച വിൽപന നികുതി വരുമാനം 2016 കോടി രൂപ *(Page 5)*

- 2015-ലെ സംസ്ഥാന ബഡ്ജറ്റിൽ അന്നത്തെ ധനകാര്യമന്ത്രി കെ.എം. മാണി കൊണ്ടുവന്ന 300 കോടി രൂപയുടെ റബർ ഉൽപാദക ഉത്തേജന പദ്ധതിയെ ആദ്യഘട്ടത്തിൽ പലരും സംശയത്തോടെ വീക്ഷിച്ചെങ്കിലും ആറു മാസങ്ങൾക്കുള്ളിൽ ഈ പദ്ധതിയിൽ 1879 റബർ ഉൽപാദക സംഘങ്ങളിലെ 3.36 ലക്ഷം റബർ കർഷകർ അംഗങ്ങളാകുകയും 196.36 കോടി രൂപയുടെ 751312 ബില്ലുകൾ 185013 റബർ കർഷർ സഹായപദ്ധതിയിലൂടെ സമർപ്പിക്കുകയും 141594 കർഷകർക്ക് 118.49 കോടി രൂപാ അവരുടെ ബാങ്ക് അക്കൗണ്ടുകളിൽ 10-2-2016 വരെ ലഭിക്കുകയും ചെയ്തു. *(Page 3)*

- കേരളത്തിൽ പരമാവധി 5 ലക്ഷത്തിൽ താഴെ കർഷകർ മാത്രമാണുള്ളതെന്നും ചൂണ്ടിക്കാണിക്കപ്പെടുന്നു. സംസ്ഥാന റബർ സഹായ പദ്ധതിയിൽ ഓരോ RPS പരിധിയിലും 80% പേരെങ്കിലും അംഗങ്ങളായിട്ടുണ്ട്. ആകെ റബർകൃഷിയുടെ 70% ടാപ്പിംഗ് ഏരിയായും 30% റീപ്ലാന്റിംഗ് ഭാഗവുമാണെന്നാണ് വിലയിരുത്തുന്നത്. റബർ ബോർഡിൽ റീപ്ലാന്റിങ്ങിനുള്ള അപേക്ഷകളുടെ എണ്ണവും കണക്കാക്കേണ്ടിയിരിക്കുന്നു. ഇതൊക്കെ കണക്കിലെടുത്താൽ ഏകദേശം 4.8 ലക്ഷം റബർ കർഷകർ മാത്രമാണ് കേരളത്തിലുള്ളത് എന്നാണ് വിലയിരുത്തപ്പെടുന്നത്. അങ്ങനെ നോക്കുമ്പോൾ ടാപ്പിങ് നടക്കുന്ന റബർ തോട്ടങ്ങളൊക്കെ സംസ്ഥാന പദ്ധതിയിൽ അംഗങ്ങളായിക്കഴിഞ്ഞു. *(Page 3)*

## ഭാഗം 1

# ആമുഖം

റബർ കർഷകരും കാർഷിക കേരളവും ഏറെ പ്രതിസന്ധിയിലാണ്. 240 രൂപായുണ്ടായിരുന്ന റബറിന്റെ വില 100 രൂപയിൽ താഴെയായിരിക്കുന്നു. 10 ലക്ഷത്തോളം (?) റബർ കർഷകർ 5.5 ലക്ഷം (?)ഹെക്ടറിൽ റബർ കൃഷി ചെയ്ത് പ്രതിവർഷം 8 ലക്ഷം ടൺ (?) റബർ ഉൽപാദിപ്പിക്കുന്നതായി കണക്കുകൾ. എന്നാൽ റബർ ബോർഡിന്റെയും സംസ്ഥാന സർക്കാരിന്റെയും ഈ കണക്കുകൾക്കൊന്നും ആധികാരികതയില്ലെന്ന് സർക്കാർതന്നെ ചൂണ്ടിക്കാണിക്കുന്നു. റബർ വില ഉയർത്താൻ ഇറക്കുമതി നിരോധനം, ഉയർന്ന ഇറക്കുമതിച്ചുങ്കം, സംരക്ഷണച്ചുങ്കം ഏർപ്പെടുത്തൽ, ആന്റി ഡംപിങ് ഡ്യൂട്ടി, കാർഷികോൽപ്പന്നം എന്ന പ്രഖ്യാപനം, മിനിമം വില പ്രഖ്യാപനം,സംഭരണം, ആഭ്യന്തര ഉപയോഗം വർദ്ധിപ്പിക്കൽ, റബർ കുത്തക സംഭരണത്തിനായി സ്റ്റേറ്റ് റബർ ട്രേഡിംഗ് കോർപറേഷൻ, റബർ കർഷകർക്ക് അമൂൽ മോഡൽ കമ്പനി എന്നിങ്ങനെ നിരവധി നിർദ്ദേശങ്ങൾ വിവിധ കോണുകളിൽനിന്നുയരുന്നു. ലോകവ്യാപാര സംഘടന (ഗാട്ട്), ആസിയാൻ കരാറുകൾ അടക്കം റബർവിലയിടിവിന്റെ കാരണങ്ങളെപ്പറ്റി നിരവധി സംശയങ്ങൾ കർഷകർക്കിടയിൽ നിലനിൽക്കുന്നു.

### കാലാവസ്ഥാ വ്യതിയാനം

കാലാവസ്ഥാവ്യതിയാനത്തിന്റെ ഭാഗമായി റബർപാൽ ഉൽപാദനത്തിൽ കനത്ത ഇടിവുണ്ടായതായി കർഷകർ സാക്ഷ്യപ്പെടുത്തുന്നു. ഒരു ഹെക്ടറിൽനിന്നും 1800 കിലോ ഉണക്ക റബർ കിട്ടിക്കൊണ്ടിരുന്നിടത്ത് ഇപ്പോൾ അത് 1000 കിലോ ആയി കുറഞ്ഞിരിക്കുന്നു.

ആഗോളതലത്തിൽ മത്സരിച്ചുമാത്രമേ കേരളത്തിൽ റബർ കൃഷിയെ നിലനിർത്താനാവൂ എങ്കിൽ വിദേശ റബർ ഉൽപാദക രാജ്യങ്ങളിലെ ടാപ്പിംഗ് കൂലി, ടാപ്പിംഗ് ശൈലി, റബർ പാൽ ലാറ്റക്സാക്കൽ, ഷീറ്റു നിർമ്മാണം, ദിവസവും റബർപാൽ സംഭരണം എന്നതിൽനിന്നും ആഴ്ചയിലൊരിക്കൽ സംഭരണം, ബ്ലോക്കു റബർ നിർമ്മാണം എന്നിങ്ങനെ നിരവധി ആനുകാലിക വിഷയങ്ങൾ കേരളത്തിലെ റബർ കർഷകർക്കിടയിൽ ചർച്ചചെയ്യപ്പെടേണ്ടിയിരിക്കുന്നു. വിലയിടിവിനെ തുടർന്ന് റബർകൃഷി പൂർണ്ണമായി ഒഴിവാക്കി തെങ്ങ്, മാവ്, പ്ലാവ്, കൊക്കൊ എന്നിവ നടണം എന്ന വിപ്ലവ ചിന്തകൾ ചില കേന്ദ്രങ്ങളുയർത്തുന്നുണ്ടെങ്കിലും നിലവിലെ റബർതോട്ടങ്ങളിൽ റബർ തന്നെ മുഖ്യകൃഷിയായി നിലനിർത്തിക്കൊണ്ട് റബർതോട്ടങ്ങളിൽനിന്നുതന്നെ മറ്റു വരുമാനമാർഗ്ഗങ്ങളെന്തൊക്കെ സൃഷ്ടിക്കാനാവുമെന്നും ഗൗരവമായി ചിന്തിക്കേണ്ടിയിരിക്കുന്നു.

### റബ്ബർ ഉല്പാദക – ഉത്തേജന പദ്ധതി

2015–ലെ സംസ്ഥാന ബഡ്ജറ്റിൽ അന്നത്തെ ധനകാര്യ മന്ത്രി കെ.എം. മാണി കൊണ്ടുവന്ന 300 കോടി രൂപയുടെ റബർ ഉൽപാദന ഉത്തേജന പദ്ധതിയെ ആദ്യഘട്ടത്തിൽ പലരും സംശയത്തോടെ വീക്ഷിച്ചെങ്കിലും ആറു മാസങ്ങൾക്കുള്ളിൽ ഈ പദ്ധതിയിൽ 1879 റബർ ഉൽപാദക സംഘങ്ങളിലെ 3.36 ലക്ഷം റബർ കർഷകർ അംഗങ്ങളാകുകയും 196.36 കോടി രൂപയുടെ 751312 ബില്ലുകൾ 185013 റബർ കർഷർ സഹായപദ്ധതിയിലൂടെ സമർപ്പിക്കുകയും 141594 കർഷകർക്ക് 118.49 കോടി രൂപാ അവരുടെ ബാങ്ക് അക്കൗണ്ടുകളിൽ 10–2–2016 വരെ ലഭിക്കുകയും ചെയ്തു. ഇത് 10–2–2016–ലെ കണക്കാണ്. റബർവില 100 രൂപയിൽ താഴെയായെങ്കിലും ഈ പദ്ധതി നിലനിൽക്കുന്നതിനാൽ മാത്രമാണ് കേരളത്തിലെ റബർവില 150 രൂപയായി നിലനിൽക്കുന്നതെന്നോർക്കണം. എന്നാൽ 10 ലക്ഷം റബർ കർഷകരുള്ള (?) കേരളത്തിൽ 3.5 ലക്ഷം കർഷകർ മാത്രമെ സംസ്ഥാന സർക്കാരിന്റെ ധനസഹായ പദ്ധതിയിൽ അംഗങ്ങളായിട്ടുണ്ടെങ്കിൽ എന്താണിതിനു കാരണമെന്നന്വേഷിക്കേണ്ടിയിരിക്കുന്നു. 10 ലക്ഷം റബർ കർഷകർ എന്നതു തെറ്റാണെന്നും കേരളത്തിൽ പരമാവധി 5 ലക്ഷത്തിൽ താഴെ കർഷകർ മാത്രമാണുള്ളതെന്നും ചൂണ്ടിക്കാണിക്കപ്പെടുന്നു. സംസ്ഥാന റബർ സഹായ പദ്ധതിയിൽ ഓരോ RPSപരിധിയിലും 80% പേരെങ്കിലും അംഗങ്ങളായിട്ടുണ്ട്. ആകെ റബർകൃഷിയുടെ 70% ടാപ്പിംഗ് ഏരിയായും 30% റീപ്ലാന്റിംഗ് ഭാഗവുമാണെന്നാണ് വിലയിരുത്തുന്നത്. റബർ ബോർഡിൽ റീപ്ലാന്റിങ്ങിനുള്ള അപേക്ഷകളുടെ എണ്ണവും കണക്കാക്കേണ്ടിയിരിക്കുന്നു. ഇതൊക്കെ കണക്കിലെടുത്താൽ ഏകദേശം 4.8 ലക്ഷം റബർ കർഷകർ മാത്രമാണ് കേരളത്തിലുള്ളത് എന്നാണ് വിലയിരുത്തപ്പെടുന്നത്. അങ്ങനെ നോക്കുമ്പോൾ ടാപ്പിങ് നടക്കുന്ന റബർ തോട്ടങ്ങളൊക്കെ സംസ്ഥാന പദ്ധതിയിൽ അംഗങ്ങളായിക്കഴിഞ്ഞു.

### കർഷകർ മാറിനിൽക്കുന്നു?

നാം ഏറെ ഗൗരവത്തോടെ കാണേണ്ട കാര്യം "കർഷകർക്കുള്ള സർക്കാർ ധനസഹായ പദ്ധതികളിൽ അംഗങ്ങളാകാൻ കർഷകർ കാണിക്കുന്ന വൈമനസ്യം/എതിർപ്പ്" ആണ് പ്രത്യേകിച്ചും മദ്ധ്യകേരളത്തിൽ. കർഷക രജിസ്ട്രേഷനിൽ കണ്ട ഈ ശൈലി റബർ ഉൽപാദന ഉത്തേജക പദ്ധതിയിലും തുടരുന്നു. ഈ പദ്ധതിയിലെ ഏറ്റവും വലിയ വിരോധാഭാസം കേരളത്തിൽ ഏറ്റവും കൂടുതൽ റബർകൃഷിയുള്ള ജില്ലയായ കോട്ടയത്ത് (134750 ഹെക്.) 47893 റബർ കർഷകർ മാത്രമാണ് പദ്ധതിയിൽ അംഗങ്ങളായത് എന്നതാണ്. ഇവർക്ക് 13.96 കോടി രൂപാ നൽകിക്കഴിഞ്ഞു. എന്നാൽ കേവലം 32796 ഹെക്ടറിൽ മാത്രം റബർ കൃഷിയുള്ള കണ്ണൂർ ജില്ലയിൽ 42943 കർഷകർ പദ്ധതിയിൽ അംഗങ്ങളാകുകയും 10.74 കോടി രൂപ സ്വന്തമാക്കുകയും ചെയ്തു. കോട്ടയം ജില്ലയിലെ റബർ കർഷകരെ ഈ പദ്ധതിയിൽ അംഗങ്ങളാക്കുന്നതിൽനിന്നും കുപ്രചരണം, വ്യാജ പ്രചരണം നടത്തി പിൻതിരിപ്പിച്ചവർതന്നെയാണ് യഥാർത്ഥ കർഷകശത്രുക്കൾ. അതുകൊണ്ടുതന്നെ ആരാണ് കർഷകരുടെ ശത്രുക്കൾ/മിത്രങ്ങൾ എന്ന് കർഷകർതന്നെ തിരിച്ചറിയണം.

ദേശീയ, അന്തർദേശീയ റബർ മേഖലയെ സംബന്ധിച്ച അടിസ്ഥാന വിവരങ്ങൾ കർഷകരും റബർമേഖലയുമായി ബന്ധപ്പെട്ടവരും ആദ്യമെതന്നെ മനസ്സിലാക്കിയിരിക്കണം. എങ്കിലേ ഏതാണു ശരി? ആരു പറയുന്നതാണു ശരി എന്നു സ്വയം വിലയിരുത്താനാകൂ.

## റബർ ഒരു വാണിജ്യ, സാമ്പത്തിക, രാഷ്ട്രീയ വിഷയം

സത്യത്തിൽ റബർ ഒരു വാണിജ്യ, സാമ്പത്തിക, രാഷ്ട്രീയ വിഷയമാണ്. എന്നാൽ രാഷ്ട്രീയ വിഷയത്തിലെ സാമ്പത്തിക, വാണിജ്യ മാനങ്ങൾ ആരും കണക്കിലെടുത്തില്ല. ആഗോളവൽക്കരണത്തിന്റെ ഭാഗമായി രൂപപ്പെട്ട ആഗോള പ്രാദേശിക വ്യാപാര വാണിജ്യ കരാറുകൾ അസംഘടിതരായ ചെറുകിട കർഷകരെ എങ്ങനെ ബാധിക്കും എന്നറിയാൻ കർഷകർക്കു മാർഗ്ഗമില്ല. അവർ ഇക്കാര്യത്തിൽ രാഷ്ട്രീയ നേതൃത്വത്തെയും വാണിജ്യ, വ്യവസായ സമുദായ നേതൃത്വത്തെയും വിശ്വസിച്ചു. ഇത്തരം കാര്യങ്ങളിലൊക്കെ തങ്ങളുടെ താൽപര്യങ്ങൾ ഈ നേതാക്കൾ സംരക്ഷിക്കും എന്നിവർ കരുതി. എന്നാൽ ആ ഉത്തരവാദിത്വം നിറവേറ്റാൻ ഈ നേതൃത്വങ്ങൾക്കായില്ല. അതിനു കാരണം ആഗോളതലത്തിൽ ചർച്ചചെയ്യപ്പെടേണ്ട ഇത്തരം വിഷയങ്ങളിൽ തങ്ങളുടെ ഭാഗം വാദിക്കാനുള്ള അടിസ്ഥാന വിവരങ്ങളോ സൗകര്യങ്ങളോ പ്രൊഫഷണലിസമോ ഇവർക്കില്ലായിരുന്നു എന്നതാണ് സത്യം, അതാണ് റബർ വിലയിടിവുപ്രശ്നത്തിന്റെ മർമ്മം/കാതൽ. ലഭ്യമായ സാഹചര്യത്തിലെ ഏക പരിഹാരമാർഗ്ഗം ഉൽപാദനച്ചിലവും മാർക്കറ്റുവിലയുമായുള്ള വ്യത്യാസം കർഷകർക്കു നേരിട്ടു നൽകുന്ന കെ.എം.മാണിയുടെ "റബർ ഉൽപാദന ഉത്തേജക പദ്ധതി" തന്നെയാണ്. ആദ്യമെ സംശയിച്ചാലും ഈ പഠനം വായിച്ചുതീരുമ്പോൾ ഇക്കാര്യം ഏവർക്കും മനസ്സിലാകും. ഈ പദ്ധതിക്കു ബദലില്ല. ഏക ബദൽ ഗാട്ട്/ആസിയാൻ കരാറുകൾ ഇല്ലാതാക്കുക എന്നതു മാത്രമാണ്. അതിന് 1% പോലും സാധ്യതയില്ല. അതുകൊണ്ടുതന്നെ ന്യായവിലയും മാർക്കറ്റ് വിലയും തമ്മിലുള്ള വ്യത്യാസം കർഷകരുടെ ബാങ്ക് അക്കൗണ്ടുകളിലേക്ക് ഇടനിലക്കാരില്ലാതെ നേരിട്ടു നൽകുന്ന റബർ ഉൽപാദന ഉത്തേജകപദ്ധതിയിലേക്ക് ആവശ്യമായ പണം കേന്ദ്രത്തിൽനിന്നും സംസ്ഥാനത്തിൽനിന്നും കണ്ടെത്തുക എന്നതാണ് ഏറെ പ്രസക്തമായകാര്യം. അതിനുള്ള നിർദ്ദേശങ്ങളുയരണമെങ്കിൽ ഈ വിഷയത്തെപ്പറ്റി സാധാരണ കർഷകർക്ക് അറിവുണ്ടായിരിക്കണം. അതിനുള്ള ശ്രമമാണിവിടെ നടക്കുന്നത്.

''റബർ വിലയിടിവ്-സാമ്പത്തിക രാഷ്ട്രീയ വിലയിരുത്തൽ'' എന്ന 2014 ഒക്ടോബറിലെ ജനകീയ ഗവേഷണ പുസ്തകത്തിന്റെ ആമുഖത്തിൽ ഇങ്ങനെ എഴുതിയിരുന്നു. "അലസതകൊണ്ടും അജ്ഞതകൊണ്ടും ശക്തരും പ്രബലരും സമ്പന്നരും വിദ്യാസമ്പന്നരുമായ ഒരു ജനത എത്തിച്ചേർന്ന നിസ്സഹായവസ്ഥയാണ് കേരളത്തിലെ റബർ കർഷകരുടെ പ്രതിസന്ധി" എന്ന്. സാധാരണ റബർ കർഷകരും റബർ മേഖലയിലെ വിദഗ്ദ്ധരടക്കം നിരവധി പേർ ഏറെ ഗൗരവത്തോടെ പരിഗണിച്ച ഒരു ഗവേഷണ പഠനമായിരുന്നു അത്.

റബർ വിലയിടിവ് പ്രതിസന്ധിയിൽ ആരു പറയുന്നതാണ് ശരി? എന്താണ് റബർ വില ഉയർത്താനുള്ള മാർഗ്ഗങ്ങൾ? ആരെയാണ്, എവിടെയാണ് സമീപിക്കേണ്ടത്? എന്നൊക്കെയുള്ള നിരവധി ചോദ്യങ്ങൾ/സംശയങ്ങൾ പിന്നീടുയർന്നു. അതുകൊണ്ടുതന്നെ റബർ വിലയിടിവുപ്രശ്നത്തിൽ ഈ മേഖലയിലെ വിദഗ്ദ്ധരുടെ ലേഖനങ്ങളും കത്തുകളും നിർദ്ദേശങ്ങളും സംവാദങ്ങളുമൊക്കെ പഠനവിധേയമാക്കി. കേന്ദ്ര സംസ്ഥാന സർക്കാരുകളിൽനിന്ന് വിവരാവകാശപ്രകാരം ലഭിക്കാവുന്ന രേഖകളും സ്വന്തമാക്കി. ഇതിനെയെല്ലാം അടിസ്ഥാനമാക്കി തയാറാക്കിയ ഒരു ജനകീയ പഠനറിപ്പോർട്ടാണിത്. സത്യത്തിൽ ഈ ഗവേഷണഗ്രന്ഥം ഒരു സമാഹൃദ റിപ്പോർട്ടാണ്. റബർ മേഖലയെ സംബന്ധിച്ച് നിരവധിപേർ എഴുതിയ ലേഖനങ്ങൾക്കിടയിൽനിന്നെടുത്ത കാര്യങ്ങൾ കൂട്ടിച്ചേർത്തതാണിത്. സംസ്ഥാന, ദേശീയ, അന്തർദേശീയ റബർ സ്ഥിതിവിവരക്കണക്കുകളും ഇതിൽ ഉൾക്കൊള്ളിച്ചിരിക്കുന്നു. റബർ വിലിയിടിവുപ്രശ്നത്തെപ്പറ്റിയുള്ള വാർത്തകളും നിരവധി വിദഗ്ദ്ധരുടെ കണ്ടെത്തലുകളും ലേഖനങ്ങളും അതേപടി ഈ പഠനത്തിന്റെ ഭാഗമാക്കിയിരിക്കുന്നു. ആഗോള കരാറുകളെപ്പറ്റിയും ഗാട്ട് ആസിയാൻ കരാറുകളെപ്പറ്റിയുമുള്ള വിദഗ്ദ്ധരുടെ കണ്ടെത്തലുകളും ഈ പുസ്തകത്തിൽ ലഭ്യമാണ്. 2014 ഒക്ടോബറിൽ പ്രസിദ്ധീകരിച്ച റബർ വിലയിടിവിനെ സംബന്ധിച്ച പുസ്തകത്തിന്റെ പുനപ്രസിദ്ധീകരണവും ഇതിലുണ്ട്.

റബർ കർഷകർക്കും റബർ മേഖലയിൽ പ്രവർത്തിക്കുന്നവർക്കും ഉപകാരപ്പെടുന്ന അടിസ്ഥാന സ്ഥിതിവിവരക്കണക്കുകളിങ്ങനെ.

### പട്ടിക - 1
### സംസ്ഥാനത്തെ റബർകൃഷി വികസനം ജില്ലകളിൽ

റബർകൃഷി വിസ്തീർണ്ണം ഹെക്ടറിൽ

| | 1980 - 81 | 86 - 87 | 2005 - 06 | 2007 - 08 | 2011 - 12 |
|---|---|---|---|---|---|
| തിരുവനന്തപുരം | 6307 | 15636 | 28920 | 29640 | 33827 |
| കൊല്ലം | 33995 | 37288 | 36860 | 35760 | 39842 |
| പത്തനംതിട്ട | - | 28709 | 47969 | 49860 | 61297 |
| ആലപ്പുഴ | 4029 | 3831 | 3934 | 4210 | 3109 |
| കോട്ടയം | 52600 | 8853 | 112235 | 112035 | 134750 |
| ഇടുക്കി | 16369 | 27734 | 38844 | 39335 | 43444 |
| എറണാകുളം | 23096 | 43057 | 57288 | 57930 | 79829 |
| തൃശൂർ | 7785 | 10048 | 14057 | 14790 | 9190 |
| പാലക്കാട് | 7910 | 17334 | 31951 | 34285 | 30995 |
| മലപ്പുറം | 15220 | 18574 | 32588 | 35900 | 26372 |
| കോഴിക്കോട് | 17250 | 16451 | 18237 | 19600 | 14797 |
| വയനാട് | - | 5670 | 7777 | 8890 | 6758 |
| കണ്ണൂർ | 22125 | 19752 | 38366 | 41580 | 32796 |
| കാസർകോഡ് | - | 14873 | 25374 | 28230 | 22155 |
| ആകെ | 206686 | 347814 | 494400 | 512045 | 539120 |

(SOURCE :STATISTICS FOR PLANNING 1988, LAND RESOURCES OF KERALA STATE 2009, RUBBER GROWERS COMPANION 2015)

### പട്ടിക - 2
### പ്രധാനപ്പെട്ട സ്വാഭാവിക റബർ ഉൽപാദക സംസ്ഥാനങ്ങൾ

| | AREA HECTRE | % | PRODUCTION TONNE | % |
|---|---|---|---|---|
| കേരള | 548225 | 70.4 | 648220 | 83.8 |
| തമിഴ്നാട് | 20890 | 2.7 | 25000 | 3.2 |
| ത്രിപുര | 71370 | 9.2 | 39000 | 5.0 |
| ആസ്സാം | 47945 | 6.1 | 13600 | 1.8 |
| മേഘാലയ | 13875 | 1.8 | 7570 | 1.0 |
| NE സംസ്ഥാനങ്ങൾ | 22430 | 2.9 | 3520 | 0.4 |
| കർണാടക | 47055 | 6.1 | 35230 | 4.6 |
| മറ്റു സ്ഥലങ്ങൾ | 6610 | 0.8 | 1860 | 0.2 |
| ആകെ | 778400 | 100.0 | 774000 | 100.0 |

(SOURCE: RUBBER STATITICS RUBBER BOARD 2016)

### പട്ടിക– 3
### റബർ ഉൽപാദനവും ഇറക്കുമതിയും

| | ഉൽപാദനം TONNES | | ഇറക്കുമതി TONNES | |
|---|---|---|---|---|
| | സ്വാഭാവിക റബർ | കൃത്രിമ റബർ | സ്വാഭാവിക റബർ | കൃത്രിമ റബർ |
| 1950-51 | 15830 | - | 4170 | - |
| 1960-61 | 25697 | - | 23125 | 8097 |
| 1970-71 | 92171 | 29791 | 2496 | 5014 |
| 1980-81 | 153100 | 25293 | 9250 | 17492 |
| 1990-91 | 329615 | 57293 | 49013 | 51715 |
| 2000-01 | 630405 | 65460 | 8970 | 106923 |
| 2010-11 | 861950 | 110340 | 190692 | 302030 |
| 2011-12 | 903700 | 110599 | 214433 | 327625 |
| 2012-13 | 913700 | 108692 | 262753 | 329585 |
| 2013-14 | 774000 | 112886 | 360263 | 371839 |
| 2014-15 | 645000 | 151891 | 442130 | 402170 |

(SOURCE: RUBBER STATITICS, RUBBER BOARD 2016)

### പട്ടിക– 4
### റബർകൃഷി അടിസ്ഥാന വിവരങ്ങൾ

| വർഷം | ആകെ റബർ കൃഷിസ്ഥലം (ഹെക്ടർ) | ഉൽപാദനം നടക്കുന്ന തോട്ടങ്ങൾ (ഹെക്ടർ) | ഉൽപാദനം (ടൺ) | ഉപഭോഗം (ടൺ) | ശരാശരി വില (Rs./Kg) |
|---|---|---|---|---|---|
| 1950-51 | 74915 | 55800 | 15830 | 19854 | 2.04 |
| 1960-61 | 143905 | 70253 | 25697 | 48148 | 3.43 |
| 1970-71 | 217198 | 141176 | 92171 | 87237 | 4.64 |
| 1980-81 | 284166 | 194245 | 153100 | 173630 | 12.42 |
| 1990-91 | 475083 | 306413 | 329615 | 364310 | 21.29 |
| 2000-01 | 562670 | 399901 | 630405 | 631475 | 30.36 |
| 2010-11 | 711560 | 477230 | 861950 | 947715 | 190.03 |
| 2011-12 | 734780 | 490970 | 903700 | 964415 | 208.05 |
| 2012-13 | 757520 | 504040 | 913700 | 972705 | 176.82 |
| 2013-14 | 778400 | 518100 | 774000 | 981520 | 166.02 |
| 2014-15 | 796000 | 534000 | 645000 | 1020910 | 132.57 |

### പട്ടിക – 5
### ഏറ്റവും കൂടുതൽ റബർ ഉപയോഗിക്കുന്ന സംസ്ഥാനങ്ങൾ

| സംസ്ഥാനം | യൂണിറ്റുകൾ | സ്വാഭാവിക റബർ | കൃത്രിമ റബർ | RECLAIMED RUBBER | ആകെ |
|---|---|---|---|---|---|
| തമിഴ്നാട് | 452 | 169995 | 109500 | 20360 | 299855 |
| കേരളം | 734 | 131150 | 53510 | 14825 | 199485 |
| മഹാരാഷ്ട്ര | 508 | 106515 | 68960 | 12960 | 188435 |
| ആന്ധ്രപ്രദേശ് & തെലുങ്കാന | 142 | 70120 | 43835 | 12900 | 126855 |
| രാജസ്ഥാൻ | 151 | 75810 | 39950 | 7250 | 123010 |
| ഗുജറാത്ത് | 425 | 78690 | 38890 | 3500 | 121080 |
| ആകെ | 4350 | 981520 | 483575 | 123725 | 1588820 |

### പട്ടിക – 6
### ഏറ്റവും കൂടുതൽ റബർ ഉപയോഗിക്കുന്ന വ്യവസായ മേഖലകൾ
### (2013–14)

| | ഉപഭോഗം ടൺസ് | SHARE % |
|---|---|---|
| Auto Tyre & Tube | 1053560 | 66.3 |
| Bicycle Tyre & Tube | 128675 | 8.1 |
| Tyre Retread | 76340 | 4.8 |
| Foot Wear | 101720 | 6.4 |
| Belt & hoses | 66245 | 4.2 |
| Latex& Form | 24110 | 1.5 |
| Dipped Goods | 39740 | 2.5 |
| Others | 98430 | 6.2 |
| Total | 1588820 | 100 |

(SOURCE: RUBBER STATITICS RUBBER BOARD 2016)

### പട്ടിക – 7
### 'ഡ്യൂട്ടി പെയിഡ്'റബർ ഇറക്കുമതിയിലൂടെ കേന്ദ്രസർക്കാരിനു ലഭിച്ച ഇറക്കുമതിച്ചുങ്കം കഴിഞ്ഞ 6 വർഷങ്ങളിൽ

| YEAR | DUTY PAID IMPORT QUNTY | Amount of Duty | Recovey by Centre Govt. Rs./Cr |
|---|---|---|---|
| 2010-11 | 55090 | Rs20 | 110.18 |
| 2011-12 | 66148 | Rs20 | 132.30 |
| 2012-13 | 123045 | Rs20 | 246.09 |
| 2013-14 | 230950 | Rs20 | 461.90 |
| 2014-15 | 338305 | Rs20 | 676.61 |
| 2015-16 | 232500 | 25% | 465.00 |
| ആകെ | | | 2092.08 |

### പട്ടിക –8
### സ്വാഭാവിക റബർ മേഖലയിൽനിന്നും കേരള സംസ്ഥാന സർക്കാരിനു ലഭിച്ച വിൽപന നികുതി വരുമാനം

| വർഷം | രൂപ (കോടി) |
|---|---|
| 2008-09 | 162.47 |
| 2009-10 | 195.68 |
| 2010-11 | 382.30 |
| 2011-12 | 435.85 |
| 2012-13 | 490.45 |
| 2013-14 | 349.28 |
| ആകെ | 2016.03 |

(SOURCE: KERALA PUBLIC EXPENDITURE REVIEW COMMITTEE REPORT APRIL- 2015)

ഭാഗം 2

# റബർ വിലയിടിവ് : പ്രശ്നകാരണങ്ങൾ, പരിഹാര നിർദ്ദേശങ്ങൾ

### കർഷക നിലനിൽപ്പിനെത്തന്നെ ചോദ്യം ചെയ്യുന്നു

കേരളത്തിൽ ഏറ്റവും കൂടുതൽ ചർച്ചചെയ്യപ്പെടുന്ന വിഷയമാണ് റബർവിലയിടിവും കാർഷിക പ്രതിസന്ധിയും. 240 രൂപാ വിലയുണ്ടായിരുന്ന റബറിന്റെ നിലവിലെ വില 100 രൂപയിൽ താഴെ. ഔദ്യോഗിക കണക്കുകളനുസരിച്ച് കേരളത്തിൽ 8 ലക്ഷത്തോളം ടൺ റബർ പ്രതിവർഷം ഉൽപാദിപ്പിക്കപ്പെടുന്നു. ഒരു കിലോ റബറിന്റെ വരുമാന നഷ്ടം 140 രൂപാ എന്നു കണക്കാക്കിയാൽ റബർ കർഷകരുടെ പ്രതിവർഷ നഷ്ടം 11,200 കോടി രൂപാ. 2 ഹെക്ടറിൽ താഴെ (5 ഏക്കർ) ഭൂമിയുള്ള 12,26,000 ചെറുകിട നാമമാത്ര റബർ കർഷകർ 5,96,360 ഹെക്ടർ സ്ഥലത്ത് രാജ്യവ്യാപകമായി റബർ കൃഷി നടത്തുന്നതായി റബർ ബോർഡ് കണക്കുകൾ വ്യക്തമാക്കുന്നു (2015).

പക്ഷേ ഇതിന് ആധികാരികമായ അടിത്തറ ഒന്നുമില്ല. റബർ ആക്ട് 1947-ലെ 10-ാം വകുപ്പ് പ്രകാരം എത്ര ചെറിയ റബർതോട്ടമാണെങ്കിലും റബർബോർഡിൽ രജിസ്റ്റർ ചെയ്യണമായിരുന്നു. എന്നാൽ 1986-ൽ ഇത് പിൻവലിച്ചു. അതിനുശേഷം റബർബോർഡിന്റെ മനോധർമ്മമനുസരിച്ചാണ് - Structured Statistical Random Sampling - വഴിയാണ് റബർകൃഷിയുടെ വിസ്തീർണ്ണം, ഉൽപാദനം എന്നിവയൊക്കെ കണക്കാക്കപ്പെടുന്നത്. ഒരു റബർ കർഷകന്റെ റബർതോട്ടത്തിന്റെ വിസ്തൃതി ശരാശരി ഒരു ഏക്കർ മാത്രം. ഇതിൽ 10 ലക്ഷത്തിലധികം റബർ കർഷകർ കേരളത്തിലാണ്. കേരളത്തിൽ ഏറ്റവും കൂടുതൽ റബർകൃഷി ചെയ്യുന്ന ജില്ലകൾ കോട്ടയം, എറണാകുളം, പത്തനംതിട്ട, ഇടുക്കി, കൊല്ലം, തിരുവനന്തപുരം, കണ്ണൂർ, പാലക്കാട്, മലപ്പുറം ജില്ലകളിലാണ്. റബർ വിലയിടിവുമൂലം ഓരോ റബർ കർഷകനും ഉണ്ടായ പ്രതിവർഷ വരുമാനനഷ്ടം 1,12,000 രൂപ.

റബർ വിലയിടിവ് കർഷകപ്രതിസന്ധിയെക്കാളുപരി കർഷക കുടുംബങ്ങളുടെ നിലനിൽപ്പിനെതന്നെ ചോദ്യം ചെയ്തിരിക്കുന്നു. ദാരിദ്രരേഖക്കു താഴെ ജീവിക്കുന്ന ദരിദ്രരെക്കാൾ ദരിദ്രരാണ് റബർ കർഷകർ എന്നതാണ് സത്യം. റബർ വിലയിടിവിനു കാരണമായ കാലഘട്ടങ്ങളിൽ സാഹചര്യങ്ങളിൽ ആവശ്യമായ പ്രതിരോധം അപ്പോൾ (1994 -2015 കാലഘട്ടത്തിൽ) തീർത്തില്ല എന്നതാണ് സത്യം.

കുറ്റപ്പെടുത്തലുകൾക്കും വിമർശനങ്ങൾക്കും ഉപരിയായി റബർ കർഷകരെ രക്ഷിക്കാൻ ഇനിയെന്തു ചെയ്യാനാവും എന്നതുമാത്രമാണ് പ്രസക്തമായ കാര്യം.

1994 മുതൽ 2015 വരെയുള്ള കാലഘട്ടത്തിൽ ആഗോളതലത്തിൽ നടന്ന മാറ്റങ്ങൾക്കനുസൃതമായി ആഗോള, ആഭ്യന്തര, സാമ്പത്തിക കച്ചവട വാണിജ്യ വിഷയങ്ങളിൽ തങ്ങളെടുക്കുന്ന തീരുമാനങ്ങൾ തങ്ങളുടെ വോട്ടർമാരും അനുയായികളുമായ ജനസമൂഹത്തെ എങ്ങനെയാണു ബാധിക്കുന്നതെന്നു പഠിക്കാൻ എല്ലാ രാഷ്ട്രീയ പാർട്ടികൾക്കും മത-ജാതി സംഘടനകൾക്കും സന്നദ്ധ സംഘടനകൾക്കും ഉത്തരവാദിത്വമുണ്ടായിരുന്നു. 1994 മുതൽ 2015 വരെയുള്ള കാലഘട്ടത്തിൽ റബർ വിലയിടിവിനെ സംബന്ധിച്ച വിഷയത്തിൽ ഏതെങ്കിലും രാഷ്ട്രീയ പാർട്ടിയോ സംഘടനയോ അങ്ങനെയൊരു പഠനം നടത്തിയതായോ ജനങ്ങളെ പ്രബുദ്ധരാക്കിയതായോ അറിയില്ല. 2010-ൽ ആസിയാൻ കരാറിനെ അനുകൂലിച്ച് കെ.പി.സി.സി മാത്രമാണ് ഒരു പുസ്തകം പ്രസിദ്ധീകരിച്ചത്. “ആസിയാൻ കരാർ: യാഥാർത്ഥ്യവും ഇടതുപക്ഷ കുപ്രചരണങ്ങളും” എന്നായിരുന്നു ആ പുസ്തകത്തിന്റെ പേര്.

### റബർവിലയിടിച്ച ആസിയാൻ ഗാട്ട് കരാറുകളും ദേശീയ രാഷ്ട്രീയ പർട്ടികളും

ആഗോളവൽക്കരണത്തിന്റെ ഭാഗമായി ഒപ്പുവച്ച ഗാട്ട് ആസിയാൻ കരാറുകളായിരുന്നു റബർവില ഇടിച്ചത് എന്നതാണ് സത്യം. അതുകൊണ്ടുതന്നെ റബർ വില ഉയർത്താനുള്ള ശ്രമങ്ങളും നടത്തേണ്ടത് ആഗോളതലത്തിലാണ്. കേരളത്തിനു സ്വന്തമായി ഒന്നും ചെയ്യാനാവില്ല. ഇന്നത്തെ സാഹചര്യത്തിൽ കേന്ദ്രസർക്കാരിനും പരിമിതികളുണ്ട് എന്നതാണു സത്യം.

മുൻ പ്രധാനമന്ത്രി നരസിംഹറാവുവിന്റെ കാലത്താണ് ഇന്ത്യ ആസിയാൻ രാജ്യങ്ങളുമായി വ്യാപാരബന്ധത്തിനു ശ്രമം ആരംഭിച്ചത്. 1995-ൽ ആസിയാൻ രാജ്യങ്ങളുമായി വർദ്ധിച്ചതോതിലുള്ള വ്യാപാരത്തിന് ഇന്ത്യ തുടക്കം കുറിച്ചു. ലോകത്തിലെ ഏറ്റവും വലിയ സ്വാഭാവിക റബർ ഉൽപാദകരാജ്യങ്ങളാണ് ആസിയാൻ രാജ്യങ്ങൾ. ഇവരുടെ ഏറ്റവും ഒടുവിലത്തെ റബർ ഉൽപാദന കണക്കുകളിങ്ങനെ:

| ആസിയാൻ രാജ്യം | റബർകൃഷി വിസ്തീർണ്ണം ലക്ഷം ഹെക്ടർ | ടാപ്പിംഗ് ഏരിയ ലക്ഷം ഹെക്ടർ | വാർഷിക ഉൽപാദനം ലക്ഷം ടൺ |
|---|---|---|---|
| തായ്‌ലന്റ് | 35.48 | 23.07 | 41.70 |
| ഇൻഡോനേഷ്യ | 34.92 | 27.70 | 31.80 |
| മലേഷ്യ | 10.57 | 6.06 | 8.26 |
| വിയറ്റ്നാം | 9.56 | 5.46 | 9.49 |
| ഫിലിപ്പയിൻസ് | 1.86 | 0.99 | 1.12 |
| ***മറ്റു രാജ്യങ്ങൾ*** | | | |
| ചൈന | 11.43 | 6.86 | 8.65 |
| കംബോഡിയ | 3.29 | 0.79 | 0.85 |
| ഇന്ത്യ | 7.78 | 5.18 | 8.48 |

ഐ.കെ. ഗുജറാളിന്റെ നേതൃത്വത്തിലുള്ള ഐക്യമുന്നണി സർക്കാരിലെ സി.പി.ഐ.യുടെ മന്ത്രിയായിരുന്ന ചതുരാനന്ദമിശ്രയാണ് 1996-ൽ ഇന്ത്യയെ ആസിയാൻ റീജി

യൺ ഫോറത്തിൽ അംഗമാക്കിയത്. 2002-ൽ കംബോഡിയയിൽവച്ചു നടന്ന ഇന്ത്യ ആസിയാൻ ഉച്ചകോടിക്കുശേഷമാണ് അന്നത്തെ പ്രധാനമന്ത്രി വാജ്പേയി ഇന്ത്യ-ആസിയാൻ കരാർ ചർച്ചകൾക്കു തുടക്കം കുറിച്ചത്. 2003-ൽ സമ്പൂർണ്ണ സാമ്പത്തിക സഹകരണത്തിലും 2009-ൽ ഇന്ത്യ ആസിയാൻ കരാറിലും ഇന്ത്യ ഒപ്പുവച്ചു. 2009-ൽ ആസിയാൻ കരാർ ഒപ്പുവയ്ക്കുമ്പോൾ കോൺഗ്രസ് നേതൃത്വത്തിലുള്ള സർക്കാരായിരുന്നു കേന്ദ്രം ഭരിച്ചിരുന്നത്.

## റബർ ഇറക്കുമതി തീരുവ 45% – ൽ നിന്ന് 25% – ലേക്ക്

1990-94 കാലഘട്ടത്തിൽ സ്വഭാവിക റബറിന്റെ ആഭ്യന്തരവില കിലോയ്ക്ക് 25 രൂപയ്ക്കും 30 രൂപയ്ക്കും ഇടയിലായിരുന്നു. അന്ന് ഇറക്കുമതിത്തീരുവ 85 ശതമാനവും. 1994-ൽ അന്നത്തെ നരസിംഹറാവു ഗവണ്മെന്റ് 1990-ലെ വിലയെ അടിസ്ഥാനമാക്കി ഇറക്കുമതിത്തീരുവ പുനർനിശ്ചയിച്ചു. വ്യവസായിക ഉത്പന്നത്തിന് 40 ശതമാനവും അതിനു താഴെയുള്ളവയ്ക്ക് 25 ശതമാനവും എന്ന നിലവിലെ തീരുമാനം അട്ടിമറിച്ചു. റബറിന് 25% ബൗണ്ട് റേറ്റ് ആക്കിയും ലാറ്റക്സിന് 70% അൺബൗണ്ട് റേറ്റ് ആക്കിയും ലോക വ്യാപരകരാറിൽ ഒപ്പിട്ടു. ബൗണ്ട് റേറ്റ് എന്നത് ഉത്പന്നത്തിന് പരമാവധി സംരക്ഷണം എന്ന നിലയിൽ മാറ്റപ്പെടാത്തതും അൺബൗണ്ട് റേറ്റ് അതാതു രാജ്യങ്ങൾക്ക് സ്വീകാര്യമായ രീതിയിൽ മാറ്റാവുന്നതുമാണ്. ലാറ്റക്സ് ഇറക്കുമതി ഉണ്ടാകരുത് എന്നും റബർ ഇറക്കുമതി ഉണ്ടാകണമെന്നുമുള്ള **മുൻവിധിയോടുകൂടി ബന്ധപ്പെട്ട ലോബികൾക്കുവേണ്ടി എടുത്ത തീരുമാനങ്ങളല്ലേ ഇത്? പ്രണാബ് മുഖർജി കേന്ദ്ര വാണിജ്യമന്ത്രിയും കെ. കരുണാകരൻ കേരള മുഖ്യമന്ത്രിയും ആയിരുന്നപ്പോഴാണ് ഇതു നടന്നത്.**

## 2001 മാർച്ച് 31ന് ഇറക്കുമതിനിയന്ത്രണം എടുത്തുകളഞ്ഞു.

1970-90കളിൽ സർക്കാർ ഏജൻസിയായ എസ്ടിസി മുഖേന മാത്രമായിരുന്നു റബറിന്റെ ഇറക്കുമതിയും കയറ്റുമതിയും. 2001 മാർച്ച് 31ന് ഇറക്കുമതി നിയന്ത്രണം എടുത്തുകളഞ്ഞതോടെ ഇറക്കുമതി നിരോധിക്കാൻ സാധിക്കില്ലാതായി.

തെക്കുകിഴക്കൻ ഏഷ്യൻ രാജ്യങ്ങളുടെ സഖ്യമായ ആസിയാൻ സ്വതന്ത്ര വ്യാപാര കരാറിൽ 2009 ഓഗസ്റ്റ് 13-ന് ഇന്ത്യ ഒപ്പുവച്ചു. **റബറിനെ ഇതിൽ ഉൾപ്പെടുത്തെരുതെന്നുള്ള ശക്തമായ പ്രതിഷേധങ്ങളും സമ്മർദ്ദങ്ങളുമുണ്ടായിട്ടും കേന്ദ്രഗവൺമെന്റ് കരാറിൽനിന്നു പിൻമാറിയില്ല.** 2010 ജനുവരി ഒന്നിനു പ്രാബല്യത്തിലായ കരാർ 31-12-2013 മുതൽ പ്രാബല്യത്തിൽ വന്നു. ഈ കരാറാണ് റബർവില ഇടിച്ചത്.

## തെക്കനേഷ്യൻ രാജ്യങ്ങളിലെ ഉൽപാദനച്ചിലവ്

**തെക്കനേഷ്യൻ രാജ്യങ്ങളിൽ നമ്മെ അപേക്ഷിച്ച് ഉത്പാദനച്ചെലവ് തുലോം കുറവായതിനാൽ അവർക്കു കുറഞ്ഞ ചെലവിൽ റബർ വിൽക്കാനാവുന്നുണ്ട്.** നിലവിൽ നമ്മുടെ രാജ്യത്ത് ഒരു കിലോ റബറിന്റെ ഉത്പാദന ചെലവ് 140 രൂപയാണ്. വൻകിട കർഷകർക്ക് അത് 150/160 രൂപ വരെയാകുന്നുണ്ട്. ഒരു കിലോ റബറിന്റെ നിലവിലെ ഉത്പാദനനഷ്ടം 40 മുതൽ 60 രൂപ വരെയാണ്. ഇനിയുമിത് കൂടാനുള്ള സാധ്യതകളാണു കേരളത്തിൽ നിലനിൽക്കുന്നത്.

**ഉയർന്ന കൂലി വാങ്ങുന്ന നമ്മുടെ തൊഴിലാളികളുടെ ഉത്പാദനക്ഷമത അന്താരാഷ്ട്രരംഗവുമായി തട്ടിച്ചുനോക്കുമ്പോൾ നന്നേ കുറവാണ്. തായ്‌ലൻഡ്, വിയറ്റ്നാം, ഇന്തോനേഷ്യ, മലേഷ്യ എന്നിവിടങ്ങളിലെ ഒരു തൊഴിലാളി പ്രതിദിനം 800 മുതൽ 1000 വരെ മരങ്ങൾ ടാപ്പു ചെയ്യുമ്പോൾ കേരളത്തിലെ തൊഴിലാളികൾ കഷ്ടിച്ച് 300 മുതൽ 400 വരെ മരങ്ങളാണു വെട്ടുന്നത്. നമ്മുടെ റബർതോട്ടങ്ങളിലെ 60 മുതൽ 70 വരെ ശതമാനം മുഖ്യ ചെലവുതന്നെ തൊഴിലാളികളുടെ വേതനമാണ്. സംസ്ഥാനത്തെ തൊഴിലാളികളുടെ ഉത്പാദനക്ഷമത വർദ്ധിപ്പിക്കുന്നില്ലെങ്കിൽ കർഷകർക്കു പിടിച്ചുനിൽക്കാനാവില്ല. കുറഞ്ഞ ഉത്പാദനക്ഷമതയിൽ ഈ കാർഷിക മേഖലയ്ക്കു നിലനിൽപ്പുണ്ടാവില്ലെന്നുറപ്പാണ്.**

ഏതാണ്ടു മൂന്നുലക്ഷം തൊഴിലാളികളാണ് ഈ മേഖലയിൽ പണിയെടുക്കുന്നത്. കേരളത്തിൽ ഒരു ടാപ്പിംഗ് തൊഴിലാളിയുടെ അടിസ്ഥാന ശമ്പളം 381 രൂപയാണ്; ഇതിനു പുറമേ മറ്റ് ആനുകൂല്യങ്ങളുംകൂടി നൽകുന്നുണ്ട്. ഈ യാഥാർത്ഥ്യങ്ങൾ തൊഴിലാളി യൂണിയനുകളും സർക്കാരും തിരിച്ചറിയുന്നില്ലെങ്കിൽ റബർ മേഖലയുടെ സമ്പൂർണ തകർച്ച അടുത്ത ഒന്നുരണ്ടു വർഷത്തിനുള്ളിൽ സംഭവിക്കുമെന്നുറപ്പാണ്. ടാപ്പിംഗ് കൂലി കുറച്ചുകൊണ്ടു മാത്രമെ നിലവിലെ സാഹചര്യത്തിൽ റബർകൃഷി ആദായകരമാക്കാനാവൂ.

## ഇറക്കുമതി ആർക്കും നിരോധിക്കാനാവില്ല

വിലത്തകർച്ചയ്ക്കു പരിഹാരം കാണാൻ പല മാർഗ്ഗങ്ങളും പലരും നിർദ്ദേശിക്കുന്നു. റബറിന്റെ അനിയന്ത്രിതമായ ഇറക്കുമതി കേന്ദ്ര ഗവണ്മെന്റ് അവസാനിപ്പിക്കണം. അധികനികുതി ഈടാക്കണം, റബറിനു സംരക്ഷണചുങ്കം വേണം, ഉൽപാദനവും ഉപഭോഗവും കണക്കാക്കി ഇറക്കുമതി അനുവദിക്കണം, 200 രൂപയ്ക്കു റബർ സംഭരിക്കാൻ വിലസ്ഥിരതാഫണ്ടിൽനിന്നു തുക അനുവദിക്കണം. ഇങ്ങനെപോകുന്നു വിവിധ മേഖലകളിൽനിന്നുള്ള ആവശ്യങ്ങൾ. വിപണിവില ഉയർത്താൻവേണ്ടി ഇടപെടാൻ പരിമിതികൾ ഉണ്ടെന്ന് അറിഞ്ഞിട്ടും ഉദാരവത്കരണത്തിനുമുൻപ് പ്രശ്നങ്ങളെ അഭിമുഖീകരിച്ച അതേ രീതിയിൽ നിലവിലുള്ള പ്രശ്നങ്ങളെ രാഷ്ട്രീയനേതൃത്വങ്ങളും ഗവണ്മെന്റുകളും കാണുന്നതു നിർഭാഗ്യകരമാണ്. **1994-ലെ ലോക വ്യാപാരകരാറിനുശേഷം 150ലധികം രാജ്യങ്ങൾ ഉൾപ്പെടുന്ന ലോകവ്യാപപാരസംഘടനയിൽ 1995ൽ അംഗമായ ഇന്ത്യക്കു നമ്മുടെ വിപണി ലോക റബർ വിപണിക്കു തുറന്നുകൊടുക്കേണ്ടിവന്നു.** ഇതിൻപ്രകാരം 2001 മുതൽ നിലവിലെ ഇറക്കുമതി തീരുവ നല്കി ആർക്കും യാതൊരു ലൈസൻസും കൂടാതെ ഗുണനിലവാരം ഉറപ്പാക്കി റബർ ഇറക്കുമതി നടത്താം. ഇറക്കുമതി ഒരു ഗവണ്മെന്റിനും നിരോധിക്കാൻ സാധിക്കില്ല.

**1994-ലെ കരാറിൽ ഇന്ത്യക്കു സാധ്യമായിരുന്ന ഇറക്കുമതി തീരുവയുടെ ബൗണ്ട് റേറ്റ് (മാറ്റാനാവാത്ത ചുങ്കം) 40% എന്നത് അന്നത്തെ കേന്ദ്ര ഗവണ്മെന്റ് 25% ആക്കിയത് ഇവിടത്തെ വ്യവസായലോബിയെ സഹായിക്കാനായിരുന്നുവെന്ന് 20 വർഷം കഴിയേണ്ടിവന്നു നമുക്ക് മനസ്സിലാക്കാൻ.**

## റബറിന്റെ ഇനിയുള്ള വില എന്തായിരിക്കും?

**വിദേശവിപണിയെ ആശ്രയിച്ചുമാത്രമേ ആഭ്യന്തര വിപണി ഇനി വരുംകാലങ്ങളിൽ മുമ്പോട്ടുള്ളൂ എന്ന് ഒരിക്കൽക്കൂടി ഓർമ്മിപ്പിച്ചുകൊണ്ടു പറയട്ടെ. വിദേശവില + ഇറക്കുമതിതീരുവ 25% + ട്രാൻസ്പോർട്ടിംഗ് ചാർജ് എന്നതായിരിക്കും വരുംകാലങ്ങളിൽ ആഭ്യന്തരവില.**

2015 ഒക്ടോബറിൽ 1kg റബർഷീറ്റിന്റെ ബാങ്കോങ് വില 86.28 രൂപാ. 25% ഇറക്കുമതിതീരുവ 21.57 രൂപ. ട്രാൻസ്പോർട്ടിംഗ് ചാർജ് 1kg ക്ക് 2 രൂപാ. അങ്ങനെ നോക്കുമ്പോൾ കോട്ടയം മാർക്കറ്റിലെ 1kg റബർ ഷീറ്റിന്റെ വില 110 രൂപയേ ആകൂ.

## റബർ വില നിർദ്ദേശങ്ങളുടെ പ്രസക്തി

റബർവില കുറഞ്ഞതുമൂലമുണ്ടായ പ്രതിസന്ധിയും പരിഹാരനിർദ്ദേശങ്ങളും കഴിഞ്ഞ രണ്ടു വർഷമായി മാധ്യമങ്ങളിൽ നിറഞ്ഞുനിൽക്കുന്നു. പുതിയ നിർദ്ദേശങ്ങളും നൂതന ആശയങ്ങളുമായി റിപ്പോർട്ടുകളും ലേഖനങ്ങളും മാധ്യമങ്ങളിൽ ദിവസവും വരുന്നു. യുക്തിപൂർവം എന്ന് വായനക്കാർക്ക് ഒറ്റ നോട്ടത്തിൽ തോന്നാവുന്ന ഈ നിർദ്ദേശങ്ങൾ യഥാർത്ഥത്തിൽ പ്രായോഗികവും മാറിയ സാഹചര്യങ്ങളെപ്പറ്റി ശരിയായ ധാരണകളിൽനിന്ന് ഉടലെടുത്തവയുമാണോ?

എഴുപതുകളിലും 80-കളിലും ഉണ്ടായിരുന്ന സാഹചര്യമല്ല ഇന്ത്യയിൽ ഇന്നുള്ളത്. സമ്പദ്രംഗത്തിന്റെ അടിസ്ഥാനസ്വഭാവങ്ങളിലും സമീപനങ്ങളിലും അടിമുടി മാറ്റം വന്നിരിക്കുന്നു. ഇന്ത്യയിൽ 1991 മുതൽനടപ്പാക്കിത്തുടങ്ങിയ സാമ്പത്തിക പരിഷ്കാരങ്ങളാണ് ഈ മാറ്റങ്ങളിലേക്കുള്ള തുടക്കം. 1994-ലെ ഗാട്ടുകരാറിൽ ഇന്ത്യയും ഭാഗമാണ്.

അതുപോലെ 1995-ൽ നിലവിൽവന്ന ലോകവ്യാപര സംഘടനയുടെ സ്ഥാപകാംഗവുമാണ് ഇന്ത്യ. ലോകവ്യാപാരസംഘടനയിൽ അംഗങ്ങളായ 180-ലധികം രാജ്യങ്ങൾ ഉൾപ്പെടുന്ന ലോകവിപണി അന്നു മുതൽ ഘട്ടം ഘട്ടമായി എല്ലാ തടസ്സങ്ങളും മാറി തുറന്നുകിട്ടിയപ്പോൾ (market access), ഇവിടുത്തെ വിപണി നമ്മൾക്കു തുറന്നുകൊടുക്കേണ്ടതായി വന്നു. മറ്റെല്ലാ മേഖലകൾക്കുമൊപ്പം റബർ മേഖലയ്ക്കും ഈ മാറ്റങ്ങൾ ബാധകമാണ്. **ഇന്ത്യൻ റബർ വിപണി അന്നുമുതൽ ലോകറബർ വിപണിയുടെ ഭാഗമാണ്. ഈ പശ്ചാത്തലത്തിൽ, വിപണിയിൽ നിലവിലുള്ള പ്രതിസന്ധി പരിഹരിക്കാൻ മാധ്യമങ്ങളിലൂടെ നിർദ്ദേശിക്കപ്പെട്ട വിവിധ ആശയങ്ങൾ പരിശോധിക്കണം.** ഈ വിഷയത്തിലേക്കു കടക്കുംമുമ്പ് ഗാട്ടുകരാറിൽ റബറുമായി ബന്ധപ്പെട്ട് ഇന്ത്യ കൊടുത്തിരിക്കുന്ന പ്രധാനപ്പെട്ട ഉറപ്പുകളിലേക്ക് ഒന്നു തിരഞ്ഞുനോക്കാം.

## ഗാട്ടുകരാർ

ഇന്ത്യൻ റബർ വിപണിയെ പൂർണമായി തുറന്നുകൊടുത്ത് ആഗോളവിപണിയുടെ ഭാഗമാക്കുന്നതിന് പ്രധാനമായും രണ്ട് ഉറപ്പുകളാണ് 1994-ലെ ഗാട്ടുകരാറിൽ നമുക്ക് കൊടുക്കേണ്ടിവന്നത്. പ്രകൃതിദത്ത റബറിന്റെ ഇറക്കുമതിയുടെ അളവു സംബന്ധിച്ച് അന്നു നിലവിലുള്ള എല്ലാ നിയന്ത്രണങ്ങളും നിശ്ചിത സമയപരിധിക്കുള്ളിൽ ഇല്ലാതാക്കാം എന്നതായിരുന്നു ഇതിൽ ആദ്യത്തേത്. അതായത്, **നിലവിലുള്ള ഇറക്കുമതിച്ചുങ്കം കൊടുത്ത് ആർക്കും യാതൊരു ലൈസൻസും കൂടാതെ ഏതു സമയത്തും എത്ര ടൺ പ്രകൃതിദത്ത റബർ വേണമെങ്കിലും ഇറക്കുമതി ചെയ്യാം. 2001 ഏപ്രിലിൽ നിലവിൽവന്ന ഈ സുപ്രധാനനയംമാറ്റം കഴിഞ്ഞ 15 വർഷങ്ങളായി തുടരുന്നു.** നിയന്ത്രണരഹിതമായി ഇറക്കുമതി അനുവദിക്കുമ്പോൾതന്നെ, ആശാസ്യമല്ലാത്ത മത്സരങ്ങൾ ഒഴിവാക്കുന്നതിനും ഇറക്കുമതി ചെയ്യുന്ന റബറിന്റെ ഗുണനിലവാരം ഉറപ്പാക്കുന്നതിനും ആവശ്യമായ വ്യവസ്ഥകൾ ഗാട്ടുകരാറിലുണ്ട്.

ഇറക്കുമതിച്ചുങ്കം സംബന്ധിച്ചുള്ളതാണ് രണ്ടാമത്തെ ഉറപ്പ്. ആഗോളവ്യാപാരം ഏറ്റവും സുഗമമാക്കി മത്സരക്ഷമത വർദ്ധിപ്പിക്കുക എന്നതാണല്ലോ ലോകവ്യാപര സംഘടന പ്രധാനമായി ലക്ഷ്യമിടുന്നത്. അതിനാൽ അംഗങ്ങളായ രാജ്യങ്ങൾ അവരുടെ ഇറക്കുമതിനിരക്കുകൾ ക്രമാതീതമായി ഉയർത്തുന്നില്ല എന്ന് ഉറപ്പാക്കണം. ഓരോ രാജ്യവും ലോകവ്യാപാരസംഘടനയിൽ അംഗമാകുമ്പോൾ ഓരോ ഉത്പന്നത്തിനും പരമാവധി എത്രവരെ ഇറക്കുമതിനിരക്ക് ആകാം എന്ന് മുൻകൂട്ടി നിശ്ചയിച്ച്, ഈ നിരക്കുകൾ ഉൾപ്പെടുന്ന ഒരു ഷെഡ്യൂൾ (National Schedule) സംഘടനയ്ക്ക് സമർപ്പിച്ചിട്ടുണ്ട്. 'ബൗണ്ട് റേറ്റ്' എന്നറിയപ്പെടുന്ന ഈ നിരക്കുകൾ നിശ്ചയിക്കുന്നതിൽനിന്ന് ഒരു പരിധിവരെ ചില ഉത്പന്നങ്ങളെ ഒഴിവാക്കുന്നതിനുള്ള സ്വാതന്ത്ര്യം ഉണ്ടായിരുന്നു. പക്ഷേ, ഒരിക്കൽ നാഷണൽ ഷെഡ്യൂൾ സമർപ്പിച്ച് അംഗമായിക്കഴിഞ്ഞാൽ പിന്നീട് മാറ്റംവരുത്താൻ രാജ്യങ്ങൾക്ക് സ്വാതന്ത്ര്യമില്ല. **ഇന്ത്യ 1995-ൽ ലോകവ്യാപാര സംഘടനയുടെ സ്ഥാപകാംഗമായപ്പോൾ സമർപ്പിച്ച ഷെഡ്യൂൾ പ്രകാരം 25 ശതമാനമാണ് ലാറ്റക്സ് ഒഴികെയുള്ള എല്ലാത്തരം പ്രകൃതിദത്ത റബറിനും നിശ്ചയിച്ച Bound Rate. അതായത്, ലാറ്റക്സ് ഒഴികെയുള്ള എല്ലാത്തരം പ്രകൃതിദത്ത റബറിനും പരമാവധി 25 ശതമാനം ഇറക്കുമതിച്ചുങ്കം ചുമത്താൻ മാത്രമേ ഇന്ത്യയ്ക്ക് സ്വാതന്ത്ര്യമുള്ളൂ.** എന്നാൽ ലാറ്റക്സിനെ 'ബൗണ്ട് റേറ്റ്' നിശ്ചയിക്കുന്നതിൽനിന്ന് ഇന്ത്യ ഒഴിവാക്കിയിരുന്നു. അതായത്, ലാറ്റക്സിന് എത്ര ഉയർന്ന ഇറക്കുമതിച്ചുങ്കം ചുമത്താനും ഇന്ത്യക്ക് സ്വാതന്ത്ര്യമുണ്ട്.

## റബർവില ഉയർത്തൽ നിർദ്ദേശങ്ങൾ

റബർവില ഉയർത്താൻ മാധ്യമങ്ങളിലൂടെ കേരളസമൂഹം ദിനംതോറും പ്രധാനമായും കേട്ടുകൊണ്ടിരിക്കുന്നത് താഴെപ്പറയുന്ന ആശയങ്ങളാണ്.

1. ഇറക്കുമതി നിരോധനം
2. ഉയർന്ന ഇറക്കുമതിച്ചുങ്കം
3. ആന്റി ഡമ്പിങ് ഡ്യൂട്ടി
4. സേഫ്ഗാർഡ് നടപടി
5. കാർഷികോത്പന്നം എന്ന പ്രഖ്യാപനം
6. മിനിമം വില പ്രഖ്യാപനം
7. സംഭരണം
8. ആഭ്യന്തര ഉപഭോഗം

2001 മുതൽ നിലവിലുള്ളതും മുൻവിവരിച്ചതുമായ മാറിയ സാഹചര്യങ്ങളുടെ പശ്ചാത്തലത്തിൽ ഈ ഓരോ ആശയത്തിന്റെയും പ്രസക്തി പരിശോധിക്കാം.

## ഇറക്കുമതി നിരോധനം

വിലയിടിവിനു കാരണം അനിയന്ത്രിതമായ ഇറക്കുമതിയാണെന്നും അതിനാൽ ഇറക്കുമതി നിരോധിച്ചാൽ ആഭ്യന്തരവില താനെ ഉയരുമെന്നും ഈ ആശയത്തിന്റെ വക്താക്കൾ കരുതുന്നു. 2014-15-ൽ 442,130 ടൺ പ്രകൃതിദത്ത റബറാണ് ഇന്ത്യയിലേക്ക് ഇറക്കുമതി ചെയ്തത്. അതായത് ഇവിടെ ഉത്പന്നനിർമ്മാണത്തിനായി കഴിഞ്ഞ വർഷം ഉപഭോഗിച്ച 10.2 ലക്ഷം ടണ്ണിൽ 43 ശതമാനവും ഇറക്കുമതി ചെയ്യുകയായിരുന്നു. അതുമാത്രമല്ല, ഇറക്കുമതി നിരോധനം എന്നത് ഇന്ത്യ മുൻകാലങ്ങളിൽ നടപ്പാക്കി വിജയിച്ച തന്ത്രവുമാണ് എന്ന് ഇക്കൂട്ടത്തിൽ ചൂണ്ടിക്കാണിക്കുന്നു. ശരിയാണ്, റബർവില ഗണ്യമായി കുറഞ്ഞുനിന്ന 1973-79 കാലയളവിൽ ഇന്ത്യയിൽ റബർ ഇറക്കുമതി പൂർണമായി നിരോധിച്ചിരുന്നു. അതിനു പുറമെ, ആ കാലയളവിൽ വിപണി

യിൽനിന്നു സംഭരിച്ച 26,400 ടൺ മിച്ച റബർ നഷ്ടം സഹിച്ച് സർക്കാർ കയറ്റി അയയ്ക്കുകയും ചെയ്തു.

പക്ഷേ, 1970-കളിൽ നിലനിന്ന സാഹചര്യമല്ല ഇന്നുള്ളത്. ഇറക്കുമതി പൂർണ്ണമായി നിരോധിക്കാൻ അന്ന് കേന്ദ്ര സർക്കാരിനുമേൽ യാതൊരു തടസ്സവുമില്ലായിരുന്നു. ഇന്നത്തേതിൽനിന്നു വിഭിന്നമായി അക്കാലത്തെ നയം പോലും ഇറക്കുമതി ഒഴിവാക്കി വിദേശനാണ്യം സംരക്ഷിക്കുക എന്നായിരുന്നു. എന്നാൽ, നേരത്തെ വിശദമാക്കിയതുപോലെ ഇറക്കുമതി നിരോധിക്കാനോ നിയന്ത്രണവിധേയമാക്കാനോ ഉണ്ടായിരുന്ന സ്വാതന്ത്ര്യം 2001 മുതൽ കേന്ദ്ര സർക്കാരിന് പൂർണമായി നഷ്ടപ്പെട്ടു. ഗുരുതര സ്വാഭാവമുള്ള ചില പ്രത്യേക സാഹചര്യങ്ങളിൽ മാത്രം വ്യവസ്ഥകൾക്ക് വിധേയമായി ഇറക്കുമതി നിയന്ത്രണമോ നിരോധനമോ ആകാം എന്ന് ഗാട്ടുകരാറിൽ പരാമർശിക്കുന്നുണ്ട്. രാജ്യസുരക്ഷയുമായി ബന്ധപ്പെട്ട ഉത്പന്നങ്ങളും മനുഷ്യനുൾപ്പെടെ ജീവജാലങ്ങളുടെ ജീവന് ഭീഷണി ഉയർത്തുന്ന ഉത്പന്നങ്ങളും ഇക്കൂട്ടത്തിൽപ്പെടും. എന്നാൽ പ്രകൃതിദത്ത റബർ ഇതിൽപ്പെടില്ല. രാജ്യം ഗുരുതരമായ വിദേശനാണ്യ പ്രതിസന്ധിയെ നേരിടുന്ന അത്യപൂർവ്വസാഹചര്യത്തിലും വ്യവസ്ഥകൾക്ക് വിധേയമായി ഇറക്കുമതിയിൽ നിയന്ത്രണമോ നിരോധനമോ ആകാം. അത്തരത്തിലുള്ള യാതൊരു സാമ്പത്തികസാഹചര്യവും നിലവിൽ ഇന്ത്യയിലില്ല. ചുരുക്കത്തിൽ, ഇറക്കുമതി നിരോധനം എന്ന ആശയം 2001 മുതൽ തികച്ചും അർത്ഥശൂന്യമാണ്.

## ഉയർന്ന ഇറക്കുമതിച്ചുങ്കം

ഇറക്കുമതിച്ചുങ്കം ഗണ്യമായി വർദ്ധിപ്പിച്ച് ഇറക്കുമതിച്ചെലവ് ഉയർത്താമെന്നും അങ്ങനെ ഇറക്കുമതി അനാകർഷകമാക്കുന്നതിലൂടെ ആഭ്യന്തരവില ഉയർത്താമെന്നുമുള്ള യുക്തിയാണ് ഈ ആശയമുള്ളവർ പങ്കുവയ്ക്കുന്നത്.

നിലവിൽ ലാറ്റക്സ് ഒഴികെയുള്ള പ്രകൃതിദത്ത റബറിനങ്ങൾക്ക് 25 ശതമാനം അഥവാ കിലോഗ്രാമിന് 30 രൂപ, ഇവയിൽ കുറഞ്ഞത് എന്ന നിരക്കിലാണ് ഇറക്കുമതിച്ചുങ്കം ചുമത്തുന്നത്. ഈ ഇനങ്ങളുടെ ബൗണ്ട് റേറ്റ് 25 ശതമാനം ആയതിനാൽ, നിലവിലുള്ളതാണ് പരമാവധി ചുമത്താവുന്ന ഇറക്കുമതിച്ചുങ്കം. നിലവിലുള്ള 25 ശതമാനം എന്ന നിരക്ക് ഉയർത്താൻ ഇന്ത്യയ്ക്ക് സ്വാതന്ത്ര്യം ഇല്ല. എന്നാൽ നിലവിൽ ചുമത്തുന്ന തീരുവയുടെ 'കിലോയ്ക്ക് 30 രൂപ' എന്ന പരിധി എടുത്തുമാറ്റാൻ സ്വാതന്ത്ര്യമുണ്ട്. അന്താരാഷ്ട്രവിപണിയിൽ നിലവിലുള്ള വില അനുസരിച്ച്, ഈ പരിധി എടുത്തുമാറ്റുന്നതുകൊണ്ട് ഇറക്കുമതിച്ചെലവിന് യാതൊരു വ്യത്യാസവും ഉണ്ടാകുന്നില്ല.

എന്നാൽ ലാറ്റക്സിന് ഇന്ത്യ ബൗണ്ട് റേറ്റ് നിശ്ചയിച്ചിട്ടില്ലാത്തതിനാൽ അതിന്റെ ഇറക്കുമതിച്ചുങ്കം പരിധികൂടാതെ ഉയർത്താൻ സ്വാതന്ത്ര്യമുണ്ട്. പക്ഷേ, ലാറ്റക്സിന്റെ ഇറക്കുമതി തുലോം തുച്ഛമാണ്. 2014-15-ൽ ഇറക്കുമതിചെയ്ത മൊത്തം പ്രകൃതിദത്ത റബറിൽ ലാറ്റക്സ് വെറും 2.1 ശതമാനം മാത്രമായിരുന്നു. ഇറക്കുമതിയുടെ 97.9 ശതമാനവും ലാറ്റക്സ് ഒഴികെയുള്ള ഇനങ്ങളായിരുന്നു. ഇവയുടെ ഇറക്കുമതിച്ചുങ്കം നിലവിലെ നിരക്കിൽനിന്ന് ഉയർത്താൻ ഇന്ത്യയ്ക്ക് സ്വാതന്ത്ര്യമില്ല. അതായത്, ഇറക്കുമതിച്ചുങ്കം ഉയർത്തുക എന്നത് തികച്ചും പ്രായോഗികമല്ലാത്ത ആശയമാണ്.

## ആന്റിഡംപിങ് ഡ്യൂട്ടി

കഴിഞ്ഞ നാലു വർഷങ്ങളിൽ ഇറക്കുമതി കുത്തനെ വർദ്ധിച്ചതിനാൽ, ഇത് ഡംപിങ് ആണെന്നും ഇറക്കുമതിയുടെമേൽ ഇന്ത്യയ്ക്ക് ആന്റിഡംപിങ് ഡ്യൂട്ടി എന്ന അധികതീരുവ ചുമത്താനാകുമെന്നുമാണ് ഉയർന്നുവന്നിട്ടുള്ള മറ്റൊരു ആശയം. അധികതീരുവ ചുമത്തി ഇറക്കുമതി അനാകർഷകമാക്കി ആഭ്യന്തരവില ഉയർത്താനാകുമെന്നുമാണ് ചൂണ്ടിക്കാണിക്കപ്പെടുന്നത്. ശരിയാണ്. ഇറക്കുമതി വൻതോതിലാണ് കഴിഞ്ഞ നാലു വർഷങ്ങളിൽ വർദ്ധിച്ചത്. എന്നാൽ, വൻതോതിൽ നടക്കുന്ന ഇറക്കുമതി എല്ലാം ഡംപിങ് ആയി കണക്കാക്കാനാകുമോ? ഗാട്ടിന്റെ ഇത് സംബന്ധിച്ച പ്രത്യേക കരാറിൽ ഡംപിങ്ങിനെ വ്യക്തമായി നിർവചിച്ചിട്ടുണ്ട്. വൻതോതിൽ നടക്കുന്ന ഇറക്കുമതി ഡംപിങ് ആയി കണക്കാക്കണമെങ്കിൽ ഒരു കാര്യം ആദ്യം തെളിയിക്കപ്പെടണം. കയറ്റുമതിരാജ്യം (ഉദാഹരണത്തിന് ഇന്തോനേഷ്യ) ആ രാജ്യത്ത് നിലവിലുള്ള വിപണിവിലയിലും കുറഞ്ഞ വിലയ്ക്ക്, അല്ലെങ്കിൽ ആ രാജ്യത്തെ ഉത്പാദനച്ചെലവിലും കുറഞ്ഞ നിരക്കിൽ ആണ് ഇന്ത്യയിലേക്ക് റബർ കയറ്റി അയച്ചതെന്ന് തെളിയിക്കപ്പെട്ടാൽ മാത്രമേ വൻതോതിൽ നടന്ന ഇറക്കുമതി ഡംപിങ് ആകുന്നുള്ളു. ഇതിനു പുറമെ, വൻതോതിൽ നടന്ന ഇറക്കുമതി മൂലം ആഭ്യന്തരവിപണിക്ക് പ്രകടമായ പരുക്ക് (material injury) സംഭവിച്ചു എന്നുകൂടി തെളിയിക്കപ്പെട്ടാൽ ഇന്ത്യയ്ക്ക് കയറ്റുമതിരാജ്യത്തിന്റെമേൽ ആന്റിഡംപിങ് ഡ്യൂട്ടി ഏർപ്പെടുത്താം.

ഇതുമായി ബന്ധപ്പെട്ട നടപടികൾക്കായി എല്ലാ അംഗരാജ്യങ്ങളിലും ആന്റിഡംപിങ് ഡയറക്ടറേറ്റും പ്രവർത്തിക്കുന്നുണ്ട്. ചൈനയിൽനിന്ന് ഇറക്കുമതി ചെയ്യുന്ന ചില യിനം ടയറുകൾക്ക് ഇന്ത്യ വർഷങ്ങളായി ആന്റിഡംപിങ് ഡ്യൂട്ടി ചുമത്തുന്നുണ്ട്. നിലവിലുള്ള ഇറക്കുമതിച്ചുങ്കത്തിന് പുറമെയാണിത് ചുമത്തുന്നത്.

ഇന്ത്യയിൽ 2014-15-ൽ ഇറക്കുമതി ചെയ്ത 442,130 ടൺ പ്രകൃതിദത്തറബറിൽ 43 ശതമാനം ഇന്തോനേഷ്യയിൽനിന്നും 26 ശതമാനം തായ്‌ലൻഡിൽനിന്നും 21 ശതമാനം വിയറ്റ്നാമിൽനിന്നുമായിരുന്നു. അതായത്, ഇറക്കുമതിയുടെ 90 ശതമാനവും ഈ മൂന്ന് രാജ്യങ്ങളിൽനിന്നായിരുന്നു. ഇതിൽ ഏതെങ്കിലും രാജ്യം ആ രാജ്യത്ത് നിലവിലുള്ള വിപണിവിലയിലും കുറഞ്ഞ വിലയ്ക്ക് ഇന്ത്യയിലേക്ക് റബർ വിറ്റതായി ആരോപിക്കപ്പെട്ടിട്ടുപോലുമില്ല. ആ രാജ്യത്തെ ഉത്പാദനച്ചെലവിലും കുറഞ്ഞ വിലയ്ക്ക് ഏതെങ്കിലും രാജ്യം ഇന്ത്യയിലേക്ക് റബർ വിറ്റതായി സംശയിക്കുന്നുമില്ല. അഥവാ ഉണ്ടെങ്കിൽ അതു തെളിയിക്കപ്പെടേണ്ടതുണ്ട്. ഇതിനുള്ള വ്യക്തമായ മാനദണ്ഡങ്ങളും മാർഗ്ഗനിർദ്ദേശങ്ങളും ഡംപിങ് സംബന്ധിച്ച പ്രത്യേക കരാറിൽ പ്രതിപാദിക്കുന്നുണ്ട്. ചുരുക്കത്തിൽ, ഇന്ത്യയിലേക്കുള്ള അമിതമായ റബർ ഇറക്കുമതി ഡംപിങ് ആയി കണക്കാക്കാൻ തൽക്കാലം നിർവാഹമില്ല. പിന്നെങ്ങനെ ആന്റിഡംപിങ് ഡ്യൂട്ടിയെപ്പറ്റി ചിന്തിക്കണം?

## സേഫ്ഗാർഡ് നടപടി

അനുവദനീയമായ രീതികളിൽ മാത്രമാണെങ്കിൽപോലും ഒരു രാജ്യത്ത് ഇറക്കുമതി വൻതോതിൽ വർദ്ധിച്ചാൽ ആ രാജ്യത്തിന്റെ ഉത്പാദനമേഖലയിൽ ഗുരുതരമായ പരുക്ക് (serious injury) ഉണ്ടാകാം. അനുവദനീയമായ ഇറക്കുമതിപോലും ഇത്തരം സാഹചര്യത്തിൽ സേഫ് ഗാർഡ് നടപടിയിലൂടെ നിയന്ത്രിക്കാം. ഇറക്കുമതി താൽക്കാലികമായി നിർത്തുകയോ സേഫ്ഗാർഡ് ഡ്യൂട്ടി (safeguard duty) എന്നപേരിൽ അധികതീരുവ ചുമത്തുകയോ ആണ് നടപടി.

ഇന്ത്യയിൽ ഇന്തോനേഷ്യയിൽനിന്നു വരുന്ന പ്രകൃതിദത്ത റബർ ഇറക്കുമതി ഉദാഹരണമായി എടുക്കാം. അനുവദനീയമായ രീതിയിൽ മാത്രമേ ഇന്തോനേഷ്യ ഇവിടേക്ക് റബർ വിൽക്കുന്നുള്ളൂ എന്ന് കരുതുക. ഇക്കാര്യത്തിൽ ഇന്ത്യയ്ക്ക് യാതൊരു തർക്കവുമില്ല എന്നും സങ്കല്പിക്കുക. പക്ഷേ, ക്രമാതീതമായി വർദ്ധിച്ചുവരുന്ന ഇറക്കുമതി നമ്മുടെ റബറുത്പാദനരംഗത്തിന് ഗുരുതരമായ പരിക്കേൽപ്പിക്കുന്നു. ഇത് ഇന്തോനേഷ്യയുടെ കുറ്റംകൊണ്ടുമല്ല. ഇന്തോനേഷ്യയിൽനിന്നുവരുന്ന ഇറക്കുമതിറബറിനെ അതിലും കുറഞ്ഞവിലയ്ക്ക്, ഗുണമേന്മയുള്ളതും ആഭ്യന്തരമായി ഉത്പാദിപ്പിച്ചതുമായ റബർകൊണ്ട് നേരിടാൻ നാം പ്രാപ്തരായില്ല എന്ന നമ്മുടെ കുറവുകൊണ്ടാണ് നമുക്ക് പരിക്കേൽക്കുന്നത്. ചുരുക്കം ചില വർഷങ്ങൾക്കൂടി കിട്ടിയാൽ ഉത്പാദനച്ചെലവ് കുറച്ച്, ഗുണമേന്മയിൽ വിട്ടുവീഴ്ച ചെയ്യാതെ മത്സരക്ഷമത കൈവരിക്കാം എന്ന് നമുക്കു തോന്നുന്നുണ്ടെങ്കിൽ, സേഫ്ഗാർഡ് നടപടിയെപ്പറ്റി ആലോചിക്കാം.

കരാറിൽ അംഗങ്ങളായ എല്ലാ രാജ്യങ്ങളിലും ഉള്ളതുപോലെ ഇന്ത്യയിലും പ്രവർത്തിക്കുന്ന സേഫ് ഗാർഡ് ഡയറക്ടർ ജനറലിന്റെ ഓഫീസിനെ ഇതിനായി സമീപിക്കാം. പ്രഥമദൃഷ്ട്യാ നടപടിക്രമങ്ങൾ വളരെ സുഗമമെന്നു തോന്നാം. പക്ഷേ, വ്യവസ്ഥകളുടെ നൂലാമാലകൾകൂടി മനസ്സിലാക്കുമ്പോൾ ഈ ധാരണ മാറും. ഇറക്കുമതി കുത്തനെ വർദ്ധിച്ചെന്നുള്ള ഒറ്റ കാരണംകൊണ്ടുതന്നെയാണ് ഉത്പാദനരംഗത്ത് ഗുരുതരമായ പരുക്ക് സംഭവിച്ചതെന്നും (causal linkage) തെളിയിച്ചാൽ ഒന്നാം ഘട്ടം കഴിഞ്ഞു.

എന്നാൽ, അനുവദനീയമായ രീതിയിൽ മാത്രം റബർ ഇറക്കുമതി ചെയ്യുന്ന ഇന്തന്തോനേഷ്യയിൽനിന്നുള്ള ഇറക്കുമതിയുടെമേൽ സേഫ്ഗാർഡ് നടപടി എടുക്കാൻ ആ രാജ്യം എന്തുതെറ്റു ചെയ്തു എന്ന ചോദ്യം ഉയരും. ഇറക്കുമതിയെ ചെറുക്കാൻ ആവശ്യമായ മത്സരക്ഷമത നമുക്ക് കൈവരിക്കാനാവാഞ്ഞത് ഇന്തോനേഷ്യയുടെ കുറ്റമല്ല. അതുകൊണ്ടുതന്നെ ഇന്തോനേഷ്യയുടെ ഇറക്കുമതിയുടെ മേൽ സേഫ്ഗാർഡ് നടപടി എടുക്കാൻ ആ രാജ്യത്തിന്റെ സമ്മതം വാങ്ങണം. അതിനുവേണ്ടി അത്യാകർഷകമായ നഷ്ടപരിഹാരം വെച്ചുനീട്ടി പ്രലോഭിപ്പിക്കണം. നഷ്ടപരിഹാരം പണമായല്ല, മറിച്ച് ഇന്തോനേഷ്യയ്ക്ക് അതീവ താല്പര്യമുള്ള മറ്റേതെങ്കിലും ഉത്പന്നം (ഉദാഹരണത്തിന് പാമോയിൽ) തീരുവ കൂടാതെയോ കുറഞ്ഞ തീരുവയിലോ ഇന്ത്യയിലേക്ക് ഇറക്കുമതി ചെയ്യാൻ അനുവദിക്കാം. ഇന്തോനേഷ്യയുടെ പാംഓയിൽ ഇന്ത്യൻ വിപണി കീഴടക്കിയാൽ നമ്മുടെ കേരകർഷകരുടെ ഗതിയെന്താകും?

അഥവാ, എല്ലാ നൂലാമാലകളും കടന്ന് ഇന്തോനേഷ്യ കയറ്റുമതി വേണ്ടെന്നു വയ്ക്കാൻ തയാറായി എന്നു കരുതുക. ഇന്ത്യയിലേക്ക് കൂടുതൽ റബർ കയറ്റുമതി ചെയ്യാൻ കിട്ടിയ അവസരമായി തായ്‌ലൻഡും വിയറ്റ്നാമും ഇതിനെ കാണും. ഇന്തോനേഷ്യയുടെ അഭാവം ഈ രണ്ട് രാജ്യങ്ങളും ശരിക്കും മുതലെടുക്കും. അപ്പോൾ ഈ രണ്ടു രാജ്യങ്ങളുടെ പുറകെ ഇന്ത്യ സേഫ്ഗാർഡ് നടപടിക്കായി പോകേണ്ടിവരും. ആകർഷകമായ നഷ്ടപരിഹാരങ്ങൾ തായ്‌ലാൻഡിനും വിയറ്റ്നാമിനും നേരെയും വച്ചുനീട്ടേണ്ടിവരും. അങ്ങനെ പുതിയ നൂലാമാലകൾ രംഗത്തുവരും. ഇന്ത്യയിലേക്കുള്ള റബർ ഇറക്കുമതിയുടെമേൽ സേഫ്ഗാർഡ് നടപടി ഒട്ടും തന്നെ പ്രായോഗികമല്ല എന്ന് സാരം. കേരളത്തിലെ അസ്സോസിയേഷൻ ഓഫ് പ്ലാന്റേഴ്സ് (APK) 13 വർഷങ്ങൾക്കുമുമ്പ്, അതായത് 2002-ൽ, ഇതിനായി നീണ്ട പരിശ്രമങ്ങൾ നടത്തിയതാണ്.

## കാർഷികോത്പന്നം എന്ന പ്രഖ്യാപനം

ഗാട്ടിന്റെ ഭാഗമായ കാർഷിക ഉടമ്പടിയിൽ പ്രകൃതിദത്ത റബർ ഉൾപ്പെട്ടിട്ടില്ല. കാർഷിക ഉടമ്പടിയിൽ ഉൾപ്പെടുത്തിയാൽ കൂടുതൽ ഇറക്കുമതിച്ചുങ്കം ചുമത്താമെന്നും അനുവദനീയമായ സബ്സിഡികളുടെ പരിധി ഗണ്യമായി വർദ്ധിപ്പിക്കാമെന്നും ധരിച്ചുകൊണ്ട് നിർദ്ദേശങ്ങൾ ഉയരാറുണ്ട്. പക്ഷേ, എല്ലാ അംഗരാജ്യങ്ങളുടെയും സമ്മതം കൂടാതെ റബറിനെ കാർഷിക ഉടമ്പടിയിലേക്ക് മാറ്റാനാകില്ല. അതുകൊണ്ട് ഇതു തികച്ചും അപ്രായോഗികമാണ്, ഒരു പക്ഷേ, എന്നെങ്കിലും വിദൂരഭാവിയിൽ റബറിനെ കാർഷിക ഉടമ്പടിയിൽ കൊണ്ടുവന്നു എന്നു സങ്കൽപ്പിച്ചാൽപ്പോലും അതിന്റെ ബലത്തിൽ ഇന്ത്യ റബറിന് നിശ്ചയിച്ച് കരാർ ചെയ്ത 25 ശതമാനം എന്ന ബൗണ്ട് റേറ്റ് (bound rate) ഉയർത്താനാകില്ല. ഇന്ത്യയിലേക്ക് റബർ കയറ്റി അയയ്ക്കുന്ന മുഖ്യ രാജ്യങ്ങളായ ഇന്തോനേഷ്യ, തായ്‌ലൻഡ്, വിയറ്റ്നാം എന്നീ രാജ്യങ്ങൾ, അതായത്, കരാറുപ്രകാരം കയറ്റുമതിക്ക് താൽപര്യമുള്ള രാജ്യങ്ങൾ (parties of interest) സമ്മതിച്ചാൽ മാത്രമേ നമുക്ക് ബൗണ്ട് റേറ്റ് ഉയർത്താനാകൂ. ഇന്ത്യയിൽ അതിവേഗം വർദ്ധിച്ചുവരുന്ന റബർ ഇറക്കുമതി സാധ്യതയിൽ കണ്ണുനട്ടിരിക്കുന്ന ഈ മൂന്ന് രാജ്യങ്ങൾ ആഗ്രഹിക്കുന്നത് നമ്മുടെ ഇറക്കുമതിച്ചുങ്കം കുറയണം എന്നാണ്. അതിനാൽ നമ്മുടെ ബൗണ്ട് റേറ്റ് ഉയർത്താൻ ഈ രാജ്യങ്ങൾ സമ്മതിക്കില്ല എന്നു മാത്രമല്ല ഈ നീക്കം തടയാൻ മറ്റു രാജ്യങ്ങളുടെ പിന്തുണ സ്വരൂപിക്കുകയും ചെയ്യും. അതുകൊണ്ട് കാർഷിക ഉടമ്പടിയുടെ കീഴിലാക്കി റബറിന്റെ ഇറക്കുമതിച്ചുങ്കം വർദ്ധിപ്പിക്കാം എന്നത് ഒരു മിഥ്യാധാരണ മാത്രമാണ്.

കാർഷിക ഉടമ്പടിയിൽ വന്നാൽ റബറുത്പാദന മേഖലയിൽ കൊടുക്കുന്ന സബ്സിഡികൾ വർദ്ധിപ്പിക്കാൻ അത് സഹായകമാകുമോ? റബർ കാർഷിക ഉടമ്പടിയുടെ ഭാഗമല്ലാത്ത നിലവിലെ സ്ഥിതിയിൽപോലും മൊത്തം ഉത്പാദനമൂല്യത്തിന്റെ അഞ്ചുശതമാനം വരെ സബ്സിഡിയാകാം എന്ന് ഗാട്ടിന്റെ ഇതുമായി ബന്ധപ്പെട്ട പ്രത്യേക കരാർ (Agreement on Subsides and Countervailing Duties) വ്യക്തമാക്കുന്നു. അതിനാൽ സബ്സിഡി നൽകുന്നതിൽ തടസ്സങ്ങളൊന്നുമില്ല.

## മിനിമം വില പ്രഖ്യാപനം

ന്യായമായ മിനിമം വില നിശ്ചയിച്ച് സർക്കാർ ഉത്തരവിറക്കിയാൽ കർഷകന് ന്യായവില ഉറപ്പാക്കാമെന്ന ധാരണ പരക്കെയുണ്ട്. കർഷകന് ന്യായമായ വില ഉറപ്പാക്കാൻ 1942 മുതൽ പല കാലയളവുകളിൽ ഇത് വിജയകരമായി ഇന്ത്യയിൽ നടപ്പിലാക്കിയിട്ടുമുണ്ട്. പക്ഷേ, മാറിയ സാഹചര്യത്തിൽ, അതായത് നിയന്ത്രണരഹിതമായ ഇറക്കുമതി നിലവിൽ വന്ന 2001 മുതൽ ഇത് പ്രായോഗികമാണോ?

ആർ.എസ്.എസ്. 4-ാം തരം റബറിന്റെ ഏറ്റവും കുറഞ്ഞ വില കിലോയ്ക്ക് 180 രൂപാ എന്ന് നിശ്ചയിച്ച് സർക്കാർ ഉത്തരവിറക്കുന്നു എന്നു സങ്കല്പിക്കുക. ഉത്തരവനുസരിച്ച് 180 രൂപയിൽ കുറഞ്ഞ വിലയ്ക്ക് റബർ വിൽക്കുന്നതും വാങ്ങുന്നതും കുറ്റകരമാണ്. ഈ സാഹചര്യത്തിൽ ഇവിടെയുള്ള ടയർകമ്പനികളും മറ്റ് ഉത്പന്ന നിർമ്മാതതാക്കളും എങ്ങനെ പ്രതികരിക്കും? 2001-ന് മുമ്പായിരുന്നു എങ്കിൽ മറ്റു മാർഗ്ഗമൊന്നും ഇല്ലാതെ 180 രൂപ കൊടുത്ത് ഇവിടെനിന്നുതന്നെ റബർ വാങ്ങേണ്ടിവരുമായിരുന്നു. കർഷകന് തീർച്ചയായും പ്രയോജനപ്പെടുകയും ചെയ്യും. എന്നാൽ 2001 മുതൽ സ്ഥിതി മാറി. അന്താരാഷ്ട്ര വിപണിയിൽ കിലോഗ്രാമിന് 105 രൂപയ്ക്ക് റബർ ലഭ്യമാ

ണല്ലോ. നിയന്ത്രണരഹിതമായി അത് ഇറക്കുമതി ചെയ്യാം. 25 ശതമാനം ഇറക്കുമതിച്ചുങ്കവും മറ്റെല്ലാ ചെലവുകളും കഴിഞ്ഞാലും 140 രൂപയ്ക്ക് ഫാക്ടറിയിൽ റബർ എത്തും. പിന്നെന്തിന് 180 രൂപയ്ക്ക് ആഭ്യന്തരവിപണിയിൽനിന്നും വാങ്ങണം. അതുകൊണ്ട് ടയർ നിർമ്മാതാക്കളും മറ്റ് ഉത്പന്നനിർമ്മാതാക്കളും ആഭ്യന്തരവിപണിയെ പൂർണമായി ഉപേക്ഷിച്ച് അന്താരാഷ്ട്രവിപണിയിൽനിന്നും റബർ വാങ്ങാൻ നിർബന്ധിതരാകും. ഇവിടെ ഉത്പാദിപ്പിക്കുന്ന റബർ ആർക്കും വേണ്ടാത്ത സ്ഥിതി അങ്ങനെ സംജാതമാകും, ഒരുപക്ഷേ, 130 രൂപയ്ക്ക് റബർ വിൽക്കാൻ കർഷകർ തയാറായാൽപോലും ആ വിലയ്ക്കു വാങ്ങുന്നത് കുറ്റകരമാകും. കച്ചവടക്കാർ അതിനു തയാറാകില്ല.

**സംഭരണം**

സർക്കാർ ഉയർന്നവിലയ്ക്ക് വിപണിയിൽനിന്നു റബർ സംഭരിച്ചാൽ, ലഭ്യത കുറഞ്ഞ് വിപണിവില ഉയരും എന്ന ആശയമാണ് നിലവിലുള്ള പ്രതിസന്ധിക്കു പരിഹാരമായി ഏറ്റവും കൂടുതൽ നിർദ്ദേശിക്കപ്പെട്ടുകേട്ടത്. 1970-കളിലും 80-കളിലും 90-കളിലും ഇത് വിജയകരമായി നടപ്പാക്കിയിട്ടുണ്ട് എന്നും ചൂണ്ടിക്കാണിക്കപ്പെടുന്നു.

ഈ ആശയത്തിന്റെ പ്രായോഗികത പരിശോധിക്കാൻ ആഭ്യന്തരവിപണിയെ കടലിനു സമീപമുള്ള ഒരു നീന്തൽക്കുളത്തിനോട് ഉപമിക്കാം. നാലുചുറ്റും കൊട്ടിയടച്ച ഈ കുളത്തിലേക്ക് കടൽവെള്ളം പമ്പുചെയ്തു മാറ്റാം. ആഗ്രഹിക്കുന്നതുപോലെ ഇതിലെ ജലനിരപ്പ് നിലനിർത്താം. എന്നാൽ, കുളത്തെ കടലിൽനിന്നു വേർപെടുത്തി നിർത്തിയിരുന്ന മതിൽക്കെട്ട് 2001-ൽ പൊളിച്ചുമാറ്റി. അതായത് കുളത്തെ കടലുമായി ബന്ധിപ്പിച്ച് ഏതാണ്ട് കടലിന്റെതന്നെ ഭാഗമാക്കി. പിന്നീട് കുളത്തിലെ വെള്ളം എത്ര പമ്പുചെയ്താലും ജലനിരപ്പ് താഴില്ല. കുളത്തിൽനന്നു വെള്ളം പമ്പുചെയ്ത് മാറ്റുംതോറും അത്രയും തന്നെ അളവ് വെള്ളം കടലിൽനിന്ന് കുളത്തിലേക്ക് ഒഴുകിയെത്തും.

ഇറക്കുമതി പൂർണമായി നിയന്ത്രണരഹിതമായ 2001 മുതൽ, എത്ര ടൺ റബർ ആഭ്യന്തരവിപണിയിൽനിന്നു സംഭരിച്ചാലും അതുകൊണ്ട് വിപണിയിലെ ലഭ്യത കുറയില്ല. സംഭരിക്കുംതോറും കൂടുതൽ ഇറക്കുമതി റബർവിപണിയിലേക്ക് ഒഴുകിയെത്തിക്കൊണ്ടിരിക്കും. അതുകൊണ്ടുതന്നെ, ലക്ഷ്യമിടുന്നപോലെ ആഭ്യന്തരവിപണി ഉയരില്ല. അതു മാത്രമല്ല, സർക്കാർ സംഭരിച്ചുസൂക്ഷിക്കുന്ന റബർ, ആഭ്യന്തരവില കൂടുതൽ ഇടിയാൻ മറ്റൊരു കാരണമാകുകയും ചെയ്യും. ചുരുക്കത്തിൽ, സംഭരണം ഒരു പാഴ്‌വേലയാണെന്നു മാത്രമല്ല, ആഭ്യന്തരവിപണിയിൽ ഇറക്കുമതി കുമിഞ്ഞുകൂടി വില പിന്നെയും ഇടിയാൻ കാരണവുമാകും. സംഭരിച്ച റബർ കുറഞ്ഞവിലയ്ക്ക് പിന്നീട് വിൽക്കേണ്ടിവരുമ്പോൾ അത് വീണ്ടും ആഭ്യന്തരവിപണിയെ ഇടിക്കും എന്നു മാത്രമല്ല സർക്കാരിന് സാമ്പത്തികനഷ്ടവും ഉണ്ടാക്കുകയും ചെയ്യും. കർഷകനും സർക്കാരിനും ഒരുപോലെ നഷ്ടം വരുത്തുന്ന ഈ ആശയം മാറിയ സാഹചര്യത്തിൽ പ്രായോഗികമല്ല.

## പോയകാല തന്ത്രങ്ങൾ ഇനി പ്രസക്തമല്ല

**പോയ കാലങ്ങളിൽ നടപ്പാക്കിയിരുന്ന തന്ത്രങ്ങൾ അക്കാലങ്ങളിൽ നിലനിന്ന സാഹചര്യങ്ങൾക്കനുസരിച്ച് രൂപകൽപന ചെയ്തവയാണ്. സാഹചര്യങ്ങൾ മാറുമ്പോൾ അതനുസരിച്ച് സമീപനങ്ങളിലും തന്ത്രങ്ങളിലും മാറ്റം അനിവാര്യമാണ്. തായ്‌ലൻഡും മലേഷ്യയും സ്വന്തം രാജ്യങ്ങളിലെ വിപണിവില ഉയർത്താൻ ശ്രമിക്കുന്നതിനുപകരം പ്രോത്സാഹനമായി സഹായധനം (incentives) കർഷകർക്ക് നേരിട്ട് പണം ലഭ്യമാക്കുന്നതിനാണ് മുൻഗണന കൊടുത്തിരിക്കുന്നത്. അങ്ങനെ കർഷകന്റെ വരുമാനം ഒരു പരിധിവരെ ഉറപ്പാക്കാൻ ശ്രമിക്കുന്നു.**

റബറിന്റെ വിലയിലും വിൽപനയിലും നിയന്ത്രണ സംവിധാനങ്ങൾ കൊണ്ടുവരാനാവുന്ന രീതിയിൽ റബർ നിയമം ഭേദഗതി ചെയ്ത് റബർ ട്രേഡിംഗ് കോർപ്പറേഷൻ രൂപീകരിക്കാൻ കേന്ദ്രസർക്കാർ തയാറാവണമെന്നായിരുന്നു പ്രതിപക്ഷനേതാവ് വി.എസ്. അച്ച്യുതാനന്ദന്റെയും എൽ. ഡി.എഫ്.ന്റെയും നിലപാട്. 22-10-2014-ലെ ഇതു സംബന്ധിച്ച വാർത്തഇങ്ങനെയായിരുന്നു:

### റബർ ട്രേഡിംഗ് കോർപറേഷൻ രൂപവത്ക്കരിക്കണം:

– വി.എസ്. എച്യുതാനന്ദൻ

കോട്ടയം: റബർ നിയമം ഭേദഗതിചെയ്ത് റബർ ട്രേഡിംഗ് കോർപറേഷൻ രൂപവത്കരിക്കാൻ കേന്ദ്രസർക്കാർ തയാറാവണമെന്നും ഇതുവഴി റബറിന്റെ വില്പനയിലും വിലയിലും നിയന്ത്രണസംവിധാനങ്ങൾ കൊണ്ടുവരാൻ കഴിയുമെന്നും പ്രതിപക്ഷനേതാവ് വി.എസ്. അച്ച്യുതാനന്ദൻ കോട്ടയം കെ.പി.എസ്.മേനോൻ ഹാളിൽ ഇടതുപക്ഷ സംയുക്ത കർഷകസമിതിയുടെ സമരപ്രഖ്യാപന കൺവെൻഷൻ ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം.

## കെ.എം. മാണിയുടെ പ്രായോഗിക സമീപനം

മേൽ വിവരിച്ച നിർദ്ദേശങ്ങളുടെയും വിശകലങ്ങളുടെയും നിലപാടുകളുടെയും പശ്ചാത്തലത്തിലായിരിക്കണം റബർവില ഉയർത്താൻ എന്തുചെയ്യാനാവുമെന്ന് സത്യസന്ധനായ കർഷകൻ/ ഒരു പൊതുപ്രവർത്തകൻ ചിന്തിക്കേണ്ടത്. കേരളാ കോൺഗ്രസ് ചെയർമാനും അന്നത്തെ സംസ്ഥാന ധനകാര്യമന്ത്രിയുമായിരുന്ന കെ.എം. മാണി റബർ വിലയിടിവു തടയാനുള്ള പ്രായോഗിക മാർഗ്ഗങ്ങളെക്കുറിച്ച് റബർ മേഖലയിലെ വിദഗ്ദ്ധരും റബർ കർഷകരും പ്രാദേശിക ആർ.പി.എസ് പ്രസിഡന്റുമാരും ഒക്കെയായി ഒരു വർഷത്തിലേറെക്കാലം നടത്തിയ സംവാദങ്ങളുടെയും ചർച്ചകളുടെയും വെളിച്ചത്തിലായിരുന്നു 2015 മാർച്ചിലെ സംസ്ഥാന ബഡ്ജറ്റിൽ റബർ സംഭരണത്തിനായി റബർ ഉൽപാദക സംഘങ്ങളെ ഉപയോഗിച്ച് റബറിന് 150 രൂപാ നൽകാനുള്ള പദ്ധതിയായ "റബർ ഉൽപാദക – ഉത്തേജന പദ്ധതി" ധനമന്ത്രി കെ.എം. മാണി പ്രഖ്യാപിച്ചത്. വ്യക്തിപരമായി എന്ത് അനിഷ്ടങ്ങൾ ഉണ്ടെങ്കിലും ഒരു കാര്യം നാം സമ്മതിക്കണം, ഇന്ന് കേരളം ഏറെ കൊട്ടിഘോഷിക്കുന്ന നിരവധി നൂതന ആശയങ്ങളുടെ ഉപജ്ഞാതാവാണ് കെ.എം. മാണി. കർഷകത്തൊഴിലാളി പെൻഷൻ അടക്കം മിക്ക പെൻഷൻ പദ്ധതികളും കർഷക പെൻഷൻ, കാരുണ്യ ലോട്ടറി ഒക്കെ മാണിയുടെ സംഭാവനയാണ്. അതിനെ വില കുറച്ചുകാണരുത്.

ചൂഷണത്തിനും ചോർച്ചയ്ക്കുമുള്ള പഴുതുകൾ അടച്ച് ആധുനിക സാങ്കേതിക വിദ്യകൾ ഉപയോഗിച്ച് റബർ ബോർഡ് ദൈനംദിനം പ്രസിദ്ധീകരിക്കുന്ന വിപണിവിലയും 150 രൂപയും തമ്മിലുള്ള വ്യത്യാസം കർഷകരുടെ ബാങ്ക് അക്കൗണ്ടുകളിലേക്കു നൽകുന്ന പദ്ധതിയായിരുന്നു കെ. എം. മാണി ബഡ്ജറ്റിൽ വിഭാവനം ചെയ്തത്. രാജ്യത്തെ തന്നെ കർഷകർക്കായുള്ള ആദ്യ ഡി.ബി.റ്റി (Direct Benefit Transfer) പദ്ധതിയായിരുന്നു ഇത്. ഇതിന്റെ പ്രവർത്തനവിജയം രാജ്യമാകെ ഉറ്റുനോക്കുകയാണ്.

## ദേശീയതലത്തിൽ ശ്രദ്ധിക്കപ്പെട്ട നീക്കം

ദേശീയതലത്തിൽ ഏറെ ശ്രദ്ധിക്കപ്പെട്ട നീക്കമായിരുന്നു കെ.എം.മാണിയുടെ ബുദ്ധിയിൽ ഉദിച്ച റബർ ഉൽപാദക – ഉത്തേജന പദ്ധതി

സർക്കാർ പ്രഖ്യാപിക്കുന്ന സാമ്പത്തിക സഹായത്തിന്റെ 10% പോലും യഥാർത്ഥ ഗുണഭോക്താക്കൾക്കു ലഭിക്കുന്നില്ലെന്നും 100 രൂപായുടെ സർക്കാർ സഹായധനത്തിൽ 90 രൂപയും അതു നടപ്പിലാക്കാനുള്ള സംവിധാനത്തിനായി ചിലവിടുകയും ഏറെ ചുവപ്പുനാടകൾക്കും കാലതാമസത്തിനും ശേഷം പ്രഖ്യാപിച്ച തുകയുടെ 10% മാത്രമാണു ഗുണഭോക്താക്കൾക്കെത്തുന്നതെന്നുമായിരുന്നു ഇതു സംബന്ധിച്ച് കേന്ദ്രധനകാര്യവകുപ്പും റിസർവ് ബാങ്കും ഓഡിറ്റർ ജനറലും നടത്തിയ പഠനത്തിൽ തെളിഞ്ഞത്.

അതുകൊണ്ടുതന്നെ കർഷകർക്കുള്ള ധനസഹായം കർഷകരുടെ ബാങ്ക് അക്കൗണ്ടുകളിലേക്കു നേരിട്ടു നൽകുന്ന രാജ്യത്തെ തന്നെ ആദ്യ പദ്ധതിയായ റബർ ഉൽപാദക – ഉത്തേജന പദ്ധതി ഏറെ ആകാംക്ഷയോടെയായിരുന്നു ദേശീയ തലത്തിൽ ചർച്ചചെയ്യപ്പെട്ടത്.

സർക്കാർ ധനസഹായത്തിൽ ഒരു രൂപാ പോലും ഇടനിലക്കാർക്കോ പദ്ധതി നടത്തിപ്പു സംവിധാനത്തിനോ (സംസ്ഥാന ധനകാര്യ വകുപ്പ്, റബർ ബോർഡ്, വാണിജ്യ ബാങ്കുകൾ) നൽകാതെ പ്രഖ്യാപിച്ച മുഴുവൻ തുകയും കർഷകരുടെ പക്കൽ എത്തുന്ന ആദ്യ പദ്ധതിയായിരുന്നു റബർ ഉൽപാദക – ഉത്തേജന പദ്ധതി.

3 മാസങ്ങൾക്കൊണ്ട് 3.5 ലക്ഷം റബർ കർഷകരാണ് സംസ്ഥാന സർക്കാരിന്റെ കംപ്യൂട്ടറിൽ ആയിരക്കണക്കിനു സ്ഥലങ്ങളിൽനിന്ന് പദ്ധതിയിൽ അംഗങ്ങളായത്. സർക്കാർ ധനസഹായം നേരിട്ടു പണമായി കർഷകർക്കു നൽകാൻ ഓഡിറ്റർ ജനറൽ നിർദ്ദേശിക്കുന്നതിൽ ഏറ്റവും കുറഞ്ഞ രേഖകൾ മാത്രമായിരുന്നു ഈ പദ്ധതിയിൽ ചേരാൻ ആവശ്യമായിരുന്നത്.

കർഷകരെ പദ്ധതിയിൽ അംഗങ്ങളാക്കുന്ന കാര്യത്തിലും ബില്ലുകൾ അപ്‌ലോഡിംഗ് ചെയ്യുന്ന കാര്യത്തിലും സംസ്ഥാന ധനകാര്യവകുപ്പും റബർബോർഡും അതിലുപരി റബർ ഉത്പാദകസംഘം പ്രസിഡന്റുമാരും ഏറെ ആത്മാർത്ഥതയോടെയാണ് പ്രവർത്തിച്ചത്.

## ആത്മാർത്ഥതയെ ചോദ്യം ചെയ്യരുത്

കംപ്യൂട്ടറൈസേഷൻ നടന്ന ഒരു മേഖലയിലും (ബാങ്കിംഗ്, LPG, സർക്കാർ മേഖല) കാണാത്ത രീതിയിലുള്ള വിജയമായിരുന്ന ഈ പദ്ധതിയിൽ. ബാങ്കിംഗ്/LPG തുടങ്ങിയ മേഖലകളിൽ വിദഗ്ദ്ധരായ തൊഴിലാളികളും ഉദ്യോഗസ്ഥരുമാണ് കംപ്യൂട്ടറൈസേഷനു പിന്നിൽ പ്രവർത്തിച്ചതെങ്കിൽ റബർ ഉൽപാദക – ഉത്തേജന പദ്ധതിക്കു പിന്നിൽ പ്രവർത്തിച്ചത് വെറും കർഷകർ മാത്രമായ റബർ ഉത്പാദകസംഘം പ്രസിഡന്റുമാർ ആണ്. മൂന്നര ലക്ഷത്തോളം റബർ കർഷകരുടെയും 2000-ലധികം RPS പ്രസിഡന്റുമാരുടെയും അതിലുമുപരി റബർ ബോർഡ് ഓഫീസർമാരുടെയും കഠിനാദ്ധ്വാനത്തെയും ആത്മാർത്ഥതയെയും ചോദ്യംചെയ്യുക കൂടിയാണ് റബർ ഉൽപാദക – ഉത്തേജന പദ്ധതിയെ അടച്ചാക്ഷേപിക്കുന്ന സംഘടനകളും വിദഗ്ദ്ധരും. ഏറെ വിജയകരമായി നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന റബർ ഉൽപാദക – ഉത്തേജന പദ്ധതി ഇല്ലാതാക്കണമെന്ന ചില റബർ വിദഗ്ദ്ധരുടെയും രാഷ്ട്രീയേതര കർഷക പേപ്പർ സംഘടനകളുടെയും ആവശ്യപ്രകാരം റബർ മാർക്കിനെക്കൊണ്ടും മാർക്കറ്റിംഗ് ഫെഡറേഷനെക്കൊണ്ടും റബർ സംഭരിപ്പിക്കാനുള്ള നീക്കത്തിലാണ് ചിലർ. ആ നീക്കം റബർ ഉൽപാദക – ഉത്തേജന പദ്ധതിയെ ഇല്ലാതാക്കാനാണെന്നു വ്യക്തം. റബർ സംഭരണം ഇനിയുള്ള കാലം വിജയിക്കില്ലെന്നും കാര്യകാരണസഹിതം നാം കണ്ടുകഴിഞ്ഞു.

## എന്താണ് പരിഹാരമാർഗ്ഗങ്ങൾ?

റബർവിലയിടിവു സംബന്ധിച്ച് ഈ മേഖലയിലെ വിദഗ്ദ്ധർ എന്നു ജനം കരുതുന്നവരുടെയും വിവിധ രാഷ്ട്രീയ പാർട്ടികളുടെയും ജനനേതാക്കളുടെയും കണ്ടെത്തലുകളും വിശദീകരണങ്ങളും പഠനവിധേയമാക്കിയാൽ റബർ കർഷകരെ നേരിട്ടു സാമ്പത്തികമായി സഹായിക്കുക എന്നതല്ലാതെ റബർ കർഷകരെരക്ഷിക്കാൻ മറ്റൊരു പോംവഴിയില്ല എന്നതാണ് സത്യം. ദേശീയ തലത്തിൽപ്പോലും പരിമിതമായ ഇടപെടലുകൾ മാത്രമേ സാധ്യമാകൂ. സേഫ്ഗാർഡ് ഡ്യൂട്ടി (സുരക്ഷിത ചുങ്കം) യുടെ കാര്യത്തിൽ മാത്രമാണ് എന്തെങ്കിലും പ്രതീക്ഷിക്കാനാവുക. എന്നാൽ അവിടെയും തീരുമാനത്തിലെത്താൻ വർഷങ്ങളെടുത്തേക്കാം. റബറിനെ രക്ഷിക്കാൻ സാധിച്ചാൽപ്പോലും അത് നാളികേരത്തെയോ മറ്റു കാർഷിക ഉൽപ്പന്നങ്ങളെയോ പ്രതികൂലമായി ബാധിക്കാം.

കേരളത്തിലെ 10 ലക്ഷം കർഷകരെ രക്ഷിക്കാൻ ഇറക്കുമതിച്ചുങ്കം ഉയർത്താൻ ഗാട്ട് കരാറിൽ അംഗങ്ങളായ 150-ൽ പരം രാജ്യങ്ങൾ സമ്മതിക്കുമെന്നും വിശ്വസിക്കാനാവില്ല.

ആഗോളതലത്തിൽ മാറ്റങ്ങളുണ്ടാകാത്തിടത്തോളം കാലം കേരളത്തിലെ റബർ അടക്കമുള്ള കൃഷികൾ കർഷകർക്ക് ആദായകരമാക്കാൻ പ്രാദേശികതലത്തിലെ ഉയർന്ന കൂലിചിലവുകളും ജീവിതച്ചിലവുകളും മുതൽമുടക്കിന് 10% ലാഭവുമടക്കുമുള്ള കാര്യങ്ങൾ കണക്കിലെടുത്ത് ഓരോ കാർഷിക ഉൽപ്പന്നത്തിന്റെയും 'ന്യായവില' സംസ്ഥാന സർക്കാർ നിശ്ചയിക്കുകയും ആ ന്യായവിലയും വിപണി വിലയും തമ്മിലുള്ള വ്യത്യാസം കർഷകർക്കു നേരിട്ടു നൽകുകയും ചെയ്യുക എന്നതു മാത്രമാണ് പരിഹാരം.

കെ.എം. മാണിയുടെ റബർ ഉൽപാദക – ഉത്തേജന പദ്ധതിയെ കുറ്റം പറയുന്നവരുടെ ലേഖനങ്ങളിൽത്തന്നെ ഒളിഞ്ഞുകിടക്കുന്ന നിർദ്ദേശങ്ങളുടെ ആകെത്തുകതന്നെ "കർഷകർക്കു നേരിട്ടുള്ള പണം കൈമാറ്റം" ആണ്.

2015 മാർച്ച് 13-ന് ധനമന്ത്രി കെ.എം. മാണി ബജറ്റിൽ പ്രഖ്യാപിച്ച അദ്ദേഹത്തിന്റെ സ്വപ്നപദ്ധതിയായ 300 കോടി രൂപയുടെ റബർ ഉൽപാദക – ഉത്തേജന പദ്ധതിയിൽ നിന്നും 70 കോടി മാത്രമാണ് 9 മാസത്തിനുള്ളിൽ വിതരണം ചെയ്തതെന്നും അതിനാൽതന്നെ ഈ പദ്ധതി പരാജയമാണെന്നുമാണ് പലരും ചൂണ്ടിക്കാണിക്കുന്നത്.

## വിമർശകർ കണക്കിലെടുക്കാത്ത കാര്യങ്ങൾ

എന്നാൽ ഈ വിമർശകർ കണക്കിലെടുക്കാത്ത നിരവധി കാര്യങ്ങളുണ്ട്. അതിൽ ചിലതിങ്ങനെ:

1. റബർ കർഷകരെ സഹായിക്കാൻ സംസ്ഥാന സർക്കാർ പല പദ്ധതികളും പ്രഖ്യാപിച്ചിട്ടും (2 രൂപ- 5 രൂപ കൂട്ടി വാങ്ങാൽ, 150 കോടി രൂപായുടെ നികുതി ഒഴിവാക്കൽ) അതൊന്നും ഫലം കാണാത്തതിനാൽ 300 കോടി രൂപയുടെ പദ്ധതിയും ആദ്യഘട്ടത്തിൽ കർഷകർ വിശ്വാസത്തിലെടുത്തില്ല.
2. പദ്ധതിയുടെ ഉപജ്ഞാതാവായ കെ.എം. മാണിയോടുള്ള രാഷ്ട്രീയവും വ്യക്തിപരവുമായ എതിർപ്പിനെ

അടിസ്ഥാനമാക്കി ചില സ്ഥാപിത കേന്ദ്രങ്ങളിൽനിന്നും പദ്ധതിക്കെതിരെയുള്ള കുപ്രചരണങ്ങൾ.

3. സർക്കാർ പണം സഹായമായി നേരിട്ട് കർഷകർക്കു നൽകുമ്പോൾ പരിഗണിക്കേണ്ട അടിസ്ഥാന വിവരങ്ങളും സംവിധാനങ്ങളും തയ്യാറാക്കൽ. ഉദാഹരണത്തിന് കർഷകരുടെ ഡേറ്റാ ബേസ്, ബാങ്ക് അക്കൗണ്ട് വിശദാംശങ്ങൾ, കർഷകരുടെ റബർ കൃഷിഭൂമിയെപ്പറ്റിയുള്ള വിവരങ്ങൾ.
4. പദ്ധതി ആരു വഴി നടപ്പിലാക്കും എന്നതിനെ സംബന്ധിച്ച സംശയങ്ങൾ.
5. ലക്ഷക്കണക്കിനു കർഷകർക്ക് പണം ബാങ്ക് അക്കൗണ്ടുകളിലേക്ക് നേരിട്ടു നൽകാനുള്ള ഡയറക്ട് ബനിഫിറ്റ് ട്രാൻസ്ഫെർ (DBT) സംവിധാനം ഒരുക്കൽ.
6. എൽ.പി.ജി. ഗ്യാസ് സബ്സിഡിയും വാണിജ്യബാങ്കുകളുടെ ഓൺലൈൻ കമ്പ്യൂട്ടറൈസേഷനും നേരിട്ട കാലതാമസം, സർവർ തകരാർ, കണക്ടിവിറ്റി പ്രശ്നങ്ങൾ തുടങ്ങിയവ ഈ പദ്ധതിയിൽ എങ്ങനെ ഒഴിവാക്കാനാകും.
7. ലക്ഷക്കണക്കിനു റബർ കർഷകരുടെ വിശദാംശങ്ങൾ കമ്പ്യൂട്ടറൈസ് ചെയ്യുക എന്ന ഭാരിച്ച ഉത്തരവാതിത്വം.
8. റബർ കർഷകർക്കും സംസ്ഥാന സർക്കാരിനുമിടയിൽ ആരായിരിക്കും ഉത്തരവാദിത്വങ്ങൾ ഏറ്റെടുക്കുക.
9. സംസ്ഥാന സർക്കാരിന് യാതൊരു നിയന്ത്രണവുമില്ലാത്ത, പൂർണ്ണമായും കേന്ദ്രസർക്കാരിനു കീഴിൽ പ്രവർത്തിക്കുന്ന റബർ ബോർഡിന്റെയും അതിലെ ഉദ്യോഗസ്ഥരുടെയും സേവനങ്ങൾ ഒരു സംസ്ഥാന പദ്ധതിയായ റബർ ഉൽപാദക - ഉത്തേജന പദ്ധതിയിൽ എങ്ങനെ ഉപയോഗിക്കാനാകും.
10. എല്ലാവരുമായി ചർച്ചചെയ്ത് ജൂൺ ആദ്യവാരത്തിൽ പദ്ധതി നടപ്പിലാക്കാൻ ധനകാര്യവകുപ്പ് ഇറങ്ങിത്തിരിച്ചപ്പോൾ ഇക്കാര്യത്തിൽ കൂടുതൽ ചർച്ചകൾ വേണമെന്ന് നിർദ്ദേശത്തെത്തുടർന്ന് രൂപീകരിച്ച വിദഗ്ദ്ധ സമിതി തീരുമാനങ്ങളെടുക്കാനെടുത്ത സമയം.
11. വെറും കർഷകരായ റബർ ഉത്പാദകസംഘം പ്രസിഡന്റുമാർ യാതൊരു പ്രതിഫലവും കൂടാതെ ആഴ്ചകളോളം കഠിനാധ്വാനം ചെയ്ത് കർഷകരുടെ വിശദാംശങ്ങൾ കമ്പ്യൂട്ടറൈസ് ചെയ്തത്
12. സർക്കാർ പണമിടപാടുകാര്യങ്ങളിൽ ഭാഗമാകാൻ മധ്യകേരളത്തിലെ കർഷകർ കാണിക്കുന്ന വൈമനസ്യം.
13. കർഷകർക്കുള്ള ധനസഹായം നേരിട്ടു നൽകുന്നതിനായി 2012-ൽ സംസ്ഥാന സർക്കാർ കൊണ്ടുവന്ന കർഷക രജിസ്ട്രേഷൻ പദ്ധതിയിൽ 3 വർഷത്തെ കഠിനാധ്വാനത്തിനുശേഷം 14 ലക്ഷം പേർ മാത്രമാണ് കർഷക രജിസ്ട്രേഷനിൽ അംഗങ്ങളായത്. ആകെ 42 ലക്ഷം കർഷക കുടുംബങ്ങളുള്ളിടത്താണിത്. സംസ്ഥാന ആഭ്യന്തര ഉത്പാദനത്തിൽ കാർഷിക മേഖലയിൽനിന്നും ഏറ്റവും കൂടുതൽ വരുമാനം നൽകുന്ന മധ്യകേരളത്തിലെ ജില്ലകളാണ് കർഷകരജിസ്ട്രേഷനിലും ഏറ്റവും പിന്നിൽ. കർഷക രജിസ്ട്രേഷനിൽ കോട്ടയം ജില്ല 10-ാം സ്ഥാനത്തും (87,148 കർഷകർ) എറണാകുളം ജില്ല 12-ാം സ്ഥാനത്തും (65.305) പത്തനംതിട്ട ജില്ല 14-ാം സ്ഥാനത്തും (62,604) ഇടുക്കി ജില്ല 7-ാം സ്ഥാനത്തും (1,08,059) ആണ്. ഏറ്റവും കൂടുതൽ കർഷകർ ജീവിക്കുന്ന ജില്ലകളിലാണ് ഈ പ്രതിഭാസം. അതിന്റെ വിശദാംശങ്ങളിങ്ങനെ:

| ജില്ല | സംസ്ഥാന ആഭ്യന്തര ഉൽപാദനത്തിൽ കാർഷിക മേഖല | | കർഷക രജിസ്ട്രേഷൻ | |
|---|---|---|---|---|
| | കോടി രൂപാ | റാങ്ക് | എണ്ണം | റാങ്ക് |
| തിരുവനന്തപുരം | 3,976 | 7 | 96,668 | 9 |
| കൊല്ലം | 5,673 | 1 | 1,08,992 | 6 |
| പത്തനംതിട്ട | 2,843 | 12 | 62,604 | 14 |
| ആലപ്പുഴ | 2,708 | 13 | 65,305 | 12 |
| കോട്ടയം | 4,863 | 5 | 87,148 | 10 |
| ഇടുക്കി | 5,236 | 3 | 1,08,059 | 7 |
| എറണാകുളം | 5,390 | 2 | 65,305 | 12 |
| തൃശൂർ | 3,666 | 8 | 1,59,958 | 2 |
| പാലക്കാട് | 4,950 | 4 | 1,24,014 | 4 |
| മലപ്പുറം | 4,407 | 6 | 1,13,724 | 5 |
| കോഴിക്കോട് | 3,478 | 9 | 1,56,074 | 1 |
| വയനാട് | 2,314 | 14 | 10,4700 | 8 |
| കണ്ണൂർ | 3,390 | 10 | 1,35,065 | 3 |
| കാസർകോഡ് | 3,217 | 11 | 81,425 | 11 |
| ആകെ | 56,097 | | 14,69,041 | |

14. കർഷക രജിസ്ട്രേഷനിൽ കർഷകർ കാണിച്ച താൽപര്യക്കുറവുതന്നെയാണ് റബർ ഉൽപാദക ഉത്തേജനപദ്ധതിയിലും കർഷകർ കാണിച്ചത്. അവരെ കാര്യങ്ങൾ പറഞ്ഞു മനസ്സിലാക്കേണ്ടവർതന്നെ റബർ വിലസ്ഥിരതാ ഫണ്ട് പദ്ധതിയിൽനിന്നും കർഷകർക്ക് പണം ലഭിക്കില്ല എന്ന് വ്യാപകമായി പ്രചരിപ്പിച്ചുകൊണ്ടിരുന്നു. ഇതാണ് ഈ ജില്ലകളിൽ പദ്ധതിയിൽ ആളു കുറയാനുള്ള കാരണം.
15. റബർ ഉൽപാദക ഉത്തേജനപദ്ധതിയുടെ ഏറ്റവും ഒടുവിലത്തെ വിശദാംശങ്ങളിൽനിന്നും ചില നിഗമനങ്ങളിലെത്താം. ഏറ്റവും കൂടുതൽ റബർകൃഷിയുള്ള കോട്ടയം ജില്ലയിൽ (1,34,750 ഹെക്ടർ) 47,893 പേർ മാത്രമാണ് പദ്ധതിയിൽ ചേർന്നത്. എന്നാൽ കോട്ടയത്തിന്റെ നാലിലൊന്ന് റബർകൃഷിയുള്ള കണ്ണൂർ ജില്ലയിൽ (32,796 ഹെക്ടർ) 42,943 പേർ അംഗങ്ങളായി. 39,842 ഹെക്ടർ റബർകൃഷിയുള്ള കൊല്ലം ജില്ലയിൽ 42.456 പേർ അംഗങ്ങളായി. കേവലം 26,372 ഹെക്ടർ സ്ഥലത്തുമാത്രം റബർകൃഷിയുള്ള മലപ്പുറം ജില്ലയിൽ 25,725 പേർ പദ്ധതിയിൽ അംഗങ്ങളാവുകയും നാളിതുവരെ 9.19 കോടി രൂപ സ്വന്തമാക്കുകയും ചെയ്തു. അതേ സ്ഥാനത്ത് റബർകൃഷിയുടെ കേന്ദ്രമായ കോട്ടയം ജില്ലയിൽ 10.79 കോടി രൂപ മാത്രമാണ് നല്കാനായത്.

റബർകർഷകരെ സംരക്ഷിക്കാൻ റബർ ഉൽപാദക - ഉത്തേജന പദ്ധതി മാത്രമാണ് സഹായകരമെന്ന് തെളിവുകൾ സഹിതം വ്യക്തമായ സാഹചര്യത്തിൽ വ്യക്തിപരമായ എതിർപ്പുകളും രാഷ്ട്രീയവിരോധങ്ങളും ഒക്കെ മാറ്റിവച്ച് പരമാവധി റബർകർഷകരെ പദ്ധതിയിൽ അംഗങ്ങളാക്കുക എന്നതുമാത്രമാണ് കർഷകരോട് സ്നേഹമുള്ളവർ ചെയ്യേണ്ടത്. അതുപോലെതന്നെ റബർ വിലസ്ഥിരതാ ഫണ്ടു പദ്ധതിയിലേക്ക് കൂടുതൽ പണം കേന്ദ്ര സംസ്ഥാന സർക്കാരുകൾ വകയിരുത്തണം. അതിനു കൂട്ടായ ശ്രമം വേണം.

ഭാഗം 2

# റബർ : വിദഗ്ദ്ധ അഭിപ്രായങ്ങൾ, ലേഖനങ്ങൾ, വാർത്തകൾ

റബർ വിലയിടിവിന്റെ കാരണങ്ങൾ അന്വേഷിച്ച് ശരിയായ പരിഹാരമാർഗ്ഗങ്ങൾ കണ്ടെത്തുന്നതിനുമുൻപ് നമുക്കു ചില പത്രവാർത്തകളിലൂടെയും ലേഖനങ്ങളിലൂടെയും കണ്ണോടിക്കാം.

മുൻ കേന്ദ്രമന്ത്രി കെ.സി. വേണുഗോപാലിന്റെ 30/9/2014-ലെ ഏറ്റുപറച്ചിലിങ്ങനെ:

## റബർ വിലയിടിവിനു കാരണം ചില യു.പി.എ മന്ത്രിമാർ:

– കെ.സി. വേണുഗോപാൽ

ഇരിട്ടി: റബർ വിലയിടിവിനെത്തുടർന്ന് കർഷകർക്കുണ്ടായ പ്രതിസന്ധി കഴിഞ്ഞ യുപിഎ സർക്കാരിലെ ചില കേന്ദ്രമന്ത്രിമാരുടെ നിഷേധാത്മകസമീപനം കാരണമാണെന്നു കെ.സി. വേണുഗോപാൽ എം.പി. കേരളത്തിലെ എംപിമാർ ഇക്കാര്യത്തിൽ ഒറ്റക്കെട്ടായിരുന്നു. വിലയിടിവ് തടയാൻ കർഷകർ ഒറ്റക്കെട്ടായി പ്രവർത്തിക്കേണ്ട സമയം അതിക്രമിച്ചെന്നും അദ്ദേഹം പറഞ്ഞു. (ദീപിക 30/9/2014)

റബർ വിലയിടിവുമൂലമുണ്ടായ പ്രതിസന്ധി പരിഹരിക്കാനുള്ള മാർഗ്ഗങ്ങളെപ്പറ്റി മുൻ റബർ ബോർഡ് ചെയർമാനും ഇൻഫാം ദേശീയ പ്രസിഡന്റുമായ പി.സി. സിറിയക്ക് IAS(Rtd.) 30/5/2014ലും 13/9/2014ലും ദീപിക ദിനപത്രത്തിൽ എഴുതിയ രണ്ടു ലേഖനങ്ങളിങ്ങനെ പോകുന്നു.

## റബർ പ്രതിസന്ധി മറികടക്കാൻ മാർഗ്ഗങ്ങളുണ്ട്

– പി.സി. സിറിയക് (റബർ ബോർഡ് മുൻ ചെയർമാൻ)

കേരളത്തിൽ റബർ മേഖലയെ ആശ്രയിച്ചു കഴിയുന്ന അഞ്ചു ലക്ഷം ചെറുകിട കർഷകരുണ്ട്. റബർ ടാപ്പർമാർപോലുള്ള തൊഴിലാളികളും റബർ വ്യാപാരികളും ഇവരുടെയെല്ലാം കുടുംബാംഗങ്ങളും കൂടി മുപ്പതു ലക്ഷം കേരളീയർ ഇന്നു പ്രതിസന്ധിയിലാണ്.

## പ്രതിസന്ധി ഉണ്ടായത് എങ്ങനെ?

അനിയന്ത്രിതമായ ഇറക്കുമതി മൂലമാണത്. 2012-13ൽ രണ്ടര ലക്ഷം ടൺ റബർ ഇറക്കുമതിചെയ്തു. 2013-14ൽ മൂന്നര ലക്ഷം ടൺ ആയിരുന്നു ഇറക്കുമതി. ഓരോ കൊല്ലവും റബറിന്റെ ഉത്പാദനവും ഡിമാൻഡും തമ്മിലുള്ള വിടവ് അടയ്ക്കാൻ ആവശ്യം വെറും 60,000 ടൺ മാത്രം. വമ്പിച്ച ഇറക്കുമതിയിലൂടെ വ്യവസായികളും മറ്റും ഉൾനാടൻ വിപണിയിൽനിന്നു മാറിനിന്നു വിലയിടിക്കുകയാണ്.

## എന്താണ് ഈ പ്രതിസന്ധിക്കു പ്രതിവിധി?

ഇറക്കുമതി നിയന്ത്രിക്കാൻ ഒരു മാർഗ്ഗമേ ഉള്ളൂ. **റബറിനെ മാത്രം ആശ്രയിച്ചു കഴിയുന്ന നാലഞ്ചു ലക്ഷം ചെറുകിട കർഷകരെ** പട്ടിണിയിൽനിന്നു രക്ഷിക്കാൻ, അവരുടെ ജീവനോപാധി അപകടത്തിലാകാതെ സംരക്ഷിക്കാൻ ഇറക്കുമതിചുങ്കം 50 ശതമായി വർദ്ധിപ്പിക്കുക. ലോകവ്യാപാര ഉടമ്പടിയിൽ, ചെറുകിട കർഷകരുടെ ജീവസന്ധാരണം അപകടത്തിൽപ്പെടാതിരിക്കാൻ ഇങ്ങനെ ഉയർന്ന ചുങ്കം നിർണയിക്കാൻ ഇന്ത്യാഗവൺമെന്റിന് അധികാരമുണ്ട്. ഈ ആവശ്യം നേടിയെടുക്കാൻ കേരള സർക്കാരിന്റെയും റബർ ബോർഡിന്റെയും ശിപാർശയോടൊപ്പം നമ്മുടെ എംപിമാരുടെ ആത്മാർത്ഥമായ പരിശ്രമവും അത്യാവശ്യമാണ്. അവർ അവസരത്തിനൊത്ത് ഉയർന്ന് ഈ ആവശ്യം നേടിയെടുക്കണം.

വിപണിയിൽ കെട്ടിക്കിടക്കുന്ന റബർനീക്കം ചെയ്യണം. ഇതിനുവേണ്ടി കഴിഞ്ഞ പ്രാവശ്യം പ്രതിസന്ധി ഉണ്ടായപ്പോൾ നാം റബർ കയറ്റുമതി ചെയ്തു (നഷ്ടം സഹിച്ച്). (നഷ്ടം നികത്താൻ കേരള സർക്കാർ വാഗ്ദാനം ചെയ്തിരുന്ന സബ്സിഡിയെപ്പറ്റി അന്വേഷിക്കാൻ ചെന്നു കൃഷിമന്ത്രി ഗൗരിയമ്മയുമായി ചർച്ച നടത്തിയ വടക്കേമുറിയച്ചനും കൂട്ടരും ജയിലിലായത് ഓർക്കുമല്ലോ). ഇപ്പോൾ അന്താരാഷ്ട്രവിപണിയും തകർന്നുതന്നെയാണ്. **അതുകൊണ്ടു കയറ്റുമതി സാധ്യതകൾ വിരളം.**

പക്ഷേ, ഇവിടെ റബറിന്റെ ഉപയോഗം വർധിപ്പിക്കാനുള്ള ഒരു സുവർണാവസരം തെളിഞ്ഞുകാണുന്നു. റോഡുനിർമാണത്തിൽ റബർപ്പാൽ കലർത്തിയ ടാർ ഉപയോഗിച്ചാൽ റോഡിന്റെ ഗുണനിലവാരം ഉയരും. അതു സാധാരണ ടാർ ഉപയോഗിച്ചു ബ്ലാക്ക് ടോപ്പ് ചെയ്യുന്നതിനെക്കാൾ ഇരട്ടിക്കാലം സേവനം നൽകും. റോഡപകടങ്ങൾ കുറയും, പെട്രോൾ, ഡീസൽ ചെലവ് കുറയും. നീണ്ടകാലത്തെ പരീക്ഷണങ്ങൾ ഇതെല്ലാം തെളിയിച്ചിട്ടുണ്ട്. കൊച്ചിൻ റിഫൈനറിയിൽ റബർ ലാറ്റക്സ് കലർത്തിയ ബിറ്റുമിൻ ഉണ്ടാക്കാൻവേണ്ടി ഒരു പ്രത്യേക പ്ലാന്റ് തന്നെ സ്ഥാപിച്ചിട്ടുണ്ട്. പക്ഷേ, കേരള പിഡബ്ല്യുഡി ലാറ്റക്സ് ബിറ്റുമിന് ഓർഡർ നല്കണം. ബൃഹത്തായ അനേകം റോഡ് പദ്ധതികൾ ഏറ്റെടുത്തു ചെയ്യുമെന്ന് ഈയിടെ പ്രഖ്യാപിച്ച കേരള സർക്കാർ, ഈ പദ്ധതികളിൽ റബർപാൽ ചേർത്ത ബിറ്റുമിൻ മാത്രമേ ഉപയോഗിക്കൂ എന്നു പ്രഖ്യാപിക്കട്ടെ.

പുതിയ കേന്ദ്രസർക്കാരും വാജ്പേയിയുടെ സുവർണ്ണത്രികോണംപോലെ വൻ ഹൈവേ പദ്ധതികളുമായി വരാൻപോകുകയാണ്. അവിടെയെല്ലാം റബറൈസ്ഡ് ബിറ്റുമിൻ ഉപയോഗിക്കാൻ നാം സമ്മർദ്ദം ചെലുത്തി അതിനു സമ്മതിപ്പിക്കണം. ഇതു സാധിച്ചാൽ കുറേയധികം റബർ ഈ മേഖലയിൽ ഉപയോഗപ്പെടുത്താൻ കഴിയും. റോഡിന്റെ സേവനകാലം ഇരട്ടിയാക്കാൻ കഴിയുന്നതു മുഴുവൻ സമ്പദ്വ്യവസ്ഥയ്ക്കും നേട്ടമുണ്ടാക്കുകയും ചെയ്യും. ഇവിടെയും കേരള സർക്കാരിന്റെയും കേരളം എംപിമാരുടെയും സമ്മർദ്ദം വിലപ്പെട്ടതാണ്.

ടാറിൽ ലാറ്റക്സ് ചേർക്കുന്നതിനു പകരം പഴയ ടയർ പൊടിച്ചു പൊടി കലർത്താം എന്നൊരു നിർദ്ദേശം ചില

കേന്ദ്ര വിദഗ്ദ്ധർ മുന്നോട്ടുവയ്ക്കുന്നുണ്ട്. റബറൈസ്ഡ് ബിറ്റുമിൻ എന്നു പറയുന്നതു ടയർ പൊടിച്ചുചേർക്കുന്ന ബിറ്റുമിൻ അല്ല. റബർപാൽ ചേർത്ത് ബ്ലെൻഡ് ചെയ്ത് തയ്യാറാക്കുന്ന ബിറ്റുമിൻ ആണ് എന്ന കാര്യം നാം അടിവരയിട്ടു ഉണർത്തണം. റബർമേഖലയിലെ എംപിമാർ ഇക്കാര്യം നേടിയെടുക്കട്ടെ.

വില കുറഞ്ഞിരിക്കുന്ന അവസരം നോക്കി മുപ്പതു കൊല്ലം പ്രായമുള്ള മരങ്ങളെല്ലാം വെട്ടി ആവർത്തനകൃഷി ചെയ്യണം. വെട്ടിയ മരം പെരുമ്പാവൂരിലെ പ്ലൈവുഡു കാർക്കു കൊടുക്കുന്നതിനു പകരം റബ്വുഡ്, മെട്രോവുഡ് തുടങ്ങിയ കമ്പനിക്കാരുടെ സഹകരണത്തോടെ സംസ്കരിച്ച് റബർത്തടിയാക്കി, ഫർണിച്ചർ വിപണിയിൽ തേക്കിനു പകരം കുറഞ്ഞ വിലയ്ക്കു ലഭ്യമാക്കുക. കർഷകനു മെച്ചപ്പെട്ട വില ലഭിക്കും.

മരങ്ങൾ മുറിച്ചുമാറ്റിക്കഴിഞ്ഞു ബാങ്ക് ലോൺ എടുത്തു റീപ്ലാന്റ് ചെയ്യുക. മുഴുവൻ സ്ഥലത്തും റബർ തന്നെ വീണ്ടും വയ്ക്കുന്നതിനു പകരം പകുതിസ്ഥലത്തു നാളികേരം-കൊക്കോ-കുരുമുളക് കൃഷി തുടങ്ങുക. റബറിന്റെ ഉത്പാദനം കുറച്ചു വിപണിയിലെ ലഭ്യത നിയന്ത്രിക്കാൻ ഒരു ബൃഹത്തായ ആവർത്തനകൃഷി കാമ്പയിൽ റബർ ബോർഡ് ഉടൻ സംഘടിപ്പിക്കുക.

മുകളിൽപ്പറഞ്ഞ ഓരോ വിഷയവും നടപ്പാക്കിയാൽ അധികം താമസിയാതെ പ്രതിസന്ധിയിൽനിന്നു കരകയറാൻ കഴിഞ്ഞേക്കും.

## റബർ പ്രതിസന്ധിക്കു ചില പരിഹാരമാർഗ്ഗങ്ങൾ

– ദീപിക, 13/9/14

**പി.സി. സിറിയക്** (റബർ ബോർഡ് മുൻ ചെയർമാൻ)

റബർ വിപണി തകർന്നു. നല്ല ഗുണനിലവാരമുള്ള ആർഎസ്എസ്-4 ഗ്രേഡ് ഷീറ്റിനുപോലും വില വെറും 120 രൂപ. എട്ടുകൊല്ലം മുമ്പ് ഉണ്ടായിരുന്ന വില 2011 ലെ വിലയായിരുന്ന 240 രൂപയുടെ നേർപകുതി മാത്രം. ഇനിയും ഇതു താഴോട്ടുപോകുമോ? കർഷകർ ആശങ്കാകുലരാണ്.

ഈ സാഹചര്യത്തിൽ കർഷകരെ രക്ഷിക്കാൻ എന്തു ചെയ്യണം?

1. റബർ വിറ്റ് അത്യാവശ്യസാധനങ്ങൾ വാങ്ങാൻ വിപണിയിലെത്തുന്ന ചെറുകിട കർഷകന്റെ റബർ സംഭരിച്ച് അവനു ന്യായവില നൽകണം. ഉത്പാദനച്ചിലവെങ്കിലും കൊടുക്കണമല്ലോ. **വിപണിയെക്കാൾ രണ്ടു രൂപ കൂടുതൽ എന്ന അശാസ്ത്രീയമായ സമീപനം ഉപേക്ഷിച്ച് 150 രൂപയ്ക്ക് ഉത്പാദകസംഘങ്ങൾ വഴി യഥാർത്ഥ ചെറുകിടക്കാരന്റെ ഉത്പന്നം സംഭരിക്കുക.**
2. ഇപ്പോഴും തുടരുന്ന റബർ ഇറക്കുമതി തടയണം. ഇതു ചെയ്യാൻ കഴിയുന്നില്ലെങ്കിൽ ഇറക്കുമതിച്ചുങ്കം 40 ശതമാനമായി വർധിപ്പിക്കണം. കേരള സർക്കാരും കേരള എംപിമാരും കേന്ദ്രത്തിൽ സമ്മർദ്ദം ചെലുത്തിയാൽ ഇതു നടക്കും.
3. റബറിന്റെ ഉപഭോഗം വർധിപ്പിക്കാൻ നടപടിയെടുക്കണം. റോഡ് നിർമ്മാണത്തിന് ഉപയോഗിക്കുന്ന ടാറിൽ അഞ്ചു ശതമാനം റബർപാൽ ചേർത്താൽ റോഡിന്റെ സേവന കാലം ഇരട്ടിയാകും. റബർപാൽ ചേർത്ത ടാറിന്റെ വില പത്തോ പതിനഞ്ചോ ശതമാനം കൂടുതലാണെങ്കിൽപ്പോലും കൂടുതൽക്കാലം റോഡ് ഉപയോഗിക്കാം. അതുകൊണ്ട് ഇതു ലാഭകരമാണ്. കേരളത്തിൽ ഇനി എല്ലാ റോഡ് പ്രോജക്ടുകളിലും റബറൈസ് ചെയ്ത ടാർ മാത്രമേ ഉപയോഗിക്കൂ എന്ന ഒരു നയപ്രഖ്യാപനം കേരള സർക്കാർ നടത്തണം. നയം നടപ്പിലാക്കുകയും വേണം.
4. ഇങ്ങനെ കേരള സർക്കാരിന്റെ തീരുമാനം പ്രഖ്യാപിക്കുന്നതോടെ കേന്ദ്രസർക്കാർ അവരുടെ നാഷണൽ ഹൈവേ പദ്ധതികളിലും റബർ ഉത്പാദനമുള്ള മറ്റു സംസ്ഥാനങ്ങളിലും റബർ ചേർത്ത ടാർ ഉപയോഗിക്കാൻ അവരെ പ്രേരിപ്പിക്കാൻ കഴിയും. ഇന്ധനലാഭം, വണ്ടികളുടെ തേയ്മാനം കുറയുന്നത്, റോഡപകടങ്ങൾ കുറയുന്നത്, സമയലാഭം ഇവയെല്ലാം നേട്ടങ്ങളാകും.
5. ഒൻപതേകാൽ ലക്ഷം ടൺ റബർ ഉപഭോഗത്തിൽ ടയർ വ്യവസായം മാത്രം അഞ്ചേമുക്കാൽ ലക്ഷം ടൺ ഉപയോഗിക്കുമ്പോൾ മറ്റു റബർ ഉത്പന്നങ്ങൾ നിർമ്മിക്കുന്ന വ്യവസായികൾക്ക് വേണ്ടതു മൂന്നര ലക്ഷം ടൺ റബറാണ്. ഇക്കൂട്ടർ ഉത്പാദിപ്പിക്കുന്ന മിക്ക ഉത്പന്നങ്ങളും ചൈനയിൽ നിർമിച്ച് ചുങ്കമില്ലാതെ ചൈനീസ് വ്യവസായികൾ ഇവിടെ എത്തിച്ച് വിൽക്കുന്നു. ഇന്ത്യൻ വ്യവസായികളുടെ ഉത്പന്നം വിറ്റഴിക്കാൻ പ്രയാസമുണ്ടാകുന്നു. ചൈനീസ് റബർ ഉത്പന്നങ്ങളുടെ ഇറക്കുമതിചുങ്കം ന്യായമായ നിരക്കിൽ പിരിച്ചെടുക്കാൻ കേന്ദ്രസർക്കാർ തയ്യാറാകണം. അപ്പോൾ ഇന്ത്യയിലെ ടയർ ഇതര റബർ ഉത്പന്നനിർമ്മാണം വർദ്ധിച്ച് റബറിന്റെ ഡിമാൻഡ് ഉയരും. ഇതിനു നാം കേന്ദ്രത്തിൽ സമ്മർദ്ദം ചെലുത്തണം.
6. ഇന്നത്തെ സാഹചര്യത്തിൽ റബർ ഉത്പാദനം കുറയ്ക്കാൻ നോക്കേണ്ട. അതിനുവേണ്ടി പ്രായമേറിയ മരങ്ങൾ, ഉത്പാദനശേഷി നശിച്ചവ വെട്ടിമാറ്റണം. നല്ല ഉത്പാദനം കിട്ടുന്ന ജനുസുകളുപയോഗിച്ച് ആവർത്തനകൃഷി ചെയ്യുക. 2020-ാം ആണ്ട് പിറന്ന് ലോകസാമ്പത്തികവളർച്ചയുടെ ബിസിനസ് സൈക്കിൾ കറങ്ങിത്തിരിഞ്ഞ് മാന്ദ്യം നീങ്ങി, റബർ വില ഉയർന്നുകഴിയുമ്പോഴേക്കും പുതിയ മരങ്ങൾ ടാപ്പ് ചെയ്യാറാകും.
7. ആവർത്തനകൃഷിക്കാവശ്യമായ തുക മുഴുവൻ കടമായി ബാങ്കുകൾ നൽകും. ഈ കടം പലിശരഹിതമായി റീപ്ലാന്റിംഗ് പ്രോത്സാഹിപ്പിക്കാൻ നാം ശ്രമിക്കണം.
8. മറ്റൊരു കാര്യം, റീപ്ലാന്റ് ചെയ്യുമ്പോൾ മുഴുവൻ സ്ഥലത്തും റബർ തന്നെ വയ്ക്കുന്നതിനു പകരം പകുതി സ്ഥലത്തെങ്കിലും തെങ്ങോ എണ്ണപ്പനയോ കൃഷിചെയ്യണം. തെങ്ങിനും എണ്ണപ്പനയ്ക്കും ഇടവിളയായി കൊക്കോയും കുരുമുളകും അനുയോജ്യവും ലാഭകരവുമാണ്. എല്ലാ മുട്ടകളും ഒരേ കൂടയിൽ സൂക്ഷിക്കരുതല്ലോ.
9. റീപ്ലാന്റ് ചെയ്യുമ്പോൾ വെട്ടിയെടുക്കുന്ന റബർതടിക്കു ന്യായവില കിട്ടേണ്ടത് ആവശ്യമാണ്. പെരുമ്പാവൂരിലെ തടിവ്യാപാരികൾ ഒത്തുചേർന്ന് റബർത്തടിയുടെ വില ഇടിക്കുന്നു. അവരുടെ പിടിയിൽനിന്നു ചെറുകിട റബർ കർഷകനെ കേരള സർക്കാർ രക്ഷിക്കണം. റബർതടി സംസ്ഥാനത്തിനു പുറത്തു പൊള്ളാച്ചിയിലോ കോയമ്പത്തൂരിലോ തെങ്കാശിയിലോ കൊണ്ടുചെന്നു വിൽക്കാൻ അനുവാദം നൽകിയാൽ മതി. പെരുമ്പാവൂരിൽതന്നെ ന്യായവില കിട്ടും.
10. കേന്ദ്രസർക്കാരിനു മറ്റൊരു കാര്യംകൂടി പരിഗണിക്കാം. വിദേശകാര്യ മേഖലയിൽ പല പുതിയ നീക്കങ്ങളും നടത്തുന്ന നരേന്ദ്രമോദി സർക്കാർ പെട്രോളിയം ഉത്പാദക രാജ്യങ്ങളുടെ ഒപെക് മാതൃകയിൽ പ്രധാന റബർ ഉത്പാദക രാജ്യങ്ങളെ സംഘടിപ്പിച്ച് റബർവില നിയന്ത്രിക്കാനുള്ള ശക്തി ആർജ്ജിക്കണം. തായ്‌ലൻഡ് (42 ലക്ഷം ടൺ) ഇന്തോനേഷ്യ (36 ലക്ഷം ടൺ) വിയറ്റ്നാം

(ഒൻപതര ലക്ഷം ടൺ) ഇന്ത്യ ( എട്ടര ലക്ഷം ടൺ) മലേഷ്യ എന്നീ അഞ്ചു രാജ്യങ്ങളെ റബർ പെന്റഗണിന്റെ കൊടിക്കീഴിൽ അണിനിരത്തുക. റബർ ഉത്പാദനം നിയന്ത്രിച്ച് വില ഉയർത്തി മൂന്നാം ലോക രാഷ്ട്രങ്ങൾക്ക് ഒരു പുതിയ മാതൃക കാണിച്ചുകൊടുക്കാം. ഈ രാജ്യങ്ങളിലെല്ലാമുള്ള ചെറുകിട റബർ കർഷകർ രക്ഷപ്പെടും.

11. ഈ നിർദ്ദേശങ്ങളെല്ലാം നടപ്പിലാക്കാനും ഫലം കാണാനും കുറച്ചു സമയമെടുക്കും. ദയനീയമായി പ്രതിസന്ധിയിൽ ഉഴലുന്ന കർഷകന് അതുവരെ കാത്തിരിക്കാൻ സാധിക്കില്ല. അടിയന്തരസഹായം ആവശ്യം. അതിന് റബർ സംഭരണമല്ലാതെ മറ്റു വഴിയില്ല. ഇതു നടത്താൻ സാമ്പത്തിക തകർച്ചയുടെ വക്കിൽ നിൽക്കുന്ന കേരള സർക്കാരിനു കേന്ദ്രസഹായമില്ലാതെ കഴിയില്ല. (സ്വന്തം കഴിവുകേടുകൊണ്ട് വരുത്തിവച്ച അപചയത്തിന് അവർ തന്നെ ഉത്തരവാദികൾ. സഹതാപം അർഹിക്കുന്നില്ല.) **കേന്ദ്ര വാണിജ്യവകുപ്പിന്റെ കൈവശമുള്ള 500 കോടി രൂപയുടെ വിലസ്ഥിരതാ ഫണ്ട് റബർ സംഭരണത്തിനുവേണ്ടി അടിയന്തരമായി ലഭ്യമാക്കണം.**

ഇക്കാര്യങ്ങളെല്ലാം നടപ്പാക്കിക്കിട്ടണമെങ്കിൽ കേരള സർക്കാരും നമ്മുടെ ഏം.പി.മാരും അവസരത്തിനൊത്ത് ഉയരണം. അവർ ആത്മാർത്ഥമായി പ്രവർത്തിക്കുമോ? റബർ കർഷകരെ രക്ഷിക്കുമോ?

അനിയന്ത്രിതമായ ഇറക്കുമതിയാണ് റബർവില യിടിച്ചതെന്നു വ്യക്തമാക്കുകയാണ് പി.സി. സിറിയക്. റബർ സംഭരിച്ച് കയറ്റുമതി ചെയ്താൽ റബർവില ഉയരുകയില്ലെന്നും അദ്ദേഹം വ്യക്തമാക്കുന്നു.

150 രൂപ റബർ കർഷകർക്കുറപ്പാക്കാനുള്ള സംവിധാനം റബർ ഉൽപാദകസംഘങ്ങളിലൂടെ നടപ്പാക്കണമെന്ന് 13-9-2014-ൽ സിറിയക് നിർദ്ദേശിക്കുന്നു.

2014 ഒക്ടോബർ 11-നു "റബർ കർഷകരെ രക്ഷിക്കാൻ കേരള സർക്കാർ ഉടൻ ചെയ്യേണ്ട കാര്യങ്ങൾ" എന്ന തലക്കെട്ടിൽ ദീപിക ദിനപത്രത്തിൽ പി.സി. സിറിയക് ഇങ്ങനെ എഴുതി:

**റബർ കർഷകരെ രക്ഷിക്കാൻ കേരളസർക്കാർ ഉടൻ ചെയ്യേണ്ട കാര്യങ്ങൾ**

വിപണിയിൽനിന്നു ചെറുകിട കർഷകന്റെ റബർ സംഭരിക്കുക. **മാർക്കറ്റുവിലയെക്കാൾ രണ്ടുരൂപ കൂടുതൽ നൽകും എന്ന നയം ഉപേക്ഷിച്ച് കിലോഗ്രാമിന് 150 രൂപയ്ക്കു റബർ സംഭരിക്കാൻ തുടങ്ങുക.**

റബർ പാൽ (ലാറ്റെക്സ്) ചേർത്ത് ടാർ ഉപയോഗിച്ചു മാത്രമേ കേരള സർക്കാരിന്റെ റോഡുപണികൾ ഇനിമേൽ നടത്തൂ എന്ന തീരുമാനം ഉടൻ നടപ്പാക്കുക.

**റബർത്തടി കേരളത്തിനു പുറത്തുകൊണ്ടുചെന്നു വിൽക്കാൻ റബർ കർഷകരെ അനുവദിക്കുന്ന ഉത്തരവ് പുറപ്പെടുവിക്കുക.** റീപ്ലാന്റ് ചെയ്യാനായി മരം വെട്ടുന്ന കർഷകർ ഇങ്ങനെ ഒരു ഉത്തരവിന്റെ അഭാവത്തിൽ പെരുമ്പാവൂർ തടി വിപണിയിൽ ചൂഷണം ചെയ്യപ്പെടുകയാണ്.

ബ്ലോക്ക് റബറിന്റെയും ഷീറ്റ് റബറിന്റെയും ഇറക്കുമതിച്ചുങ്കം 30 ശതമാനമായി ഉയർത്താനും ലാറ്റക്സിന്റെ ഇറക്കുമതിച്ചുങ്കം 100 ശതമാനമാക്കാനും കേന്ദ്രസർക്കാരിനു ശക്തമായി ശിപാർശ ചെയ്യുക. മുമ്പ് വാജ്പേയി സർക്കാർ ചെയ്തതുപോലെ തുറമുഖ നിയന്ത്രണം ഏർപ്പെടുത്തി റബർ ഇറക്കുമതി കോൽക്കത്ത, വിശാഖപട്ടണം എന്നീ തുറമുഖങ്ങളിലൂടെ മാത്രമായി നിയന്ത്രിക്കുകയും അവിടെ റബർ ബോർഡിന്റെ ഗുണനിലവാരപരിശേധനയ്ക്കു ശേഷം മാത്രം ചരക്കു വിട്ടുകൊടുക്കുകയും ചെയ്യാനായി കേന്ദ്രത്തിനു ശക്തമായ ശിപാർശ നല്കുക.

**കയറ്റുമതിക്കായി എന്ന പേരിൽ ചുങ്കമില്ലാതെ ഇറക്കുന്ന റബർ ഉപയോഗിച്ച് ഉത്പന്നം നിർമ്മിച്ച് ആറു മാസത്തിനകം കയറ്റുമതി നടത്തിയിരിക്കണം എന്ന കർശനമായി നിഷ്കർഷിക്കാനായി കേന്ദ്രത്തിനു ശിപാർശ അയയ്ക്കുക.** നാഷണൽ ഹൈവേ അഥോറിറ്റിയുടെ റോഡ് പണികൾക്കു ലാറ്റെക്സ് ചേർത്ത ടാർ മാത്രം ഉപയോഗിക്കണമെന്നു നിർദ്ദേശം നൽകാൻ കേന്ദ്രത്തിനു ശിപാർശ ചെയ്യുക.

ഇക്കാര്യങ്ങളിൽ കേരള സർക്കാരിന്റെ ശിപാർശകൾ അംഗീകരിച്ച് കേന്ദ്രസർക്കാരിന്റെ ഉത്തരവുകൾ നേടിയെടുക്കാനുള്ള ദൗത്യം നമ്മുടെ എംപിമാരെ ഏൽപ്പിച്ചുകൊടുക്കുക. വേണ്ടിവന്നാൽ പാർലമെന്റിന് അകത്തും പുറത്തും ഇതിനുവേണ്ടി ഉപവാസസമരംവരെ നടത്താൻ അവരെ പ്രേരിപ്പിക്കുക.(ദീപിക 11/10/2014.

റബറിന് 150 രൂപ ഉറപ്പാക്കാൻ സംസ്ഥാന സർക്കാർ പദ്ധതിയുണ്ടാക്കണമെന്നതായിരുന്നു ഇതിലെ ഏറ്റവും പ്രധാന നിർദ്ദേശം.

തായ്‌ലന്റിലെ കാർഷികപ്രതിബദ്ധത തിരിച്ചറിയണം എന്ന തലക്കെട്ടിൽ പി.സി. സിറിയക്കിന്റെ 25/10/2014ലെ വാർത്തയിലും റബർ കർഷകരിൽനിന്നും 150 രൂപാ നിരക്കിൽ സർക്കാർ റബർ സംഭരിക്കണം എന്നു നിർദ്ദേശിച്ചിരുന്നു.

## തായ്‌ലൻഡിന്റെ കാർഷിക പ്രതിബദ്ധത തിരിച്ചറിയണം:

- പി.സി. സിറിയക്

കോട്ടയം: ലോകത്തിലെ ഏറ്റവും വലിയ റബർ ഉത്പാദകരാജ്യമായ തായ്‌ലൻഡിലെ പട്ടാളഭരണകൂടം റബർ കർഷകർക്കു വൻ ധനസഹായപദ്ധതി ഏർപ്പെടുത്തിയ നടപടി സംസ്ഥാന-കേന്ദ്രസർക്കാരുകളുടെ കണ്ണു തുറപ്പിക്കണമെന്ന് മുൻ റബർ ബോർഡ് ചെയർമാൻ പി.സി. സിറിയക്.

കഷ്ടനഷ്ടങ്ങളിൽ നട്ടംതിരിയുന്ന ചെറുകിട കർഷകരിൽനിന്ന് കേവലം അഞ്ചു രൂപ അധികം നല്കി റബർ സംഭരിക്കുമെന്ന സംസ്ഥാന സർക്കാരിന്റെ പ്രഖ്യാപനം യാതൊരു പ്രയോജനവും നല്കില്ല.

**150 രൂപ നിരക്കിൽ സംസ്ഥാനം കർഷകരിൽനിന്ന് അടിയന്തിരമായി റബർ സംഭരിക്കണം. ഇതിനായി കുറഞ്ഞത് 100 കോടി രൂപ വകയിരുത്തണം.** ഇതേവേളയിൽതന്നെ കേന്ദ്രസർക്കാരിൽ സംസ്ഥാനം സമ്മർദ്ദം ചെലുത്തി ഇറക്കുമതിത്തീരുവ വർധിപ്പിക്കാൻ നടപടിയെടുക്കണം.

തീരുവ വർധിപ്പിച്ചാൽ ഇറക്കുമതി ചെയ്യുന്ന റബറിന്റെ വില 150 രൂപയോളം എത്തും. ഈ സാഹചര്യത്തിൽ വ്യവസായികൾ ഇറക്കുമതി നിറുത്താൻ നിർബന്ധിതരാകും. പി. സി. സിറിയക് പറഞ്ഞു.

റബർ ഒട്ടുംതന്നെ ഇറക്കുമതി ചെയ്യാത്ത രാജ്യമാണ് തായ്‌ലൻഡ്. അവിടത്തെ ആഭ്യന്തര ഉത്പാദനം 45 ലക്ഷം ടണ്ണോളമാണ്. തായ്‌ലൻഡിൽ റബർ അധിഷ്ഠിതവ്യവ

സായം കുറവും ഉത്പാദനം അധികമായിട്ടും റബർ കർഷകരെ സഹായിക്കാൻ പട്ടാളഭരണകൂടം മുന്നോട്ടുവന്നിരിക്കുന്നു.

ആഭ്യന്തരവിപണിയിൽ 60,000 ടൺ റബർ കെട്ടിക്കിടക്കുമ്പോഴാണ് തുച്ഛമായ തീരുവയും വലിയ ഇളവുകളും നൽകി വ്യവസായികൾക്ക് ഇറക്കുമതി നടത്താൻ കേന്ദ്ര സർക്കാർ താത്പര്യപ്പെടുന്നത്.

കേന്ദ്ര-സംസ്ഥാന സർക്കാരുകൾ കർഷകരുടെയല്ല, മറിച്ച് വ്യവസായികളുടെ താത്പര്യമാണു സംരക്ഷിക്കുന്നതെന്നു വ്യക്തം. തായ്‌ലൻഡിൽ ഒന്നര ലക്ഷം കർഷകർക്ക് കുറഞ്ഞ പലിശയ്ക്കു വായ്പ ലഭ്യമാക്കാൻ 208 കോടി രൂപയും സംഭരണത്തിന് 4000 കോടിയും അനുവദിച്ചിരിക്കെ **കേരളത്തിൽ 10 കോടി രൂപ പോലും ഇത്തരത്തിൽ നീക്കിവയ്ക്കാനോ സംഭരണം പ്രായോഗികമാക്കാനോ സാധിച്ചിട്ടില്ല. ഇതിനു സമാനമായി റീപ്ലാന്റിംഗ് നടത്താൻ മലേഷ്യൻ സർക്കാർ ഹെക്ടറിന് ഏഴായിരം രൂപയോളം വരുന്ന സഹായം അവിടെ അനുവദിച്ചിരുന്നു.** ഇവിടെയാകട്ടെ ആവർത്തനകൃഷിക്കുള്ള സബ്സിഡിപോലും കൃത്യമായി നൽകാൻ സാധിച്ചിട്ടില്ല.

പട്ടാളഭരണകൂടം തായ്‌ലൻഡിൽ ഇത്ര വലിയ കാർഷികപ്രതിബദ്ധത തെളിയിച്ചിരിക്കെ ഇവിടത്തെ ഭരണകൂടം കർഷകവിരുദ്ധരാണോ എന്നു സംശയിച്ചാൽ അതിൽ തെറ്റില്ല. പി.സി. സിറിയക് അഭിപ്രായപ്പെട്ടു. (ദീപിക 25/10/2014)

"റബർവിലയിലെ അട്ടിമറി" എന്ന തലക്കെട്ടിൽ 11/10/2014ൽ ഇന്ത്യൻ റബർ ഡീലേഴ്സ് അസോസിയേഷൻ മുൻ പ്രസിഡന്റായ പയസ് സ്കറിയ പൊട്ടൻകുളം ഇങ്ങനെ എഴുതി:

## റബർവിലയിലെ അട്ടിമറി

- പയസ് സ്കറിയ പൊട്ടൻകുളം

രണ്ടു വർഷത്തിലധികമായി 12 ലക്ഷത്തോളം റബർ കർഷകരും മൂന്നര ലക്ഷത്തോളം ടാപ്പിംഗ് തൊഴിലാളികളും പതിനായിരത്തോളം വ്യാപാരികളും ഓരോ ദിവസവും നഷ്ടങ്ങളുടെ കണക്കുമായി ഭാവിയെ ഉറ്റുനോക്കുകയാണ്.

കുറെ വർഷങ്ങളായി ഇന്ത്യയിൽ റബർ ഉത്പാദനത്തിൽ 70,000-80,000 ടണ്ണിന്റെ കുറവാണു കാണുന്നത്. ഈ കുറവിലേക്കായി വ്യവസായികൾ ഇറക്കുമതി നടത്തുന്നത് ആവശ്യത്തിന്റെ നാലിരട്ടിയും. 2013-14ൽ ഇറക്കുമതിയിലൂടെ എത്തിയ സ്വാഭാവിക റബറിന്റെ അളവ് മൂന്നു ലക്ഷം ടൺ. ഈ അവസ്ഥയിലേക്ക് എത്തിയതിന്റെ ചില പശ്ചാത്തലവിവരങ്ങൾ ചുവടെ.

### 1. 1986-ൽ റബർ നഴ്സറികൾക്കുള്ള ലൈസൻസ് നിർത്തലാക്കിയത് ഉത്പാദനക്ഷമത കുറച്ചു.

ഉത്പാദനശേഷിയുള്ള റബർതൈകളും അനുബന്ധ കൃഷിസാധനങ്ങളും റബർ ബോർഡിന്റെ മേൽനോട്ടത്തിൽ ലൈസൻസികളായ നഴ്സറികൾ മുഖേന കൃഷികാർക്കു വിതരണം ചെയ്തിരുന്നു. 1986-ൽ ഈ ലൈസൻസ് സമ്പ്രദായം ബോർഡ് നിർത്തലാക്കിയതോടെ നാടെങ്ങും നഴ്സറികൾ ആരംഭിക്കുകയും ഉത്പാദനശേഷി കുറഞ്ഞ തൈകൾ കൃഷിയിടങ്ങളിൽ എത്തുകയും ചെയ്തു. ഫലമോ? ഇന്ത്യയിൽ വിസ്തീർണത്തിനനുസരിച്ച് ഉത്പാദനം ഉണ്ടായില്ല. ഏഴു വർഷം മുമ്പ് ഇന്ത്യൻ റബർ ഗവേഷണകേന്ദ്രം ഉത്പാദനക്ഷമത കൂടിയതും പ്രതിരോധശക്തിയേറിയതുമായ ജനിതക(GM) റബർതൈകൾ ഉണ്ടാക്കി ഫലം കണ്ടതാണ്.

ഇതിന്റെ കൃഷിക്കു കേന്ദ്ര ഗവണ്മെന്റിന്റെ അനുവാദം കിട്ടിയെങ്കിലും സംസ്ഥാന സർക്കാർ അനുമതി നല്കിയിട്ടില്ല. നാലുവർഷം മുമ്പ് ചൈനയും ഇന്തോനേഷ്യയും ജനിതകമാറ്റം വരുത്തിയ തൈകൾ ഉണ്ടാക്കി കൃഷിയിൽ മുന്നേറുമ്പോൾ നമുക്കു കാഴ്ചക്കാരാവാനേ പറ്റൂ. ദശകങ്ങളായി റബർ റീപ്ലാന്റിംഗിനു സബ്സിഡിയായി കൊടുത്തുകൊണ്ടിരുന്നതു ഹെക്ടറിനു 19,500 രൂപയാണ്. രണ്ടു ഹെക്ടറിനു താഴെ കൃഷിഭൂമിയുള്ള 98 ശതമാനംവരുന്ന ചെറുകിട കൃഷികാർക്ക് ആറു ഘട്ടങ്ങളായി നല്കിയ ഈ ചെറിയ സംഖ്യ ഒന്നിനും തികയില്ല. അടുത്തയിട ഇത് 25,000 രൂപായാക്കിയെങ്കിലും അതു വളംവില-കൂലിവർധനയ്ക്ക് അനുസരിച്ച് വർധനയല്ല.

### 2. റബർ കൃഷിക്കാരെ ചതിച്ച 1994-ലെ തീരുമാനം

1990-94 കാലഘട്ടത്തിൽ സ്വാഭാവിക റബറിന്റെ ആഭ്യന്തരവില കിലോയ്ക്ക് 25 രൂപയ്ക്കും 30 രൂപയ്ക്കും ഇടയിലായിരുന്നു. അന്ന് ഇറക്കുമതിത്തീരുവ 85 ശതമാനവും. 1994-ൽ അന്നത്തെ നരസിംഹറാവു ഗവണ്മെന്റ് 1990-ലെ വിലയെ അടിസ്ഥാനമാക്കി ഇറക്കുമതിത്തീരുവ പുനർനിശ്ചയിച്ചു. വ്യവസായിക ഉത്പന്നത്തിന് 40 ശതമാനവും അതിനു താഴെയുള്ളവയ്ക്ക് 25 ശതമാനവും എന്ന നിലവിലെ തീരുമാനം അട്ടിമറിച്ചു. റബറിന് 25% ബൗണ്ട് റേറ്റ് ആക്കിയും ലാറ്റക്സിന് 70% ബൗണ്ട് റേറ്റ് ആക്കിയും ലോക വ്യാപരകരാറിൽ ഒപ്പിട്ടു. ബൗണ്ട് റേറ്റ് എന്നത് ഉത്പന്നത്തിന് പരമാവധി സംരക്ഷണം എന്ന നിലയിൽ മാറ്റപ്പെടാവുന്നതും അൺബൗണ്ട് റേറ്റ് അതാതു രാജ്യങ്ങൾക്ക് സ്വീകാര്യമായ രീതിയിൽ മാറ്റാവുന്നതുമാണ്. ലാറ്റക്സ് ഇറക്കുമതി ഉണ്ടാകരുത് എന്നും റബർ ഇറക്കുമതി ഉണ്ടാകണമെന്നുമുള്ള **മുൻവിധിയോടുകൂടി ബന്ധപ്പെട്ട ലോബികൾക്കുവേണ്ടി എടുത്ത തീരുമാനങ്ങളല്ലേ ഇത്? പ്രണാബ് മുഖർജി കേന്ദ്ര വാണിജ്യമന്ത്രിയും കെ. കരുണാകരൻ കേരള മുഖ്യമന്ത്രിയും ആയിരുന്നപ്പോഴാണ് ഇതു നടന്നത്.**

സ്വാഭാവിക റബറിനെ വ്യാവസായിക ഉത്പന്നമായും ലാറ്റക്സിനെ കാർഷിക ഉത്പന്നമായും കണ്ടു റബറിനെ കാർഷിക ഉത്പന്നമാക്കിയാൽ തീരുവ ഉയർത്താമെന്നു പലരും പറയുന്നുണ്ട്. ഇന്ത്യാ ഗവണ്മെന്റിന്റെ രേഖകളിൽ ഇവ രണ്ടും വ്യവസായിക ഉത്പന്നമാണ്. റബറിനെ കാർഷിക ഉത്പന്നമാക്കണമെങ്കിൽ റബർ ഉത്പാദകരാജ്യങ്ങളുമായി ഉഭയകക്ഷി ചർച്ച നടത്തി തീരുമാനമെടുത്ത് 150 അംഗരാജ്യങ്ങളുള്ള ലോക വ്യാപാരസംഘടനയിൽ അംഗീകരിപ്പിക്കണം. ചൈന, തായ്‌ലൻഡ് എന്നീ രാജ്യങ്ങൾ സ്വാഭാവിക റബറിനെ അൺബൗണ്ട് റേറ്റിലും ഇന്തോനേഷ്യ 40% ബൗണ്ട് റേറ്റിലും ആണു പെടുത്തിയതെന്നും നാം ശ്രദ്ധിക്കേണ്ടിയിരിക്കുന്നു.

### 3. 2001 മാർച്ച് 31ന് ഇറക്കുമതി നിയന്ത്രണം എടുത്തുകളഞ്ഞു.

1970-90കളിൽ സർക്കാർ ഏജൻസിയായ എസ്ടിസി മുഖേന മാത്രമായിരുന്നു റബറിന്റെ ഇറക്കുമതിയും കയറ്റുമതിയും. 2001 മാർച്ച് 31ന് ഇറക്കുമതി നിയന്ത്രണം എടുത്തുകളഞ്ഞതോടെ ഇറക്കുമതി നിരോധിക്കാൻ സാധിക്കില്ലാതായി.

### 4. 2003-ൽ റബറിന് അവധിവ്യാപാരം തുടങ്ങുന്നു

2003 മുതൽ ആഗോളവത്കരണത്തിന്റെ ഭാഗമായി റബറിന്റെ ആഭ്യന്തരവിലയെ വിദേശവില സ്വാധീനിക്കാൻ തുടങ്ങി. ഇന്നും അതു തുടരുന്നു. ഉത്പാദനവും ഉപഭോ

ഗവും എത്രയെന്ന അറിയാവുന്ന ഉത്പന്നത്തിന് അവധി വ്യാപാരം ആവശ്യമില്ല' എന്ന് 1993ൽ കേന്ദ്ര ഗവണ്മെന്റ് നിയോഗിച്ച **കബ്ര കമ്മിറ്റിയുടെ നിർദ്ദേശം അവഗണിച്ചും രാജ്യത്തിനാവശ്യമായ 90% റബർ ഉത്പാദിപ്പിക്കുന്ന കേരളത്തോടുപോലും ആലോചിക്കാതെയും 2003ൽ റബറിന്റെ അവധിവ്യാപാരത്തിനു കേന്ദ്ര ഗവണ്മെന്റ് അനുവാദം കൊടുത്തു.** അവധിവ്യാപാരം ഗുണത്തെക്കാളുപരി ദോഷമാണ് ഉണ്ടാക്കിയത്. അഞ്ചു ശതമാനം മാത്രം പണം മുടക്കിയുള്ള ഈ ഊഹക്കളി ദിവസേന കമ്പോളവിലയെ സ്വാധീനിച്ചു തകർക്കുന്നു. ഗവണ്മെന്റിനു നികുതിയിനത്തിലും വരുമാനമില്ലെന്നതും പ്രസ്താവ്യമാണ്.

2007ൽ കേരളാ ഗവണ്മെന്റ് ഇതിനെ ശക്തിയായി എതിർക്കുകയും തുടർന്ന് 2008 മെയ് ഏഴുമുതൽ രണ്ടു പ്രാവശ്യമായി എട്ടു മാസം അവധിവ്യാപാരം കേന്ദ്രഗവണ്മെന്റ് നിർത്തിവയ്ക്കുകയും ചെയ്തു. അന്ന് അവധിവ്യാപാരത്തെ പ്രോത്സാഹിപ്പിച്ച വ്യാപാര-കർഷകസംഘടനകൾ ഇന്ന് എതിർപ്പുമായി രംഗത്തുണ്ടെങ്കിലും ഫലമുണ്ടാകുന്നില്ല.

### 5. 2009 ഓഗസ്റ്റ് 13- ആസിയാൻ കരാർ ഒപ്പിടുന്നു.

തെക്കുകിഴക്കൻ ഏഷ്യൻ രാജ്യങ്ങളുടെ സഖ്യമായ ആസിയാൻ സ്വതന്ത്ര വ്യാപാര കരാറിൽ 2009 ഓഗസ്റ്റ് 13-ന് ഇന്ത്യ ഒപ്പുവച്ചു. **റബറിനെ ഇതിൽ ഉൾപ്പെടുത്തരുതെന്നുള്ള ശക്തമായ പ്രതിഷേധങ്ങളും സമ്മർദ്ദങ്ങളുമുണ്ടായിട്ടും കേന്ദ്രഗവൺമെന്റ് കരാറിൽനിന്നു പിൻമാറിയില്ല.** 2010 ജനുവരി ഒന്നിനു പ്രാബല്യത്തിലായ കരാർ പ്രകാരം 31-12-2013 മുതൽ നമ്മുടെ രാജ്യത്തേക്ക് 78 സ്വാഭാവിക-കൃത്രിമ റബർ ഉത്പന്നങ്ങളാണു തീരുവയില്ലാതെ നിർബാധം ഇറക്കുമതി നടക്കുന്നത്. കൈയുറകൾ, ഗർഭനിരോധന ഉറകൾ, ബലൂണുകൾ, റബർ ബാൻഡുകൾ എന്നിവ അവയിൽപ്പെടുന്നു. ഇനി 2016 ആകുമ്പോൾ ഇറക്കുമതിച്ചുങ്കം ഇല്ലാതാക്കുകയോ നാമമാത്രമാകുകയോ ചെയ്യുന്ന ഉത്പന്നങ്ങളുടെ സംഖ്യ 4500 ഓളമെത്തും. ഈ ഉടമ്പടിയും വർഷംതോറും പുനരവലോകനം നടത്തണം എന്നതാണു നിയമം. നിയമം അതിന്റെ വഴിക്ക്!

### 6. വിദഗ്ദ്ധസമിതി റിപ്പോർട്ടും ധനമന്ത്രി പി. ചിദംബരവും

2010 ആദ്യം റബറിന്റെ ആഭ്യന്തരവില വിദേശവിലയേക്കാൾ കൂടിനിന്നപ്പോൾ ടയർ സംഘടനയുടെ ആവശ്യപ്രകാരം ഡൽഹി ഹൈക്കോടതി റബർബോർഡിന്റെ മേൽനോട്ടത്തിൽ രൂപീകരിച്ച വിദഗ്ദ്ധസമിതി വർഷംതോറും അവലോകനം നടത്തണം എന്നു പ്രത്യേകം ആവശ്യപ്പെട്ട് എടുത്ത തീരുമാനം ഒരു ഗസറ്റ് വിജ്ഞാപനത്തിന്റെ മറവിൽ ടയർ ലോബി അട്ടിമറിച്ചു. താഴ്ന്ന തീരുവ പ്രകാരം ലക്ഷക്കണക്കിനു ടൺ റബർ ഇറക്കുമതി നടത്തി കർഷകരെ ദുരിതത്തിലാഴ്ത്തി. പാർലമെന്റ് ഇലക്ഷൻ മുമ്പിൽക്കണ്ടു രാഷ്ട്രീയപാർട്ടികളുടെ **സമ്മർദ്ദത്തിനു വഴങ്ങി 2013 ഫെബ്രുവരി 26ന് 2010ലെ വിദഗ്ദ്ധസമിതി തീരുമാനപ്രകാരം ഇറക്കുമതിച്ചുങ്കം കിലോക്ക് 20% അല്ലെങ്കിൽ 34 രൂപ എന്നെടുത്ത തീരുമാനം കേന്ദ്ര ധനമന്ത്രി പി. ചിദംബരം 10 മാസം പൂഴ്ത്തിവച്ച് 2013 ഡിസംബർ 21ന് 20% അല്ലെങ്കിൽ 30 രൂപ എന്നു കുറച്ചു വിജ്ഞാപനമിറക്കി. ഈ പത്തുമാസ കാലയളവിൽ 3,65,000 ടൺ റബർ ഇറക്കുമതി നടത്തി ടയർ ലോബി റിക്കാർഡിട്ടു. 2011ൽ 248 രൂപ വരെയെത്തിയ റബർവില ഇപ്പോൾ 120 രൂപ.**

### 7. ടയർ കമ്പനികളുടെ ലാഭം

16,700 രൂപ വിലയുള്ള ഒരു ട്രക്ക് ടയർ നിർമിക്കാൻ വേണ്ടത് കേവലം 20 കിലോ റബറാണ്. ഓരോ മൂന്നു മാസകാലയളവിലും ടയർ നിർമ്മാതാക്കൾ മാറിമാറി കാൽ മുതൽ മുക്കാൽ വരെ ശതമാനം വില വർദ്ധിപ്പിക്കുന്നു. മൂല്യവർധനവിന്റെ സിംഹഭാഗവും നിയന്ത്രിച്ചു കൈയാളുന്ന ടയർലോബി അവർ തീരുമാനിക്കുന്ന വില അവരുടെ ഉത്പന്നത്തിന് ഈടാക്കുമ്പോൾ കർഷകനു വാങ്ങുന്നയാൾ നല്കുന്ന വില മാത്രമാണു ലഭിക്കുന്നത്.

### 8. റബർ ഇറക്കുമതിയിലെ വൻതട്ടിപ്പ്

നികുതിരഹിതമായി ഇറക്കുമതി ചെയ്യുന്നതിന് തുല്യ അളവിലുള്ള റബർ ഉത്പന്നം കയറ്റുമതി ചെയ്യണം എന്ന അഡ്വാൻസ് ലൈസൻസ് സ്കീമിന്റെ മറവിൽ കൊണ്ടുവരുന്ന റബർ, ലാറ്റക്സ് എന്നിവ ആഭ്യന്തരവിപണിയിൽ മറിച്ചുവിറ്റ് വ്യവസായികൾ ലാഭമുണ്ടാക്കുന്നു. **ഈ കയറ്റുമതിക്ക് ആറുമാസ കാലാവധി എന്നത് സമ്മർദ്ദഫലമായി മൂന്നു വർഷമാക്കി മാറ്റാനും അവർക്കു സാധിച്ചു.** തീരുവ അടച്ചു കൊണ്ടുവരുന്നതാവട്ടെ തുറമുഖങ്ങളിൽനിന്ന് സെസ് കൊടുക്കാതെ കസ്റ്റംസിന്റെ അറിവോടെയോ അല്ലാതെയോ കടത്തുന്നുപോലും! ഇതിൽ റബർ ബോർഡിന്റെ പരാതികൾ പല പ്രാവശ്യം കിട്ടിയിട്ടും അന്വേഷിക്കേണ്ട വാണിജ്യ മന്ത്രാലയത്തിനു കീഴിലുള്ള ഏജൻസിയായ ഡയറക്ടർ ജനറൽ ഓഫ് ഫോറിൻ ട്രേഡ് അനങ്ങാപ്പാറ നയത്തിലാണ്.

### 9. നികുതിരഹിത കൃത്രിമ റബർ ഉത്പാദനവും ഉപഭോഗവും

കൃത്രിമ റബർ ഉത്പാദനം സ്വാഭാവിക റബറിനു വൻ ഭീഷണിയായി മാറുന്നു. ആഗോളതലത്തിലുള്ള പെട്രോളിയം ഉത്പന്നത്തിന്റെ വിലയിടിവ് റിലയൻസ്പോലുള്ള കുത്തകകളെ ഈ രംഗത്തു സജീവമാക്കുന്നു. ഇന്ത്യൻ റബർ ആക്ടിൽ സ്വാഭാവിക റബറിനുമാത്രം സെസ് എന്ന പഴുതിലൂടെ ലക്ഷങ്ങൾ കേന്ദ്ര ഗവൺമെന്റിനു നഷ്ടമാകുന്നു. 75% സ്വാഭാവിക റബറും 25% കൃത്രിമ റബറും ചേർത്ത് ഉണ്ടാക്കിയിരുന്ന ടയർ ഇതര ഉത്പന്നങ്ങൾ ഇന്ന് ഈ വിലക്കുറവിൽ 75% കൃത്രിമ റബറും 25% സ്വാഭാവിക റബറും എന്ന നിലയിലായി.

## കർഷകരക്ഷയ്ക്കായി കേരള ഗവൺമെന്റ് ഉടൻ നടപ്പാക്കേണ്ട കാര്യങ്ങൾ

1. റബറിനുള്ള അഞ്ചു ശതമാനം വാങ്ങൽനികുതി വേണ്ടെന്നു വയ്ക്കുക. 2013-14-ൽ 700 കോടിയിലധികം രൂപ കിട്ടിയ സ്ഥാനത്ത് വിലയിടിവുമൂലം 2014-15-ൽ പ്രതീക്ഷിക്കുന്നതു 400 കോടിയിൽ താഴെയാണ്.
2. റബറിന്റെ അവധിവ്യാപാരം നിരോധിക്കാൻ കേന്ദ്ര സർക്കാരിൽ സമ്മർദ്ദം ചെലുത്തുക, 2008-ലെ ഇടപെടൽപോലെ.
3. **കിലോയ്ക്ക് 150 രൂപ എന്ന നിരക്കിൽ റബർ സംഭരണം പ്രഖ്യാപിച്ച് നിബന്ധനകൾ ഇല്ലാതെ ഉടൻ വാങ്ങുക.**
4. റോഡ് റബറൈസിംഗ്-അടുത്തയിടെ ഗവൺമെന്റ് എടുത്ത തീരുമാനം സ്വാഗതാർഗമാണ്. അത് ഉടൻ നടപ്പാക്കണം.

*(ഇന്ത്യൻ റബർ ഡീലേഴ്സ് അസോസിയേഷൻ മുൻ പ്രസിഡന്റാണു ലേഖകൻ.) (ദീപിക 11-10-2014).*

അസോസിയേഷൻ ഓഫ് പ്ലാന്റേഴ്സ് കേരളയുടെ ചെയർമാനായ സി. വിനയരാഘവൻ 1-12-2015-ൽ റബറിനെ സംരക്ഷിക്കാൻ ജനങ്ങൾ മുന്നിട്ടിറങ്ങണമെന്ന തലക്കെട്ടിൽ ഒരു ലേഖനമെഴുതിയിരുന്നു. അതിങ്ങനെ പോകുന്നു:

## റബറിനെ രക്ഷിക്കാൻ ജനങ്ങൾ മുന്നിട്ടിറങ്ങണം

മലയാളികളുടെ സമൃദ്ധിയുടെ കാലങ്ങൾക്കു കരിനിഴൽ വീഴ്ത്തുന്ന ദിനങ്ങളിലേക്കു നീങ്ങുന്ന സൂചനകളാണു സംസ്ഥാനത്തെ റബർ ഉത്പാദനമേഖലയിൽനിന്നു ദിനംപ്രതി വന്നുകൊണ്ടിരിക്കുന്നത്. ഈ പ്രതിസന്ധിക്ക് ഒരു പരിഹാരവുമില്ലാതെ തുടരുകയാണ്. കേന്ദ്ര-സംസ്ഥാന സർക്കാരുകൾ ഇക്കാര്യത്തിൽ പുലർത്തുന്ന നിസംഗത വ്യവസായികളെയും കർഷകരെയും തൊഴിലാളികളെയും ഒന്നുപോലെ ദുരിതത്തിലേക്കു തള്ളിവിടുകയാണ്. സ്വാഭാവിക റബർ ഉത്പാദന മേഖലയിൽ കഴിഞ്ഞ രണ്ടുവർഷമായി തുടർന്നുവരുന്ന വിലത്തകർച്ച ചരിത്രത്തിലെ ഏറ്റവും വലിയ വിലക്കുറവായി രേഖപ്പെടുത്തിക്കഴിഞ്ഞു.

കേരളത്തിലെ റബർ ഉത്പാദകരിൽ ഏതാണ്ട് 99 ശതമാനവും ചെറുകിട കൃഷിക്കാരാണ്. അര ഏക്കറിൽ താഴെ റബർകൃഷി ചെയ്യുന്ന ആയിരക്കണക്കിനു കർഷകർ ഇവിടെയുണ്ട്. ടാപ്പിംഗ് രംഗത്ത് യന്ത്രവത്കരണത്തിന്റെ അഭാവവും വിദഗ്ദ്ധ തൊഴിലാളികളുടെ ലഭ്യതക്കുറവും ഉയർന്ന കൂലിയും നിമിത്തം റബർ ഉത്പാദനരംഗം പൂർണമായി തകർച്ചയിലേക്കു കൂപ്പുകുത്തുകയാണ്. വിലക്കുറവുമൂലം സംസ്ഥാനത്തെ റബർ കർഷകരിൽ ഏതാണ്ട് 40 ശതമാനം പേർ കൃഷി ഉപേക്ഷിക്കുകയും ടാപ്പിംഗ് പൂർണമായി നിർത്തിവച്ചിരിക്കയുമാണെന്നു റബർ ബോർഡിന്റെ കണക്കുകൾ വെളിപ്പെടുത്തുന്നുണ്ട്. വിലത്തകർച്ചയിൽനിന്നു കൃഷിക്കാരെ രക്ഷിക്കാൻ സർക്കാർ സത്വര നടപടികൾ സ്വീകരിക്കുന്നില്ലെങ്കിൽ സാമ്പത്തിക മുരടിപ്പും നമ്മുടെ സമൂഹത്തിൽ കൂട്ട ആത്മഹത്യയും സംഭവിക്കുമെന്നുറപ്പാണ്. **ദയാരഹിതമായി നടക്കുന്ന റബർ ഇറക്കുമതി തടയാനുള്ള ആർജ്ജവം കേന്ദ്ര സർക്കാർ കാണിച്ചില്ലെങ്കിൽ കൃഷി ഉപേക്ഷിക്കുന്നവരുടെ എണ്ണം വർദ്ധിക്കും.**

വിലത്തകർച്ചയ്ക്കു പ്രധാന കാരണം ഇറക്കുമതി തന്നെയാണെന്നു കണക്കുകൾ പരിശോധിച്ചാൽ മനസ്സിലാകും. കഴിഞ്ഞവർഷം രാജ്യത്തെ റബർ ഉപഭോഗത്തിലെ 42 ശതമാനം വിദേശത്തുനിന്ന് ഇറക്കുമതി ചെയ്ത സ്വാഭാവിക റബറിൽനിന്നാണെന്ന സത്യം ഇനിയെങ്കിലും ഭരണാധികാരികൾ തിരിച്ചറിയണം. ഏതാണ്ട് 15 വർഷം മുമ്പ് വിദേശ റബറിന്റെ ഉപഭോഗം കേവലം 14.2 ശതമാനമായിരുന്നുവെങ്കിൽ ഇന്നത് 42.86 ശതമാനമായി വർദ്ധിച്ചിട്ടുണ്ട്. രാജ്യത്തിനാവശ്യമായ സ്വാഭാവിക റബറിന്റെ ഉത്പാദനത്തിൽ നാം സ്വയംപര്യാപ്തത കൈവരിക്കുന്ന ഘട്ടത്തിലാണ് അനിയന്ത്രിതമായ ഇറക്കുമതിക്കുള്ള വാതിൽ തുറന്നുകൊടുത്തത്.

റബർ ഉത്പാദനരംഗം പാടേ തകരുന്നതിന്റെ സൂചനകൾ കണ്ടുതുടങ്ങിയിട്ടും സർക്കാരുകളുടെ അനങ്ങാപ്പാറനയം അമ്പരപ്പിക്കുന്നതാണ്. 2011 ഏപ്രിലിൽ ഒരു കിലോയ്ക്ക് 100 രൂപ മാത്രമാണു ലഭിക്കുന്നത്. അന്താരാഷ്ട്ര വിപണിയിലെ ശരാശരി വില കിലോയ്ക്ക് 75-80 രൂപ എന്ന നിരക്കിൽ തുടരുകയാണ്.

**തെക്കനേഷ്യൻ രാജ്യങ്ങളിൽ നമ്മെ അപേക്ഷിച്ച് ഉത്പാദനച്ചെലവ് തുലോം കുറവായതിനാൽ അവർക്കു കുറഞ്ഞ ചെലവിൽ റബർ വിൽക്കാനാവുന്നുണ്ട്.** നിലവിൽ നമ്മുടെ രാജ്യത്ത് ഒരു കിലോ റബറിന്റെ ഉത്പാദന ചെലവ് 140 രൂപയാണ്. വൻകിട കർഷകർക്ക് അത് 150/160 രൂപ വരെയാകുന്നുണ്ട്. ഒരു കിലോ റബറിന്റെ നിലവിലെ ഉത്പാദനനഷ്ടം 40 മുതൽ 60 രൂപ വരെയാണ്. ഇനിയുമിത് കൂടാനുള്ള സാധ്യതകളാണു കേരളത്തിൽ നിലനിൽക്കുന്നത്.

**ഉയർന്ന കൂലി വാങ്ങുന്ന നമ്മുടെ തൊഴിലാളികളുടെ ഉത്പാദനക്ഷമത അന്താരാഷ്ട്രരംഗവുമായി തട്ടിച്ചുനോക്കുമ്പോൾ നന്നേ കുറവാണ്. തായ്‌ലൻഡ്, വിയറ്റ്നാം, ഇന്തോനേഷ്യ, മലേഷ്യ എന്നിവിടങ്ങളിലെ ഒരു തൊഴിലാളി പ്രതിദിനം 800 മുതൽ 1000 വരെ മരങ്ങൾ ടാപ്പു ചെയ്യുമ്പോൾ കേരളത്തിലെ തൊഴിലാളികൾ കഷ്ടിച്ച് 300 മുതൽ 400 വരെ മരങ്ങളാണു വെട്ടുന്നത്. നമ്മുടെ റബർതോട്ടങ്ങളിലെ 60 മുതൽ 70 വരെ ശതമാനം മുഖ്യ ചെലവുതന്നെ തൊഴിലാളികളുടെ വേതനമാണ്. സംസ്ഥാനത്തെ തൊഴിലാളികളുടെ ഉത്പാദനക്ഷമത വർദ്ധിപ്പിക്കുന്നില്ലെങ്കിൽ കർഷകർക്കു പിടിച്ചുനിൽക്കാനാവില്ല. കുറഞ്ഞ ഉത്പാദനക്ഷമതയിൽ ഈ കാർഷിക മേഖലയ്ക്കു നിലനിൽപ്പുണ്ടാവില്ലെന്നുറപ്പാണ്.**

ഏതാണ്ടു മൂന്നുലക്ഷം തൊഴിലാളികളാണ് ഈ മേഖലയിൽ പണിയെടുക്കുന്നത്. കേരളത്തിൽ ഒരു ടാപ്പിംഗ് തൊഴിലാളിയുടെ അടിസ്ഥാന ശമ്പളം 381 രൂപയാണ്; ഇതിനു പുറമേ മറ്റ് ആനുകൂല്യങ്ങളുംകൂടി നൽകുന്നുണ്ട്. ഈ യാഥാർത്ഥ്യങ്ങൾ തൊഴിലാളി യൂണിയനുകളും സർക്കാരും തിരിച്ചറിയുന്നില്ലെങ്കിൽ റബർ മേഖലയുടെ സമ്പൂർണ തകർച്ച അടുത്ത ഒന്നുരണ്ടു വർഷത്തിനുള്ളിൽ സംഭവിക്കുമെന്നുറപ്പാണ്.

ഏതെങ്കിലും ഒരു കാർഷിക ഉത്പന്നത്തിന്റെ വില ഇടിഞ്ഞാൽ കർഷകരെ രക്ഷിക്കാനായി വിപണിയിൽ ആ ഉത്പന്നം ന്യായവിലയ്ക്കു വാങ്ങി സംഭരിക്കുക എന്നത് ഇന്ത്യാ ഗവൺമെന്റ് വർഷങ്ങളായി നടപ്പിലാക്കിവരുന്ന നയമാണ്. പക്ഷേ, റബർ സംഭരണത്തിൽ കേന്ദ്രസർക്കാർ യാതൊരു നടപടിയും സ്വീകരിച്ചില്ല. സംസ്ഥാന സർക്കാർ നാളിതുവരെ കേന്ദ്രത്തിൽ ഫലപ്രദമായ സമ്മർദ്ദങ്ങൾ ചെലുത്തിയതായി കാണുന്നില്ല. ഇന്ത്യയിൽ പ്രതിവർഷം ഒമ്പതു ലക്ഷം മെട്രിക് ടൺ റബർ ഉത്പാദിപ്പിക്കാനുള്ള റബർമരങ്ങൾ നാം വളർത്തി ടാപ്പിംഗിന് പാകമാക്കിയിട്ടുണ്ട്.

വിലക്കുറവുമൂലം ആനുപാതികമായ ഉത്പാദനം വർധിപ്പിക്കാനുള്ള സ്ഥിതി ഇപ്പോൾ നിലവിലില്ല. വില വർധിപ്പിക്കുന്നില്ലെങ്കിൽ ഉത്പാദനം ഇനിയും കുറയാനുള്ള സാധ്യതകളാണ് സംസ്ഥാനത്തുള്ളത്. റബർവിലയുടെ കനത്ത ഇടിവുമൂലം കെട്ടിടനിർമ്മാണ മേഖല, വാഹനവിപണി, വസ്തു ഇടപാട് തുടങ്ങിയ സാമ്പത്തികമേഖലകൾ മുഴുവൻ മാന്ദ്യം നേരിടുകയാണ്.

റബർവില ഉയർത്താനുള്ള നീക്കങ്ങൾക്കു കേന്ദ്ര സർക്കാരിന്റെ സഹായം അനിവാര്യമാണ്. നിയമസഭാ-പാർലമെന്റ് സമ്മേളനങ്ങൾ നടക്കുന്ന വേളയിൽ സംസ്ഥാന സർക്കാരും എംപിമാരും എംഎൽഎമാരും ഇക്കാര്യത്തിൽ ഒറ്റക്കെട്ടായിനിന്നു സംസ്ഥാനത്തെ റബർ കൃഷിക്കാർക്കുവേണ്ടി ശക്തമായ സമ്മർദ്ദം ചെലുത്തുമെന്ന പ്രതീക്ഷയിലാണ്.

നമ്മുടെ രാജ്യത്തെ പ്രധാനപ്പെട്ട കാർഷികരംഗം തകർച്ചയിലേക്കു നീങ്ങുന്നതറിഞ്ഞിട്ടും അനിയന്ത്രിതമായ റബർ ഇറക്കുമതി നിരോധിക്കാനുള്ള യാതൊരു നീക്കവും നടത്താത്തത് ആശങ്ക ഉണർത്തുന്നു. റബർ ഉത്പാദകർ തകർച്ച നേരിടുമ്പോൾ റബറിനെ അടിസ്ഥാനമാക്കി വ്യവ

സായം നടത്തുന്നവർ വൻ സാമ്പത്തികനേട്ടം കൊയ്യുന്ന വസ്തുത കാണാതിരുന്നുകൂടാ. കഴിഞ്ഞവർഷങ്ങളിൽ നടന്ന ഇറക്കുമതിയുടെ കണക്കുകൾ പരിശോധിച്ചാൽ കേരളത്തിലെ കൃഷിക്കാരുടെ ആശങ്കയുടെ കാരണം മനസ്സിലാക്കാം.

1900 മുതൽ കേരളത്തിൽ വ്യാപകമായ റബർകൃഷി നമ്മുടെ സാമ്പത്തിക, സാമൂഹ്യ-തൊഴിൽമേഖലയിൽ സൃഷ്ടിച്ച നേട്ടങ്ങൾ ആർക്കും വിസ്മരിക്കാനാവില്ല. ഇത്രമേൽ പ്രകൃതിയുമായി ഇണങ്ങിച്ചേർന്ന ഒരു നാണ്യവിളയാണിന്നു തകർച്ച നേരിടുന്നത്. റബറിന്റെ തകർച്ച മലയാളിയുടെ സംസ്കാരത്തിന്റെയും നലനിൽപ്പിന്റെയും തകർച്ചയാണെന്നു തിരിച്ചറിയണം. അതിനായി ജനങ്ങളും ജനപ്രതിനിധികളും സർക്കാരുകളും ഉണർന്നു പ്രവർത്തിക്കണം. സി. വിനയരാഘവൻ, ചെയർമാൻ, അസോസിയേഷൻ ഓഫ് പ്ലാന്റേഴ്സ് കേരള. *(ദീപിക 1/12/2015).*

ഗാട്ട് കരാറും ആസിയാൻ കരാറുമാണ് റബറിന്റെ വിലയിടിച്ചതെന്ന് വ്യക്തമാക്കുകയാണ് പയസ് സ്കറിയ പൊട്ടൻകുളവും വിനയരാഘവനുമൊക്കെ.

പി.സി. സിറിയക്കും പയസ് സ്കറിയയും വിനയരാഘവനും ഒക്കെ ചൂണ്ടിക്കാട്ടിയ ഗാട്ട്/ആസിയാൻ കരാറുകളെപ്പറ്റി "റബർ വിലയിടിവ്-ഒരു സാമ്പത്തിക രാഷ്ട്രീയ വിലയിരുത്തൽ" എന്ന പുസ്തകത്തിൽ സാമ്പത്തികമാനേജ്മെന്റ് വിദഗ്ദ്ധനായ ജെയിംസ് വടക്കൻ ഇങ്ങനെ എഴുതി:

## റബർ വിലയിടിച്ച ഗാട്ട്കരാറും ആസിയാൻ കരാറും

1967 ആഗസ്റ്റ് 8-ന് ബാങ്കോക്കിൽവെച്ചാണ് ASEAN (The Association of South East Asian Nations) രൂപീകരിക്കുന്നത്. ഇൻഡോനീഷ്യ, മലേഷ്യ, ഫിലിപ്പീൻസ്, സിംഗപ്പൂർ, തായ്‌ലൻഡ് എന്നീ രാജ്യങ്ങളാണ് തുടക്കത്തിൽ അംഗങ്ങളായുണ്ടായിരുന്നത്. 1984-ൽ ബ്രൂണൈ ദാറുസ്സലാമും 1995-ൽ വിയറ്റ്നാമും 97-ൽ Lao PDRഉം മ്യാൻമാറും 99-ൽ കംബോഡിയയും ആസിയാനിൽ അംഗങ്ങളായി. ലോകത്തിലെ ഏറ്റവും വലിയ റബർ ഉൽപാദകരാജ്യങ്ങളാണ് ആസിയാൻ അംഗങ്ങൾ.

## നാം നേടിയ സ്വാതന്ത്ര്യം നാംതന്നെ അടിയറവച്ചു

സ്വാതന്ത്ര്യത്തിനുമുമ്പ് ഇന്ത്യയുടേത് താരതമ്യേന തുറന്നിട്ട സമ്പദ്ഘടനയായിരുന്നു. ഇറക്കുമതിക്കുമേൽ നിയന്ത്രണം ഏർപ്പെടുത്തുന്നതിനോ തദ്ദേശീയ ഉത്പാദനത്തെ സംരക്ഷിക്കുന്നതിനോ ഇന്ത്യക്കാർക്ക് പറയത്തക്ക അധികാരമൊന്നുമുണ്ടായിരുന്നില്ല, അധികാരത്തിന്റെ ഈ അഭാവം കണ്ടുകൊണ്ടാവണം ഗാന്ധിജി വിദേശവസ്തു ബഹിഷ്കരണത്തെ സ്വാതന്ത്ര്യസമരമാർഗ്ഗമായി വളർത്തിയെടുത്തത്. അതെന്തായാലും കുറെപ്പേർ വെള്ളംകോരിയും വിറകുവെട്ടിയും ജയിലിൽ കിടന്നും മരിച്ചും കൊന്നുമൊക്കെയാണ് സ്വാതന്ത്ര്യം നേടിയത്. അതിലൂടെയാണ് ദേശീയ സമ്പദ്ഘടനയെയും തദ്ദേശീയരായ ഉത്പാദകരെയും പുറംലോകത്തുനിന്നുള്ള അനിയന്ത്രിതമായ മത്സരത്തിൽനിന്നും സംരക്ഷിക്കുന്നതിനും വികസിപ്പിക്കുന്നതിനുമുള്ള അധികാരം സ്ഥാപിച്ചെടുത്തത്.

## കർഷകരെ പ്രതികൂലമായി ബാധിച്ച ഉദാരവൽക്കരണം

സ്വാതന്ത്ര്യാനന്തരകാലത്ത് സ്ഥാപിക്കപ്പെട്ട ഇറക്കുമതി നിയന്ത്രണങ്ങളാണ് 1994-ലെ ഗാട്ട് കരാറിലൂടെയും 2009-ലെ ആസിയാൻ കരാറിലൂടെയും ഉദാരമായി നീക്കം ചെയ്യപ്പെട്ടത്. ഇത് പ്രധാനമായും മൂന്നു വിധത്തിലാണ് നടന്നത്. പ്രത്യക്ഷത്തിൽ ബാഹ്യസമ്മർദ്ദം ഒന്നുമില്ലാതെതന്നെ ഇന്ത്യ ഏകപക്ഷീയമായി നടത്തുന്ന ഇറക്കുമതി ഉദാരീകരണമാണ് ആദ്യത്തേത്. മൂന്നു വർഷം ഇടവിട്ട് പ്രസിദ്ധീകരിക്കുന്ന കയറ്റിറക്കുമതിനയങ്ങളിലും വാർഷികബജറ്റുകളിലുമാണ് ഇതു സംബന്ധിച്ച് പ്രഖ്യാപനങ്ങൾ സാധാരണ ഉണ്ടാവാറുള്ളത്. ലോക വ്യാപാരസംഘടനയുടെ (WTO-GATT) ആഭിമുഖ്യത്തിൽ നടക്കുന്ന ചർച്ചകളുടെയും കരാറുകളുടെയും ഫലമായി അരങ്ങേറുന്ന ഉദാരീകരണമാണ് രണ്ടാമത്തേത്. മൂന്നാമത്തെ മാർഗ്ഗമാണ് ഇന്ത്യ മറ്റു രാഷ്ട്രങ്ങളുമായോ രാഷ്ട്രസമൂഹങ്ങളുമായോ ഏർപ്പെടുന്ന സ്വതന്ത്രവ്യാപാരക്കരാറുകൾ. നേരത്തെ ശ്രീലങ്കയുമായും 2009-ൽ ആസിയാൻ രാജ്യങ്ങളുമായും ഒപ്പിട്ട സ്വതന്ത്രവ്യാപാരകരാറുകൾ ഈ ഗണത്തിൽപ്പെടും. ഇന്ത്യൻ സമ്പദ്ഘടനയെ പുറംലോകത്തുനിന്നുള്ള മത്സരത്തിന് തുറന്നുകൊടുക്കുന്നതിനുള്ള ഇത്തരം ഓരോ നീക്കവും രാജ്യത്ത് വലിയ ആശങ്കകൾക്കും അതിശക്തമായ പ്രതിഷേധത്തിനും ഇടയാക്കിയിരുന്നു. ലോകമെമ്പാടുമുള്ള ഇത്തരം പ്രതിഷേധങ്ങൾ ആത്മഹത്യകളുടെ രൂപം പ്രാപിച്ചതും ഒരുലക്ഷത്തിലധികം പേർക്ക് ജീവൻ നഷ്ടപ്പെട്ടതും അതിലുമെത്രയോ പേർ കൃഷിയെ ഉപേക്ഷിച്ച് നഗരങ്ങളിലെ ചേരികളിൽ അഭയാർത്ഥികളായതും വിവിധ ലോകരാഷ്ട്രങ്ങളിലെ അധികാരികളെ പിൻതിരിപ്പിക്കുന്നതായി കാണുന്നില്ല. അന്നും വിദ്യാസമ്പന്നരായ രാഷ്ട്രീയബോധമുള്ള മലയാളികർഷകർ ഇതൊക്കെ നിസ്സംഗതയോടെ നോക്കിനിന്നു. കർഷകരെ അതു മനസ്സിലാക്കിക്കൊടുക്കാൻ നേതാക്കൾ മിനക്കെട്ടതുമില്ല.

## ഉദാരീകരണത്തിന്റെ യുക്തിക്ക് കാർഷികമേഖല വഴങ്ങില്ല

അനുഭവജ്ഞാനമുള്ള കൃഷിക്കാരെയോ ലോകവ്യാപാരത്തിന്റെ ചരിത്രവും സിദ്ധാന്തവും പരിചയിച്ചിട്ടുള്ളവരെയോ ഇക്കാര്യത്തിൽ അത്ര പെട്ടെന്ന് കബളിപ്പിക്കാനാവില്ല. ഉദാരീകരണത്തിനനുകൂലമായ വാദങ്ങളുടെ ദൗർബല്യം ഒരുപക്ഷേ, ഏറെ പ്രകടമാവുന്നത് കൃഷി-അനുബന്ധമേഖലകളുടെ കാര്യത്തിലാണ്. കൃഷി-അനുബന്ധമേഖലകൾ ഉദാരീകരണത്തിന്റെ യുക്തിക്ക് വഴങ്ങില്ല എന്നുതന്നെയാണ് സാർവദേശീയവ്യാപാരത്തിന്റെ ചരിത്രവും ഇതു സംബന്ധിച്ച സാമ്പത്തികശാസ്ത്രസിദ്ധാന്തങ്ങളും സർവോപരി വികസിതരാജ്യങ്ങൾ ഇപ്പോഴും കൃഷി-അനുബന്ധമേഖലകൾക്ക് നൽകിവരുന്ന സംരക്ഷണവും തെളിയിക്കുന്നത്. എന്നാൽ ഇതൊക്കെ പ്രചരിപ്പിക്കാൻ നമ്മുടെ നേതാക്കൾക്ക് കഴിഞ്ഞില്ല. അതൊന്നും പറയേണ്ടിടത്തു പറയാനോ 2009-ൽ കേന്ദ്രം ഭരിച്ച ഭരണാധികാരികളെക്കൊണ്ടു കാര്യങ്ങൾ കേരളത്തിനനുകൂലമാക്കാനോ കേരളത്തിലെ കർഷകനേതാക്കൾക്കു സാധിച്ചില്ല. ആസിയാൻ കരാർ കൃഷി-അനുബന്ധമേഖലകളെ വിശേഷിച്ചും കേരളത്തിന്റെ കാർഷികരംഗത്തെ പ്രതികൂലമായി ബാധിക്കും എന്ന കാര്യം പരോക്ഷമായിട്ടാണെങ്കിലും 2008-ൽ തന്നെ കേന്ദ്ര-ഭരണാധികാരികൾ സമ്മതിച്ചാണ്. പക്ഷേ, അതുപോലും സമ്മതിച്ചുതരാൻ കേരളത്തിന്റെ സ്വന്തം നേതാക്കന്മാർ തയ്യാറല്ല. കേരളത്തിന്റെ കേസ് വാദിച്ച് തോല്പിക്കാൻ അരയും തലയും മുറുക്കി അന്നു രംഗത്തെത്തിയത് അന്നത്തെ പ്രതിപക്ഷനേതാവും കെ.പി.സി.സി. പ്രസിഡന്റും ഒക്കെയായിരുന്നു. ആസിയാൻ കരാർ കേരളത്തിന്റെ നന്മയെക്കരുതി രൂപകല്പനചെയ്ത ഒന്നാണെന്നുവരെ കോൺഗ്രസുകാർ വാദിച്ച് സ്ഥാപിച്ചുകളഞ്ഞു. കേരളത്തെ ബാധിക്കുന്ന എന്തുകാര്യത്തിനും എൽ.ഡി.എഫ്-യു.ഡി.എഫ് പോരിന്റെ കണ്ണിലൂടെ നേതാക്കന്മാർ കാണുന്നതിന്റെ ദുര്യോഗമായിരുന്നു ആ നിലപാട്.

കർഷരക്ഷക്കായി രാഷ്ട്രീയേതരമായി സംഘടിപ്പിച്ച തെന്നവകാശപ്പെടുന്ന "ദി പീപ്പിളിന്റെ" ഭാഗവും കേരളത്തിലെ അറിയപ്പെടുന്ന ഉപഭോക്തൃ സംഘടനയുമായ സെന്റർ ഫോർ കൺസ്യൂമർ എജുക്കേഷൻ പുറത്തിറക്കിയ **"ദരിദ്രരെയും കർഷകരെയും ഒഴിവാക്കിയുള്ള കേരള വികസന മോഡൽ പരാജയം"** എന്ന പുസ്തകത്തിൽ ആസിയാൻ കരാറിനെയും റബർ വിലയിടിവിനെപ്പറ്റിയും പ്രതിപാദിക്കുന്ന ഭാഗത്ത് KPCC പ്രസിഡന്റ് രമേശ് ചെന്നിത്തല ആസിയാൻ കരാറിനെപ്പറ്റി എഴുതിയ **'ആസിയാൻ കരാർ: യാഥാർത്ഥ്യവും ഇടതുപക്ഷ കുപ്രചരണങ്ങളും"** എന്ന പുസ്തകത്തിൽനിന്നെടുത്ത ഒരു ഭാഗം ചേർത്തിട്ടുണ്ട്. അതിപ്രകാരമാണ്:

"രാജ്യത്തിന്റെ സാമ്പത്തികവളർച്ചക്ക് ആക്കം കൂട്ടാൻ ആസിയാൻ രാജ്യങ്ങളുമായുണ്ടാക്കുന്ന വ്യാപാരക്കരാർ വളരെ സഹായകമാകും. ലോകം മുഴുവൻ ഒരു കുടക്കീഴിൽ വരുന്ന ഒരു ആഗോള ഗ്രാമമായി വളരുന്ന ഈ സാഹചര്യത്തിൽ അതിൽനിന്ന് ഒറ്റപ്പെട്ടുനിന്നുകൊണ്ട് അവ നൽകുന്ന അവസരങ്ങൾ രാജ്യത്തിന്റെ പുരോഗതിക്കായി പ്രയോജനപ്പെടുത്താതിരിക്കാൻ രാജ്യത്തിന്റെയും ജനങ്ങളുടെയും ക്ഷേമം ആഗ്രഹിക്കുന്ന ഒരു സർക്കാരിനും ആവില്ല.

ഏതൊരു കരാറിലും അവസരങ്ങളും വെല്ലുവിളികളും ഉണ്ടാകും. അവസരങ്ങളെ പരമാവധി പ്രയോജനപ്പെടുത്തുന്നതോടൊപ്പം വെല്ലുവിളികൾ നേരിടുന്നതിന് സ്വയംപര്യാപ്തമാകാനും നമുക്കു കഴിയണം. സംസ്ഥാനത്തിന്റെ താൽപര്യം സംരക്ഷിക്കുന്നതിനും അവസരങ്ങൾ പരമാവധി മുതലെടുക്കുന്നതിനും ഒറ്റക്കെട്ടായുള്ള പ്രവർത്തനങ്ങളാവും പ്രയോജനം ചെയ്യുക. അതുകൊണ്ട് ആസിയാന്റെ പേരിൽ അനാവശ്യമായ പ്രചരണങ്ങൾ നടത്തി ജനങ്ങളിൽ പരിഭ്രാന്തി പടർത്തുന്ന ഉദ്യമങ്ങളിൽനിന്ന് പിന്തിരിഞ്ഞ് യാഥാർത്ഥ്യമുൾക്കൊണ്ട് സംസ്ഥാനത്തിന്റെ ഉന്നമനത്തിനായി പ്രവർത്തിക്കാനുള്ള വിവേകമാണ് ഇടതുപക്ഷം കാണിക്കേണ്ടത്."

റബർവില ഇടിച്ചതിനു പിന്നിൽ ആരാണെന്നു വ്യക്തം. എന്തിനായിരുന്നു ഇതെന്ന ചോദ്യത്തിനുത്തരം കണ്ടെത്തേണ്ടിയിരിക്കുന്നു.

റബർവില ഉയർത്താൻ ഗാട്ട് കരാറിലുള്ള സംരക്ഷണ ചുങ്കം ഏർപ്പെടുത്തണമെന്ന് 2014 ഒക്ടോബറിൽ പുറത്തിറക്കിയ "റബർ വിലയിടിവ്-ഒരു സാമ്പത്തിക-രാഷ്ട്രീയ വിലയിരുത്തൽ" എന്ന പുസ്തകത്തിൽ ജയിംസ് വടക്കൻ ചൂണ്ടിക്കാട്ടിയതിങ്ങനെ:

## സുരക്ഷാസംരക്ഷണ വ്യവസ്ഥകളെവിടെ?

കേരളത്തിന്റെ റബർ അടക്കമുള്ള കാർഷിക ഉത്പന്നങ്ങളെ സംബന്ധിച്ചിടത്തോളം ആസിയാൻ കരാർ ചെയ്യുന്ന ഏറ്റവും വലിയ ദ്രോഹം അന്തർദേശീയ വിപണിയിലെ വലിയ വിലയിടിവുകളിൽനിന്നു കൃഷിക്കാരെയും കൃഷിയെയും രക്ഷിക്കാൻ ഉപയോഗിച്ചിരുന്ന ഇറക്കുമതി ചുങ്കത്തിന്റെ അനുവദനീയമായ ഉയർന്ന പരിധി ഗണ്യമായി വെട്ടിക്കുറിച്ചിരിക്കുന്നു എന്നതാണ്. കാർഷികോൽപ്പന്നങ്ങളുടെ വിലകൾ കുത്തനെ ഉയരുകയും ഇടിയുകയും ചെയ്യുന്നത് സ്ഥിരം പ്രതിഭാസമാണ്. വിലയിടിവിൽനിന്നും സംരക്ഷണം നല്കാതെ കൃഷിയെയും കൃഷിക്കാരെയും നിലനിർത്താനാവില്ല. ആസിയാൻ കരാറിന്റെ ഭാഗമായി ചുങ്കനിരക്കുകളുടെ ഉയർന്ന പരിധി വെട്ടിക്കുറച്ചുപോയി എന്നതുകൊണ്ട് ബദൽ സംരക്ഷണസംവിധാനം ഉണ്ടായെ മതിയാവൂ. ലോകവ്യാപാരസംഘടനയുടെയും ആസിയാൻ കരാറിന്റെയും ഘടനയ്ക്കുള്ളിൽ നിന്നുകൊണ്ടുതന്നെ ഇതിനുള്ള വഴി കണ്ടെത്താൻ കഴിയുമോയോന്നതാണ് പ്രശ്നം. ഇറക്കുമതി ക്രമംവിട്ട് ഉയരുകയും ആഭ്യന്തര ഉത്പാദനമേഖലകൾക്ക് വലിയ മുറിവ് ഉണ്ടാക്കുകയും ചെയ്യുന്ന സന്ദർഭത്തിൽ ഉപയോഗിക്കാൻ എന്നു പറഞ്ഞുകൊണ്ട് ചില സുരക്ഷാസംരക്ഷണ വ്യവസ്ഥകൾ (safeguard clauses) ആസിയാൻ കരാറിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. പക്ഷേ, ആസിയാൻ കരാറിലെ ഈ സുരക്ഷാസംരക്ഷണവ്യവസ്ഥകൾക്ക് നാം പ്രതീക്ഷിക്കുന്ന ഫലം ചെയ്യാൻ കഴിയില്ല. തികച്ചും അർത്ഥശൂന്യമായ സുരക്ഷാസംരക്ഷണവ്യവസ്ഥകളാണ് ഈ കരാറിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. ഇറക്കുമതിയുടെ അതിപ്രസരം ഉണ്ടെന്നുകണ്ടാൽ ഒന്നുകിൽ ആസിയാൻ-ഇതര രാജ്യങ്ങൾക്കെതിരെ അപ്പോൾ ഈടാക്കാവുന്ന നിരക്കോ അല്ലെങ്കിൽ ആസിയാൻ കരാർ നിലവിൽവരുന്നതിന് തൊട്ടു മുൻപ് ഈടാക്കിയ നിരക്കോ തമ്മിൽ ഏതാണു കുറവ് എന്നുവെച്ചാൽ ആ നിരക്കിൽ ചുങ്കം ഈടാക്കാം എന്നാണ് വ്യവസ്ഥ. ആസിയാൻ ഇതരരാജ്യങ്ങൾക്കെതിരെ ഈടാക്കുന്ന ചുങ്കനിരക്കുകളുടെ ഉയർന്ന പരിധി ലോകവ്യാപാരസംഘടനയിൽ ഇന്ത്യ സമർപ്പിച്ചിട്ടുള്ള ബൗണ്ട് നിരക്കുകളാണ്. സാമാന്യം ഉയർന്ന ബൗണ്ട് നിരക്കുകളാണ് ഇന്ത്യയുടെ ചുങ്കപ്പട്ടികയിൽ ഉണ്ടാവുക. ഇറക്കുമതിയുടെ തള്ളിക്കയറ്റം ഉണ്ടാവുമ്പോൾ അഥവാ ആഭ്യന്തരവിലകൾ ക്രമാതീതമായി കുറയുമ്പോൾ ആസിയാനിതര രാജ്യങ്ങൾക്കെതിരായ ചുങ്കനിരക്കുകൾ ബൗണ്ട് റേറ്റുകളോളം ഉയർത്തുന്നതിന് തടസ്സമില്ല. പക്ഷേ, അതുകൊണ്ടുമാത്രം പ്രശ്നം തീരുന്നില്ല. ഇന്ത്യ-ആസിയാൻ കരാർ നിലവിൽവരുന്നതിനു തൊട്ടുമുൻപ് നിലവിലിരിക്കുന്ന നിരക്ക് ബൗണ്ട് റേറ്റുകളെക്കാൾ കുറവാണെങ്കിൽ അതേ ഈടാക്കാനാവൂ. അങ്ങനെയാണെങ്കിൽ 2010 ജനുവരി ഒന്നിന് തൊട്ടുമുൻപ് ഇന്ത്യ കാർഷികോത്പന്നങ്ങളുടെ ഇറക്കുമതിക്കെതിരെ ഈടാക്കുന്ന ചുങ്കനിരക്കുകൾ (applied rates) ബൗണ്ട് നിരക്കുകളിലേക്ക് ഉയർത്തേണ്ടിയിരുന്നു. **2009-ൽ കേന്ദ്രം ഭരിച്ചവർക്ക് മനസ്സുണ്ടായിരുന്നെങ്കിൽ ഇന്ത്യ-ആസിയാൻ കരാർ തയ്യാറാക്കിയ സന്ദർഭത്തിൽത്തന്നെ ഇത്തരം കാര്യങ്ങൾ അവർക്ക് ശ്രദ്ധിക്കാമായിരുന്നല്ലോ. ഈ അലംഭാവമാണ് റബർ കർഷകരെ പെരുവഴിയിലാക്കിയത്. ഈ അലംഭാവംതന്നെയാണ് ഇന്ന് റബർ കർഷകരെ രക്ഷിക്കാൻ സമരരംഗത്തു നിൽക്കുന്നവരും അന്നു കാണിച്ചതത്. അത് രാഷ്ട്രീയക്കാരുടെ മാത്രം കുറ്റമല്ല. കർഷക, മത, സമുദായസംഘടനകളൊക്കെ ഇക്കാര്യത്തിൽ കൂട്ടുപ്രതികളാണ്.**

## ലോകവ്യാപരസംഘടനയുടെ സംരക്ഷണകവചമെവിടെ?

ഇന്ത്യ-ആസിയാൻ കരാറിലെ കരുതൽ-സുരക്ഷാവ്യവസ്ഥകൾ വളരെ ദുർബമായതുകൊണ്ട് സ്വീകരിക്കാവുന്ന ഒരു മാർഗ്ഗം ഇതിനായി ലോകവ്യാപാരസംഘടനയിൽ നിലനില്ക്കുന്ന വ്യവസ്ഥകൾ ഉപയോഗിക്കുക എന്നതാണ്. ഇറക്കുമതിയുടെ തള്ളിക്കയറ്റം ഉണ്ടാവുമ്പോൾ ആഭ്യന്തര ഉത്പാദനമേഖലയെ അതിന്റെ ആഘാതത്തിൽനിന്നും രക്ഷിക്കാൻ ലോകവ്യാപാരസംഘടനയിൽ ചില സംവിധാനങ്ങൾ ഉണ്ട്. ചരക്കുവ്യാപാര ഉടമ്പടി (GATT 1984) യുടെ പത്തൊൻപതാം വകുപ്പ്, സംരക്ഷണ-സുരക്ഷാനടപടികൾ സംബന്ധിച്ച കരാർ (Agreement on Safeguards), കാർഷികോത്പന്നങ്ങൾ സംബന്ധിച്ച കരാറിന്റെ അഞ്ചാം വകുപ്പ് എന്നിവയാണ് ഇതു സംബന്ധിച്ച സംവിധാനങ്ങൾ. ലോക വ്യാപാരകരാറിന്റെ ഈ വ്യവസ്ഥകൾ ഉപയോഗിക്കുന്നതിന് ആസിയാൻ കരാർ തടസ്സമല്ല. നിർഭാഗ്യവശാൽ സാങ്കേതികവും നിയമപരവുമായ ഒരുപാട് കുരുക്കുകളുള്ള ഇത്തരം വ്യവ

സ്ഥകൾ ഒന്നും അസംഘടിതരും ദുർബലരുമായ ജനവിഭാഗങ്ങളുടെ താൽപര്യം സംരക്ഷിക്കുന്നതിനായി ഉപയോഗിച്ച ചരിത്രം ലോകവ്യാപാരസംഘടനയിൽ ഇല്ല. ഇതേ സമയം ശക്തമായ ലോബികളുള്ള വിഭാഗങ്ങളുടെയും വൻകിട മൂലധനത്തിന്റെയും താൽപര്യം സംരക്ഷിക്കാൻ ലോകവ്യാപാരസംഘടനയുടെ വ്യവസ്ഥകൾ കർശനമായി ഉപയോഗിക്കുന്നതിന്റെ ചരിത്രം ഉണ്ടുതാനും. കൊച്ചിയിൽനിന്നുമുള്ള സമുദ്രോത്പന്ന കയറ്റുമതിക്കെതിരെ ലോകവ്യാപാരസംഘടനയുടെ നിയമങ്ങൾ ഉപയോഗിച്ച് പാശ്ചാത്യരാജ്യങ്ങൾ അടിക്കടി പ്രയോഗിക്കുന്ന നടപടികൾ ഇതിന് ഉദാഹരണമാണ്. വിലയിടിവിന്റെ ഭീഷണി വരുന്നത് മുൻകൂട്ടി കണ്ട് വേണ്ട രേഖകളെല്ലാം തയ്യാറാക്കി സാങ്കേതിക-നിയമവിദഗ്ദ്ധന്മാരുടെ സഹായത്തോടുകൂടി പ്രതിരോധനടപടികൾ എടുക്കാൻ കൃഷിക്കാർ സർക്കാരിനെ സമീപിക്കും എന്ന് കരുതാനാവില്ല. അതിനുള്ള പരിപൂർണ്ണ ഉത്തരവാദിത്വം ഇത്തരം കരാറുകളുടെ സ്രഷ്ടാവായ കേന്ദ്ര സർക്കാർതന്നെ ഏറ്റെടുക്കണം.

“റബർ: സംരക്ഷണചുങ്കം ചുമത്തിയേ തീരൂ” എന്ന തലക്കെട്ടിൽ ഒരു വർഷത്തിനുശേഷം 20/11/2015ൽ പി. സി. സിറിയക് എഴുതിയ ലേഖനമിങ്ങനെ:

## റബർ: സംരക്ഷണച്ചുങ്കം ചുമത്തിയേ തീരൂ

– പി.സി. സിറിയക്

സ്വതന്ത്രഭാരതത്തിന്റെ സർക്കാർ ആരംഭകാലം മുതൽ കൈക്കൊണ്ടിരുന്ന ഒരു കർഷകസൗഹൃദനയം ഉണ്ട്-ഏതെങ്കിലും കാർഷികോത്പന്നത്തിന്റെ വിലയിടിഞ്ഞാൽ ഉടൻതന്നെ ആ ഉത്പന്നം ന്യായവിലയ്ക്ക് കർഷകരിൽനിന്നു സംഭരിച്ചു കർഷകരെ രക്ഷിക്കുക. ഈ നയമനുസരിച്ചു നെല്ലിനും ഗോതമ്പിനും പരുത്തിക്കു ചണത്തിനും കരിമ്പിനും നാളികേരത്തിനും നിലക്കടലയ്ക്കും മറ്റ് എണ്ണക്കുരുക്കൾക്കും റബർ മുതലായ ഉത്പന്നങ്ങൾക്കും എപ്പോഴെല്ലാം വിലയിടിഞ്ഞിട്ടുണ്ടോ അപ്പോഴെല്ലാം ഉത്പന്നം ന്യായവിലയ്ക്കു വാങ്ങാൻ കേന്ദ്ര ഏജൻസികൾ വിപണിയിലെത്തിയിരുന്നു.

ഈ നയത്തിന് ഇപ്പോഴും മാറ്റമില്ല. തെളിവ് ഈയിടെ അവസാനിച്ച പരുത്തി ഉത്പാദന സീസണിൽ കോട്ടൺ കോർപറേഷൻ ഓഫ് ഇന്ത്യ എന്ന കേന്ദ്ര സ്ഥാപനം 17,000 കോടി രൂപയ്ക്കു കർഷകരുടെ പരുത്തി (പഞ്ഞി) സംഭരിച്ചത്. അഞ്ചാറുവർഷം മുമ്പ്, ജനിതകമാറ്റം വരുത്തിയ പരുത്തി ഇനങ്ങൾ വ്യാപകമായതോടെ ഉത്പാദനം വർധിച്ചു. അമേരിക്കയെയും ചൈനയെയും മറികടന്ന് ഇന്ന് ഇന്ത്യ ലോകത്തിലെ ഏറ്റവും വലിയ പരുത്തി ഉത്പാദക രാജ്യമായി തീർന്നിരിക്കുകയാണ്. ലോകമെങ്ങും കമ്പോളമാന്ദ്യം കാരണം പരുത്തിയുടെ വിലയിടിഞ്ഞതുകൊണ്ടാണു സർക്കാരിനു ബൃഹത്തായ ഈ സംഭരണം നടത്തേണ്ടിവന്നത്.

എന്നാൽ, അന്താരാഷ്ട്ര മാന്ദ്യം കാരണം റബറിനു വിദേശമാർക്കറ്റിൽ വിലയിടിഞ്ഞ്, കുറഞ്ഞവിലയ്ക്കു ലഭിച്ച റബർ വന്തോതിൽ ഇറക്കുമതിചെയ്തു നമ്മുടെ വിപണിയിൽ റബർവില ഇടിച്ചപ്പോൾ റബർ സംഭരിക്കാൻ കേന്ദ്രം തയാറായില്ല. മുൻപതിവുകൾ മറന്ന് നിശ്ശബ്ദത പാലിക്കുകയാണ്. ഈ ചിറ്റമ്മനയത്തിനെതിരെ ശക്തമായി പ്രതിഷേധിച്ച് പാർലമെന്റിൽ ശബ്ദം ഉയർത്തേണ്ട എം.പി.മാർ ദുരൂഹമായ മൗനം തുടർന്നു.

റബർവില പകുതിയിലും താഴെയായിട്ടും ടയർ കമ്പനിക്കാർ ടയറിന്റെ വില ഒട്ടും കുറച്ചിട്ടില്ല. അങ്ങനെ അവർ റിക്കാർഡ് ലാഭം നേടുന്നു. 150 രൂപയ്ക്കു റബർ വാങ്ങിയാലും അവർക്കു മാന്യമായ ലാഭം ഉറപ്പാണ്. പക്ഷേ, ഇന്നത്തെ സ്ഥിതി തുടർന്നാൽ റബർ കർഷകരും റബർകൃഷിയും നശിക്കും. അന്നു വിദേശ ഉത്പാദകർ പറയുന്ന വിലയ്ക്ക് ഇവർക്കു ചരക്കു വാങ്ങേണ്ടിവരും. ആ ദുഃസ്ഥിതി ഒഴിവാക്കാൻ റബർ കൃഷി ഇവിടെ നിലനിർത്തണം. അതിനുവേണ്ടി 150 രൂപയ്ക്കു റബർ സംഭരിക്കാൻ കേന്ദ്രം ഇനിയെങ്കിലും തയാറാകണം. പക്ഷേ, റബർ സംഭരണം തുടങ്ങിയാൽപ്പോലും ഇറക്കുമതി റബറിന്റെ ഒഴുക്ക് തുടർന്നാൽ വിപണി മെച്ചപ്പെടുകയില്ല. ഇപ്പോൾ ഇറക്കുമതി നിയന്ത്രിച്ചേ തീരൂ. അധിക ഇറക്കുമതി കാരണം നാട്ടിലെ വ്യവസായം തകർന്നാൽ, അതിനെ സംരക്ഷിച്ചുനിർത്താൻ സാധാരണ ഇറക്കുമതിച്ചുങ്കത്തിനു പുറമേ സംരക്ഷണച്ചുങ്കം ചുമത്താൻ ലോക വാണിജ്യ കരാറിൽ വ്യവസ്ഥകളുണ്ട്.

### ബൗണ്ട് റേറ്റിനും മുകളിൽ ഈ സംരക്ഷണച്ചുങ്കം ചുമത്താൻ കഴിയുമോ?

സാധാരണ നിലയിൽ വ്യാവസായിക അസംസ്കൃത ഉത്പന്നങ്ങൾ ഇറക്കുമതി ചെയ്യുമ്പോൾ അവയുടെമേൽ ചുമത്താവുന്ന ഏറ്റവും ഉയർന്ന ചുങ്കനിരക്ക് കരാറിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. റബർഷീറ്റിന്റെയും ക്രംബ് റബറിന്റെയും ബൗണ്ട് റേറ്റ് 25 ശതമാനം. ഇന്ന് 25 ശതമാനമാണ് നിലവിലിരിക്കുന്ന ഇറക്കുമതിച്ചുങ്കം. പക്ഷേ, അങ്ങനെ നടക്കുന്ന ഇറക്കുമതിയുടെ അളവ് പെട്ടെന്നു വർദ്ധിച്ച് തദ്ദേശ വിപണിയും ഉത്പാദനവും തകരുകയോ തകരാൻ സാധ്യതയുണ്ടാകുകയോ ചെയ്താൽ തദ്ദേശ ഉൽപാദകരെ രക്ഷിക്കാനായി സംരക്ഷണച്ചുങ്കം ചുമത്താൻ കരാറിന്റെ 15-ാം വകുപ്പിൽ വ്യവസ്ഥയുണ്ട്.

### സംരക്ഷണച്ചുങ്കം എപ്പോൾ ചുമത്താം?

ഇറക്കുമതിയുടെ അളവ് പതിവിൽക്കൂടുതലായി ഉയരണം; അതിന്റെ ഫലമായി ഉത്പന്നത്തിന്റെ തദ്ദേശ ഉത്പാദനം ബാധിക്കപ്പെടണം. അല്ലെങ്കിൽ ഗുരുതരമായി പ്രശ്നം ഉണ്ടാകുമെന്ന് യഥാർത്ഥ ഭീഷണിയുണ്ടായിരിക്കണം.

ഗുരുതരമായി ബാധിച്ചിട്ടുണ്ടോ എന്നറിയാൻ തദ്ദേശ വ്യവസായത്തിന്റെ ലാഭനഷ്ടക്കണക്ക്, വിപണിയുടെ എത്ര ശതമാനം ഇറക്കുമതിച്ചരക്ക് കൈയടക്കിയിരിക്കുന്നു. തദ്ദേശ ഉത്പാദനം എത്രകണ്ട് കുറഞ്ഞുപോയിട്ടുണ്ട്. ഉത്പാദന ശേഷി എത്രയളവ് ഉപയോഗപ്പെടുത്താൻ കഴിയാതെ കിടക്കുന്നു, തൊഴിൽ അവസരങ്ങൾ കുറഞ്ഞിട്ടുണ്ടോ മുതലായ കാര്യങ്ങൾ പരിശോധിക്കണം. ഇറക്കുമതി കൂടുതലായി നടക്കുന്ന ഉത്പന്നം നാട്ടിൽ ഉത്പാദിപ്പിക്കുന്ന വ്യവസായത്തെ അല്ലെങ്കിൽ ആ ഉത്പന്നത്തിനു പകരമായി ഉപയോഗിക്കാവുന്ന മറ്റൊരു ഉത്പന്നം ഇവിടെ ഉത്പാദിപ്പിക്കുന്ന വ്യവസായമേഖലയെയാണ് തദ്ദേശവ്യവസായം എന്നു പറയുന്നത്. ഗുരുതരമായ പ്രശ്നം തൽക്കാലം ഇല്ലാത്ത സാഹചര്യത്തിൽപ്പോലും അടുത്ത ഭാവിയിൽ പ്രശ്നം ഉണ്ടാകുമെന്നു ഭയപ്പെടാൻ ന്യായമായ കാരണമുണ്ടെങ്കിൽ മതി സംരക്ഷണച്ചുങ്കം ചുമത്താൻ സർക്കാരിനു കഴിയും.

### സംരക്ഷണച്ചുങ്കം ചുമത്താനുള്ള നടപടിക്രമം എന്ത്?

സംരക്ഷണച്ചുങ്കത്തിനുവേണ്ടിയുള്ള അപേക്ഷകൾ പരിഗണിക്കാൻവേണ്ടി ഡയറക്ടർ ജനറൽ-സേഫ്ഗാർഡ്സ് എന്നൊരു ഉദ്യോഗസ്ഥനെ നിയമിച്ചിട്ടുണ്ട്. ലഭിക്കുന്ന അപേക്ഷകൾ ഈ ഉദ്യോഗസ്ഥൻ പരിശോധിച്ച് ഇറക്കുമതി ചെയ്യുന്ന സ്ഥാപനങ്ങളെയും അവ വാങ്ങി ഉപയോഗിക്കുന്ന സ്ഥാപനങ്ങളെയും വിളിച്ചുവരുത്തി അവരുടെ വിശദീകരണങ്ങളും പരിഗണിച്ചശേഷം, സംരക്ഷണച്ചുങ്കം ചുമത്തണമോ, ചുമത്തണമെങ്കൽ എത്ര ശതമാനം, എത്ര

കാലത്തേക്ക് എന്നീ വിഷയങ്ങളിൽ തീരുമാനമെടുത്തു സർക്കാരിലേക്കു ശിപാർശ അയയ്ക്കും. ഈ ശിപാർശയിന്മേൽ അവസാനതീരുമാനമെടുക്കാൻ കേന്ദ്ര വാണിജ്യവകുപ്പ് സെക്രട്ടറിയുടെ അധ്യക്ഷതയിലുള്ള സ്ഥിരം സമിതിയെ സർക്കാർ ചുമതലപ്പെടുത്തിയിട്ടുണ്ട്.

## സേഫ്ഗാർഡ് ചുങ്കം എത്ര നാളത്തേക്ക്?

സാധാരണനിലയിൽ നാലുകൊല്ലത്തിനപ്പുറം സംരക്ഷണച്ചുങ്കം നീട്ടാൻ പാടില്ല. പക്ഷേ, ഗുരുതരമായ സാഹചര്യത്തിൽ, വീണ്ടും പ്രശ്നം പരിശോധിച്ചു മറ്റൊരു നാലു കൊല്ലത്തേക്കുകൂടി നീട്ടാൻ വ്യവസ്ഥയുണ്ട്.

സംരക്ഷണച്ചുങ്കം, തദ്ദേശ വ്യവസായത്തെ അപകടത്തിൽനിന്നു സംരക്ഷിക്കാൻ ആവശ്യമായത്ര മാത്രമായി ചുരുക്കണം. ബൗണ്ട് റേറ്റിനു മുകളിൽ ഏറ്റവും കൂടുതലായി ചുമത്താവുന്ന സംരക്ഷണച്ചുങ്കത്തിനു പരിധിയൊന്നും നിയമത്തിൽ പറഞ്ഞിട്ടില്ല.

ഇറക്കുമതിയുടെ അളവിൽ ഉണ്ടായിട്ടുള്ള വ്യക്തമായ വർദ്ധനയുടെ പേരിലാണു സംരക്ഷണച്ചുങ്കം ചുമത്തുന്നതെങ്കിൽ മൂന്നുവർഷക്കാലം കഴിയുന്നതുവരെ ഒരു നഷ്ടപരിഹാരത്തിനും വകുപ്പില്ല. മൂന്നുവർഷത്തിനപ്പുറം സംരക്ഷണച്ചുങ്കം തുടരേണ്ടിവരുന്ന പക്ഷം, ഈ പ്രശ്നം ചർച്ച ചെയ്യേണ്ടിവരും.

## വിശദമായ വിചാരണ നടക്കുന്നതിനു മുമ്പുതന്നെ സംരക്ഷണച്ചുങ്കം ചുമത്താൻ കഴിയുമോ?

അധികമായി സംഭവിച്ച ഇറക്കുമതിയുടെ ഫലമായി വൻ അപകടം ഇപ്പോൾത്തന്നെ ഉണ്ടായിക്കഴിഞ്ഞിരിക്കുന്നു എന്ന് ഒരു പ്രാരംഭപഠനത്തിലൂടെ ബോധ്യമായാൽ താത്കാലികമായി അധികച്ചുങ്കം വിധിക്കാം. പക്ഷേ, ഈ താത്കാലിക സംരക്ഷണ നടപടിക്ക് 200 ദിവസത്തിൽക്കൂടുതൽ നിലനിൽപ്പില്ല. അതിനകം തന്നെ വിശദമായ വിചാരണ കഴിഞ്ഞ് അവസാന തീരുമാനം എടുത്തിരിക്കണം.

ഒരു അവികസിത രാജ്യത്തിൽനിന്നുമുള്ള അധിക ഇറക്കുമതി ആ ഉത്പന്നത്തിന്റെ മൊത്തം ഇറക്കുമതിയുടെ മൂന്നു ശതമാനത്തിൽ താഴെയാണെങ്കിൽ ആ രാജ്യത്തിനെതിരായി സുരക്ഷാച്ചുങ്കം വിധിക്കാൻ പാടില്ല. (ഇവിടെ ഇന്ത്യയിലേക്കു റബർ ഇറക്കുമതി ചെയ്യുന്ന തായ്‌ലൻഡ്, ഇന്തോനേഷ്യ, വിയറ്റ്നാം ഇവയെല്ലാം അവികസിത രാജ്യങ്ങളാണ്. പക്ഷേ, ഈ രാജ്യങ്ങൾ ഓരോന്നിൽനിന്നും മൂന്നു ശതമാനത്തിൽ വളരെക്കൂടുതൽ ഇറക്കുമതി നടക്കുന്നു).

## ഇന്ത്യ ഏതെങ്കിലും ഉത്പന്നത്തിന്റെ ഇറക്കുമതി നിരുത്സാഹപ്പെടുത്താനായി സംരക്ഷണച്ചുങ്കം ചുമത്തുന്നുണ്ടോ?

സംരക്ഷണച്ചുങ്കം ചുമത്താനായി ഇന്ത്യൻ കസ്റ്റംസ് ആക്ട് ഭേദഗതി ചെയ്ത് 9എ, 9ബി, 9സി മുതലായ വകുപ്പുകൾ ചേർത്തുകഴിഞ്ഞു. ഈയിടെ ഉരുക്ക്, കാർബൺ, ബ്ലാക്ക്, സോഡിയം സൾഫേറ്റ് മുതലായ ഉത്പന്നങ്ങൾക്കു സംരക്ഷണം നൽകിക്കഴിഞ്ഞു. ഇറക്കുമതിചെയ്യുന്ന ടയറിനുമേൽ സംരക്ഷണച്ചുങ്കം ആവശ്യപ്പെട്ട് ടയർ വ്യവസായികൾ അപേക്ഷ നൽകിയിരുന്നു. പക്ഷേ, റിക്കാർഡ് ലാഭം നേടുന്ന ടയർ വ്യവസായത്തിനു സംരക്ഷണം ആവശ്യപ്പെടുന്നതു ബാലിശമാണെന്ന് അധികാരികൾ ചൂണ്ടിക്കാണിച്ചപ്പോൾ അവർ സംരക്ഷണച്ചുങ്കത്തിനുള്ള അപേക്ഷ പിൻവലിക്കുകയായിരുന്നു. നമ്മുടെ അപേക്ഷ പരിഗണിക്കപ്പെട്ട് നമുക്കു നീതി ലഭിക്കുമെന്നു പ്രത്യാശിക്കാം.

"റബർ ഇറക്കുമതിക്ക് സംരക്ഷണച്ചുങ്കം ആവശ്യപ്പെട്ട് കേന്ദ്ര ധനമന്ത്രാലയത്തിൽ കൃഷിക്കാർക്കുവേണ്ടി കേസ്" എന്ന തലക്കെട്ടിലെ (21-8-2015) മാതൃഭൂമി പത്രത്തിലെ വാർത്തയിങ്ങനെ:

## റബർ ഇറക്കുമതിക്ക് സുരക്ഷാച്ചുങ്കം ആവശ്യപ്പെട്ട് കേന്ദ്ര ധനമന്ത്രാലയത്തിൽ കൃഷിക്കാർക്കുവേണ്ടി കേസ്

പത്തനംതിട്ട: റബർ ഇറക്കുമതിക്ക് അൻപത് ശതമാനം സുരക്ഷാച്ചുങ്കം (സേഫ് ഗാർഡ് ഡ്യൂട്ടി) ഏർപ്പെടുത്തണം എന്നാവശ്യപ്പെട്ട് കേന്ദ്ര ധനമന്ത്രാലയത്തിൽ കൃഷിക്കാർക്കുവേണ്ടി കേസ് നൽകി. റബർ ഉൽപാദക സൊസൈറ്റികളുടെ ദേശീയ ഫെഡറേഷനാണ് ഹർജിക്കാർ. കഴിഞ്ഞ രണ്ട് വർഷത്തെ റബർ ഇറക്കുമതി ദേശീയ ഉൽപ്പാദനത്തേക്കാൾ കൂടുയതിനാൽ പരമ്പരാഗത കൃഷിക്കാർ തകരുന്നു എന്നു കാണിച്ചാണ് കേസ്. ഫെഡറേഷൻ സംസ്ഥാന പ്രസിഡന്റ് അഡ്വ. സുരേഷ് കോശി, റബർ ബോർഡ് മുൻ ചെയർമാൻ പി.സി. സിറിയക് എന്നിവരാണ് ഹർജിക്കാർ.

ഈ വർഷം ദേശീയ ഉത്പാദനം 5 ലക്ഷം ടണ്ണിൽ താഴെയാകുമെന്നാണ് സംഘടനയുടെ ആശങ്ക. വിലക്കുറവുകാരണം കൃഷിക്കാർ ടാപ്പിങ്ങിലേക്ക് കാര്യമായി പോയിട്ടില്ല. കഴിഞ്ഞ വർഷം ഉൽപ്പാദനം 6.70 ലക്ഷം ടണ്ണായിരുന്നു. ഇറക്കുമതി 4.42 ലക്ഷം ടണ്ണും. ഈ വർഷം ഇതേവരെ 2 ലക്ഷം ടണ്ണിലധികം റബർ ഇറക്കുമതി ചെയ്തുകഴിഞ്ഞു. ഇറക്കുമതി ഇൽപ്പാദനത്തെ മറികടക്കും. എന്നുറപ്പായിക്കഴിഞ്ഞു. ഇത് 11 ലക്ഷം കൃഷിക്കാരുടെ ജീവിതത്തെ ബാധിച്ചുകഴിഞ്ഞു.

ഇറക്കുമതി പ്രാദേശിക ജീവിതത്തെ ബാധിക്കുമെങ്കിൽ സുരക്ഷാചുങ്കം ഏർപ്പെടുത്താമെന്നാണ് അന്താരാഷ്ട്ര ചട്ടം. ഇത് കേന്ദ്രം പാലിക്കണമെന്നാണ് കൃഷിക്കാർക്കുവേണ്ടി വാദിക്കുന്നത്.

റബറിനെ രക്ഷിക്കാൻ കേന്ദ്രത്തിന്റെ മുന്നിലുള്ള സാധ്യതകൾ ഒട്ടേറെയാണെന്ന് അഡ്വ. സുരേഷ് കോശി പറയുന്നു. പരുത്തികൃഷിക്കാർക്ക് കേന്ദ്രസർക്കാർ അവരുടെ പ്രതിസന്ധി തീർക്കാൻ ആറായിരം കോടി രൂപയാണ് അനുവദിച്ചത്. റബറിനും ഇതു ചെയ്യാവുന്നതാണ്. പക്ഷേ, ഇതെല്ലാം ജനപ്രതിനിധികൾ സമ്മർദ്ദം ചെലുത്തി നേടണം.

കേന്ദ്രം അഞ്ച് വാണിജ്യവിളകൾക്കുവേണ്ടി ഉണ്ടാക്കിയ വിലസ്ഥിരതാ ഫണ്ടും ഉപയോഗിക്കാതെപോയിട്ടുണ്ട്. **റബർകൃഷിക്കാർ 2003-ൽ ഇതിൽ ചേർന്നതാണ്.** പക്ഷേ, ഒരു പൈസ സഹായം കിട്ടിയിട്ടില്ല. 2003-ൽ ഇതിൽ 500 കോടി രൂപ നീക്കിയിരിപ്പുണ്ടായിരുന്നു. ഇപ്പോഴത് 1010 കോടിയായി. റബർകൃഷിക്കാർ പ്രതിസന്ധിയിൽ നിൽക്കെ ഈ തുക വിനിയോഗിക്കണമെന്ന് ഫെഡറേഷൻ ആവശ്യപ്പെടുന്നു. (മാതൃഭൂമി 21-8-2015)

എന്നാൽ കോശിയും പി.സി. സിറിയക്കും പറയുന്നതുപോലെ സംരക്ഷണച്ചുങ്കം ഏർപ്പെടുത്തി റബർ വില ഉയർത്താനാവില്ല എന്നു വ്യക്തമാക്കി ലേഖനമെഴുതിയത് ഇന്ത്യൻ റബർ ഡീലേഴ്സ് അസോസിയേഷൻ പ്രസിഡണ്ടായ പയസ് സ്കറിയ പൊട്ടംകുളമായിരുന്നു. 11-12-2015 -ലെ പയസിന്റെ ലേഖനമിങ്ങനെ:

## റബർവില: തെറ്റിദ്ധാരണയും യാഥാർത്ഥ്യവും

- പയസ് സ്കറിയ പൊട്ടംകുളം

റബർവില അഞ്ചു വർഷത്തിലൊരിക്കൽ ഏറ്റവും താണനിലയിൽ. കർഷകർ പ്രതിസന്ധിയിൽ. ഇതേക്കുറിച്ചു വാർത്താമാധ്യമങ്ങളിൽ വാർത്തകളും ചർച്ചകളും നടക്കുന്നു.

വിലത്തകർച്ചയ്ക്കു പരിഹാരം കാണാൻ പല മാർഗ്ഗ

ങ്ങളും പലരും നിർദ്ദേശിക്കുന്നു. റബറിന്റെ അനിയന്ത്രിതമായ ഇറക്കുമതി കേന്ദ്ര ഗവണ്മെന്റ് അവസാനിപ്പിക്കണം. അധികനികുതി ഈടാക്കണം, റബറിനു സംരക്ഷണചുങ്കം വേണം, ഉത്പന്നവും ഉപഭോഗവും കണക്കാക്കി ഇറക്കുമതി അനുവദിക്കണം, 200 രൂപയ്ക്കു റബർ സംഭരിക്കാൻ വില സ്ഥിരതാഫണ്ടിൽനിന്നു തുക അനുവദിക്കണം. ഇങ്ങനെ പോകുന്നു വിവിധ മേഖലകളിൽനിന്നുള്ള ആവശ്യങ്ങൾ. വിപണിവില ഉയർത്താൻവേണ്ടി ഇടപെടാൻ പരിമിതികൾ ഉണ്ടെന്ന് അറിഞ്ഞിട്ടും ഉദാരവത്കരണത്തിനുമുൻപ് പ്രശ്നങ്ങളെ അഭിമുഖീകരിച്ച അതേ രീതിയിൽ നിലവിലുള്ള പ്രശ്നങ്ങളെ രാഷ്ട്രീയനേതൃത്വങ്ങളും ഗവണ്മെന്റുകളും കാണുന്നതു നിർഭാഗ്യകരമാണ്. **1994-ലെ ലോക വ്യാപാരകരാറിനുശേഷം 150ലധികം രാജ്യങ്ങൾ ഉൾപ്പെടുന്ന ലോകവ്യാപപാരസംഘടനയിൽ 1995ൽ അംഗമായ ഇന്ത്യക്കു നമ്മുടെ വിപണി ലോക റബർ വിപണിക്കു തുറന്നുകൊടുക്കേണ്ടിവന്നു.** ഇതിൻപ്രകാരം 2001 മുതൽ നിലവിലെ ഇറക്കുമതി തീരുവ നല്കി ആർക്കും യാതൊരു ലൈസൻസും കൂടാതെ ഗുണനിലവാരം ഉറപ്പാക്കി റബർ ഇറക്കുമതി നടത്താം. ഇറക്കുമതി ഒരു ഗവണ്മെന്റിനും നിരോധിക്കാൻ സാധിക്കില്ല.

## ഇറക്കുമതിയും വിലയും

**1994-ലെ കരാറിൽ ഇന്ത്യക്കു സാധ്യമായിരുന്ന ഇറക്കുമതി തീരുവയുടെ ബൗണ്ട് റേറ്റ് (മാറ്റാനാവാത്ത ചുങ്കം) 40% എന്നത് അന്നത്തെ കേന്ദ്ര ഗവണ്മെന്റ് 25% ആക്കിയത് ഇവിടത്തെ വ്യവസായലോബിയെ സഹായിക്കാനായിരുന്നുവെന്ന് 20 വർഷം കഴിയേണ്ടിവന്നു നമുക്ക് മനസ്സിലാക്കാൻ.** ഇതു റബർ ഇറക്കുമതി ഉണ്ടാകണം എന്ന മുൻകൂട്ടി എടുത്ത തീരുമാനമായിരുന്നുവെങ്കിൽ ലാറ്റക്സിനെ 70% അൺബൗണ്ട് റേറ്റ് (മാറ്റാവുന്ന ചുങ്കം) എന്ന നിലയിൽ ഇറക്കുമതി തീരുവ നിശ്ചയിച്ചത് ലാറ്റക്സ് ഇറക്കുമതി അരുത് എന്നും, പറയുന്ന വിലയ്ക്ക് ഇവിടെ ലാറ്റക്സ് കിട്ടണം എന്ന മുൻവിധിയും കൊണ്ടാണ്. ലാറ്റക്സിന്റെ ഈ ചുങ്കും റബറിന്റേതുപോലെയാകണം എന്നാവശ്യപ്പെട്ടു ലാറ്റക്സ് ഉപഭോക്താക്കളുടെ ലോബി ഇപ്പോൾ കേന്ദ്ര ഗവണ്മെന്റിൽ സമ്മർദ്ദം തുടങ്ങിക്കഴിഞ്ഞു.

ഇറക്കുമതിയാണു വിലയിടിവിനു കാരണം എന്ന നിലവിളി പ്രത്യക്ഷത്തിൽ ശരിയെന്നു തോന്നാമെങ്കിലും ഒരു കാര്യം നമ്മൾ മറന്നുപോകുന്നു. **ലോകവ്യാപാര കരാറിനുശേഷം ലോകവിപണിയെ ആശ്രയിച്ചുമാത്രമേ ആഭ്യന്തരവിപണി മുമ്പോട്ടുപോകൂ എന്ന സത്യം.** കഴിഞ്ഞ എട്ടു വർഷത്തെ ഇറക്കുമതിയും ആഭ്യന്തരവിലയും നോക്കിയാൽ ഇതു മനസ്സിലാക്കാൻ സാധിക്കും.

| വർഷം | ഇറക്കുമതി | ആർഎസ്എസ് - 4ന്റെ ആഭ്യന്തരവില (ടൺ) വാർഷിക ശരാശരി (രൂപ) |
|---|---|---|
| 2007-08 | 80392.89 | 90.85 |
| 2008-09 | 77769.83 | 101.12 |
| 2009-10 | 177130.14 | 114.93 |
| 2010-11 | 190674.23 | 190.03 |
| 2011-12 | 214432.41 | 208.05 |
| 2012-13 | 262752.75 | 176.82 |
| 2013-14 | 360262.72 | 160.07 |
| 2014-15 | 442126.18 | 137.57 |

ഈ പട്ടികയിൽ നിന്ന് ഇറക്കുമതിയുടെ അളവും ആഭ്യന്തരവിലയും തമ്മിൽ ബന്ധമില്ല എന്നത് വ്യക്തമാണ്. ലോകവിപണിയിലെ ഡിമാൻഡും സപ്ലൈയും പ്രധാന ഘടകമായി നിൽക്കുമ്പോൾ ക്രൂഡോയിൽ വിലയും കാലാവസ്ഥവ്യതിയാനവും മറ്റൊരു ഘടകവുമായി പറയേണ്ടിവരുന്നു. ഇതിന്റെ പരിണിതഫലമെന്നു പറയാം കഴിഞ്ഞ മൂന്നു വർഷത്തെ അവസ്ഥ. ചൈനയിലെ മാന്ദ്യം, ക്രൂഡോയിൽ വിലത്തകർച്ചമൂലം കൃത്രിമ റബറിന്റെ ഉത്പാദനവർദ്ധന, തെക്കനേഷ്യൻ രാജ്യങ്ങളിലെ ഉത്പാദനച്ചെലവിലെ കുറവ് എന്നിവ ലോകവിപണിയിൽ റബർവില കുറച്ചപ്പോൾ ആഭ്യന്തരവിപണിക്കും അതു വലിയ തിരിച്ചടിയായി. ഉത്പാദന ച്ചെലവ് പോലും കിട്ടാതെ നമ്മുടെ കർഷകർ ടാപ്പിംഗ് നിർത്തിയതുമൂലം 40% ഉൽപാദനം കുറഞ്ഞു. 2014-15ൽ ഉപയോഗിച്ച 10.2 ലക്ഷം ടണ്ണിന്റെ 43 ശതമാനവും ഇറക്കുമതിയായിരുന്നു.

അധിക ഇറക്കുമതിക്ക് ആന്റി ഡംപിംഗ് ഡ്യൂട്ടി ആണ് മറ്റൊരാവശ്യം. ഗാട്ട് കരാർപ്രകാരം കയറ്റുമതി നടത്തുന്ന രാജ്യത്തെ ഉത്പാദനച്ചെലവിനെക്കാളും കുറഞ്ഞ നിരക്കിൽ മറ്റൊരു രാജ്യത്തിലേക്കു റബർ കയറ്റുമതി അയച്ചു എന്നു തെളിഞ്ഞാൽ മാത്രമേ വൻതോതിൽ നടന്ന ഇറക്കുമതി ഡംപിംഗ് എന്നു പറയാനാവൂ. ഒപ്പം ഇറക്കുമതിമൂലം ആ രാജ്യത്തിന്റെ ആഭ്യന്തരവിപണിക്കു പ്രകടമായ നഷ്ടം സംഭവിച്ചു എന്നും തെളിയക്കപ്പെടണം. ഈ രണ്ടു കാര്യങ്ങളും ശരിയെങ്കിൽ നിലവിലെ നിരക്കിനു പുറമെ ആന്റി ഡംപിംഗ് ഡ്യൂട്ടി ചുമത്താം. ഇന്നത്തെ സാഹചര്യത്തിൽ ഇന്ത്യക്ക് തെളിവുകളുടെ അടിസ്ഥാനത്തിൽ അത് സാധ്യമാണെന്നു തോന്നുന്നില്ല. എന്നാൽ, ചൈനയിൽനിന്ന് ഇറക്കുമതി ചെയ്യുന്ന ചിലയിനം ടയറിന് ഇന്ത്യ ആന്റി ഡംപിംഗ് ഡ്യൂട്ടി ചുമത്തുന്നുണ്ട്.

## സേഫ് ഗാർഡ് ഡ്യൂട്ടി

സേഫ് ഗാർഡ് ഡ്യൂട്ടിയും ഇറക്കുമതി നിരോധനവും (അധികതീരുവയും താൽക്കാലിക നിരോധനവും എന്ന അർത്ഥത്തിൽ) ഒരു രാജ്യത്തു വൻതോതിലുള്ള ഇറക്കുമതിമൂലം ആ രാജ്യത്തിന്റെ ഉത്പാദനമേഖലയിൽ ഗുരുതരമായ പരിക്കുണ്ടായി എന്നു തെളിയിക്കപ്പെട്ടാൽ സാധിക്കുന്നതാണ്. ഇറക്കുമതി ചെയ്തുവരുന്ന റബറിനെ അതിലും കുറഞ്ഞ വിലയിലും ഗുണമേന്മയിലും നമുക്ക് ഉത്പാദിപ്പിക്കാൻ സാധിച്ചില്ല എന്ന കുറവിനെയാണു ഗാട്ട് കരാർ പരിക്ക് എന്നു നിർവചിക്കുന്നത്. ഈ മത്സരക്ഷമത കൈവരിക്കാമെന്നു നമുക്ക് ഉറപ്പുണ്ടെങ്കിൽ സേഫ് ഗാർഡ് ഡ്യൂട്ടി ആലോചിക്കാം.

വിദേശ ടയർ കമ്പനിയായ മിഷലിന്റെ ചെന്നൈ യൂണിറ്റും ബാലകൃഷ്ണാ ടയേഴ്സും നമ്മുടെ റബർ ഗുണനിലവാരമില്ല എന്ന കാരണത്താൽ വേണ്ട എന്നു പറയുമ്പോൾ എങ്ങനെ സേഫ് ഗാർഡ് ഡ്യൂട്ടി മറ്റു രാജ്യങ്ങളുടെ മേൽ ഇന്ത്യക്കു ചുമത്താനാകും. മത്സരക്ഷമത നമ്മുടെ കുറ്റമല്ലാതെ മറ്റാരുടേത്? അതല്ല, ഇറക്കുമതിരാജ്യം സമ്മതിച്ചാൽ അവർ മറ്റൊരു ഉത്പന്നം തീരുവ കൂടാതെയോ തീരുവ കുറച്ചോ ഇറക്കുമതി ചെയ്യാൻ ആവശ്യപ്പെട്ടാൽ അനുവദിക്കേണ്ടിവരും.

റബറിനെ കാർഷിക ഉത്പന്നമാക്കി മാറ്റാമെന്ന അഭിപ്രായമാണു മറ്റൊന്ന്. ലോക വ്യാപാര കരാറിന്റെ അടിസ്ഥാനത്തിൽ അംഗരാജ്യങ്ങൾ സമ്മതിച്ചാൽമാത്രം മാറ്റാവുന്ന ഉടമ്പടി. എന്നാലും റബർ കയറ്റുമതി ചെയ്യുന്ന രാജ്യങ്ങൾ നമ്മുടെ ഇറക്കുമതി തീരുവയായ 25% എന്ന ബൗണ്ട് റേറ്റ് ഉയർത്താൻ സമ്മതിക്കില്ല. ചുങ്കം കുറയ്ക്കുക എന്നതാണ് ഇവരുടെ ലക്ഷ്യം. **എല്ലാ നാണ്യവിളകൾക്കുമായുള്ള വില സ്ഥിരതാ ഫണ്ടിലെ 1000 കോടിയിൽനിന്ന് റബർ സംഭ**

**രണത്തിനായി പണം കൊടുക്കുക എന്നതാണു മറ്റൊരാവശ്യം. എന്നാൽ, ഈ പദ്ധതിയിൽ പങ്കാളിയായത് കേവലം രണ്ടു ശതമാനത്തിൽ താഴെ മാത്രം റബർ കർഷകരാണ്.** 2009-ലെ ആസിയാൻ കരാറും റബർ മേഖലയെ കുറച്ചൊന്നുമല്ല കീഴ്പ്പെടുത്തിയത്. ഉടമ്പടിപ്രകാരം 2013 അവസാനം മുതൽ 78 സ്വാഭാവിക-കൃത്രിമ റബർ ഉത്പന്നങ്ങളാണു തീരുവയില്ലാതെ നിർബാധം ഇറക്കുമതി നടക്കുന്നത്. ഇത്തരത്തിലുള്ള പ്രാദേശിക കരാറുകൾ ഇന്ത്യയുടെ റബർ മേഖലയെ സാരമായി ബാധിച്ചിട്ടുണ്ട്.

**വിദേശവിപണിയെ ആശ്രയിച്ചുമാത്രമേ ആഭ്യന്തര വിപണി ഇനി വരുംകാലങ്ങളിൽ മുമ്പോട്ടുള്ളൂ എന്ന് ഒരിക്കൽക്കൂടി ഓർമ്മിപ്പിച്ചുകൊണ്ടു പറയട്ടെ. വിദേശവില + ഇറക്കുമതിതീരുവ 25% + ട്രാൻസ്പോർട്ടിംഗ് ചാർജ് എന്നതായിരിക്കും വരുംകാലങ്ങളിൽ ആഭ്യന്തരവില.** കഴിഞ്ഞ രണ്ടുവർഷത്തിനിടയിൽ കേരള സർക്കാർ നടത്തിയ ഉദ്ദേശ്യലക്ഷ്യമില്ലാത്ത രാഷ്ട്രീയ തീരുമാനമായിരുന്നു റബർ സംഭരണം. ഇടനിലക്കാർക്കു പണം കിട്ടി. സ്വാഗതാർഹമായി അവസാനം പ്രഖ്യാപിച്ച 300 കോടി രൂപയുടെ ഉത്തേജന പ്രോത്സാഹന പദ്ധതിയും പരാജയമായി. ഇതിലൂടെ കർഷകർക്ക് ആശ്വാസം പകരാൻ സർക്കാരിനു സാധിച്ചില്ല. കർഷകസ്നേഹം പറയുന്നവർ ഇതിനു നേതൃത്വം നൽകിയിട്ടും കുറ്റസമ്മതം നടത്തേണ്ടിവന്നു.

വ്യവസായികളെയും കർഷകരെയും ഒരേ നാണയത്തിന്റെ രണ്ടു വശങ്ങളായിക്കണ്ടു ചെലവുകുറച്ചു ഗുണമേന്മയുള്ള റബർ ആവശ്യത്തിന് ഉത്പാദിപ്പിച്ച് റബർ കർഷകരെ ഇവിടെ നിലനിർത്താൻ ഈ രംഗത്തുനിന്നു കോടികൾ പിരിച്ചെടുത്ത സംസ്ഥാന-കേന്ദ്ര സർക്കാരുകൾക്കു കടമയുണ്ട്. ഒപ്പം റബറിന്റെ 2011-ലെ ഉയർന്ന വില കണക്കാക്കിയുള്ള ടയറിന്റെ നിലവിലെ വില കുറയ്ക്കാൻ വ്യവസായികൾ കാണിക്കുന്ന വൈമുഖ്യം ജനങ്ങളെ സംശയാലുക്കളാക്കുന്നു.

## റബർ ബോർഡും പോകുമോ?

റബർ ബോർഡിനു സംഭവിച്ച വീഴ്ചയെപ്പറ്റി പറയാതെ വയ്യ. ഇന്ത്യയിലെ റബർ കർഷകരുടെ അഭിവൃദ്ധിക്കും മേഖലയുടെ വളർച്ചയ്ക്കും വേണ്ടി സ്ഥാപിതമായ ഏവരും ആദരവോടെയും പ്രതീക്ഷയോടെയും കണ്ടിരുന്ന പ്രസ്ഥാനമാണത്. ഇപ്പോൾ, അവിടെ മേൽനോട്ടം നടത്തേണ്ട ചെയർമാനില്ല, സെക്രട്ടറിയില്ല, പ്രൊഡക്ഷൻ കമ്മീഷണറില്ല. കേന്ദ്രം ഭരിക്കുന്ന രാഷ്ട്രീയപാർട്ടിയുടെ കേരളത്തിലെ ഘടകം ഇക്കാര്യത്തിൽ പ്രകടിപ്പിക്കുന്ന അലംഭാവം മാപ്പ് അർഹിക്കുന്നില്ല. ബോർഡിലെ ചില പ്രധാന തസ്തികകൾ വടക്കുകിഴക്കൻ സംസ്ഥാനങ്ങളിലേക്കു മാറ്റുന്നതായി അറിയുന്നു. ഇനി റബർ ബോർഡിന്റെ ആസ്ഥാനം പോലും ഇവിടെനിന്നു മാറ്റപ്പെട്ടാൽ അത്ഭുതപ്പെടാനില്ല.

ഈ അവസ്ഥയിൽ കേന്ദ്ര-സംസ്ഥാന സർക്കാരുകൾ കർഷകന്റെ വരുമാനത്തിനു സ്ഥിരത ലഭിക്കാനായി കക്ഷിരാഷ്ട്രീയം മറക്കക്കേണ്ടിയിരിക്കുന്നു. ആദ്യമായി റബർ ബോർഡ് പുനഃസംഘടിപ്പിച്ച് മുഴുവവൻ സമയ ചെയർമാനെ നിയമിക്കണം. പ്രഖ്യാപിത ദേശീയ റബർ നയം നടപ്പിലാക്കുകയും വേണം. റബർ കർഷകർക്ക് ഏതുവിധം നഷ്ടം വന്നാലും സഹായധനം ലഭിക്കുന്ന രീതിയിലുള്ള സമഗ്ര വിള ഇൻഷുറൻസ് പദ്ധതിക്കു രൂപം നൽകണം. ഇതിനാവശ്യമായ പ്രീമിയത്തിന്റെ ഭൂരിഭാഗവും സർക്കാർ അടയ്ക്കണം. **പ്ലാന്റിംഗ് സബ്സിഡി ഒരു ഹെക്ടറിന് 75,000 രൂപയായി ഉയർത്തണം.** റബറിന്റെ അവധിവ്യാപാരം അവസാനിപ്പിക്കുക, റോഡുകൾ റബറൈസ് ചെയ്യുക, റബർ ആക്ട് ഭേദഗതി ചെയ്തു കൃത്രിമ റബറിനു സെസ് ഏർപ്പെടുത്തുക, ഉത്പാദനവർദ്ധനയ്ക്കൊപ്പം ഗുണമേന്മയുള്ള റബറിനായി ഗ്രൂപ്പ് പ്രോസസിംഗ് പോലുള്ള രീതി ആരംഭിക്കുക, റബർ അധിഷ്ഠിത വ്യവസായങ്ങൾക്ക് ഇലക്ട്രിസിറ്റി ചാർജിലും നികുതികളിലും ഇളവുനൽകുക തുടങ്ങിയ കാര്യങ്ങളും നടത്തേണ്ടിയിരിക്കുന്നു.

സംരക്ഷണ ചുങ്കത്തെപ്പറ്റിയും ഇറക്കുമതി നിയന്ത്രണത്തെപ്പറ്റിയും റബർ വിലയിടിവിനെ സംബന്ധിച്ചും റബർ ബോർഡിന്റെ **"റബർ മാസിക"**യുടെ ആഗസ്റ്റ്/സെപ്റ്റംബർ ലക്കങ്ങളിൽ റബർ ബോർഡ് ഡെപ്യൂട്ടി ഡയറക്ടർ എഴുതിയ 2 ലേഖനങ്ങളിങ്ങനെ:

## റബർ വിപണി: മാറിയ സാഹചര്യങ്ങളും മാറാത്ത ധാരണകളും

റബർവില കുറഞ്ഞതുമൂലമുണ്ടായ പ്രതിസന്ധിയും പരിഹാരനിർദ്ദേശങ്ങളും കഴിഞ്ഞ രണ്ടു വർഷമായി മാധ്യമങ്ങളിൽ നിറഞ്ഞുനിൽക്കുന്നു. പുതിയ നിർദ്ദേശങ്ങളും നൂതന ആശയങ്ങളുമായി റിപ്പോർട്ടുകളും ലേഖനങ്ങളും മാധ്യമങ്ങളിൽ ദിവസവും വരുന്നു. യുക്തിപൂർവം എന്ന് വായനക്കാർക്ക് ഒറ്റ നോട്ടത്തിൽ തോന്നാവുന്ന ഈ നിർദ്ദേശങ്ങൾ യഥാർത്ഥത്തിൽ പ്രായോഗികവും മാറിയ സാഹചര്യങ്ങളെപ്പറ്റി ശരിയായ ധാരണകളിൽനിന്ന് ഉടലെടുത്തവയുമാണോ?

എഴുപതുകളിലും 80-കളിലും ഉണ്ടായിരുന്ന സാഹചര്യമല്ല ഇന്ത്യയിൽ ഇന്നുള്ളത്. സമ്പദ്‌രംഗത്തിന്റെ അടിസ്ഥാനസ്വഭാവങ്ങളിലും സമീപനങ്ങളിലും അടിമുടി മാറ്റം വന്നിരിക്കുന്നു. ഇന്ത്യയിൽ 1991 മുതൽനടപ്പാക്കിത്തുടങ്ങിയ സാമ്പത്തിക പരിഷ്കാരങ്ങളാണ് ഈ മാറ്റങ്ങളിലേക്കുള്ള തുടക്കം. 1994-ലെ ഗാട്ടുകരാറിൽ ഇന്ത്യയും ഭാഗമാണ്.

അതുപോലെ 1995-ൽ നിലവിൽവന്ന ലോകവ്യാപര സംഘടനയുടെ സ്ഥാപകാംഗവുമാണ് ഇന്ത്യ. ലോകവ്യാപാരസംഘടനയിൽ അംഗങ്ങളായ 180-ലധികം രാജ്യങ്ങൾ ഉൾപ്പെടുന്ന ലോകവിപണി അന്നു മുതൽ ഘട്ടം ഘട്ടമായി എല്ലാ തടസ്സങ്ങളും മാറി തുറന്നുകിട്ടിയപ്പോൾ (market access), ഇവിടുത്തെ വിപണി നമ്മൾക്കു തുറന്നുകൊടുക്കേണ്ടതായി വന്നു. മറ്റെല്ലാ മേഖലകൾക്കുമൊപ്പം റബർ മേഖലയ്ക്കും ഈ മാറ്റങ്ങൾ ബാധകമാണ്. **ഇന്ത്യൻ റബർ വിപണി അന്നുമുതൽ ലോകറബർ വിപണിയുടെ ഭാഗമാണ്. ഈ പശ്ചാത്തലത്തിൽ, വിപണിയിൽ നിലവിലുള്ള പ്രതിസന്ധി പരിഹരിക്കാൻ മാധ്യമങ്ങളിലൂടെ നിർദ്ദേശിക്കപ്പെട്ട വിവിധ ആശയങ്ങൾ പരിശോധിക്കണം.** ഈ വിഷയത്തിലേക്കു കടക്കുംമുമ്പ് ഗാട്ടുകരാറിൽ റബറുമായി ബന്ധപ്പെട്ട് ഇന്ത്യ കൊടുത്തിരിക്കുന്ന പ്രധാനപ്പെട്ട ഉറപ്പുകളിലേക്ക് ഒന്നു തിരഞ്ഞുനോക്കാം.

## ഗാട്ടുകരാർ

ഇന്ത്യൻ റബർ വിപണിയെ പൂർണമായി തുറന്നുകൊടുത്ത് ആഗോളവിപണിയുടെ ഭാഗമാക്കുന്നതിന് പ്രധാനമായും രണ്ട് ഉറപ്പുകളാണ് 1994-ലെ ഗാട്ടുകരാറിൽ നമുക്ക് കൊടുക്കേണ്ടിവന്നത്. പ്രകൃതിദത്ത റബറിന്റെ ഇറക്കുമതിയുടെ അളവു സംബന്ധിച്ച് അന്നു നിലവിലുള്ള എല്ലാ നിയന്ത്രണങ്ങളും നിശ്ചിത സമയപരിധിക്കുള്ളിൽ ഇല്ലാതാക്കാം എന്നതായിരുന്നു ഇതിൽ ആദ്യത്തേത്. അതായത്, **നിലവിലുള്ള ഇറക്കുമതിച്ചുങ്കം കൊടുത്ത് ആർക്കും യാതൊരു ലൈസൻസും കൂടാതെ ഏതു സമയത്തും എത്ര ടൺ പ്രകൃതിദത്ത റബർ വേണമെങ്കിലും ഇറക്കുമതി ചെയ്യാം. 2001 ഏപ്രിലിൽ നിലവിൽവന്ന ഈ സുപ്ര**

**ധാനനയംമാറ്റം കഴിഞ്ഞ 15 വർഷങ്ങളായി തുടരുന്നു.** നിയന്ത്രണരഹിതമായി ഇറക്കുമതി അനുവദിക്കുമ്പോൾത്തന്നെ, ആശാസ്യമല്ലാത്ത മത്സരങ്ങൾ ഒഴിവാക്കുന്നതിനും ഇറക്കുമതി ചെയ്യുന്ന റബറിന്റെ ഗുണനിലവാരം ഉറപ്പാക്കുന്നതിനും ആവശ്യമായ വ്യവസ്ഥകൾ ഗാട്ടുകരാറിലുണ്ട്.

ഇറക്കുമതിച്ചുങ്കം സംബന്ധിച്ചുള്ളതാണ് രണ്ടാമത്തെ ഉറപ്പ്. ആഗോളവ്യാപാരം ഏറ്റവും സുഗമമാക്കി മത്സരക്ഷമത വർദ്ധിപ്പിക്കുക എന്നതാണല്ലോ ലോകവ്യാപര സംഘടന പ്രധാനമായി ലക്ഷ്യമിടുന്നത്. അതിനാൽ അംഗങ്ങളായ രാജ്യങ്ങൾ അവരുടെ ഇറക്കുമതിനിരക്കുകൾ ക്രമാതീതമായി ഉയർത്തുന്നില്ല എന്ന് ഉറപ്പാക്കണം. ഓരോ രാജ്യവും ലോകവ്യാപാരസംഘടനയിൽ അംഗമാകുമ്പോൾ ഓരോ ഉത്പന്നത്തിനും പരമാവധി എത്രവരെ ഇറക്കുമതിനിരക്ക് ആകാം എന്ന് മുൻകൂട്ടി നിശ്ചയിച്ച്, ഈ നിരക്കുകൾ ഉൾപ്പെടുന്ന ഒരു ഷെഡ്യൂൾ (National Schedule) സംഘടനയ്ക്ക് സമർപ്പിച്ചിട്ടുണ്ട്. 'ബൗണ്ട് റേറ്റ്' എന്നറിയപ്പെടുന്ന ഈ നിരക്കുകൾ നിശ്ചയിക്കുന്നതിൽനിന്ന് ഒരു പരിധിവരെ ചില ഉത്പന്നങ്ങളെ ഒഴിവാക്കുന്നതിനുള്ള സ്വാതന്ത്ര്യം ഉണ്ടായിരുന്നു. പക്ഷേ, ഒരിക്കൽ നാഷണൽ ഷെഡ്യൂൾ സമർപ്പിച്ച് അംഗമായിക്കഴിഞ്ഞാൽ പിന്നീട് മാറ്റംവരുത്താൻ രാജ്യങ്ങൾക്ക് സ്വാതന്ത്ര്യമില്ല. **ഇന്ത്യ 1995-ൽ ലോകവ്യാപാര സംഘടനയുടെ സ്ഥാപകാംഗമായപ്പോൾ സമർപ്പിച്ച ഷെഡ്യൂൾ പ്രകാരം 25 ശതമാനമാണ് ലാറ്റക്സ് ഒഴികെയുള്ള എല്ലാത്തരം പ്രകൃതിദത്ത റബറിനും നിശ്ചയിച്ച Bound Rate. അതായത്, ലാറ്റക്സ് ഒഴികെയുള്ള എല്ലാത്തരം പ്രകൃതിദത്ത റബറിനും പരമാവധി 25 ശതമാനം ഇറക്കുമതിച്ചുങ്കം ചുമത്താൻ മാത്രമേ ഇന്ത്യയ്ക്ക് സ്വാതന്ത്ര്യമുള്ളൂ.** എന്നാൽ ലാറ്റക്സിനെ 'ബൗണ്ട് റേറ്റ്' നിശ്ചയിക്കുന്നതിൽനിന്ന് ഇന്ത്യ ഒഴിവാക്കിയിരുന്നു. അതായത്, ലാറ്റക്സിന് എത്ര ഉയർന്ന ഇറക്കുമതിച്ചുങ്കം ചുമത്താനും ഇന്ത്യക്ക് സ്വാതന്ത്ര്യമുണ്ട്.

റബർവില ഉയർത്താൻ മാധ്യമങ്ങളിലൂടെ കേരളസമൂഹം ദിനംതോറും പ്രധാനമായും കേട്ടുകൊണ്ടിരിക്കുന്നത് താഴെപ്പറയുന്ന ആശയങ്ങളാണ്.

1. ഇറക്കുമതി നിരോധനം
2. ഉയർന്ന ഇറക്കുമതിച്ചുങ്കം
3. ആന്റി ഡമ്പിങ് ഡ്യൂട്ടി
4. സേഫ്ഗാർഡ് നടപടി
5. കാർഷികോത്പന്നം എന്ന പ്രഖ്യാപനം
6. മിനിമം വില പ്രഖ്യാപനം
7. സംഭരണം
8. ആഭ്യന്തര ഉപഭോഗം

2001 മുതൽ നിലവിലുള്ളതും മുൻവിവരിച്ചതുമായ മാറിയ സാഹചര്യങ്ങളുടെ പശ്ചാത്തലത്തിൽ ഈ ഓരോ ആശയത്തിന്റെയും പ്രസക്തി പരിശോധിക്കാം.

## ഇറക്കുമതി നിരോധനം

വിലയിടിവിനു കാരണം അനിയന്ത്രിതമായ ഇറക്കുമതിയാണെന്നും അതിനാൽ ഇറക്കുമതി നിരോധിച്ചാൽ ആഭ്യന്തരവില താനെ ഉയരുമെന്നും ഈ ആശയത്തിന്റെ വക്താക്കൾ കരുതുന്നു. 2014-15-ൽ 442,130 ടൺ പ്രകൃതിദത്ത റബറാണ് ഇന്ത്യയിലേക്ക് ഇറക്കുമതി ചെയ്തത്. അതായത് ഇവിടെ ഉത്പന്നനിർമ്മാണത്തിനായി കഴിഞ്ഞ വർഷം ഉപഭോഗിച്ച 10.2 ലക്ഷം ടണ്ണിൽ 43 ശതമാനവും ഇറക്കുമതി ചെയ്യുകയായിരുന്നു. അതുമാത്രമല്ല, ഇറക്കുമതി നിരോധനം എന്നത് ഇന്ത്യ മുൻകാലങ്ങളിൽ നടപ്പാക്കി വിജയിച്ച തന്ത്രവുമാണ് എന്ന് ഇക്കൂട്ടത്തിൽ ചൂണ്ടിക്കാണിക്കുന്നു. ശരിയാണ്, റബർവില ഗണ്യമായി കുറഞ്ഞുനിന്ന 1973-79 കാലയളവിൽ ഇന്ത്യയിൽ റബർ ഇറക്കുമതി പൂർണമായി നിരോധിച്ചിരുന്നു. അതിനു പുറമെ, ആ കാലയളവിൽ വിപണിയിൽനിന്നു സംഭരിച്ച 26,400 ടൺ മിച്ച റബർ നഷ്ടം സഹിച്ച് സർക്കാർ കയറ്റി അയയ്ക്കുകയും ചെയ്തു.

പക്ഷേ, 1970-കളിൽ നിലനിന്ന സാഹചര്യമല്ല ഇന്നുള്ളത്. ഇറക്കുമതി പൂർണ്ണമായി നിരോധിക്കാൻ അന്ന് കേന്ദ്രസർക്കാരിനുമേൽ യാതൊരു തടസ്സവുമില്ലായിരുന്നു. ഇന്നത്തേതിൽനിന്നു വിഭിന്നമായി അക്കാലത്തെ നയം പോലും ഇറക്കുമതി ഒഴിവാക്കി വിദേശനാണ്യം സംരക്ഷിക്കുക എന്നായിരുന്നു. എന്നാൽ, നേരത്തെ വിശദമാക്കിയതുപോലെ ഇറക്കുമതി നിരോധിക്കാനോ നിയന്ത്രണവിധേയമാക്കാനോ ഉണ്ടായിരുന്ന സ്വാതന്ത്ര്യം 2001 മുതൽ കേന്ദ്രസർക്കാരിന് പൂർണമായി നഷ്ടപ്പെട്ടു. ഗുരുതര സ്വാഭാവമുള്ള ചില പ്രത്യേക സാഹചര്യങ്ങളിൽ മാത്രം വ്യവസ്ഥകൾക്ക് വിധേയമായി ഇറക്കുമതി നിയന്ത്രണമോ നിരോധനമോ ആകാം എന്ന് ഗാട്ടുകരാറിൽ പരാമർശിക്കുന്നുണ്ട്. രാജ്യസുരക്ഷയുമായി ബന്ധപ്പെട്ട ഉത്പന്നങ്ങളും മനുഷ്യനുൾപ്പെടെ ജീവജാലങ്ങളുടെ ജീവന് ഭീഷണി ഉയർത്തുന്ന ഉത്പന്നങ്ങളും ഇക്കൂട്ടത്തിൽപ്പെടും. എന്നാൽ പ്രകൃതിദത്ത റബർ ഇതിൽപ്പെടില്ല. രാജ്യം ഗുരുതരമായ വിദേശനാണ്യ പ്രതിസന്ധിയെ നേരിടുന്ന അത്യപൂർവ്വസാഹചര്യത്തിലും വ്യവസ്ഥകൾക്ക് വിധേയമായി ഇറക്കുമതിയിൽ നിയന്ത്രണമോ നിരോധനമോ ആകാം. അത്തരത്തിലുള്ള യാതൊരു സാമ്പത്തികസാഹചര്യവും നിലവിൽ ഇന്ത്യയിലില്ല. ചുരുക്കത്തിൽ, ഇറക്കുമതി നിരോധനം എന്ന ആശയം 2001 മുതൽ തികച്ചും അർത്ഥശൂന്യമാണ്.

## ഉയർന്ന ഇറക്കുമതിച്ചുങ്കം

ഇറക്കുമതിച്ചുങ്കം ഗണ്യമായി വർദ്ധിപ്പിച്ച് ഇറക്കുമതിച്ചെലവ് ഉയർത്താമെന്നും അങ്ങനെ ഇറക്കുമതി അനാകർഷകമാക്കുന്നതിലൂടെ ആഭ്യന്തരവില ഉയർത്താമെന്നുമുള്ള യുക്തിയാണ് ഈ ആശയമുള്ളവർ പങ്കുവയ്ക്കുന്നത്.

നിലവിൽ ലാറ്റക്സ് ഒഴികെയുള്ള പ്രകൃതിദത്ത റബറിനങ്ങൾക്ക് 25 ശതമാനം അഥവാ കിലോഗ്രാമിന് 30 രൂപ, ഇവയിൽ കുറഞ്ഞത് എന്ന നിരക്കിലാണ് ഇറക്കുമതിച്ചുങ്കം ചുമത്തുന്നത്. ഈ ഇനങ്ങളുടെ ബൗണ്ട് റേറ്റ് 25 ശതമാനം ആയതിനാൽ, നിലവിലുള്ളതാണ് പരമാവധി ചുമത്താവുന്ന ഇറക്കുമതിച്ചുങ്കം. നിലവിലുള്ള 25 ശതമാനം എന്ന നിരക്ക് ഉയർത്താൻ ഇന്ത്യയ്ക്ക് സ്വാതന്ത്ര്യം ഇല്ല. എന്നാൽ നിലവിൽ ചുമത്തുന്ന തീരുവയുടെ 'കിലോയ്ക്ക് 30 രൂപ' എന്ന പരിധി എടുത്തുമാറ്റാൻ സ്വാതന്ത്ര്യമുണ്ട്. അന്താരാഷ്ട്രവിപണിയിൽ നിലവിലുള്ള വില അനുസരിച്ച്, ഈ പരിധി എടുത്തുമാറ്റുന്നതുകൊണ്ട് ഇറക്കുമതിച്ചെലവിന് യാതൊരു വ്യത്യാസവും ഉണ്ടാകുന്നില്ല.

എന്നാൽ ലാറ്റക്സിന് ഇന്ത്യ ബൗണ്ട് റേറ്റ് നിശ്ചയിച്ചിട്ടില്ലാത്തതിനാൽ അതിന്റെ ഇറക്കുമതിച്ചുങ്കം പരിധികൂടാതെ ഉയർത്താൻ സ്വാതന്ത്ര്യമുണ്ട്. പക്ഷേ, ലാറ്റക്സിന്റെ ഇറക്കുമതി തുലോം തുച്ഛമാണ്. 2014-15-ൽ ഇറക്കുമതിചെയ്ത മൊത്തം പ്രകൃതിദത്ത റബറിൽ ലാറ്റക്സ് വെറും 2.1 ശതമാനം മാത്രമായിരുന്നു. ഇറക്കുമതിയുടെ 97.9 ശതമാനവും ലാറ്റക്സ് ഒഴികെയുള്ള ഇനങ്ങളായിരുന്നു. ഇവയുടെ ഇറക്കുമതിച്ചുങ്കം നിലവിലെ നിരക്കിൽനിന്ന് ഉയർത്താൻ ഇന്ത്യയ്ക്ക് സ്വാതന്ത്ര്യമില്ല. അതായത്, ഇറക്കുമതിച്ചുങ്കം ഉയർത്തുക എന്നത് തികച്ചും പ്രായോഗികമല്ലാത്ത ആശയമാണ്.

## ആന്റിഡംപിങ് ഡ്യൂട്ടി

കഴിഞ്ഞ നാലു വർഷങ്ങളിൽ ഇറക്കുമതി കുത്തനെ വർദ്ധിച്ചതിനാൽ, ഇത് ഡംപിങ് ആണെന്നും ഇറക്കുമതിയുടെമേൽ ഇന്ത്യയ്ക്ക് ആന്റിഡംപിങ് ഡ്യൂട്ടി എന്ന അധികതീരുവ ചുമത്താനാകുമെന്നുമാണ് ഉയർന്നുവന്നിട്ടുള്ള മറ്റൊരു ആശയം. അധികതീരുവ ചുമത്തി ഇറക്കുമതി അനാകർഷകമാക്കി ആഭ്യന്തരവില ഉയർത്താനാകുമെന്നുമാണ് ചൂണ്ടിക്കാണിക്കപ്പെടുന്നത്. ശരിയാണ്. ഇറക്കുമതി വൻതോതിലാണ് കഴിഞ്ഞ നാലു വർഷങ്ങളിൽ വർദ്ധിച്ചത്. എന്നാൽ, വൻതോതിൽ നടക്കുന്ന ഇറക്കുമതി എല്ലാം ഡംപിങ് ആയി കണക്കാക്കാനാകുമോ? ഗാട്ടിന്റെ ഇത് സംബന്ധിച്ച പ്രത്യേക കരാറിൽ ഡംപിങ്ങിനെ വ്യക്തമായി നിർവചിച്ചിട്ടുണ്ട്. വൻതോതിൽ നടക്കുന്ന ഇറക്കുമതി ഡംപിങ് ആയി കണക്കാക്കണമെങ്കിൽ ഒരു കാര്യം ആദ്യം തെളിയിക്കപ്പെടണം. കയറ്റുമതിരാജ്യം (ഉദാഹരണത്തിന് ഇന്തോനേഷ്യ) ആ രാജ്യത്ത് നിലവിലുള്ള വിപണിവിലയിലും കുറഞ്ഞ വിലയ്ക്ക്, അല്ലെങ്കിൽ ആ രാജ്യത്തെ ഉത്പാദനച്ചെലവിലും കുറഞ്ഞ നിരക്കിൽ ആണ് ഇന്ത്യയിലേക്ക് റബർ കയറ്റി അയച്ചതെന്ന് തെളിയിക്കപ്പെട്ടാൽ മാത്രമേ വൻതോതിൽ നടന്ന ഇറക്കുമതി ഡംപിങ് ആകുന്നുള്ളു. ഇതിനു പുറമെ, വൻതോതിൽ നടന്ന ഇറക്കുമതി മൂലം ആഭ്യന്തരവിപണിക്ക് പ്രകടമായ പരുക്ക് (material injury) സംഭവിച്ചു എന്നുകൂടി തെളിയിക്കപ്പെട്ടാൽ ഇന്ത്യയ്ക്ക് കയറ്റുമതിരാജ്യത്തിന്റെമേൽ ആന്റിഡംപിങ് ഡ്യൂട്ടി ഏർപ്പെടുത്താം.

ഇതുമായി ബന്ധപ്പെട്ട നടപടികൾക്കായി എല്ലാ അംഗരാജ്യങ്ങളിലും ആന്റിഡംപിങ് ഡയറക്ടറേറ്റും പ്രവർത്തിക്കുന്നുണ്ട്. ചൈനയിൽനിന്ന് ഇറക്കുമതി ചെയ്യുന്ന ചില യിനം ടയറുകൾക്ക് ഇന്ത്യ വർഷങ്ങളായി ആന്റിഡംപിങ് ഡ്യൂട്ടി ചുമത്തുന്നുണ്ട്. നിലവിലുള്ള ഇറക്കുമതിച്ചുങ്കത്തിന് പുറമെയാണിത് ചുമത്തുന്നത്.

ഇന്ത്യയിൽ 2014-15-ൽ ഇറക്കുമതി ചെയ്ത 442,130 ടൺ പ്രകൃതിദത്തറബറിൽ 43 ശതമാനം ഇന്തോനേഷ്യയിൽനിന്നും 26 ശതമാനം തായ്‌ലൻഡിൽനിന്നും 21 ശതമാനം വിയറ്റ്നാമിൽനിന്നുമായിരുന്നു. അതായത്, ഇറക്കുമതിയുടെ 90 ശതമാനവും ഈ മൂന്ന് രാജ്യങ്ങളിൽനിന്നായിരുന്നു. ഇതിൽ ഏതെങ്കിലും രാജ്യം ആ രാജ്യത്ത് നിലവിലുള്ള വിപണിവിലയിലും കുറഞ്ഞ വിലയ്ക്ക് ഇന്ത്യയിലേക്ക് റബർ വിറ്റതായി ആരോപിക്കപ്പെട്ടിട്ടുപോലുമില്ല. ആ രാജ്യത്തെ ഉത്പാദനച്ചെലവിലും കുറഞ്ഞ വിലയ്ക്ക് ഏതെങ്കിലും രാജ്യം ഇന്ത്യയിലേക്ക് റബർ വിറ്റതായി സംശയിക്കുന്നുമില്ല. അഥവാ ഉണ്ടെങ്കിൽ അതു തെളിയിക്കപ്പെടേണ്ടതുണ്ട്. ഇതിനുള്ള വ്യക്തമായ മാനദണ്ഡങ്ങളും മാർഗ്ഗനിർദ്ദേശങ്ങളും ഡംപിങ് സംബന്ധിച്ച പ്രത്യേക കരാറിൽ പ്രതിപാദിക്കുന്നുണ്ട്. ചുരുക്കത്തിൽ, ഇന്ത്യയിലേക്കുള്ള അമിതമായ റബർ ഇറക്കുമതി ഡംപിങ് ആയി കണക്കാക്കാൻ തൽക്കാലം നിർവാഹമില്ല. പിന്നെങ്ങനെ ആന്റിഡംപിങ് ഡ്യൂട്ടിയെപ്പറ്റി ചിന്തിക്കണം?

## സേഫ്ഗാർഡ് നടപടി

അനുവദനീയമായ രീതികളിൽ മാത്രമാണെങ്കിൽപോലും ഒരു രാജ്യത്ത് ഇറക്കുമതി വൻതോതിൽ വർദ്ധിച്ചാൽ ആ രാജ്യത്തിന്റെ ഉത്പാദനമേഖലയിൽ ഗുരുതരമായ പരുക്ക് (serious injury) ഉണ്ടാകാം. അനുവദനീയമായ ഇറക്കുമതിപോലും ഇത്തരം സാഹചര്യത്തിൽ സേഫ് ഗാർഡ് നടപടിയിലൂടെ നിയന്ത്രിക്കാം. ഇറക്കുമതി താൽക്കാലികമായി നിർത്തുകയോ സേഫ്ഗാർഡ് ഡ്യൂട്ടി (safeguard duty) എന്ന പേരിൽ അധിക തീരുവ ചുമത്തുകയോ ആണ് നടപടി.

ഇന്ത്യയിൽ ഇന്തോനേഷ്യയിൽനിന്നു വരുന്ന പ്രകൃതിദത്ത റബർ ഇറക്കുമതി ഉദാഹരണമായി എടുക്കാം. അനുവദനീയമായ രീതിയിൽ മാത്രമേ ഇന്തോനേഷ്യ ഇവിടേക്ക് റബർ വിൽക്കുന്നുള്ളൂ എന്ന് കരുതുക. ഇക്കാര്യത്തിൽ ഇന്ത്യയ്ക്ക് യാതൊരു തർക്കവുമില്ല എന്നും സങ്കല്പിക്കുക. പക്ഷേ, ക്രമാതീതമായി വർദ്ധിച്ചുവരുന്ന ഇറക്കുമതി നമ്മുടെ റബറുത്പാദനരംഗത്തിന് ഗുരുതരമായ പരിക്കേൽപ്പിക്കുന്നു. ഇത് ഇന്തോനേഷ്യയുടെ കുറ്റംകൊണ്ടുമല്ല. ഇന്തോനേഷ്യയിൽനിന്നുവരുന്ന ഇറക്കുമതിറബറിനെ അതിലും കുറഞ്ഞവിലയ്ക്ക്, ഗുണമേന്മയുള്ളതും ആഭ്യന്തരമായി ഉത്പാദിപ്പിച്ചതുമായ റബർകൊണ്ട് നേരിടാൻ നാം പ്രാപ്തരായില്ല എന്ന നമ്മുടെ കുറവുകൊണ്ടാണ് നമുക്ക് പരിക്കേൽക്കുന്നത്. ചുരുക്കം ചില വർഷങ്ങൾക്കൂടി കിട്ടിയാൽ ഉത്പാദനച്ചെലവ് കുറച്ച്, ഗുണമേന്മയിൽ വിട്ടുവീഴ്ച ചെയ്യാതെ മത്സരക്ഷമത കൈവരിക്കാം എന്ന് നമുക്കു തോന്നുന്നുണ്ടെങ്കിൽ, സേഫ്ഗാർഡ് നടപടിയെപ്പറ്റി ആലോചിക്കാം.

കരാറിൽ അംഗങ്ങളായ എല്ലാ രാജ്യങ്ങളിലും ഉള്ളതുപോലെ ഇന്ത്യയിലും പ്രവർത്തിക്കുന്ന സേഫ് ഗാർഡ് ഡയറക്ടർ ജനറലിന്റെ ഓഫീസിനെ ഇതിനായി സമീപിക്കാം. പ്രഥമദൃഷ്ട്യാ നടപടിക്രമങ്ങൾ വളരെ സുഗമമെന്നു തോന്നാം. പക്ഷേ, വ്യവസ്ഥകളുടെ നൂലാമാലകൾകൂടി മനസ്സിലാക്കുമ്പോൾ ഈ ധാരണ മാറും. ഇറക്കുമതി കുത്തനെ വർദ്ധിച്ചെന്നുള്ള ഒറ്റ കാരണംകൊണ്ടുതന്നെയാണ് ഉത്പാദനരംഗത്ത് ഗുരുതരമായ പരുക്ക് സംഭവിച്ചതെന്നും (causal linkage) തെളിയിച്ചാൽ ഒന്നാം ഘട്ടം കഴിഞ്ഞു.

എന്നാൽ, അനുവദനീയമായ രീതിയിൽ മാത്രം റബർ ഇറക്കുമതി ചെയ്യുന്ന ഇന്തതോനേഷ്യയിൽനിന്നുള്ള ഇറക്കുമതിയുടെമേൽ സേഫ്ഗാർഡ് നടപടി എടുക്കാൻ ആ രാജ്യം എന്തുതെറ്റു ചെയ്തു എന്ന ചോദ്യം ഉയരും. ഇറക്കുമതിയെ ചെറുക്കാൻ ആവശ്യമായ മത്സരക്ഷമത നമുക്ക് കൈവരിക്കാനാവാഞ്ഞത് ഇന്തോനേഷ്യയുടെ കുറ്റമല്ല. അതുകൊണ്ടുതന്നെ ഇന്തോനേഷ്യയുടെ ഇറക്കുമതിയുടെമേൽ സേഫ്ഗാർഡ് നടപടി എടുക്കാൻ ആ രാജ്യത്തിന്റെ സമ്മതം വാങ്ങണം. അതിനുവേണ്ടി അത്യാകർഷകമായ നഷ്ടപരിഹാരം വെച്ചുനീട്ടി പ്രലോഭിപ്പിക്കണം. നഷ്ടപരിഹാരം പണമായല്ല, മറിച്ച് ഇന്തോനേഷ്യയ്ക്ക് അതീവ താല്പര്യമുള്ള മറ്റേതെങ്കിലും ഉത്പന്നം (ഉദാഹരണത്തിന് പാമോയിൽ) തീരുവ കൂടാതെയോ കുറഞ്ഞ തീരുവയിലോ ഇന്ത്യയിലേക്ക് ഇറക്കുമതി ചെയ്യാൻ അനുവദിക്കാം. ഇന്തോനേഷ്യയുടെ പാംഓയിൽ ഇന്ത്യൻ വിപണി കീഴടക്കിയാൽ നമ്മുടെ കേരകർഷകരുടെ ഗതിയെന്താകും?

അഥവാ, എല്ലാ നൂലാമാലകളും കടന്ന് ഇന്തോനേഷ്യ കയറ്റുമതി വേണ്ടെന്നു വയ്ക്കാൻ തയാറായി എന്നു കരുതുക. ഇന്ത്യയിലേക്ക് കൂടുതൽ റബർ കയറ്റുമതി ചെയ്യാൻ കിട്ടിയ അവസരമായി തായ്‌ലൻഡും വിയറ്റ്നാമും ഇതിനെ കാണും. ഇന്തോനേഷ്യയുടെ അഭാവം ഈ രണ്ട് രാജ്യങ്ങളും ശരിക്കും മുതലെടുക്കും. അപ്പോൾ ഈ രണ്ടു രാജ്യങ്ങളുടെ പുറകെ ഇന്ത്യ സേഫ്ഗാർഡ് നടപടിക്കായി പോകേണ്ടിവരും. ആകർഷകമായ നഷ്ടപരിഹാരങ്ങൾ തായ്‌ലാൻഡിനും വിയറ്റ്നാമിനും നേരെയും വച്ചുനീട്ടേണ്ടിവരും. അങ്ങനെ പുതിയ നൂലാമാലകൾ രംഗത്തുവരും. ഇന്ത്യയിലേക്കുള്ള റബർ ഇറക്കുമതിയുടെമേൽ സേഫ് ഗാർഡ് നടപടി ഒട്ടും തന്നെ പ്രായോഗികമല്ല എന്ന് സാരം. കേരളത്തിലെ അസ്സോസിയേഷൻ ഓഫ് പ്ലാന്റേഴ്സ് (APK)

13 വർഷങ്ങൾക്കുമുമ്പ്, അതായത് 2002-ൽ, ഇതിനായി നീണ്ട പരിശ്രമങ്ങൾ നടത്തിയതാണ്.

## കാർഷികോത്പന്നം എന്ന പ്രഖ്യാപനം

ഗാട്ടിന്റെ ഭാഗമായ കാർഷിക ഉടമ്പടിയിൽ പ്രകൃതിദത്ത റബർ ഉൾപ്പെട്ടിട്ടില്ല. കാർഷിക ഉടമ്പടിയിൽ ഉൾപ്പെടുത്തിയാൽ കൂടുതൽ ഇറക്കുമതിച്ചുങ്കം ചുമത്താമെന്നും അനുവദനീയമായ സബ്സിഡികളുടെ പരിധി ഗണ്യമായി വർദ്ധിപ്പിക്കാമെന്നും ധരിച്ചുകൊണ്ട് നിർദ്ദേശങ്ങൾ ഉയരാറുണ്ട്. പക്ഷേ, എല്ലാ അംഗരാജ്യങ്ങളുടെയും സമ്മതം കൂടാതെ റബറിനെ കാർഷിക ഉടമ്പടിയിലേക്ക് മാറ്റാനാകില്ല. അതുകൊണ്ട് ഇതു തികച്ചും അപ്രായോഗികമാണ്, ഒരു പക്ഷേ, എന്നെങ്കിലും വിദൂരഭാവിയിൽ റബറിനെ കാർഷിക ഉടമ്പടിയിൽ കൊണ്ടുവന്നു എന്നു സങ്കൽപ്പിച്ചാൽപ്പോലും അതിന്റെ ബലത്തിൽ ഇന്ത്യ റബറിന് നിശ്ചയിച്ച് കരാർ ചെയ്ത 25 ശതമാനം എന്ന ബൗണ്ട് റേറ്റ് (bound rate) ഉയർത്താനാകില്ല. ഇന്ത്യയിലേക്ക് റബർ കയറ്റി അയയ്ക്കുന്ന മുഖ്യ രാജ്യങ്ങളായ ഇന്തോനേഷ്യ, തായ്‌ലൻഡ്, വിയറ്റ്നാം എന്നീ രാജ്യങ്ങൾ, അതായത്, കരാറുപ്രകാരം കയറ്റുമതിക്ക് താൽപര്യമുള്ള രാജ്യങ്ങൾ (parties of interest) സമ്മതിച്ചാൽ മാത്രമേ നമുക്ക് ബൗണ്ട് റേറ്റ് ഉയർത്താനാകൂ. ഇന്ത്യയിൽ അതിവേഗം വർദ്ധിച്ചുവരുന്ന റബർ ഇറക്കുമതി സാധ്യതയിൽ കണ്ണുനട്ടിരിക്കുന്ന ഈ മൂന്ന് രാജ്യങ്ങൾ ആഗ്രഹിക്കുന്നത് നമ്മുടെ ഇറക്കുമതിച്ചുങ്കം കുറയണം എന്നാണ്. അതിനാൽ നമ്മുടെ ബൗണ്ട് റേറ്റ് ഉയർത്താൻ ഈ രാജ്യങ്ങൾ സമ്മതിക്കില്ല എന്നു മാത്രമല്ല ഈ നീക്കം തടയാൻ മറ്റു രാജ്യങ്ങളുടെ പിന്തുണ സ്വരൂപിക്കുകയും ചെയ്യും. അതുകൊണ്ട് കാർഷിക ഉടമ്പടിയുടെ കീഴിലാക്കി റബറിന്റെ ഇറക്കുമതിച്ചുങ്കം വർദ്ധിപ്പിക്കാം എന്നത് ഒരു മിഥ്യാധാരണ മാത്രമാണ്.

കാർഷിക ഉടമ്പടിയിൽ വന്നാൽ റബറുത്പാദന മേഖലയിൽ കൊടുക്കുന്ന സബ്സിഡികൾ വർദ്ധിപ്പിക്കാൻ അത് സഹായകമാകുമോ? റബർ കാർഷിക ഉടമ്പടിയുടെ ഭാഗമല്ലാത്ത നിലവിലെ സ്ഥിതിയിൽപോലും മൊത്തം ഉത്പാദനമൂല്യത്തിന്റെ അഞ്ചുശതമാനം വരെ സബ്സിഡിയാകാം എന്ന് ഗാട്ടിന്റെ ഇതുമായി ബന്ധപ്പെട്ട പ്രത്യേക കരാർ (Agreement on Subsides and Countervailing Duties) വ്യക്തമാക്കുന്നു. അതിനാൽ സബ്സിഡി നൽകുന്നതിൽ തടസ്സങ്ങളൊന്നുമില്ല.

## മിനിമം വില പ്രഖ്യാപനം

ന്യായമായ മിനിമം വില നിശ്ചയിച്ച് സർക്കാർ ഉത്തരവിറക്കിയാൽ കർഷകന് ന്യായവില ഉറപ്പാക്കാമെന്ന ധാരണ പരക്കെയുണ്ട്. കർഷകന് ന്യായമായ വില ഉറപ്പാക്കാൻ 1942 മുതൽ പല കാലയളവുകളിൽ ഇത് വിജയകരമായി ഇന്ത്യയിൽ നടപ്പിലാക്കിയിട്ടുമുണ്ട്. പക്ഷേ, മാറിയ സാഹചര്യത്തിൽ, അതായത് നിയന്ത്രണരഹിതമായ ഇറക്കുമതി നിലവിൽ വന്ന 2001 മുതൽ ഇത് പ്രായോഗികമാണോ?

ആർ.എസ്.എസ്. 4-ാം തരം റബറിന്റെ ഏറ്റവും കുറഞ്ഞ വില കിലോയ്ക്ക് 180 രൂപാ എന്ന് നിശ്ചയിച്ച് സർക്കാർ ഉത്തരവിറക്കുന്നു എന്നു സങ്കല്പിക്കുക. ഉത്തരവനുസരിച്ച് 180 രൂപയിൽ കുറഞ്ഞ വിലയ്ക്ക് റബർ വിൽക്കുന്നതും വാങ്ങുന്നതും കുറ്റകരമാണ്. ഈ സാഹചര്യത്തിൽ ഇവിടെയുള്ള ടയർകമ്പനികളും മറ്റ് ഉത്പന്ന നിർമ്മാതതാക്കളും എങ്ങനെ പ്രതികരിക്കും? 2001-ന് മുമ്പായിരുന്നു എങ്കിൽ മറ്റു മാർഗ്ഗമൊന്നും ഇല്ലാതെ 180 രൂപ കൊടുത്ത് ഇവിടെനിന്നുതന്നെ റബർ വാങ്ങേണ്ടിവരുമായിരുന്നു. കർഷകന് തീർച്ചയായും പ്രയോജനപ്പെടുകയും ചെയ്യും. എന്നാൽ 2001 മുതൽ സ്ഥിതി മാറി. അന്താരാഷ്ട്ര വിപണിയിൽ കിലോഗ്രാമിന് 105 രൂപയ്ക്ക് റബർ ലഭ്യമാണല്ലോ. നിയന്ത്രണരഹിതമായി അത് ഇറക്കുമതി ചെയ്യാം. 25 ശതമാനം ഇറക്കുമതിച്ചുങ്കവും മറ്റെല്ലാ ചെലവുകളും കഴിഞ്ഞാലും 140 രൂപയ്ക്ക് ഫാക്ടറിയിൽ റബർ എത്തും. പിന്നെന്തിന് 180 രൂപയ്ക്ക് ആഭ്യന്തരവിപണിയിൽനിന്നും വാങ്ങണം. അതുകൊണ്ട് ടയർ നിർമ്മാതാക്കളും മറ്റ് ഉത്പന്നനിർമ്മാതാക്കളും ആഭ്യന്തരവിപണിയെ പൂർണമായി ഉപേക്ഷിച്ച് അന്താരാഷ്ട്രവിപണിയിൽനിന്നും റബർ വാങ്ങാൻ നിർബന്ധിതരാകും. ഇവിടെ ഉത്പാദിപ്പിക്കുന്ന റബർ ആർക്കും വേണ്ടാത്ത സ്ഥിതി അങ്ങനെ സംജാതമാകും, ഒരുപക്ഷേ, 130 രൂപയ്ക്ക് റബർ വിൽക്കാൻ കർഷകർ തയാറായാൽപോലും ആ വിലയ്ക്കു വാങ്ങുന്നത് കുറ്റകരമാകും. കച്ചവടക്കാർ അതിനു തയാറാകില്ല.

## സംഭരണം

സർക്കാർ ഉയർന്നവിലയ്ക്ക് വിപണിയിൽനിന്നു റബർ സംഭരിച്ചാൽ, ലഭ്യത കുറഞ്ഞ് വിപണിവില ഉയരും എന്ന ആശയമാണ് നിലവിലുള്ള പ്രതിസന്ധിക്കു പരിഹാരമായി ഏറ്റവും കൂടുതൽ നിർദ്ദേശിക്കപ്പെട്ടുകേട്ടത്. 1970-കളിലും 80-കളിലും 90-കളിലും ഇത് വിജയകരമായി നടപ്പാക്കിയിട്ടുണ്ട് എന്നും ചൂണ്ടിക്കാണിക്കപ്പെടുന്നു.

ഈ ആശയത്തിന്റെ പ്രായോഗികത പരിശോധിക്കാൻ ആഭ്യന്തരവിപണിയെ കടലിനു സമീപമുള്ള ഒരു നീന്തൽക്കുളത്തിനോട് ഉപമിക്കാം. നാലുചുറ്റും കൊട്ടിയടച്ച ഈ കുളത്തിലേക്ക് കടൽവെള്ളം പമ്പുചെയ്തു മാറ്റാം. ആഗ്രഹിക്കുന്നതുപോലെ ഇതിലെ ജലനിരപ്പ് നില നിർത്താം. എന്നാൽ, കുളത്തെ കടലിൽനിന്നു വേർപെടുത്തി നിർത്തിയിരുന്ന മതിൽക്കെട്ട് 2001-ൽ പൊളിച്ചുമാറ്റി. അതായത് കുളത്തെ കടലുമായി ബന്ധിപ്പിച്ച് ഏതാണ്ട് കടലിന്റെതന്നെ ഭാഗമാക്കി. പിന്നീട് കുളത്തിലെ വെള്ളം എത്ര പമ്പുചെയ്താലും ജലനിരപ്പ് താഴില്ല. കുളത്തിൽനന്നു വെള്ളം പമ്പുചെയ്ത് മാറ്റുംതോറും അത്രയും തന്നെ അളവ് വെള്ളം കടലിൽനിന്ന് കുളത്തിലേക്ക് ഒഴുകിയെത്തും.

ഇറക്കുമതി പൂർണമായി നിയന്ത്രണരഹിതമായ 2001 മുതൽ, എത്ര ടൺ റബർ ആഭ്യന്തരവിപണിയിൽനിന്നു സംഭരിച്ചാലും അതുകൊണ്ട് വിപണിയിലെ ലഭ്യത കുറയില്ല. സംഭരിക്കുംതോറും കൂടുതൽ ഇറക്കുമതി റബർവിപണിയിലേക്ക് ഒഴുകിയെത്തിക്കൊണ്ടിരിക്കും. അതുകൊണ്ടുതന്നെ, ലക്ഷ്യമിടുന്നപോലെ ആഭ്യന്തരവിപണി ഉയരില്ല. അതു മാത്രമല്ല, സർക്കാർ സംഭരിച്ചുസൂക്ഷിക്കുന്ന റബർ, ആഭ്യന്തരവില കൂടുതൽ ഇടിയാൻ മറ്റൊരു കാരണമാകുകയും ചെയ്യും. ചുരുക്കത്തിൽ, സംഭരണം ഒരു പാഴ്‌വേലയാണെന്നു മാത്രമല്ല, ആഭ്യന്തരവിപണിയിൽ ഇറക്കുമതി കുമിഞ്ഞുകൂടി വില പിന്നെയും ഇടിയാൻ കാരണവുമാകും. സംഭരിച്ച റബർ കുറഞ്ഞവിലയ്ക്ക് പിന്നീട് വിൽക്കേണ്ടിവരുമ്പോൾ അത് വീണ്ടും ആഭ്യന്തരവിപണിയെ ഇടിക്കും എന്നു മാത്രമല്ല സർക്കാരിന് സാമ്പത്തികനഷ്ടവും ഉണ്ടാക്കുകയും ചെയ്യും. കർഷകനും സർക്കാരിനും ഒരുപോലെ നഷ്ടം വരുത്തുന്ന ഈ ആശയം മാറിയ സാഹചര്യത്തിൽ പ്രായോഗികമല്ല.

**പോയ കാലങ്ങളിൽ നടപ്പാക്കിയിരുന്ന തന്ത്രങ്ങൾ അക്കാലങ്ങളിൽ നിലനിന്ന സാഹചര്യങ്ങൾക്കനുസരിച്ച് രൂപകൽപന ചെയ്തവയാണ്. സാഹചര്യങ്ങൾ മാറുമ്പോൾ അതനുസരിച്ച് സമീപനങ്ങളിലും തന്ത്രങ്ങളിലും മാറ്റം അനിവാര്യമാണ്. തായ്‌ലൻഡും മലേഷ്യയും**

**സ്വന്തം രാജ്യങ്ങളിലെ വിപണിവില ഉയർത്താൻ ശ്രമിക്കുന്നതിനുപകരം പ്രോത്സാഹനമായി സഹായധനം (incentives) കർഷകർക്ക് നേരിട്ട് പണം ലഭ്യമാക്കുന്നതിനാണ് മുൻഗണന കൊടുത്തിരിക്കുന്നത്. അങ്ങനെ കർഷകന്റെ വരുമാനം ഒരു പരിധിവരെ ഉറപ്പാക്കാൻ ശ്രമിക്കുന്നു. റബർബോർഡുമായി സഹകരിച്ച് ഇപ്പോൾ കേരള സർക്കാർ നടപ്പാക്കുന്ന, കർഷകർക്ക് റബറിനു കിലോഗ്രാമിന് 150 രൂപ ഉറപ്പാക്കുന്ന റബർസഹായപദ്ധതിയും ഇത്തരത്തിലുള്ളതാണ്.**

## ആഭ്യന്തര ഉപഭോഗം

സർക്കാർ ഇടപെടലിലൂടെ ആഭ്യന്തര ഉപഭോഗം വർദ്ധിപ്പിച്ചാൽ, വിപണിയിൽ ലഭ്യത കുറഞ്ഞ് വില വർദ്ധിക്കും എന്ന ആശയമാണ് മറ്റൊന്ന്. റോഡ് ടാറിങ്ങിന് റബർ ചേർന്ന ബിറ്റുമിൻ, കെട്ടിട നിർമ്മാണരംഗത്ത് ഭൂകമ്പ പ്രതിരോധബയറിങ്, റബറുപയോഗിച്ചുള്ള തടയണനിർമ്മാണം തുടങ്ങി പല മേഖലകളിലും പ്രകൃതിദത്ത റബറിന് പരമ്പരാഗതമല്ലാത്ത ഉപഭോഗം കണ്ടെത്താനാകും. ഉപഭോഗമേഖല കൂടുതൽ വ്യാപിക്കുമ്പോൾ ഡിമാന്റ് വർദ്ധിച്ച് വില വർദ്ധനവിന് സഹായകരമാകും എന്ന ആശയമാണ് ഇതിനു പിന്നിൽ.

പരമ്പരാഗതമല്ലാത്ത ഉപഭോഗമേഖലകൾ വികസിപ്പിക്കുന്നതിന്റെ ഫലമായി രാജ്യത്ത് റബറിന്റെ വാർഷിക ഉപഭോഗം 50,000 ടൺ വർദ്ധിക്കുന്ന എന്നു സങ്കല്പിക്കുക. ഈ 50000 ടൺ ഉത്പന്ന നിർമ്മാതാക്കൾ വാങ്ങുന്നത് രണ്ട് വ്യത്യസ്തമാർഗ്ഗങ്ങളിലൂടെ ആയിരിക്കും. താരതമ്യേന കുറഞ്ഞ ചെലവിൽ റബർ ലഭ്യമാകുന്നതിന് ഇറക്കുമതി ചെയ്യുക എന്ന മാർഗ്ഗമാണ് ഇവയിൽ ആദ്യത്തേത്. ഇറക്കുമതിയിലൂടെ അധിക ആവശ്യത്തിനു റബർ കണ്ടെത്തുന്നതിന് ഉത്പന്നനിർമ്മാതാക്കൾക്ക് എല്ലാ സ്വാതന്ത്ര്യവുമുണ്ട്.

ഇന്ത്യയിൽതന്നെ ഉത്പാദിപ്പിച്ച റബർ ആഭ്യന്തരവിപണിയിൽനിന്നു വാങ്ങി അധിക ആവശ്യമായ 50,000 ടൺ കണ്ടെത്തുക എന്നതാണ് രണ്ടാമത്തെ മാർഗ്ഗം. ഇത് ആഭ്യന്തരവിപണിയിൽനിന്നും 50,000 ടൺ അധികമായി ഇല്ലാതാകുന്നതിന് കാരണമാകുന്നു. ഈ സാഹചര്യത്തിൽ ലഭ്യത കുറഞ്ഞ് ആഭ്യന്തരവിപണിയിൽ വില വർദ്ധിക്കാൻ സാധ്യതയുണ്ട്. ലോകവിപണിയുമായി ബന്ധമില്ലാത്ത ഒറ്റപ്പെട്ട തുരുത്തായിരുന്നു ഇന്ത്യയിലെ വിപണിയെങ്കിൽ ഈ ധാരണ ശരിയായിരുന്നു. എന്നാൽ മുമ്പു സൂചിപ്പിച്ചപോലെ, കടലുമായി ബന്ധപ്പെട്ടു കിടക്കുന്ന കുളംപോലെയാണ് ഇപ്പോൾ ആഭ്യന്തര വിപണി. 50,000 ടൺ ആഭ്യന്തര റബർ, ആഭ്യന്തരവിപണിയിൽനിന്ന് അധികമായി വാങ്ങിയാൽ അതുകാരണം വിപണിയിൽ ദൗർലഭ്യം ഉണ്ടാകില്ല. ആഭ്യന്തര ഉപഭോഗം വർദ്ധിച്ച് വിപണിയിൽ ലഭ്യത കുറവുണ്ടാകുന്നമുറയ്ക്ക് അന്താരാഷ്ട്ര വിപണിയിൽനിന്നും ഇറക്കുമതി റബർ ഇവിടേക്ക് എത്താൻ സാധ്യതയുണ്ട്. അതായത്, ആഭ്യന്തര ഉപഭോഗം വർദ്ധിച്ചാൽ അതുകാരണം ആഭ്യന്തരവിപണിയിലെ ലഭ്യത കുറഞ്ഞ് വില വർദ്ധിക്കണമെന്നില്ല.

റബർവില ഉയർത്താൻ വിദഗ്ദ്ധർ ചൂണ്ടിക്കാണിക്കുന്നതൊന്നും പ്രായോഗികമായി വിജയിക്കില്ല എന്ന് ഈ ലേഖനങ്ങൾ തെളിയിക്കുന്നു.

സംസ്ഥാനസർക്കാരിന്റെ നിയന്ത്രണത്തിൽ സംസ്ഥാന സർക്കാരിന്റെ പണം ഉപയോഗിച്ച് മാർക്കറ്റ് വിലയെക്കാൾ 2 രൂപ/5 രൂപ കൂട്ടി റബർ സംഭരിച്ചാൽ റബർവില ഉയരുമെന്ന റബർ വിദഗ്ദ്ധരുടെ നിർദ്ദേശത്തെ തുടർന്ന് 2014 ഒക്ടോബറിൽ സംസ്ഥാന സർക്കാർ അതിനു തയാറായെങ്കിലും റബർവില ഉയർന്നില്ല. റബർകർഷകർക്ക് 2 രൂപാ കൂട്ടിനൽകാൻ റബർ സംഭരിച്ച മാർക്കറ്റിംഗ് ഫെഡറേഷനുകൾക്ക് കൈകാര്യച്ചിലവിനായി ഒരു കിലോയ്ക്ക് 7 രൂപാ വരെ നൽകേണ്ടിവന്നു എന്നായിരുന്നു വാർത്തകൾ.

റബർ സംഭരണ പ്രഖ്യാപനം കർഷകരുടെ കണ്ണിൽ പൊടിയിടുന്ന തന്ത്രം എന്നായിരുന്നു 16-10-2014-ൽ പി. സി. സിറിയക് പ്രതികരിച്ചത്. അദ്ദേഹത്തിന്റെ പ്രതികരണമിങ്ങനെ:

## റബർ സംഭരണ പ്രഖ്യാപനം കർഷകരുടെ കണ്ണിൽ പൊടിയിടുന്ന തന്ത്രം:

- പി.സി. സിറിയക്

കോട്ടയം: തുച്ഛമായ അഞ്ചുരൂപ സബ്സിഡിയോടെ റബർ സംഭരിക്കുന്നതുകൊണ്ടൊന്നും റബർവില ഉയർത്താനോ കർഷകരെ രക്ഷിക്കാനോ കഴിയില്ലെന്നു റബർബോർഡ് മുൻ ചെയർമാൻ പി.സി. സിറിയക്. **കിലോയ്ക്കു കുറഞ്ഞത് 150 രൂപ ലഭിക്കുന്നില്ലെങ്കിൽ റബർ കൃഷി ഭീമമായ നഷ്ടമാണ്.** എട്ടുമാസം മുമ്പു രണ്ടു രൂപ സബ്സിഡിയോടെ നടത്തിയ സംഭരണം സമ്പൂർണ്ണ പരാജയത്തിലാണു കലാശിച്ചത്.

**ഇനി സംഭരണം നടത്തിയാൽതന്നെ റബർ മാർക്കറ്റിംഗ് സൊസൈറ്റികൾ മുഖേനയല്ല ആർ.പി.എസുകൾ മുഖേനയാണ് സംഭരണം നടത്തേണ്ടത്.** ചെറുകിട വ്യാപാരികളും വൻകിട കർഷകരും സൊസൈറ്റികളിൽ ഷീറ്റ് വിറ്റ് സംഭരണത്തിന്റെ സബ്സിഡി വാങ്ങിയെടുക്കും. കടബാധ്യതയിലും സാമ്പത്തിക തകർച്ചയിലും നട്ടംതിരിയുന്ന ചെറുകിട കർഷകർക്കു നേട്ടമൊന്നും ലഭിക്കാൻ ഇടയില്ല. മുമ്പു റബർ സംഭരിച്ചവേളയിൽ കർഷകർക്കും സൊസൈറ്റികൾക്കും കൃത്യമായി പണം നൽകുന്നതിൽപ്പോലും സർക്കാർ പരാജയമായിരുന്നു. **ഓരോ ഗ്രാമത്തിലെയും കർഷകർ ആർ.പി.എസുകൾ മുഖേന ഷീറ്റ് നൽകിയാൽ ഗ്രേഡിലും വിലയിലും തട്ടിപ്പിന് ഇരയാകില്ല.**

കേരളത്തിലെ എല്ലാ റോഡുകളും അടുത്ത പത്തു വർഷത്തേക്കു റബറൈസ്ഡ് ബിറ്റുമിൻ ഉപയോഗിച്ചു ടാറിംഗ് നടത്തുമെന്നു പ്രഖ്യാപിക്കാൻ സർക്കാർ എന്തിനു മടിക്കുന്നു. റോഡ് നിർമാണ കരാറുകാരും ഉദ്യോഗസ്ഥലോബിയും റോഡ് റബറൈസേഷന് എതിരാണ്. റോഡ് മെച്ചപ്പെടുകയും അറ്റകുറ്റപ്പണി ഇല്ലാതാവുകയും ചെയ്താൽ ഇവർക്ക് വർഷാവർഷം വരുമാനം ലഭിക്കില്ല. റോഡുകൾ പൂർണമായി റബറൈസ് ചെയ്താൽ നോക്കിനിൽക്കെ റബർവില ഉയരും. ഇവിടെ കെട്ടിക്കിടക്കുന്ന ലാറ്റക്സ് പൂർണ്ണമായി പ്രയോജനപ്പെടുത്തുകയും ചെയ്യാം.

കേരളത്തിൽ റബർ മേഖലയുമായി ബന്ധമുള്ള എം. പി.മാർ പാർലമെന്റിനു മുന്നിൽ അനിശ്ചിതകാല സത്യഗ്രഹം നടത്താൻ തയാറായാൽ കേന്ദ്ര സർക്കാരിനു കണ്ണു തുറക്കാതിരിക്കാനാവില്ല. അതല്ലാതെ ജനങ്ങളുടെ കണ്ണിൽ പൊടിയിടാൻ കോട്ടയത്ത് റബർബോർഡ് ആസ്ഥാനത്തിനുമുന്നിലും തിരുവനന്തപുരത്ത് സെക്രട്ടറിയേറ്റ്പടിക്കലും നടുറോഡിലുമൊന്നും പ്രതിഷേധിച്ചിട്ടു കാര്യമില്ല. ഇൻഫാം പ്രസിഡന്റുകൂടിയായ പി,.സി. സിറിയക് പറഞ്ഞു.

നിലവിലുള്ള സാഹചര്യത്തിൽ റബർ ഇറക്കുമതി പൂർണ്ണമായി നിറുത്തുകയോ ഇറക്കുമതിച്ചുങ്കം ഇരട്ടിയായി വർദ്ധിപ്പിക്കുകയോ ചെയ്യാതെ റബർവില ഉയരില്ല. വൻകിട കർഷകരും തോട്ടം ഉടമകളും ടാപ്പിംഗ് നിറുത്തിവച്ച് ഉത്പാദനം കുറയ്ക്കാനും തയാറാകണം. നഷ്ടം സഹിച്ച് ഉത്പാദനം നടത്തിയിട്ട് കാര്യമില്ല. വില കുഞ്ഞുനിൽക്കുന്ന സാഹ

ചരിത്രത്തിൽ കാലപ്പഴക്കം ചെന്ന മരങ്ങൾ വെട്ടിമാറ്റി റീപ്ലാന്റിംഗ് നടത്താൻ കർഷകർ തയാറാകണം.

കേരളത്തിലെ റബർതടി മറ്റ് സംസ്ഥാനങ്ങളിൽ വിറ്റഴിക്കാൻ സംസ്ഥാന സർക്കാർ നടപടിയുണ്ടാകണം. പെരുമ്പാവൂർ, കാലടി ലോബിയാണ് ഇന്ന് റബർതടിക്ക് വില നിശ്ചയിക്കുന്നത്. മറ്റു സംസ്ഥാനങ്ങളിൽ തടി നേരിട്ടു വിറ്റാൽ റബർതടിക്ക് മെച്ചപ്പെട്ട വിലകിട്ടും.

റബറിന്റെ വിലയിലും വിൽപനയിലും നിയന്ത്രണ സംവിധാനങ്ങൾ കൊണ്ടുവരാനാവുന്ന രീതിയിൽ റബർ നിയമം ഭേദഗതി ചെയ്ത് റബർ ട്രേഡിംഗ് കോർപ്പറേഷൻ രൂപീകരിക്കാൻ കേന്ദ്രസർക്കാർ തയാറാവണമെന്നായിരുന്നു പ്രതിപക്ഷനേതാവ് വി.എസ്. അച്ച്യുതാനന്ദന്റെ നിലപാട്. ഇതാ 22-10-2014-ലെ ഇതു സംബന്ധിച്ച വാർത്ത-

### റബർ ട്രേഡിംഗ് കോർപറേഷൻ രൂപവത്ക്കരിക്കണം:

-വി.എസ്. എച്യുതാനന്ദൻ

കോട്ടയം: റബർ നിയമം ഭേദഗതിചെയ്ത് റബർ ട്രേഡിംഗ് കോർപറേഷൻ രൂപവത്കരിക്കാൻ കേന്ദ്രസർക്കാർ തയാറാവണമെന്നും ഇതുവഴി റബറിന്റെ വില്പനയിലും വിലയിലും നിയന്ത്രണസംവിധാനങ്ങൾ കൊണ്ടുവരാൻ കഴിയുമെന്നും പ്രതിപക്ഷനേതാവ് വി.എസ്. അച്ച്യുതാനന്ദൻ കോട്ടയം കെ.പി.എസ്.മേനോൻ ഹാളിൽ ഇടതുപക്ഷ സംയുക്ത കർഷകസമിതിയുടെ സമരപ്രഖ്യാപന കൺവെൻഷൻ ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം.

റബർ വിൽപ്പനയുടെ കാര്യത്തിലോ വില നിർണയത്തിന്റെ കാര്യത്തിലോ കാര്യമായൊരു പങ്കും റബർബോർഡ് വഹിക്കുന്നില്ല. റബറിന്റെ ഗവേഷണം, പരിശീലനം തുടങ്ങിയ കാര്യങ്ങളിലാണ് ശ്രദ്ധിക്കുന്നത്. കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ തലതിരിഞ്ഞ നയസമീപനങ്ങൾമൂലം റബറിന് മെച്ചപ്പെട്ട വില ലഭിക്കാനും റബർ കർഷകരുടെ താൽപര്യങ്ങൾ സംരക്ഷിക്കാനും കഴിയാതെപോകുന്നു.

മൻമോഹൻസിങ് നയിച്ച മുൻ യു.പി. സർക്കാരും നരേന്ദ്രമോദി നയിക്കുന്ന ഇപ്പോഴത്തെ എൻ.ഡി.എ. സർക്കാരും ജനദ്രോഹനയങ്ങളാണ് പിന്തുടരുന്നത്. ഇതു തിരുത്താൻ പ്രക്ഷോഭങ്ങളല്ലാതെ മറ്റു മാർഗ്ഗങ്ങളില്ല. ഇറക്കുമതിനയം തിരുത്തി റബർകർഷകർക്ക് അനുകൂലമായ നിലപാട് എടുപ്പിക്കാൻ കേന്ദ്രസർക്കാരിൽ സമ്മർദ്ദം ചെലുത്താൻ സംസ്ഥാന സർക്കാർ തയാറാവണമെന്നും വി.എസ്. അച്ച്യുതാനന്ദൻ ആവശ്യപ്പെട്ടു. ഉത്പാദനച്ചിലവുമായി ബന്ധപ്പെടുത്തി ഒരു കിലോ റബറിന് 200 രൂപ താങ്ങുവില നിശ്ചയിക്കണമെന്ന് ഇടതുപക്ഷ സംയുക്ത കർഷകസമിതി സമരപ്രഖ്യാപന കൺവൻഷൻ ആവശ്യപ്പെട്ടു. റബർ സംഭരണം റബർബോർഡ് മുഖാന്തരം സംസ്ഥാന സർക്കാർ ഏറ്റെടുക്കുക, വിലസ്ഥിരതാ ഫണ്ട് റബർ കർഷകരെ സഹായിക്കാൻ മാറ്റിവയ്ക്കുക തുടങ്ങിയ 14 ഇന ആവശ്യങ്ങളും കൺവൻഷൻ കേന്ദ്ര-സംസ്ഥാന സർക്കാരുകളോട് ആവശ്യപ്പെട്ടു. ഇടതുപക്ഷ സംയുക്ത കർഷകസമിതി കൺവീനറും കർഷകസംഘം സംസ്ഥാന സെക്രട്ടറിയുമായ കെ.വി. രാമകൃഷ്ണനാണ് സമരപ്രഖ്യാപന പ്രമേയം അവതരിപ്പിച്ചത്. (ദീപിക 11-10-2014)

മേൽ വിവരിച്ച നിർദ്ദേശങ്ങളുടെയും വിശകലങ്ങളുടെയും നിലപാടുകളുടെയും പശ്ചാത്തലത്തിലായിരിക്കണം റബർവില ഉയർത്താൻ എന്തുചെയ്യാനാവുമെന്ന് സത്യസന്ധനായ ഒരു പൊതുപ്രവർത്തകൻ ചിന്തിക്കേണ്ടത്. കേരളാ കോൺഗ്രസ് ചെയർമാനും അന്നത്തെ സംസ്ഥാന ധനകാര്യമന്ത്രിയുമായിരുന്ന കെ.എം. മാണി റബർ വിലയിടിവു തടയാനുള്ള പ്രായോഗിക മാർഗ്ഗങ്ങളെക്കുറിച്ച് റബർ മേഖലയിലെ വിദഗ്ദ്ധരും റബർ കർഷകരും പ്രാദേശിക ആർ.പി.എസ് പ്രസിഡന്റുമാരും ഒക്കെയായി ഒരുവർഷത്തിലേറെക്കാലം നടത്തിയ സംവാദങ്ങളുടെയും ചർച്ചകളുടെയും വെളിച്ചത്തിലായിരുന്നു 2015 മാർച്ചിലെ സംസ്ഥാന ബഡ്ജറ്റിൽ റബർ സംഭരണത്തിനായി റബർ ഉൽപാദക സംഘങ്ങളെ ഉപയോഗിച്ച് റബറിന് 150 രൂപാ നൽകാനുള്ള പദ്ധതിയായ "റബർ ഉൽപാദക ഉത്തേജന പദ്ധതി" ധനമന്ത്രി കെ.എം. മാണി പ്രഖ്യാപിച്ചത്. വ്യക്തിപരമായി എന്ത് അനിഷ്ടങ്ങൾ ഉണ്ടെങ്കിലും ഒരു കാര്യം നാം സമ്മതിക്കണം, ഇന്ന് കേരളം ഏറെ കൊട്ടിഘോഷിക്കുന്ന നിരവധി നൂതന ആശയങ്ങളുടെ ഉപജ്ഞാതാവാണ് കെ.എം. മാണി. കർഷകത്തൊഴിലാളി പെൻഷൻ അടക്കം മിക്ക പെൻഷൻ പദ്ധതികളും കർഷക പെൻഷൻ, കാരുണ്യ ലോട്ടറി ഒക്കെ മാണിയുടെ സംഭാവനയാണ്. അതിനെ വിലകുറച്ചുകാണരുത്.

ചൂഷണത്തിനും ചോർച്ചയ്ക്കുമുള്ള പഴുതുകൾ അടച്ച് ആധുനിക സാങ്കേതിക വിദ്യകൾ ഉപയോഗിച്ച് റബർ ബോർഡ് ദൈനംദിനം പ്രസിദ്ധീകരിക്കുന്ന വിപണിവിലയും 150 രൂപയും തമ്മിലുള്ള വ്യത്യാസം കർഷകരുടെ ബാങ്ക് അക്കൗണ്ടുകളിലേക്കു നൽകുന്ന പദ്ധതിയായിരുന്നു കെ.എം. മാണി ബഡ്ജറ്റിൽ വിഭാവനം ചെയ്തത്. രാജ്യത്തെതന്നെ കർഷകർക്കായുള്ള ആദ്യ ഡി.ബി.റ്റി (Direct Benefit Transfer) പദ്ധതിയായിരുന്നു ഇത്. ഇതിന്റെ പ്രവർത്തനവിജയം രാജ്യമാകെ ഉറ്റുനോക്കുകയാണ്.

റബറിന് 150 രൂപ ഉറപ്പാക്കുന്ന പദ്ധതിയെപ്പറ്റി 3-7-2015-ലെ മലായളമനോരമ വാർത്ത ഇങ്ങനെ:

### ഉല്പാദകസംഘമില്ലെങ്കിലും റബറിന് 150 രൂപ

തിരുവനന്തപുരം: റബറിനു കിലോയ്ക്കു 150 രൂപ ഉറപ്പാക്കാൻ സർക്കാർ പ്രഖ്യാപിച്ച 300 കോടി രൂപയുടെ വിലസ്ഥിരതാ പദ്ധതി സംസ്ഥാനത്തെ മുഴുവൻ റബർ കർഷകർക്കും പ്രയോജനകരമാക്കാൻ സഹകരണമേഖലയുടെ സഹായം തേടുന്നു. റബർ ഉല്പാദക സംഘങ്ങൾ ഇല്ലാത്ത മേഖലകളിൽ സർവീസ് സഹകരണ ബാങ്കുകളും വഴി കർഷകർക്കു രജിസ്ട്രേഷനും റബർ വിൽപനയ്ക്കും സംവിധാനം ഒരുക്കും.

പദ്ധതി രജിസ്ട്രേഷൻ ഇന്നു തുടങ്ങും. രജിസ്ട്രേഷൻ നടപടി പൂർത്തിയാക്കാൻ ഒരു മാസമെടുക്കുമെന്നാണു ധനവകുപ്പിന്റെ കണക്കുകൂട്ടൽ. റബർ ഉല്പാദകസംഘങ്ങളില്ലാത്ത മേഖലകളേതെന്ന് അതിനിടെ മനസ്സിലാക്കി പകരം സംവിധാനമൊരുക്കും.

പദ്ധതിയുമായി ബന്ധപ്പെട്ട സർക്കാർ ഉത്തരവ് ഇന്നിറങ്ങും. റബർ ഉല്പാദക സംഘങ്ങൾ വഴിയുള്ള രജിസ്ട്രേഷനിലൂടെ കർഷകരുടെ കൂട്ടായ്മ സൃഷ്ടിക്കാനാകുമെന്നും ഇതു ഭാവിയിൽ കൃത്രിമ വിലയിടിവു നിയന്ത്രിക്കാൻ ഉപയോഗപ്പെടുമെന്നും സർക്കാർ കരുതുന്നു. കൃഷിക്കാരുടെ സഹകരണമില്ലായ്മയാണു വിലയിടിവു നിയന്ത്രിക്കാനുള്ള സർക്കാർ നടപടികൾ ഫലപ്രദമാക്കാത്തതെന്നു ചൂണ്ടിക്കാട്ടിയിരുന്നു.

ധനവകുപ്പ് മേധാവി കെ.എം. എബ്രഹാമിന്റെ മേൽനോട്ടത്തിൽ നാഷണൽ ഇൻഫർമാറ്റിക്സ് സെന്റർ (എൻ.ഐ.സി.) തയാറാക്കിയ സോഫ്റ്റ്‌വെയറിൽ അർഹരല്ലാത്തവർക്കു സബ്സിഡി നൽകുന്നതു തടയാനുള്ള സാങ്കേതികവിദ്യയും ഉൾപ്പെടുത്തിയിട്ടുണ്ട്. വൻകിട കർഷകർക്കു

സബ്സിഡി നൽകാനോ ചെറുകിടക്കാർക്കു നിശ്ചയിച്ച പരിധിയിൽ കൂടുതൽ വിൽപന നടത്തി സബ്സിഡി നേടാനോ കഴിയില്ല.

● അതതു പ്രദേശത്തെ റബർ ഉല്പാദകസംഘങ്ങൾ വഴി കർഷകർക്കു രജിസ്റ്റർ ചെയ്യാം. ● സ്ഥലത്തിന്റെ രേഖ, തിരിച്ചറിയൽ രേഖകൾ എന്നിവയുടെ പകർപ്പുകൾ ഹാജരാക്കണം ● രജിസ്റ്റർ ചെയ്യുന്ന കർഷകരുടെ വിവരങ്ങൾ റബർബോർഡ് ഫീൽഡ് ഓഫീസർ പരിശോധിച്ച് ഉറപ്പുവരുത്തും. ● രജിസ്റ്റർ ചെയ്ത കർഷകർക്ക് അംഗീകൃത വ്യാപാരികൾ, റബർബോർഡിന്റെ അംഗീകാരമുള്ള സൊസൈറ്റികൾ, മാർക്കറ്റ്ഫെഡ് എന്നിവ വഴി റബർ വിൽക്കാം. ● ഹെക്ടറിനു പ്രതിവർഷം പരമാവധി 1800 കിലോ റബറിനാണ് ആനുകൂല്യം. ● കർഷകർക്കു കൃഷിഭൂമിയുടെ അളവനുസരിച്ച് രണ്ടാഴ്ചയിലൊരിക്കൽ പരമാവധി വിൽക്കാവുന്ന റബറിന്റെ അളവു നിശ്ചയിക്കും. ആനുകൂല്യം ഇതിനു മാത്രം. ● അഞ്ചു ഹെക്ടറിൽ കൂടുതൽ കൃഷിയുള്ളവർ പദ്ധതിയിൽ ഉൾപ്പെടില്ല. അഞ്ചു ഹെക്ടർ വരെയുള്ളവർക്ക് ആനുകൂല്യം രണ്ടു ഹെക്ടറിൽ താഴെ കൃഷിഭൂമിയിൽനിന്നുള്ള ആദായത്തിനു മാത്രം.● റബർബോർഡ് പ്രഖ്യാപിക്കുന്ന അതതു ദിവസത്തെ വിലയും 150 രൂപയും തമ്മിലുള്ള വ്യത്യാസമാണു സബ്സിഡിയായി ലഭിക്കുക. ആർ.എസ്.എസ്. 5, ലാറ്റക്സ് തുടങ്ങിയവയ്ക്കും ഇതേ നിരക്കിൽ സബ്സിഡി ലഭിക്കും.● കർഷകരുടെ ബാങ്ക് അക്കൗണ്ടിലേക്കു രണ്ടാഴ്ചയിലൊരിക്കൽ സബ്സിഡി തുക കൈമാറും.

റബർവില സ്ഥിരതാ ഫണ്ടിനെപ്പറ്റി പി.സി. സിറയക് 3-7-2015-ൽ പ്രതികരിച്ചതിങ്ങനെ:

## റബർ: ഒരടി മുന്നോട്ട്; പക്ഷേ

റബർ പ്രതിസന്ധിക്കു പരിഹാരം കാണാനായി കേരള സർക്കാർ നടത്തുന്ന ശ്രമങ്ങളുടെ ഭാഗമായി മുഖ്യമന്ത്രി ബുധനാഴ്ച ഒരു യോഗം വിളിച്ചുകൂട്ടിയിരുന്നു. അതിൽ പങ്കെടുത്ത ഈ ലേഖകൻ ഉൾപ്പെടെയുള്ള കർഷക പ്രതിനിധികൾ അവിടെ സമർപ്പിച്ച നിർദ്ദേശങ്ങൾ ചുവടെ:

1. **കേരള സർക്കാർ റബർ വില സ്ഥിരതയ്ക്കായി നീക്കിവച്ചിരിക്കുന്ന 300 കോടി രൂപ ഉപയോഗിച്ച് ഉടൻ റബർ സംഭരണം തുടങ്ങുക.** റബർ സംഭരിക്കുന്നതോടെ വിപണിവില മെച്ചപ്പെടും. കേന്ദ്രവാണിജ്യവകുപ്പിന്റെ നേരിട്ടുള്ള നിയന്ത്രണത്തിലുള്ള വിളയാണു റബർ. അതിന്റെ വിലസ്ഥിരതയ്ക്കായി നടപടിയെടുക്കാൻ ഉത്തരവാദിത്വമുള്ള കേന്ദ്രസർക്കാരിൽ സമ്മർദ്ദം ചെലുത്തി അവരുടെ കൈവശം ഇപ്പോൾതന്നെ ലഭ്യമായ 1000 കോടി രൂപയുടെ വിലസ്ഥിരതാ ഫണ്ട് ഉപയോഗിച്ച് റബർ സംഭരണം നടത്താൻ അവരെ നിർബന്ധിക്കുക. അങ്ങനെ വിപണിവില ഇന്നത്തെ 130 രൂപയിൽനിന്നു 150 രൂപയിലെത്താൻ ഇടവരുത്തുക.
2. അനിയന്ത്രിതമായ ഇറക്കുമതിയാണ് റബർ വിലയിടിവിനു കാരണം എന്ന സത്യം മനസ്സിലാക്കി, ഇപ്പോഴും തുടരുന്ന ഇറക്കുമതിയുടെ ഒഴുക്ക് തടഞ്ഞുനിർത്താൻ അന്താരാഷ്ട്ര ഉടമ്പടിയിൽ വ്യവസ്ഥ ചെയ്തിട്ടുള്ള സംരക്ഷണച്ചുങ്കം ഏർപ്പെടുത്താനും കേന്ദ്രത്തിൽ സമ്മർദ്ദം ചെലുത്തുക.

(നമ്മുടെ രാജ്യത്തെ ചെറുകിട കർഷകരുടെ ജീവസന്ധാരണം അപകടത്തിലാക്കുന്ന അളവിൽ അനാവശ്യമായി റബർ ഇറക്കുമതിചെയ്ത് വിപണി തകർക്കുന്ന സാഹചര്യമുണ്ടായാൽ ഇവിടത്തെ ചെറുകിട കർഷകരെ രക്ഷിക്കാനായി അധിക ഇറക്കുമതിച്ചുങ്കം ഏർപ്പെടുത്തി ഇറക്കുമതിയുടെ ഒഴുക്ക് തടയാൻ സർക്കാരിന് അധികാരമുണ്ട്. ഇതിനുവേണ്ടി സമർപ്പിച്ചിരിക്കുന്ന അപേക്ഷകൾ അപ്രസക്തമാക്കാനാണ് കഴിഞ്ഞ രണ്ടുകൊല്ലത്തെ റബർ ഉത്പാദനം വളരെക്കുറവായിരുന്നു എന്നു പറഞ്ഞ് മുൻകൊല്ലങ്ങളിലെ ഉത്പാദനസ്ഥിതിവിവരക്കണക്കുകൾ ഇപ്പോൾ തിരുത്താൻ റബർബോർഡ് വിദഗ്ദ്ധർ ശ്രമിക്കുന്നത്. ഉത്പാദനം കുറവാണെങ്കിൽപ്പിന്നെ അധിക റബർ ഇറക്കുമതി ചെയ്യാതെ എന്തുചെയ്യും? കഴിഞ്ഞ രണ്ടുകൊല്ലക്കാലത്ത് ഏഴരലക്ഷം ടൺ റബർ ഇക്കുമതിചെയ്തത്, സ്ഥിതിവിവരക്കണക്ക് തിരുത്തി ന്യായീകരിക്കാനുള്ള ശ്രമത്തിനെതിരെ കേരള സർക്കാർ ശബ്ദമുയർത്തേണ്ടിയിരിക്കുന്നു.)

3. റോഡ് റബറൈസേഷൻ (റബർപാൽ ചേർത്ത ടാർ ഉപയോഗിക്കുന്നത്), റബർത്തടി സംസ്ഥാനം വിട്ടു പുറത്തേക്കു കൊണ്ടുചെന്നു വിൽക്കുന്നതിനുള്ള തടസ്സങ്ങൾ നീക്കുന്നത് എന്നിങ്ങനെ മറ്റു വിഷയങ്ങളിലും സംസ്ഥാന സർക്കാർ ഉടൻ നടപടിയെടുക്കണം.

പക്ഷേ, റബർ സംഭരണത്തിനു പകരം, കർഷകർക്കു താത്കാലിക ആശ്വാസം നൽകി 300കോടി രൂപ മുടക്കാനുള്ള പദ്ധതിയാണു മുഖ്യമന്ത്രി മുന്നോട്ടുവച്ചത്. രണ്ടു ഹെക്ടർവരെ റബർ കൃഷിയുള്ള ആർ.പി.എസ്. അംഗങ്ങളായ കർഷകർക്കു റബർബോർഡിന്റെ ഡീലർ ലൈസൻസ് ഉള്ള സ്വകാര്യ വ്യാപാരികൾക്കോ സൊസൈറ്റികൾക്കോ കമ്പനികൾക്കോ, റബർ വിൽക്കാം. പത്രത്തിൽ പ്രസിദ്ധീകരിക്കുന്ന റബർ ബോർഡിന്റെ വിലയ്ക്ക് ആർ.എസ്.എസ്. 4,5 റബർ ഷീറ്റുകൾ വിൽക്കാം. അതിന്റെ ബിൽ റബർബോർഡ് ഫീൽഡ് ഓഫീസർ സാക്ഷ്യപ്പെടുത്തിക്കഴിഞ്ഞ് അക്ഷയകേന്ദ്രത്തിലോ കംപ്യൂട്ടറുള്ള മറ്റെവിടെയെങ്കിലുമോ ചെന്നു സ്കാൻ ചെയ്തു സർക്കാരിലേക്ക് അയയ്ക്കണം. രണ്ടാഴ്ചക്കുള്ളിൽ റബർബോർഡിന്റെ സൂചിത വിലയും 150 രൂപയും തമ്മിലുള്ള വ്യത്യാസം എത്രയാണോ അത് കർഷകന്റെ ബാങ്ക് അക്കൗണ്ടിലേക്കു സർക്കാർ അയച്ചുകൊടുക്കും.

ഈ പദ്ധതിയുടെ നടപടിക്രമങ്ങൾ ചുവപ്പുനാടയായി തീരുമെന്നു കർഷക പ്രതിനിധികൾ ആശങ്ക പ്രകടിപ്പിച്ചു. വിപണിയിൽ ഇടപെട്ട് വില ഉയർത്തുന്നതിനു പകരം സർക്കാർ കർഷകർക്ക് താത്കാലിക ആശ്വാസമായി കുറച്ചു പണം നൽകി മാറിനിൽക്കുന്നതു പ്രതിഷേധാർഹമാണെന്നു കർഷക പ്രതിനിധികൾ കരുതി.

പക്ഷേ, സർക്കാർ അതിന്റെ നിലപാടിൽ ഉറച്ചുനിൽക്കുകയാണെന്നു വ്യക്തമായപ്പോൾ, റബർ സംഭരണത്തിനായി വീണ്ടും വാദിച്ചുകൊണ്ടിരുന്നാൽ 300 കോടി രൂപയുടെ ആശ്വാസസഹായം കർഷകർക്കു നഷ്ടപ്പെട്ടുപോയേക്കുമെന്നു തോന്നി. ആ നഷ്ടത്തിനു കാരണം കർഷക പ്രതിനിധികളുടെ എതിർപ്പാണെന്നു പഴികേൾക്കേണ്ടിവരുമെന്നു ഭയപ്പെടുകയും ചെയ്തു.

അങ്ങനെ ഒരു മാസത്തേക്ക് സർക്കാരിന്റെ ആശ്വാസ പദ്ധതി നടപ്പാക്കുക, ഒരുമാസം പ്രവർത്തനം അവലോകനം ചെയ്തശേഷം ചർച്ചചെയ്തു പിന്നീടുള്ള നടപടികൾ എടുക്കാം എന്ന തീരുമാനം എടുക്കാൻ എല്ലാവരും സഹകരിക്കുകയായിരുന്നു.

കേന്ദ്രസർക്കാർ റബർ സംഭരിക്കാനും സംരക്ഷണച്ചുങ്കം ചുമത്തി ഇറക്കുമതിയുടെ ഒഴുക്ക് നിയന്ത്രിക്കാനും വേണ്ട സമ്മർദ്ദം ചെലുത്താൻ കേരള സർക്കാരും ഇവിടത്തെ എം.പി. മാരും ഉണർന്നു പ്രവർത്തിക്കേണ്ടിയിരിക്കുന്നു.

വിലസ്ഥിരതാ ഫണ്ടിനെപ്പറ്റി 4-7-2015-ൽ സെന്റർ ഫോർ കൺസ്യൂമർ എഡ്യൂക്കേഷൻ മാനേജിംഗ് ട്രസ്റ്റി ഡിജോ കാപ്പൻ എഴുതിയ ലേഖനമിങ്ങനെ:

## വിലസ്ഥിരതാ ഫണ്ടും റബർ സംഭരണവും

റബർ വിലയിടിവുമൂലം പലർക്കും സ്വന്തം കുടുംബം പോറ്റാൻ തന്നെ പറ്റാതെവന്ന പശ്ചാത്തലത്തിൽ, റബർ വിലയിടിവിനെക്കുറിച്ച് സെന്ററിന്റെ മുഖ്യ ഉപദേഷ്ടാവും സാമ്പത്തിക വിദഗ്ദ്ധനുമായ ജയിംസ് വടക്കന്റെ നേതൃത്വത്തിൽ റബർ കർഷകരായ വിദഗ്ദ്ധർ മാത്രമടങ്ങുന്ന ഒരു ഒമ്പതംഗ സമിതി നടത്തിയ പഠനം **"റബർ വിലയിടിവ് ഒരു സാമ്പത്തിക-രാഷ്ട്രീയ വിലയിരുത്തൽ"** എന്നൊരു പഠന റിപ്പോർട്ട് 2014 ഒക്ടോബറിൽ പുറത്തിറക്കിയിരുന്നു. ആ പഠനത്തിൽനിന്നു ചില കാര്യങ്ങൾ വ്യക്തമായി.

നിലവിലെ സാഹചര്യത്തിൽ ഡബ്ല്യൂടിഒ, ആസിയാൻ കരാറുകൾ നിലനിൽക്കുന്നിടത്തോളം കാലം റബർ ഇറക്കുമതി തടയാനാവില്ല. ഇറക്കുമതിച്ചുങ്കം പരമാവധി 25 ശതമാനം അക്കാമെന്നുമാത്രം. ഈ കരാറുകളിൽ ഉണ്ടെന്നു പറയപ്പെടുന്ന സംരക്ഷണച്ചുങ്കം ഏർപ്പെടുത്തണമെങ്കിൽ നാം ആസിയാൻ-ലോക ബാങ്ക്-ലോക വ്യാപാര സമൂഹത്തിനു മുമ്പിൽ കാര്യകാരണസഹിതം നിവേദനം സമർപ്പിക്കണം. അതിനായി കേന്ദ്ര-സംസ്ഥാന സർക്കാരുകളെ വിദഗ്ദ്ധ പഠനറിപ്പോർട്ടുകളുടെ അടിസ്ഥാനത്തിൽ സമീപിക്കണം. അതിനുള്ള നടപടികൾ റബർ കർഷകസംഘടനകളുടെ ഭാഗത്തുനിന്നുണ്ടാകണം. അങ്ങനെ ഒരു നീക്കം ആരംഭിച്ചാൽതന്നെ 10 വർഷമെടുക്കും തീരുമാനമാകാൻ. അത്തരമൊരു നടപടി ആരുടെ ഭാഗത്തുനിന്നും ആരംഭിച്ചിട്ടില്ല.

റബറിന്റെ ഇറക്കുമതിച്ചുങ്കം 20 ശതമാനത്തിൽനിന്നു പരമാവധി 25 ശതമാനത്തിലേക്കെത്തിയതും റബർ ഉല്പന്നങ്ങൾ കയറ്റുമതി ചെയ്യാനായി ഇറക്കുമതി ചെയ്യുന്ന റബർ കൈവശം വയ്ക്കാവുന്ന കാലാവധി 18 മാസത്തിൽനിന്ന് (യഥാർത്ഥത്തിൽ 2 വർഷം വരെ നിയമവിരുദ്ധമായി കൈവശം വച്ചിരുന്നു.) ആറുമാസമായി കുറച്ചതും ഇപ്പോഴത്തെ ബി.ജെ.പി കേന്ദ്രസർക്കാരാണ്. അതിനാൽ ഇനി കൂടുതലൊന്നും അവിടെനിന്നു പ്രതീക്ഷിക്കേണ്ടതില്ല. ഇനിയുള്ളതു സംസ്ഥാന സർക്കാരിന്റെ ഇടപെടലാണ്.

കേരളത്തിൽ 5.5 ലക്ഷം ഹെക്ടർ സ്ഥലത്ത് 10 ലക്ഷത്തിലധികം ചെറുകിട കർഷകർ പ്രതിവർഷം 8 ലക്ഷം ടൺ റബർ ഉത്പാദിപ്പിക്കുന്നു കിലോഗ്രാമിന് 240 രൂപ കിട്ടിയിരുന്ന റബർ വില 110 രൂപയായി കുറഞ്ഞു. 19,200 കോടി രൂപയുടെ വിലയുള്ള റബർ ആയിരുന്നു വിപണിയിലെത്തിയിരുന്നതെങ്കിൽ ഇപ്പോഴത് 8,800കോടിയായി കുറഞ്ഞു. റബർ കർഷകരുടെ വരുമാനനഷ്ടം 10,450 കോടി രൂപ. ഈ പണം ഓട്ടോറിക്ഷയിൽ യാത്രചെയ്തും കടയിൽനിന്നു സാധനങ്ങൾ വാങ്ങിയും പണിക്കാർക്കു കൂലി നൽകിയും റബർ കർഷകർ വിപണിയിൽ തന്നെയാണു മുടക്കിയിരുന്നത്. ഈ ക്രയവിക്രയത്തിൽനിന്നു കോടിക്കണക്കിനു രൂപയുടെ നികുതി സംസ്ഥാന സർക്കാരിനും ലഭിച്ചു.

റബർ വില ഉയർത്തുന്നതിനു സംസ്ഥാന സർക്കാർ മുമ്പു പല പ്രാവശ്യം രണ്ടു രൂപയും പിന്നീട് 5 രൂപയും കൂട്ടി റബർ സംഭരിച്ചു. അതിനുശേഷം വാറ്റ് ഒഴിവാക്കി ടയർ കമ്പനികളോടു നേരിട്ടു സംഭരിക്കാൻ നിർദ്ദേശിച്ചു. അതൊന്നും റബർവില ഉയർത്തിയില്ല. അന്നൊക്കെ എല്ലാവരും കുറ്റം പറയാനും തെറ്റുകൾ ചൂണ്ടിക്കാണിക്കുന്നതിനുമാണു മത്സരിച്ചത്. റബറിനു വില ഉയർത്താനുള്ള പ്രായോഗിക നിർദ്ദേശങ്ങൾ ഉണ്ടായില്ല. റബർവില വിഷയത്തിൽ എല്ലാ വാർത്തകളും ലേഖനങ്ങളും അഭിപ്രായങ്ങളും പഠനവിഷയമാക്കിയപ്പോഴാണ് കർഷകരിൽനിന്നു നേരിട്ടു റബർ സംഭരിക്കുകയും റബർകൃഷി ലാഭകരമായി കൊണ്ടുപോകാൻ കർഷകനു ലഭിക്കേണ്ട ന്യായവിലയും നിലവിലെ വിപണിവിലയും തമ്മിലുള്ള വ്യത്യാസം സർക്കാർ കർഷകർക്കു നേരിട്ടു നൽകുകയും ചെയ്യണമെന്ന നിർദ്ദേശം ഉയർന്നത്.

ഈ സാഹചര്യത്തിലാണ് റബർ കർഷകർ മാത്രം അംഗങ്ങളായ റബർ കർഷക ഉദ്പാദക സംഘങ്ങൾ (ആർ.പി.എസ്) ചിത്രത്തിൽ വരുന്നത്. കേരളത്തിൽ 2400 ആർ.പി.എസുകൾ പ്രവർത്തിക്കുന്നു. റബർ കർഷകരുടെ ഒരു കിലോമീറ്റർ ചുറ്റളവിൽ ഒരു ആർ.പി.എസ് ഉണ്ട്. റബർപാൽ സംഭരിച്ചു നല്ല റബർഷീറ്റ് ഉണ്ടാക്കി വിൽക്കുന്നതതടക്കം റബർ മേഖലയിൽ കാലങ്ങളായി പ്രവർത്തിക്കുന്ന നിരവധി ആർപി.എസുകൾ ഉണ്ടെന്ന കണ്ടെത്തലിലാണ് റബർ സംഭരണവും സംസ്ഥാന സർക്കാരിന്റെ റബർ സബ്സിഡിയും ആർ.പി.എസ് വഴി കർഷകനു നൽകണമെന്ന നിർദ്ദേശം ഉയരുന്നത്.

ഇതിന്റെ അടിസ്ഥാനത്തിലാണ് 2015-ലെ സംസ്ഥാന ബഡ്ജറ്റിൽ ധനമന്ത്രി റബറിന്റെ ന്യായവില 150 രൂപയായി നിശ്ചയിക്കുകയും റബർവില 150 രൂപയിൽ നിലനിർത്താനായി 300 കോടി രൂപയുടെ വിലസ്ഥിരതാ ഫണ്ട് പ്രഖ്യാപിക്കുകയും ചെയ്തത്. സർക്കാർ സഹായം നേരിട്ട് എത്തിക്കുന്ന ഡി.ബി.ടി. സമ്പ്രദായം ഇക്കാര്യത്തിൽ നടപ്പിലാക്കണമെന്ന നിർദ്ദേശം ഉയർന്നു. 72 ലക്ഷത്തിലധികം എൽ.പി.ജി. ഉപഭോക്താക്കൾക്കു സബ്സിഡി നേരിട്ടു ബാങ്കുകളിൽക്കൂടി നൽകുന്ന കേരളത്തിൽ റബർ കർഷകർക്ക് എന്തുകൊണ്ട് ഇപ്രകാരം നേരിട്ടു പണം നൽകിക്കൂടാ എന്നു സർക്കാർ ചിന്തിച്ചു. ഇക്കാര്യത്തിൽ ആധുനിക സാങ്കേതികവിദ്യകളും പണം കൈമാറ്റ സംവിധാനവും റബർ ഉത്പാദക സംഘങ്ങളുമായിട്ടുള്ള നെറ്റ് വർക്കിംഗും നിലവിലെ റബർ കച്ചവടക്കാരുടെ സേവനവും പരമാവധി ഉപയോഗപ്പെടുത്തിയുള്ള സംവിധാനത്തിനാണു സർക്കാർ രൂപം നൽകുന്നതെന്നു മനസ്സിലാക്കുന്നു.

എല്ലാ റബർ കർഷകരും തൊട്ടടുത്ത ഉത്പാദകസംഘത്തിൽ അവരുടെ കൃഷിയുടെ വിശദാംശങ്ങൾ രേഖപ്പെടുത്തുന്ന അപേക്ഷ സമർപ്പിക്കണം. ആർ.പി.എസ് പ്രസിഡന്റും റബർബോർഡിന്റെ ഫീൽഡ് ഓഫീസറും അതു സാക്ഷ്യപ്പെടുത്തി അടിസ്ഥാനരേഖയാക്കും. ഒരു ഹെക്ടറിൽനിന്ന് 1800 കിലോ റബറിന് സബ്സിഡി നൽകും. കച്ചവടക്കാരൻ നൽകുന്ന ബിൽ ആർ.പി.എസിൽ എത്തിക്കുന്നു, സർക്കാരിനെ അറിയിക്കുന്നു. 150 രൂപയും വിപണി വിലയും തമ്മിലുള്ള വ്യത്യാസം സർക്കാർ കർഷകന്റെ അക്കൗണ്ടിലേക്കു നൽകുന്നു. ഈ നടപടിമൂലം അനർഹമായ വ്യക്തിയുടെ കൈയിൽ പണം എത്തുന്നില്ല.

റബർ മേഖലയിലെ പ്രതിസന്ധി പഠിക്കാൻ 2015 ജൂൺ 16-നു രൂപീകരിച്ച കമ്മിറ്റിയിൽ സ്വന്തമായി റബർകൃഷിയുള്ള ആരുംതന്നെ ഇല്ലായിരുന്നു എന്നതാണു വേദനാജനകം. റബർ കർഷകരുടെ പ്രതനിധിയും റബർ മേഖലയിലെ വിദഗ്ദ്ധർ എന്ന് അവകാശപ്പെടുന്നവരും റബർ ഉല്പാദക സംഘങ്ങളുടെ പ്രതിനിധിയും ഇടനിലക്കാരെ ഒഴിവാക്കി ആർ.പി.എസ് വഴി റബർ സബ്സിഡി കർഷകർക്കു നേരിട്ടു നൽകുന്ന പദ്ധതിയെ എതിർത്തത് എന്തിനാണെന്നു മനസ്സിലാകുന്നില്ല. 300 കോടി രൂപയ്ക്ക് റബർ സംഭരിച്ചുവയ്ക്കണം എന്നായിരുന്നു അവരുടെ നിലപാട്. എന്നാൽ 150 രൂപയും വിപണി വിലയും തമ്മിലുള്ള വ്യത്യാസം (നിലവിൽ 30 രൂപ) നേരിട്ടു കർഷകരുടെ അക്കൗണ്ടിൽ നൽകുകയാണെങ്കിൽ ഒരുലക്ഷം ടൺ റബറിന്റെ ക്രയവിക്രയം നടക്കും.

മുൻകാലങ്ങളിൽ റബർ സംഭരണത്തിനു സർക്കാർ മുടക്കിയ പണം മുഴുവൻ റബർകർഷകരുടെ അക്കൗണ്ടിലേക്കല്ല, സംഭരണത്തിനു നേതൃത്വം നൽകിയ ഏജൻസികളുടെ അക്കൗണ്ടിലേക്കാണു പോയതെന്നകാര്യം കർഷക സംഘടനാ നേതാക്കൾ മനസ്സിലാക്കിയിട്ടില്ല. ആർ.പി.എസ് വഴി റബർ സംഭരണത്തെ എതിർത്ത കർഷക പ്രതിനിധികൾ റബർ കർഷകമേഖലയിലെ യഥാർത്ഥ സ്ഥിതി മനസ്സിലാക്കാത്തവരാണ്. 8.57 ലക്ഷം ക്ഷീരകർഷകരിൽനിന്ന് 355 ആപ്കോസുകളിലൂടെ പ്രതിദിനം 1,222 ലക്ഷം ടൺ പാൽ സംഭരിച്ചു വിൽക്കുന്ന സംവിധാനമുള്ള കേരളത്തിൽ വരുംകാലത്ത് ഏറെ ശക്തിപ്പെടേണ്ടതു റബർ ഉത്പാദക സംഘങ്ങളാണ്.

സ്വന്തമായി റബർകൃഷി ചെയ്യാത്തവർ റബർ കർഷകരുടെ വക്താക്കളാവുന്നതു ശരിയല്ല. അങ്ങനെയുള്ളവർക്കു റബർകൃഷിയെപ്പറ്റിയോ റബർ കർഷകന്റെ പ്രശ്നങ്ങളെക്കുറിച്ചോ അറിവുണ്ടാവില്ല. ഇനിയുള്ള ദിവസങ്ങൾ റബർ ഉത്പാദക സംഘങ്ങൾക്കും ഭാരവാഹികൾക്കും ഏറെ ഉത്തരവാദിത്വമുള്ള ദിവസങ്ങളാണ്. ഒരു റബർ കർഷകനെയും ഒഴിവാക്കാതെ എല്ലാവരെയും ഈ പദ്ധതിയിൽ രജിസ്റ്റർ ചെയ്യിക്കണം.

സർക്കാർ ധനസഹായം കർഷകരിലേക്കു നേരിട്ടെത്തിക്കുന്നതിനായി സംസ്ഥാന സർക്കാർ കൊണ്ടുവന്ന കർഷക രജിസ്ട്രേഷനിൽ കോട്ടയം ജില്ലയിൽ 87,143 പേരും എറണാകുളം ജില്ലയിൽ 65,365 പേരും ഇടുക്കി ജില്ലയിൽ 1,08059 പേരും പത്തനംതിട്ട ജില്ലയിൽ 62604 പേരും മാത്രമാണ് അംഗങ്ങളായിട്ടുള്ളതെന്ന വസ്തുത കർഷക നേതാക്കളുടെ കണ്ണുതുറപ്പിക്കേണ്ടതാണ്. എല്ല റബർ കർഷകരെയും ആർ.പി.എസിൽ രജിസ്റ്റർ ചെയ്യിക്കാൻ കർഷക സംഘടനകൾ ജാഗ്രത പുലർത്തണം. (സെന്റർ ഫോർ കൺസ്യൂമർ എഡ്യുക്കേഷൻ മാനേജിംഗ് ട്രസ്റ്റിയാണു ലേഖകൻ)

റബർ വിലസ്ഥിരതാ ഫണ്ടിന്റെ പ്രവർത്തനോൽഘാടനം ചെയ്യപ്പെട്ട 26-8-2015-ൽ കെ.എം. മാണി മലയാള മനോരമയിലെഴുതിയ ലേഖനമിങ്ങനെ:

## വിലസ്ഥിരതാ ഫണ്ട് റബർ കർഷകരുടെ കണ്ണീരൊപ്പാൻ താങ്ങുവില കർഷകർക്ക് നേരിട്ട്

ഐക്യജനാധിപത്യ മുന്നണി സർക്കാർ ഒരു ബജറ്റ് വാഗ്ദാനം കൂടി നിറവേറ്റുകയാണ്. 2015-16 ബജറ്റിൽ പ്രഖ്യാപിച്ച വിലസ്ഥിരതാ ഫണ്ട് ഉപയോഗിച്ചുള്ള റബർ ഉത്പാദനം ഇന്നുമുതൽ കർഷകരുടെ കൈകളിൽ നേരിട്ട് എത്തുന്നു.

ഇന്ത്യയിലാദ്യമായാണ് ഇത്തരമൊരു കർഷക സഹായപദ്ധതി പ്രാവർത്തികമാവുന്നത്. താങ്ങുവിലയുടെ പ്രയോജനം ഇടനിലക്കാരുടെ ചൂഷണമില്ലാതെ കർഷകർക്ക് അവരുടെ ബാങ്ക് അക്കൗണ്ടിലേക്ക് ഓൺലൈനായി കിട്ടുന്നു എന്നതാണ് പ്രധാന സവിശേഷത. പല തലങ്ങളിലുള്ള കൂടിയാലോചനകളും പരിശോധനകളും പരീക്ഷണങ്ങളും വഴിയാണു സുതാര്യവും ഫലപ്രദവുമായ സംവിധാനത്തിന് സർക്കാർ രൂപം നൽകിയത്.

കേരളത്തിന്റെ സാമ്പത്തിക ഭദ്രതയെത്തന്നെ അടിമുടി ഉലയ്ക്കുന്ന പ്രതിസന്ധിയാണ് റബറിനുണ്ടായ വിലയിടിവ്. പലരും ആരോപിക്കുന്നതുപോലെ സംസ്ഥാന സർക്കാരിന്റെ നയവൈകല്യമോ ഏതെങ്കിലും തീരുമാനമോ മൂലമുണ്ടാകുന്ന പ്രതിസന്ധിയല്ല ഇത്. രാജ്യാന്തര-ദേശീയ തലങ്ങളിലുണ്ടായ സംഭവവികാസങ്ങളാണ് റബർ മേഖലയുടെ ഈ ദുരവസ്ഥയ്ക്കു കാരണം.

റബർ വിപണിയിലെ വിലയിടിവ് രാജ്യത്ത് ഏറ്റവുമധികം ബാധിക്കുന്നത് കേരളത്തിലെ കർഷകരെയാണ്. അതുകൊണ്ടുതന്നെ വിലയിടിവ് തടയാൻ ഉമ്മൻ ചാണ്ടിയുടെ നേതൃത്വത്തിലുള്ള സംസ്ഥാന സർക്കാർ ആവുന്നതെല്ലാം ചെയ്തു. പലതരം ഇടപെടലുകൾ നടത്തി. റബറിന്റെ ഇറക്കുമതി നിയന്ത്രിക്കാനും ഇറക്കുമതി തീരുവ ഉയർത്താനും കേന്ദ്രസർക്കാരിൽ ആവുന്നത്ര ശക്തിയോടെ സമ്മർദ്ദം ചെലുത്തി. ടയർ കമ്പനികളുടെ സഹകരണത്തോടെ വില പിടിച്ചുനിർത്താൻ പലവട്ടം പല തലങ്ങളിൽ ചർച്ചനടത്തി. പക്ഷേ, അവയൊന്നും ഉദ്ദേശിച്ച ഫലം ചെയ്തില്ല. ഈ പശ്ചാത്തലത്തിലാണ് നടപ്പു ബഡ്ജറ്റിൽ 300 കോടി രൂപയുടെ വിലസ്ഥിരതാ ഫണ്ട് പ്രഖ്യാപിച്ച് പുതിയൊരു സമാശ്വാസപദ്ധതിക്ക് രൂപം നൽകിയത്.

റബറിനു കിലോയ്ക്ക് 130 രൂപ ഉണ്ടായിരുന്ന സമയത്താണ് ഈ പദ്ധതിക്ക് രൂപം നൽകിയത്. ഇന്നതു 108 രൂപയായി മാറിയിരിക്കുന്നു. അതുകൊണ്ടുതന്നെ സർക്കാരിന് കൂടുതൽ ഭാരം വന്നുചേർന്നു. ബജറ്റിൽ വകയിരുത്തിയ തുകകൊണ്ടുമാത്രം പ്രശ്നം ശാശ്വതമായി പരിഹരിക്കാനാവില്ല. ഈ സാഹചര്യത്തിൽ ഞാൻ കേന്ദ്ര ധനമന്ത്രിയെ നേരിൽക്കണ്ട് കേന്ദ്രത്തിന്റെ വിലസ്ഥിരതാ ഫണ്ടിൽനിന്ന് 500 കോടി രൂപ ആവശ്യപ്പെടുകയുണ്ടായി. അക്കാര്യത്തിൽ അനുകൂല നടപടി ഉണ്ടാകുമെന്നുതന്നെയാണു പ്രതീക്ഷ.

### കുതിപ്പും കിതപ്പും

2011 ജനുവരിയിൽ റബറിന് 226 രൂപയായിരുന്നു വില. ഏപ്രിൽ മാസമായപ്പോൾ അത് കുതിച്ചുയർന്ന് 243.50 രൂപ വരെയായി. അതോടെ കൂലിയും മറ്റ് ഉൽപാദനച്ചെലവുകളും കുത്തനെ വർദ്ധിച്ച് ഏതാണ്ട് ഇരട്ടിയോളമായി. അങ്ങനെ വില ഉച്ചസ്ഥായിയിൽ നിൽക്കുമ്പോഴാണ് വില കുത്തനെ താഴ്ന്നത്. ചെലവ് പിന്നെയും വർദ്ധിച്ചു. 2012 ജനുവരിയിൽ വില 188 ആയി താഴ്ന്നു. 2014 ജനുവരിയിൽ അത് 142 ആയി. ഇതുമൂലം കർഷകർക്ക് 2012-13-ൽ 3500 കോടി രൂപയുടെയും 2013-14-ൽ 7500 കോടി രൂപയുടെയും നഷ്ടം സംഭവിച്ചു. നികുതിയിനത്തിൽ സർക്കാരിനും വൻ നഷ്ടമുണ്ടായി.

നിയന്ത്രണമില്ലാത്ത ഇറക്കുമതിയായിരുന്നു റബർ വിപണിയെ പിടിച്ചുലച്ചത്. കേന്ദ്രസർക്കാരിനുംഇതുവഴി വിദേശനാണ്യ വരുമാനം നഷ്ടമായി. 2012-13 -ൽ റബറിന്റെ ആഭ്യന്തര ഉത്പാദനം 9,13,700 ടൺ ആയിരുന്നു; ഉപയോഗം 9,64,415 ടണ്ണും. ആഭ്യന്തര വിപണിയിൽ 60715 ടണ്ണിന്റെ മാത്രം കുറവുണ്ടായിരിക്കെ 2,05,432 ടൺ റബർ ഇറക്കുമതി ചെയ്തു. അതായത് 1,44,717 ടണ്ണിന്റെ അധികം ഇറക്കുമതി. 2012-13-ൽ ഉത്പാദനം 8,50,200 ടണ്ണും ഉപയോഗം 8,92,465 ടണ്ണുമായിരുന്നു. 42,265 ടണ്ണിന്റെ കുറവ്. ഇക്കാലത്ത് ഇറക്കുമതിയാകട്ടെ 2,07,442 ടൺ. അതായത് 1,65,178 ടൺ അധികമായി ഇറക്കുമതി ചെയ്തു.കയറ്റുമതി 30,594 ടണ്ണും ഇറക്കുമതി 2,17,364 ടണ്ണും. ആഭ്യന്തര വിപണിയിൽ റബർ കെട്ടിക്കിടക്കുമ്പോൾ കേന്ദ്രം കൈക്കൊണ്ട ഇറക്കുമതി നയം പ്രതികൂലഘടകമായി. ഇതിനെതിരെ കേരളം നിരന്തരം നടത്തിയ സമ്മർദ്ദങ്ങളുടെ ഫലമായി ഇറക്കുമതി തീരുവ കേന്ദ്രം ഉയർത്തി. പക്ഷേ, അപ്പോഴേക്കും വൈകിപ്പോയിരുന്നു. ഇറക്കുമതി തുടരുകയും ചെയ്തു.

വിലയിടിവ് തുടർന്നത് ഉത്പാദനത്തെയും ബാധിച്ചു. പലരും ടാപ്പിങ് നിർത്തി. പുതുതായി ആരും റബർ വയ്ക്കാൻ സന്നദ്ധരായില്ല. 2013-14 വർഷം പ്രതീക്ഷിച്ച ഉത്പാദനം 9,60,000 ടണ്ണും. ഇന്തോനേഷ്യ, വിയറ്റ്നാം, തായ

ലൻഡ് തുടങ്ങിയ രാജ്യങ്ങളിൽനിന്നുള്ള ഇറക്കുമതി ഏറ്റവുമധികം ബാധിച്ചത് കേരളത്തെയാണ്. വടക്കുകഴിക്കൻ സംസ്ഥാനങ്ങളെ സാരമായി ബാധിച്ചില്ല. കാരണം അവിടെ കൂലിയും ഉത്പാദനച്ചിലവും തുച്ഛമാണ്. ഗോത്രവർഗ്ഗത്തിൽപ്പെട്ടവർ സ്വയം ടാപ്പിങ് നടത്തുന്നു. കേരളത്തിന്റെ സ്ഥിതി അതല്ല. ഈ സാഹചര്യത്തിലാണ് കേരളത്തിലെ റബർ കർഷകർക്ക് ആശ്വാസം പകരാനും കൃഷി നിലനിർത്താനുമായി തനതായ ഒരു പദ്ധതിക്ക് സർക്കാർ രൂപം നൽകിയത്. ചൂഷണത്തിനും ചോർച്ചയ്ക്കുമുള്ള പഴുതുകൾ അടച്ചുള്ള പദ്ധതി എന്ന വെല്ലുവിളിയാണ് സർക്കാരിന്റെ മുന്നിലുള്ളത്. അതു നേരിടാൻ ധനവകുപ്പിന്റെ നേതൃത്വത്തിൽ കൃഷിവകുപ്പും റബർ ബോർഡും എൻ.ഐ.എ സി.യും കൈകോർത്തു. അതിലൂടെ രൂപപ്പെട്ടതാണ് ഇന്നു യാഥാർത്ഥ്യമാകുന്ന റബർ പ്രൊഡക്ഷൻ ഇൻസെന്റീവ് സ്കീം.

റബറിനു കിലോയ്ക്ക് 150 രൂപ ഉറപ്പുവരുത്തുകയാണ് പദ്ധതിയുടെ പ്രധാന ദൗത്യം. 10ലക്ഷത്തോളം കർഷകർക്ക് ആദ്യ ഘട്ടത്തിൽതന്നെ ഇതിന്റെ പ്രയോജനം ലഭിക്കും. റബർ ബോർഡ് പ്രസിദ്ധീകരിക്കുന്ന വിപണിവിലയും 150 രൂപയും തമ്മിലുള്ള വ്യത്യാസമാണ് സഹായമായി കർഷകർക്കു നൽകുന്നത്. പദ്ധതി രൂപകല്പന ചെയ്യുന്ന വേളയിൽ ആർ.എസ്.എസ്. –4, ആർ.എസ്.എസ്. –5 എന്നിവയ്ക്കായിരുന്നു സബ്സിഡി വിഭാവനം ചെയ്തത്. തുടർന്ന് കർഷകരുടെ വിശാല താൽപര്യം പരിഗണിച്ച് പദ്ധതിയുടെ ആനുകൂല്യം റബർ ലാറ്റക്സിനും ബാധകമാക്കി. അതുപോലെ റബർ പ്ലാന്റേഷൻ ഡവലപ്മെന്റ് സ്കീം പ്രകാരം വനഭൂമിയിൽ റബർ കൃഷിചെയ്യുന്ന ആദിവാസി കർഷകർക്കും റബർ ബോർഡ് നൽകിയ പെർമിറ്റ് പ്രകാരം പദ്ധതിയിൽ ആനുകൂല്യത്തിനായി രജിസ്റ്റർ ചെയ്യാമെന്ന വ്യവസ്ഥയും പിന്നീട് ഉൾപ്പെടുത്തി. മരണമടഞ്ഞ കർഷകരുടെ നിയമാനുസൃതമുള്ള അനന്തരാവകാശികൾക്കും ആവശ്യമായ രേഖകളുടെ അടിസ്ഥാനത്തിൽ സഹായത്തിന് അർഹതയുണ്ടായിരിക്കും. നിലവിൽ റബർ ബോർഡിൽനിന്ന് ആനുകൂല്യങ്ങൾ ലഭിക്കുന്ന, പട്ടയമില്ലാത്ത റബർ കർഷകർക്കും റവന്യൂ അധികാരികളിൽനിന്നുള്ള കൈവശാവകാശ സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ റബർ ഉത്പാദന ഉത്തേജന പദ്ധതിയുടെ ആനുകൂല്യം ലഭിക്കും.

## ആദ്യ ഡിബിറ്റി സംസ്ഥാനം

സബ്സിഡി തുക ഡിബിറ്റിയിലൂടെ കർഷകർക്കു നൽകുന്ന രാജ്യത്തെ ആദ്യ സംസ്ഥാനമാകുകയാണ് കേരളം. കുറ്റമറ്റ രീതിയിൽ ഈ പദ്ധതി പ്രാവർത്തികമാക്കാൻ ആധുനിക സാങ്കേതികവിദ്യ പ്രയോജനപ്പെടുത്തി. നാലു സംവിധാനങ്ങളാണ് സജ്ജീകരിച്ചിരിക്കുന്നത്.

1. റബർ ഉത്പാദന സംഘങ്ങളുടെയും (ആർ.പി.എസ്) കർഷകരുടെയും രജിസ്ട്രേഷൻ. ഇത് സുതാര്യമാക്കാൻ ഓൺലൈൻ സംവിധനം ഏർപ്പെടുത്തി. ഏതാണ്ട് നിർജ്ജീവമായിരുന്ന പല ആർ.പി.എസുകളും ഇതോടെ സജീവമായി. തുടക്കത്തിൽത്തന്നെ അര മണിക്കൂറിൽ ശരാശരി 100 എന്ന തോതിലാണ് രജിസ്ട്രേഷൻ നടന്നത്. ഇതിനകം ഏതാണ്ട് രണ്ടേകാൽ ലക്ഷം കർഷകർ വെബ്സൈറ്റിൽ രജിസ്റ്റർ ചെയ്തു.
2. റബർബോർഡിന്റെ പരിശോധന

   ആനുകൂല്യത്തിന്റെ ദുരുപയോഗം തടയുന്നതിന് റബർബോർഡിന്റെ ഫീൽഡ് ഓഫീസർമാർ രേഖകൾ സൂക്ഷ്മമായി പരിശോധിച്ചാണ് രജിസ്ട്രേഷൻ സ്ഥിരീകരിക്കുന്നത്. അതു പൂർത്തിയാക്കി രജിസ്ട്രേഷൻ അംഗീകരിച്ചാലുടൻ കർഷകന്റെ മൊബൈൽ ഫോണിൽ എസ്.എം.എസ്. ആയി സ്ഥിതീകരണ അറിയിപ്പ് ലഭിക്കും.
3. ബിൽ അപ്ലോഡിങ്. വിൽപ്പനയുടെ ഒറിജിനൽ ബില്ല് രണ്ടാഴ്ചയിലൊരിക്കൽ ആർ.പി.എസ് വഴി അപ്ലോഡ് ചെയ്യാനുള്ള സംവിധാനം. റബർ ബോർഡ് ഉദ്യോഗസ്ഥൻ ബില്ലിന്റെ നിജസ്ഥിതി ഉറപ്പാക്കി അംഗീകരിക്കുന്നതോടെ ആനുകൂല്യം കർഷകന്റെ ബാങ്ക് അക്കൗണ്ടിലേക്ക് ഓൺലൈൻ വഴി കൈമാറും. കൈമാറ്റം സംബന്ധിച്ച വിവരം എസ്.എം.എസ് വഴി കർഷകന്റെ മൊബൈലിൽ ലഭിക്കും.
4. ഹെൽപ് ലൈൻ. കർഷകർക്ക് പദ്ധതി സംബന്ധിച്ചുണ്ടാകുന്ന സംശയങ്ങൾ ദൂരീകരിക്കുന്നതിന് മൊബൈൽ ഹെൽപ് ലൈൻ ഏർപ്പെടുത്തിയിട്ടുണ്ട്.

5 ഹെക്ടർ വരെ ഭൂമിയുള്ള കർഷകർക്ക് അതിൽ 2 ഹെക്ടർ വരെയുള്ള ഭൂമിയിലെ റബറിനു സഹായം കിട്ടും. പ്രതിവർഷം ഹെക്ടറിന് 1800 കിലോ എന്ന തോതിലാണ് ആനുകൂല്യത്തിന് അർഹതയുള്ള റബറിന്റെ അളവു കണക്കാക്കുന്നത്. ഓരോ കർഷകനും വിറ്റഴിച്ച റബറിന്റെ അളവും സഹായത്തിനു നിർദ്ദിഷ്ട പരിധിക്കുള്ളിൽ അർഹതയുള്ള അവശേഷിക്കുന്ന അളവും ഓൺലൈൻ സംവിധാനത്തിൽ രേഖപ്പെടുത്തിയിരിക്കും.

അപേക്ഷകളും രണ്ടാഴ്ചയിലൊരിക്കൽ വിൽപ്പനയും വിശദാംശങ്ങളും അപ്ലോഡ് ചെയ്യുന്നതിന് ആർ.പി.എസുകൾക്ക് ചിലവാകുന്ന തുക മൂന്നു മാസത്തിലൊരിക്കൽ ഓൺലൈനായി ആർ.പി.എസുകളുടെ ബാങ്ക് അക്കൗണ്ടിലേക്ക് സർക്കാർ നൽകും. റബറിനെ മാത്രം ആശ്രയിച്ചുകഴിയുന്ന 8 ലക്ഷം കർഷകരെ പട്ടിണിയിൽനിന്നു രക്ഷിക്കാന് ഏറ്റവും പ്രായോഗികമായ പദ്ധതിയാണ് ഇപ്പോൾ സർക്കാർ നടപ്പിലാക്കുന്നത്.

റബർ വിലയിടിവിനെപ്പറ്റി ദീപനാളം വാരികയിൽ 27-8-2015-ൽ പി.സി. സിറിയക് ഏഴുതിയതിങ്ങനെ:

## റബർ: ഈ പോക്ക് ആപത്തിലേക്ക്

റബർ പ്രതിസന്ധി രൂക്ഷമാവുകയാണ്. ഒരു മാസം മുമ്പ്, 150 രൂപയെങ്കിലും കർഷകനു ലഭ്യമാക്കാനുള്ള പദ്ധതി കേരള സർക്കാർ പ്രഖ്യാപിച്ചപ്പോൾ വിപണിയിൽ വില, 132 രൂപ ആയിരുന്നു. ഇപ്പോൾ അത് 119 രൂപയായി കുറഞ്ഞിരിക്കുന്നു; വാഗ്ദാനം ചെയ്ത ആശ്വാസത്തുക ഇതുവരെ ഒരു കർഷകനുപോലും ലഭിച്ചതായി അറിവില്ല. ഇടയ്ക്കിടെ സർക്കാരിന്റെ പ്രഖ്യാപനങ്ങൾ വലിയ പത്രങ്ങൾ പ്രധാന്യം നൽകി പ്രസിദ്ധീകരിക്കുന്നുണ്ട്– 'കർഷകരുടെ രജിസ്ട്രേഷൻ ഒരുലക്ഷം കവിഞ്ഞു,' 'സോഫ്റ്റ്വെയർ പ്രശ്നം ഉടനെ പരിഹരിക്കും,' 'പുതിയ വെബ്സൈറ്റ് തുറക്കുന്നു,' 'പരാതി തീർക്കാൻ സ്പെഷ്യൽ ഓഫീസറെ നിയമിക്കുന്നു,' 'സബ്സിഡി താമസിയാതെ കിട്ടിത്തുടങ്ങും.' ഇത്തരം തലക്കെട്ടുകൾ കണ്ട് ആശ്വസിക്കാൻമാത്രം നാം വിധിക്കപ്പെട്ടിരിക്കുന്നു. സങ്കീർണ്ണമായ നടപടിക്രമങ്ങൾ പൂർത്തിയാക്കി ഈ ആശ്വാസത്തുക എത്ര പേർക്ക് നേടിയെടുക്കാനാവുമെന്ന് കണ്ടുതന്നെ അറിയണം!

ഈ 300 കോടി രൂപ പദ്ധതിയും ടയർ കമ്പനിക്കാർക്ക് ആദായം വർദ്ധിക്കാനുള്ള പദ്ധതിയായി തീർന്നിരിക്കുകയാണ്. ആശ്വാസപദ്ധതിയുടെ പ്രഖ്യാപനം വന്നപ്പോൾ റബർ വില 132–135 തലത്തിലേക്ക് ഉയരുകയായിരുന്നു. ബുദ്ധിമാന്മാരായ ടയർ കമ്പനിക്കാർ ഉടനെ മനസ്സിലാക്കി, വിപ

ണിവിലയ്ക്കും 150 രൂപയ്ക്കും തമ്മിലുള്ള വ്യത്യാസം കർഷകനു സർക്കാർ നൽകും. അപ്പോൾ വിപണിവില നമുക്കു കഴിയുന്നത്ര കുറച്ചുകൊണ്ടുവരാം. ബാക്കി സർക്കാർകണക്കിൽ പോകട്ടെ. ഇതല്ലേ കഴിഞ്ഞ ഒരു മാസക്കാലത്തെ വിലയിടിവിന്റെ കാരണം?

റബറിന്റെ വിപണിവില പിടിച്ചുകയറ്റുകയാണല്ലോ നമ്മുടെ ലക്ഷ്യം. അതിനെന്താണു ചെയ്യേണ്ടത്? വിപണിയിൽനിന്ന് കുറേ റബർ വാങ്ങി നീക്കംചെയ്യുക (ഇവിടെയാണ് 150 രൂപയുടെ സംഭരണത്തിന്റെ പ്രസക്തി). പക്ഷേ, എത്ര റബർ വാങ്ങി സംഭരിച്ചുവച്ചാലും ഇറക്കുമതിയുടെ ഒഴുക്കു നിൽക്കുന്നില്ലെങ്കിൽ ലക്ഷ്യം സാധിക്കാൻ പോകുന്നില്ല. ഇറക്കുമതിച്ചുങ്കത്തിനുപുറമെ, ചെറുകിട കർഷകന്റെ ജീവസന്ധാരണം സംരക്ഷിക്കാൻവേണ്ടി, 'സേഫ് ഗാർഡ് ഡ്യൂട്ടി'യായി 50% ചുങ്കം കൂടി ചുമത്തണം. അപ്പോൾ ഇറക്കുമതി റബർ, ഫാക്ടറിയിൽ എത്തിക്കാനുള്ള ചിലവ് ഉയരും.ഇറക്കുമതി കുറയുകയും ചെയ്യും. അതോടൊപ്പം സംഭരണവും കൂടി നടന്നാൽ വില ഉയരുകയും ചെയ്യും.

കാര്യത്തിന്റെ ഗൗരവം മനസ്സിലാക്കി കേരള സർക്കാർ ഈ നടപടികൾക്കായി കേന്ദ്രത്തിൽ ശക്തിയായ സമ്മർദ്ദം ചെലുത്തണം. ഇപ്പോൾ വാണിജ്യ മന്ത്രാലയത്തിൽ കിടക്കുന്ന 1000 കോടി രൂപയുടെ വിലസ്ഥിരതാഫണ്ട് ഇതിനു വേണ്ടി ഉപയോഗിക്കാതെ എന്തിനു സൂക്ഷിച്ചുവച്ചിരിക്കുന്നു? ഒരു വിലസ്ഥിരതാഫണ്ടും നിലവിലില്ലാത്ത പരുത്തിയുടെ സംഭരണത്തിനായി കഴിഞ്ഞ ഏഴെട്ടുമാസക്കാലത്ത് സഹസ്രകോടികൾ ചെലവഴിച്ചുകഴിഞ്ഞു. അപ്പോഴാണ്, റബർ ഉൾപ്പെടെയുള്ള വാണിജ്യവിളകൾക്കുവേണ്ടി 10 കൊല്ലം മുമ്പ് സ്വരൂപിച്ച വിലസ്ഥിരതാ ഫണ്ട്, നിസ്സാര കാരണങ്ങൾ പറഞ്ഞ്, ഈ പ്രതിസന്ധി ഘട്ടത്തിൽപ്പോലും ഉപയോഗപ്പെടുത്താൻ തയാറാകാത്ത നിലപാട് കേന്ദ്രം എടുത്തിരിക്കുന്നത്! കേരളത്തിനെതിരായ ഈ ചിറ്റമ്മ നയത്തിനെതിരെ ഇവിടെയുള്ള ബി.ജെ.പി.ക്കാർപ്പോലും ശബ്ദമുയർത്താൻ ബാധ്യസ്ഥരല്ലേ? ഇക്കാര്യം ശക്തമായി അവതരിപ്പിച്ച് കേന്ദ്രത്തെ ഗോഥയിലിറക്കുന്നതിനു പകരം അപ്രായോഗികമായ ചില്ലറ ആശ്വാസപദ്ധതികൾ മൂലം റബർ കർഷകന് എന്തോ വലിയ നേട്ടമുണ്ടാകാൻ പോകുന്നു എന്ന മട്ടിൽ പ്രചാരണം നടത്തി കാലം കഴിക്കുകയാണ്, കേരള സർക്കാർ!

ഇവിടെ, റബർ കർഷകരെയും റബർ കൃഷിയെയും തകർക്കാനുള്ള കർമ്മപരിപാടിയാണ്, ടയർ വ്യവസായികൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കിക്കൊണ്ടിരിക്കുന്നത്. ഇറക്കുമതി റബറിന്റെ ക്രമമായ വർദ്ധനയുടെ കണക്കുനോക്കുക, 2008-2009 വരെ, നമ്മുടെ ചരിത്രത്തിൽ ഏറ്റവുമധികം ഇറക്കുമതി ഒരുകൊല്ലക്കാലത്തു നടന്നത് 89000 ടൺ ആയിരുന്നു. പക്ഷേ, 2009-10-ൽ 1,77,000 ടൺ ഇറക്കുമതി ചെയ്തു. 2010-11-ൽ 1, 90,000 ടൺ, 2011-12-ൽ 2,14,000 ടൺ, 2012-13-ൽ 2,17,000 ടൺ, 2013-14-ൽ 3,25,000 ടൺ, 2014-15-ൽ 4,42,000 ടൺ! ചൈന ഉൾപ്പെടെയുള്ള രാജ്യങ്ങളിൽ സാമ്പത്തികമാന്ദ്യം ഉണ്ടായതോടെ റബറിന്റെ ഡിമാന്റു കുറഞ്ഞ് വിദേശവിപണിയിൽ വിലയിടിഞ്ഞു. അവിടെ കുറഞ്ഞ വിലയ്ക്ക് റബർ കിട്ടുമെന്നു കണ്ടപ്പോൾ ടയർ വ്യവസായികൾ, ഒരു നിയന്ത്രണവുമില്ലാതെ കിട്ടുന്നത്ര റബർ വാങ്ങി നാട്ടിലെത്തിച്ചു. എന്നിട്ട്, ഇവിടെ വിപണിയിൽനിന്നു മാറിനിന്ന് വിലയിടിയിച്ചു.89000 ടണ്ണിൽനിന്ന് 6 കൊല്ലത്തിനിടയ്ക്ക് വാർഷിക ഇറക്കുമതി 4,42,000 ടണ്ണായി ഉയർത്തി. ഇറക്കുമതി കൂടിയതനുസരിച്ച് ഇവിടെ വിലയും ഇടിഞ്ഞുകൊണ്ടിരുന്നു.

വിലയിടിഞ്ഞതോടെ കുറെയധികം കർഷകർ ടാപ്പിങ് നിർത്താൻ നിർബന്ധിതരായി. ടാപ്പർക്ക് കൂലിയും കൊടുത്ത് മറ്റു ചിലവുകളും വഹിച്ച് റബർ വെട്ടുമ്പോൾ കീശയിൽനിന്ന് പണം പോകുന്നതുകണ്ടാണ് അവർ ടാപ്പിങ് നിറുത്തിയത്. അതോടെ ഉത്പാദനം കുറഞ്ഞു. ഉത്പാദനം കുറഞ്ഞതോടെ ഇറക്കുമതിയുടെ അളവു വീണ്ടും ഉയർത്തി. ഇറക്കുമതി വർദ്ധിപ്പിച്ച് വില വീണ്ടും ഇടിഞ്ഞതോടെ കുറേപ്പേർ കൂടി ടാപ്പിങ് ഉപേക്ഷിക്കേണ്ടിവന്നു. അപ്പോൾ വീണ്ടും ഉത്പാദനക്കുറവ്. അങ്ങനെയാണ്, 2013-ൽ 9,81,000 ടൺ വരെയായി ഉയർന്ന റബർ ഉത്പാദനം കഴിഞ്ഞ കൊല്ലം 7,44,000 ടണ്ണായി കുറഞ്ഞത്. ഉത്പാദനം കുറയുന്നതോടെ വ്യവസായികൾ സന്തോഷപൂർവം ഇറക്കുമതി വീണ്ടും വർദ്ധിപ്പിക്കുന്നു. നമ്മുടെ വിപണി വീണ്ടും വീണ്ടും ഇടിയുന്നു. കൂടുതൽ തോട്ടങ്ങൾ ടാപ്പിങ് നിർത്താനും നഷ്ടം ഉണ്ടാക്കാനും നിർബന്ധിതമാകുന്നു. ഒരുതരം ദൂഷിതവലയം!

താഴോട്ടുള്ള ഈ പോക്ക് തടഞ്ഞില്ലെങ്കിൽ നമ്മുടെ റബർതോട്ട വ്യവസായവും കേരളത്തിൽ റബറിനെ ആശ്രയിച്ചുകഴിയുന്ന 8 ലക്ഷം ചെറുകിട കർഷകരും തകർച്ച നേരിടും. പക്ഷേ, ഈ വൻ വിപത്തു തടയാൻ പ്രയാസമില്ലാതെ കഴിയും; റബർ കർഷകനെയും കേരളത്തിന്റെ സമ്പദ്‌വ്യവസ്ഥയെയും രക്ഷിക്കാനും കഴിയും. സർക്കാർ ആത്മാർത്ഥതയോടെ പ്രവർത്തിക്കണമെന്നുമാത്രം.

സംസ്ഥാന സർക്കാർ മുഴുശക്തിയോടെ ഇക്കാര്യത്തിൽ കേന്ദ്രത്തിൽ സമ്മർദ്ദം ചെലുത്തി, വിലസ്ഥിരതാ ഫണ്ട് ഉപയോഗിച്ച് റബർ സംഭരണം തുടങ്ങാൻ ഏർപ്പാടു ചെയ്യണം. അതോടൊപ്പം 50% നിരക്കിൽ ചെറുകിട കർഷകരെ സംരക്ഷിക്കാനുള്ള 'സേഫ് ഗാർഡ്' ഡ്യൂട്ടി ചുമത്തി, ഇറക്കുമതിയുടെ ഒഴുക്ക് തടയാനുള്ള തീരുമാനം കേന്ദ്ര സർക്കാരിനെക്കൊണ്ട് എടുപ്പിച്ചേ തീരൂ. റബർ കർഷകരുടെ വോട്ടുനേടി ജയിച്ച നമ്മുടെ എം.പി.മാർ ഈ പ്രതിസന്ധി ഘട്ടത്തിൽ ലക്ഷ്യം നേടുന്നതുവരെ ലോകസഭാകവാടത്തിൽ ഉപവാസസമരം തുടങ്ങണം. അവർ അതിനു തയാറാകുന്നതിൽ കർഷകർ എം.പി.മാരുടെ വീടുകളിലേക്ക് 'മാർച്ച്' ചെയ്യണം.

ദേശീയതലത്തിൽ ഏറെ ശ്രദ്ധിക്കപ്പെട്ട നീക്കമായിരുന്നു കെ.എം.മാണിയുടെ ബുദ്ധിയിൽ ഉദിച്ച റബർ ഉൽപാദക ഉത്തേജന പദ്ധതി.

സർക്കാർ പ്രഖ്യാപിക്കുന്ന സാമ്പത്തിക സഹായത്തിന്റെ 10% പോലും യഥാർത്ഥ ഗുണഭോക്താക്കൾക്കു ലഭിക്കുന്നില്ലെന്നും 100 രൂപായുടെ സഹായധനത്തിൽ 90 രൂപയും അതു നടപ്പിലാക്കാനുള്ള സംവിധാനത്തിനായി ചിലവിടുകയും ഏറെ ചുവപ്പുനാടകൾക്കും കാലതാമസത്തിനും ശേഷം പ്രഖ്യാപിച്ച തുകയുടെ 10% മാത്രമാണു ഗുണഭോക്താക്കൾക്കെത്തുന്നതെന്നുമായിരുന്നു ഇതു സംബന്ധിച്ച് കേന്ദ്രധനകാര്യവകുപ്പും റിസർവ് ബാങ്കും ഓഡിറ്റർ ജനറലും നടത്തിയ പഠനത്തിൽ തെളിഞ്ഞത്.

അതുകൊണ്ടുതന്നെ കർഷകർക്കുള്ള ധനസഹായം കർഷകരുടെ ബാങ്ക് അക്കൗണ്ടുകളിലേക്കു നേരിട്ടു നൽകുന്ന രാജ്യത്തെ തന്നെ ആദ്യ പദ്ധതിയായ റബർ വിലസ്ഥിരതാ ഫണ്ട് പദ്ധതി ആകാംക്ഷയോടെയായിരുന്നു ദേശീയ തലത്തിൽ ചർച്ചചെയ്യപ്പെട്ടത്.

സർക്കാർ ധനസഹായത്തിൽ ഒരു രൂപാ പോലും ഇടനിലക്കാർക്കോ പദ്ധതി നടത്തിപ്പു സംവിധാനത്തിനോ (സംസ്ഥാന ധനകാര്യ വകുപ്പ്, റബർ ബോർഡ്, വാണിജ്യ ബാങ്കുകൾ) നൽകാതെ പ്രഖ്യാപിച്ച മുഴുവൻ തുകയും കർഷകരുടെ പക്കൽ എത്തുന്ന ആദ്യ പദ്ധതിയായിരുന്നു റബർ

വിലസ്ഥിരതാ ഫണ്ട്.

രാഷ്ട്രീയമായി തിരിച്ചടി നേരിടുമെന്നതിനാൽ സംസ്ഥാനത്തെ ഇടതുപക്ഷം ഈ പദ്ധതിയെ ആദ്യഘട്ടത്തിൽ എതിർത്തിരുന്നു.

ഇടതുമുന്നണി കൺവീനർ വൈക്കം വിശ്വന്റെ 26-8-2015-ലെ പ്രതികരണമിങ്ങനെ:

### റബർ സബ്സിഡി പ്രഖ്യാപനത്തിൽ മാത്രം:

**- വൈക്കം വിശ്വൻ**

കോട്ടയം: റബർ കർഷകർക്കുള്ള സബ്സിഡി ആനുകൂല്യം പ്രഖ്യാപനത്തിൽ മാത്രം ഒതുങ്ങുകയാണെന്ന് എൽഡിഎഫ് കൺവീനർ വൈക്കം വിശ്വൻ ആരോപിച്ചു. റബർ കർഷകരെ സംരക്ഷിക്കാൻ നടപടി സ്വീകരിക്കാത്ത സർക്കാർ നിലപാടിനെതിരെ ഇനിയും ശക്തമായ പ്രതിഷേധം ഉയരണമെന്നും അദ്ദേഹം പറഞ്ഞു.

സർക്കാർ പ്രഖ്യാപിച്ച സബ്സിഡിയുടെ ഗുണം ഭൂരിഭാഗം കർഷകരിലേക്കും എത്താൻ പോകുന്നില്ല. പത്തര ലക്ഷത്തോളം റബർ കർഷകരാണ് കേരളത്തിലുള്ളത്.

എന്നാൽ, വെറും രണ്ടര ലക്ഷം കർഷകർ മാത്രമാണ് സർക്കാർ സബ്സിഡിക്കായി രജിസ്റ്റർ ചെയ്തത്. ചെറുകിട കർഷകരടക്കമുള്ള ഭൂരിഭാഗവും സബ്സിഡി ആനുകൂല്യത്തിൽനിന്ന് പുറത്താണ്. മുൻപ് സംസ്ഥാനസർക്കാർ നടത്തിയ പ്രഖ്യാപനങ്ങളിലെ പൊള്ളത്തരമാണ് കർഷകരെ ഇതിൽനിന്ന് അകറ്റുന്നത്. ഇപ്പോൾ റബർ സബ്സിഡി നല്കുന്നുവെന്നു പറഞ്ഞ് ഉദ്ഘാടനം നടത്തുന്നതും മറ്റൊരു തട്ടിപ്പാണ്. എത്ര കർഷകരിലേക്ക് ഈ ആനുകൂല്യം എത്തുമെന്ന് കണ്ടറിയണം. റബർ മേഖലയിൽ ഗുണപരമായ മാറ്റത്തിന് സംസ്ഥാനത്തെ മുഴുവൻ റബർ കർഷകരിലേക്കും സബ്സിഡി ആനുകൂല്യം എത്തണം.

എന്നാൽ കർഷകരുടെ മുന്നിൽ താൽക്കാലികമായി പിടിച്ചുനിൽക്കുകയെന്ന കബളിപ്പിക്കൽ തന്ത്രം മാത്രമാണ് സർക്കാരിനെന്നും വൈക്കം വിശ്വൻ പറഞ്ഞു.

എന്നാൽ ഏറെ ആശ്ചര്യകരം ഈ പദ്ധതിയെ ആദ്യാവസാനം എതിർക്കുന്നത് ഏറ്റവും കൂടുതൽ റബർ കർഷകരുള്ള മേഖലയിലെ കത്തോലിക്കാ കോൺഗ്രസ് എന്ന സമുദായ സംഘടനയായിരുന്നു. റബർവില പ്രശ്നത്തിൽ ക്രിയാത്മകമായ നിർദ്ദേശങ്ങളൊന്നും നാളിതുവരെ നൽകാത്ത ഈ സംഘടനയുടെ 1-12-2015-ലെ പ്രതികരണമിങ്ങനെ:

### എം.പി.മാരുടെ നിലപാട് വേദനാജനകം:

പാലാ: റബർ കർഷകർ ചരിത്രത്തിലെ ഏറ്റവും വലിയ പ്രതിസന്ധിയിലൂടെ കടന്നുപോകുമ്പോൾ പാർലമെന്റിൽ നിസംഗത പുലർത്തുന്ന എം.പി.മാരുടെ നിലപാട് വേദനാജനകമാണെന്നു കത്തോലിക്കാ കോൺഗ്രസ് രൂപതാ നേതൃസമ്മേളനം. തീരുവയും തുറമുഖ നിയന്ത്രണവും എടുത്തുകളഞ്ഞ് റബർ ഇറക്കുമതിക്ക് അനുമതി നൽകിയപ്പോഴും നിസംഗത പുലർത്തിയ എം.പി.മാർ സംശയത്തിന്റെ നിഴലിലാണ്. കർഷക സ്നേഹമുണ്ടെങ്കിൽ പതിവു പ്രസ്താവനകൾക്കും പ്രഹസന പ്രതിഷേധപരിപാടികൾക്കുമപ്പുറത്ത് രൂക്ഷവും തീവ്രവുമായ സമരമുഖം പാർലമെന്റിന് അകത്തും പുറത്തും തുറക്കാൻ ജനപ്രതിനിധികൾ തയാറാകണമെന്ന് എകെസിസി ആവശ്യപ്പെട്ടു.

താത്കാലികമായി റബർ ഇറക്കുമതി നിർത്തിവക്കാനും വിലസ്ഥിരതാഫണ്ട് ഉപയോഗിച്ച് റബർ സംഭരിക്കാനും സബ്സിഡി നൽകി റബർ കയറ്റുമതിക്കും കേന്ദ്രസർക്കാരിൽ സമ്മർദ്ദം ചെലുത്തണം. സംസ്ഥാന സർക്കാരിന്റെ റബർ സബ്സിഡി വിതരണം നിലച്ച അവസ്ഥയിലാണ്. പഞ്ചായത്ത് തെരഞ്ഞെടുപ്പിന്റെ സമയത്ത് ഏതാനും കർഷകർക്കു മാത്രമാണു സബ്സിഡി ലഭിച്ചത്. 80 ശതമാനത്തോളം വരുന്ന ലാറ്റക്സ് വിൽക്കുന്ന കർഷകർക്കു ഒരു പൈസ പോലും ലഭിച്ചിട്ടില്ല. പ്രസ്താവനകളിലും സമ്മേളനങ്ങളിലും കാണിക്കുന്ന കർഷകസ്നേഹത്തിന്റെ യാഥാർത്ഥ്യം കർഷകർ തിരിച്ചറിയണം. നടപ്പ് നിയമസഭാ സമ്മേളനത്തിലും കാർഷികഉത്പന്നങ്ങളുടെ വിലയിടിവും പ്രതിസന്ധികളും ചർച്ച ചെയ്യാൻ ഭരണ-പ്രതിപക്ഷങ്ങൾ തയ്യാറാകണം. കർഷകരെ മറക്കുന്ന ഭരണകർത്താക്കളും ജനപ്രതിനിധികളും ജനകീയകോടതിയിൽ തള്ളപ്പെടുമെന്ന് സമ്മേളനം മുന്നറിയിപ്പു നൽകി.

പ്രസിഡന്റ് സാജു അലക്സ് അധ്യക്ഷത വഹിച്ചു. റവ. ഡോ. ജോർജ് വർഗീസ് ഞാറക്കുന്നേൽ, രാജീവ് കൊച്ചുപറമ്പിൽ തുടങ്ങിയവർ പ്രസംഗിച്ചു.

വിലസ്ഥിരതാഫണ്ട് പ്രവർത്തിക്കുന്നതുകൊണ്ടാണ് റബർ വില ഇടിഞ്ഞതെന്ന വിചിത്രവാദവുമായി ഇൻഫാം ചെയർമാൻ പി.സി. സിറിയക് വീണ്ടും രംഗത്തെത്തിയത് 5/12/2015ൽ ആയിരുന്നു. അദ്ദേഹത്തിന്റെ അടുത്ത ലേഖനമിങ്ങനെ:

### റബർ: നഷ്ടപ്പെടുന്ന ഉത്പാദനം 50 ശതമാനം

5/12/15 - പി.സി. സിറിയക്

അനിയന്ത്രിതമായ ഇറക്കുമതി കാരണം റബർവിലയിടിഞ്ഞ് കർഷകർക്കും കേരളത്തിന്റെ സമ്പദ്‌വ്യവസ്ഥയ്ക്കും പ്രതിസന്ധിയുണ്ടായിട്ടു കൊല്ലം രണ്ടു കഴിഞ്ഞു. റബർവില മുമ്പുണ്ടായിരുന്നതിന്റെ പകുതിയേക്കാൾ താഴെയായിരിക്കുന്നു. കൂലിയും കൃഷിച്ചെലവുകളും വർദ്ധിക്കുകയും ചെയ്തിരിക്കുന്നു. വിലയിടിഞ്ഞു ടാപ്പർക്കു കൂലി കൊടുക്കാൻ പോലും പോരാതെവന്നപ്പോൾ കർഷകൻ ടാപ്പിംഗ് നിർത്താൻ നിർബന്ധിതനായി. അങ്ങനെ ഉത്പാദനം കുറഞ്ഞു.

കുറഞ്ഞ ഉത്പാദനം ചൂണ്ടിക്കാട്ടി ടയർ വ്യവസായികൾ റബർ ഇറക്കുമതി വർദ്ധിപ്പിച്ചു. അതോടെ വില വീണ്ടും താഴോട്ട്. അപ്പോൾ കൂടുതൽ പേർ ടാപ്പ് ചെയ്യാതായി. വീണ്ടും ഉത്പാദനക്കുറവ്, വീണ്ടും ഇറക്കുമതി. ഒരു ദൂഷിതവലയം! ഈ കളി തുടർന്നാൽ ഇവിടെ റബർകൃഷി നശിക്കും.

ഇപ്പോൾ ടാപ്പ് ചെയ്യാവുന്ന റബർത്തോട്ടം മുഴുവൻ ടാപ്പ് ചെയ്താൽ 9.75 ലക്ഷം ടൺ റബർ ഇവിടെ ഉത്പാദിപ്പിക്കാം. പക്ഷേ, നമ്മുടെ ചരക്ക് വാങ്ങാതെ കുറഞ്ഞവിലയ്ക്ക് കിട്ടുന്ന വിദേശറബർ അപരിമിതമായി ഇറക്കുമതി ചെയ്തു നമ്മുടെ ഉത്പാദനം തടയുന്ന തന്ത്രത്തിന്റെ ഫലമായി ഇക്കൊല്ലത്തെ ഉത്പാദനം അഞ്ചു ലക്ഷം ടൺ മാത്രമായി കുറഞ്ഞേക്കും. ഈ അഞ്ചു ലക്ഷം ടണ്ണിന് ന്യായവിലയായ 160 രൂപ വച്ച് വിലയിട്ടാൽ, 8000 കോടി രൂപയാകും. പക്ഷേ, നമ്മുടെ കർഷകന് 100 രൂപവച്ച് ലഭിക്കുന്നത് 50,00 കോടി രൂപ മാത്രം. അവിടെ നഷ്ടം 3000 കോടി രൂപ. ഉത്പാദനശേഷി ഉണ്ടായിട്ടും വിലക്കുറവ് മൂലം ടാപ്പ് ചെയ്യാൻ കഴിയാതെപോകുന്ന തോട്ടങ്ങളിൽ 4.75 ലക്ഷം ടൺ ഉത്പാദനനഷ്ടം അതിന്റെ മതിപ്പ് 4.75 ലക്ഷം X 160 X100 = 7500 കോടി രൂപ. അപ്പോൾ ഇക്കൊല്ലം മാത്രം കർഷകന് നഷ്ടം 10,500 കോടി രൂപ. ഈ തുക കർഷകൻ വിവിധ കാര്യങ്ങൾക്കുവേണ്ടി ചെലവിടും. അങ്ങനെ പല കൈ മറിഞ്ഞ് കുറഞ്ഞപക്ഷം, 50,000 കോടി രൂപയുടെ ബിസിനസാണ് ഇക്കൊല്ലം മാത്രം കേരളത്തിനു നഷ്ടമാകുന്നത്.

ഈ വൻ അത്യാഹിതം ഒഴിവാക്കാൻ നടപടിയെടുക്കാൻ അധികാരമുള്ളതു സംസ്ഥാന സർക്കാരിനല്ല, കേന്ദ്രത്തിനാണ്. ഒളിച്ചുകളി നടത്തുന്ന കേന്ദ്ര വാണിജ്യമന്ത്രിയും ബിജെപി സർക്കാരുമാണ് ഇടപെടേണ്ടത്. 160 രൂപയ്ക്ക് കർഷകന്റെ റബർ സംഭരിക്കാൻ കേന്ദ്രം തയ്യാറാകട്ടെ. ഇതു സംഭവിച്ചാൽ ടാപ്പ് ചെയ്യാവുന്ന മുഴുവൻ തോട്ടങ്ങളിലും ടാപ്പിംഗ് നടക്കും. ഉത്പാദനം ഉയരും. അനാവശ്യമായ ഇറക്കുമതിയും വിദേശനാണ്യനഷ്ടവും ഒഴിവാക്കാം. രണ്ടാമത്, ഒരു കൊല്ലത്തേക്ക് ഇറക്കുമതി നിർത്തിവയ്ക്കുക. അല്ലെങ്കിൽ സംരക്ഷണച്ചുങ്കമായി 50 ശതമാനം കൂടി ഇറക്കുമതിച്ചുങ്കം ചുമത്തുക. ഇതു ചെയ്യാൻ കേന്ദ്രസർക്കാരിനു ലോകവാണിജ്യകരാറിൽ ഒരു തടസ്സവുമില്ല. ഇതിനു കേരളസർക്കാരും നമ്മുടെ എംപിമാരും റബർ കർഷകരും സമ്മർദ്ദം ചെലുത്തുക.

**വളരെക്കാലത്തെ നിവേദനങ്ങൾക്കുശേഷം നമ്മുടെ എംപിമാരെ ലോക്സഭയിൽ അവസാനം എഴുന്നേറ്റു നിന്നു റബർ പ്രതിസന്ധിയെപ്പറ്റി പറയാൻ തയാറായി. പക്ഷേ, അവർ ഉയർത്തിയ ഒരു ഡിമാൻഡ് ആശങ്കയുണർത്തുന്നു. കേരളം നടപ്പിലാക്കുന്ന 300 കോടി രൂപയുടെ വിലസ്ഥിരതാ പദ്ധതി വിപുലീകരിക്കാൻ കേന്ദ്രസഹായം 500 കോടി രൂപ വേണം. ഇക്കാര്യം പരിഗണിക്കാമെന്നു കേന്ദ്രമന്ത്രി. ഏറ്റവും അപായകരമായ കാര്യമാണിത്.**

കേരളത്തിന്റെ 300 കോടി രൂപയുടെ വിലസ്ഥിരതാഫണ്ടിന്റെ കാര്യം കഴിഞ്ഞ മാർച്ചിൽ കേരള ബജറ്റിൽ പ്രഖ്യാപിച്ചതായിരുന്നു. കർഷകർ വിപണിയിൽ കിട്ടുന്ന വിലയ്ക്കു റബർ വിൽക്കുക. വില 150 രൂയിൽ കുറവാണെങ്കിൽ കുറവു വരുന്ന തുക കേരള സർക്കാർ കർഷകന്റെ ബാങ്ക് അക്കൗണ്ടിലേക്കു നിക്ഷേപിക്കും. അങ്ങനെ കർഷകനു താൻ വിൽക്കുന്ന റബറിന് 150 രൂപ ലഭ്യമാക്കും. കേൾക്കാൻ സുഖമുണ്ട്. പക്ഷേ, ഭാവനാശൂന്യവും സങ്കീർണതകൾ നിറഞ്ഞതുമായ ഈ പദ്ധതി തുടങ്ങി മാസങ്ങൾ കഴിഞ്ഞിട്ടും ഇതുവരെ കർഷകനു കൊടുക്കാൻ കഴിഞ്ഞത് 30 കോടി രൂപ മാത്രം! 270 കോടി രൂപ ഇനിയും ബാക്കി നിൽക്കുന്നു.

ഇവിടെ പ്രശ്നം രണ്ടാണ്. ഒന്ന് സങ്കീർണമായ നടപടിക്രമം. തോട്ടത്തിന്റ ഉടമസ്ഥാവകാശം തെളിയിക്കണം. ടാപ്പ് ചെയ്യാവുന്ന തോട്ടത്തിന്റെ വിസ്തീർണം സ്ഥാപിക്കാനും രേഖകൾ, കരം അടച്ച രസീത്, റബർ വിറ്റ ബിൽ, ഉത്പാദകസംഘത്തിന്റെയും റബർ ബോർഡിന്റെയും സാക്ഷ്യങ്ങൾ, ബാങ്ക് വിവരങ്ങൾ ഇവയെല്ല അക്ഷയ കേന്ദ്രത്തിലൂടെ അപ്‌ലോഡ് ചെയ്ത് അയയ്ക്കുക. കുറേക്കാലം കഴിഞ്ഞു നിങ്ങൾ റബർ വിറ്റ വിലയ്ക്കും 150 രൂപയ്ക്കും തമ്മിലുള്ള വ്യത്യാസം നിങ്ങളുടെഅക്കൗണ്ടിൽ എത്തും. മൊത്തം വാർഷിക ഉത്പാദനത്തിന്റെ 20 ശതമാനത്തിൽ കൂടുതൽ ഒരു പ്രാവശ്യം വിൽക്കാൻ പാടില്ല. നടപടിക്രമങ്ങളുടെ സങ്കീർണതകൊണ്ട് ഇതവരെ 30 കോടി മാത്രമേ കൊടുക്കാൻ കഴിഞ്ഞിട്ടുള്ളു.

രണ്ടാമത്, പദ്ധതിയുടെ ഭാവനാശൂന്യമായയരൂപകല്പന. പദ്ധതി തുടങ്ങിയപ്പോൾ റബർ വില 132 രൂപ. അന്നു സർക്കാരിന്റെ ബാധ്യത 150-132 = 18 രൂപ. സൂത്രശാലികളായ വ്യവസായികൾ ഈ പദ്ധതി സർക്കാർ പ്രഖ്യാപിച്ചതോടെ വിപണിവില ഇടിക്കാൻ തുടങ്ങി. ക്രമേണ കുറഞ്ഞ് ഇന്ന് അതു 102 രൂപയിൽ നിൽക്കുന്നു. അപ്പോൾ സർക്കാരിന്റെ ബാധ്യത 48 രൂപ. 150 രൂപ കൊടുത്ത് റബർ വാങ്ങുന്നതിനു പകരം വ്യവസായികൾ 102 രൂപാ മാത്രം കൊടുക്കുന്നു. ബാക്കി അവർക്കുവേണ്ടി സർക്കാർ സാവധാനം കൊടുക്കുന്നു. ഈ പദ്ധതിയുടെ ഗുണഭോക്താക്കൾ വ്യവസായികളാണോ കർഷകരാണോ? **ഈ പദ്ധതി നിലനിൽക്കുന്നിടത്തോളംകാലം റബർ വിപണിയിൽ ഉയരുകയേയില്ല. ക്രമേണ കുറയും.**

**അതുകൊണ്ട് അശാസ്ത്രീയമായ ഈ പദ്ധതി പിൻവലിക്കണം. നീക്കിവച്ചിരിക്കുന്ന തുകയെടുത്ത് കേരള സർക്കാർ കർഷകരുടെ റബർ 150 രൂപയ്ക്കു സംഭരിക്കട്ടെ.** ഈ പദ്ധതി തുടരാനായി കേന്ദ്രസഹായം ചോദിക്കുന്നതും റബർവില എന്നും ഇടിച്ചുതാഴ്ത്തി നിർത്താനുള്ള തന്ത്രത്തിന്റെ ഭാഗമല്ലേ? കേന്ദ്രം റബർ സംഭരിക്കട്ടെ! ഇറക്കുമതി നിയന്ത്രിക്കട്ടെ! റബറിനോടുള്ള ചിറ്റമ്മനയം അവസാനിപ്പിച്ചു കർഷകരെ രക്ഷിക്കാൻ തയാറാവട്ടെ! കേരള സർക്കാരും എം.പി.മാരും അതിനുവേണ്ടി സമ്മദ്ദം ചെലുത്തട്ടെ. റബർ കർഷകരെ സഹായിക്കാൻ അവർക്ക് ആഗ്രഹമുണ്ടെങ്കിൽ!

വസ്തുതകളുമായി യാതൊരു ബന്ധവുമില്ലാത്ത കാര്യങ്ങളാണ് പി.സി. സിറിയക്കിന്റെ ലേഖനത്തിൽ.

3 മാസങ്ങൾക്കൊണ്ട് 3.2 ലക്ഷം റബർ കർഷകരാണ് സംസ്ഥാന സർക്കാരിന്റെ കംപ്യൂട്ടറിൽ ആയിരക്കണക്കിനു സ്ഥലങ്ങളിൽനിന്ന് പദ്ധതിയിൽ അംഗങ്ങളായത്. സർക്കാർ ധനസഹായം നേരിട്ടു പണമായി കർഷകർക്കു നൽകാൻ ഓഡിറ്റർ ജനറൽ നിർദ്ദേശിക്കുന്നതിൽ ഏറ്റവും കുറഞ്ഞ രേഖകൾ മാത്രമായിരുന്നു ഈ പദ്ധതിയിൽ ചേരാൻ ആവശ്യമായിരുന്നത്.

കർഷകരെ പദ്ധതിയിൽ അംഗങ്ങളാക്കുന്ന കാര്യത്തിലും ബില്ലുകൾ അപ്‌ലോഡിംഗ് ചെയ്യുന്ന കാര്യത്തിലും സംസ്ഥാന ധനകാര്യവകുപ്പും റബർബോർഡും അതിലുപരി റബർ ഉത്പാദകസംഘം പ്രസിഡന്റുമാരും ഏറെ ആത്മാർത്ഥതയോടെയാണ് പ്രവർത്തിച്ചത്.

കംപ്യൂട്ടറൈസേഷൻ നടന്ന ഒരു മേഖലയിലും (ബാങ്കിംഗ്, LPG, സർക്കാർ സേവനങ്ങൾ) കാണാത്ത രീതിയിലുള്ള വിജയമായിരുന്ന ഈ പദ്ധതിയിൽ. ബാങ്കിംഗ്/LPG തുടങ്ങിയ മേഖലകളിൽ വിദഗ്ദ്ധരായ തൊഴിലാളികളും ഉദ്യോഗസ്ഥരുമാണ് കംപ്യൂട്ടറൈസേഷനു പിന്നിൽ പ്രവർത്തിച്ചതെങ്കിൽ റബർ വിലസ്ഥിരതാഫണ്ടിനു പിന്നിൽ പ്രവർത്തിച്ചത് വെറും കർഷകർ മാത്രമായ റബർ ഉത്പാദകസംഘം പ്രസിഡന്റുമാർ ആണ്. മൂന്നര ലക്ഷത്തോളം റബർ കർഷകരുടെയും 2000-ലധികം RPS പ്രസിഡന്റുമാരുടെയും അതിലുമുപരി റബർ ബോർഡ് ഓഫീസർമാരുടെയും കഠിനാദ്ധ്വാനത്തെയും ആത്മാർത്ഥതയെയും ചോദ്യംചെയ്യുക കൂടിയാണ് വിലസ്ഥിരതാപദ്ധതിയെ അടച്ചാക്ഷേപിക്കുന്ന സംഘടനകളും വിദഗ്ദ്ധരും. ഏറെ വിജയകരമായി നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന റബർ വിലസ്ഥിരതാഫണ്ട് ഇല്ലാതാക്കണമെന്ന രാഷ്ട്രീയേതര കർഷക പേപ്പർ സംഘടനകളുടെ ആവശ്യപ്രകാരം റബർ മാർക്കിനെക്കൊണ്ടും മാർക്കറ്റിംഗ് ഫെഡറേഷനെക്കൊണ്ടും റബർ സംഭരിപ്പിക്കാനുള്ള നീക്കത്തിലാണ് ചിലർ. ഇതാ അതിനെ സംബന്ധിച്ച 6/1/2016-ലെ വാർത്ത.

## റബർ സംഭരിക്കാമെന്നു റബർ മാർക്കും മാർക്കറ്റിംഗ് ഫെഡും

6/1/16

തിരുവനന്തപുരം: കർഷകരിൽനിന്നു റബർ സംഭരിക്കാൻ തയ്യാറാണെന്നു റബർ മാർക്കും മാർക്കറ്റിംഗ് ഫെഡും സർക്കാരിനെ അറിയിച്ചു. ഇന്നലെ നടന്ന ഉന്നത ഉദ്യോഗസ്ഥരുടെ ചർച്ചയിലാണ് ഇക്കാര്യം അറിയിച്ചത്. എന്നാൽ,

സംഭരണത്തിന് ആവശ്യമായ പണം സംബന്ധിച്ച കാര്യത്തിൽ തീരുമാനമായില്ല.

സംഭരണ ഏജൻസികൾ വായ്പയായി പണം കണ്ടെത്താനായിരുന്നു സർക്കാർ നിർദ്ദേശം. ഇതിന്റെ പലിശ സർക്കാർ നല്കാമെന്നും പറഞ്ഞിരുന്നു. എന്നാൽ, ഇതുസംബന്ധിച്ചു സർക്കാരിൽനിന്നു ചില ഉറപ്പുകൾ വേണമെന്ന നിലപാടിലാണു സംഭരിക്കാമെന്നു സമ്മതിച്ച ഏജൻസികൾ. ഇക്കാര്യത്തിൽ അന്തിമതീരുമാനം എടുക്കാൻ സാധിച്ചില്ല. അഡീഷണൽ ചീഫ് സെക്രട്ടറി കെ. എം. ഏബ്രഹാമിന് ഇന്നലെ നടന്ന ചർച്ചയിൽ പങ്കെടുക്കാൻ സാധിക്കാത്തതിനാലാണ് ഇക്കാര്യത്തിൽ അന്തിമ തീരുമാനത്തിൽ എത്താൻ സാധിക്കാഞ്ഞത്.

സർക്കാർ പ്രഖ്യാപിച്ച വിലസ്ഥിരതാ സംവിധാനം വേണ്ട രീതിയിൽ പുരോഗമിക്കാത്ത പശ്ചാത്തലത്തിലാണു പുതിയ മാർഗ്ഗം സർക്കാർ ഇപ്പോൾ ആലോചിക്കുന്നത്.

## എന്താണ് പരിഹാരമാർഗ്ഗങ്ങൾ?

റബർവിലയിടിവു സംബന്ധിച്ച് ഈ മേഖലയിലെ വിദഗ്ദ്ധർ എന്നു ജനം കരുതുന്നവരുടെയും വിവിധ രാഷ്ട്രീയ പാർട്ടികളുടെയും ജനനേതാക്കളുടെയും കണ്ടെത്തലുകളും വിശദീകരണങ്ങളും നാം മനസ്സിലാക്കിക്കഴിഞ്ഞു.

റബർ കർഷകരെ നേരിട്ടു സാമ്പത്തികമായി സഹായിക്കുക എന്നതല്ലാതെ മറ്റൊരു പോംവഴിയില്ല എന്നതാണ് സത്യം. ദേശീയ തലത്തിൽപ്പോലും പരിമിതമായ ഇടപെടലുകൾ മാത്രമേ സാധ്യമാകൂ. സേഫ്ഗാർഡ് ഡ്യൂട്ടി (സുരക്ഷിതച്ചുങ്കം) യുടെ കാര്യത്തിൽ മാത്രമാണ് എന്തെങ്കിലും പ്രതീക്ഷിക്കാനാവുക. എന്നാൽ അവിടെയും തീരുമാനത്തിലെത്താൻ വർഷങ്ങളെടുത്തേക്കാം. റബറിനെ രക്ഷിക്കാൻ സാധിച്ചാൽപ്പോലും അത് നാളികേരത്തെയോ മറ്റു കാർഷിക ഉൽപ്പന്നങ്ങളെയോ പ്രതികൂലമായി ബാധിക്കാം.

കേരളത്തിലെ 10 ലക്ഷം കർഷകരെ രക്ഷിക്കാൻ ഇറക്കുമതിച്ചുങ്കം ഉയർത്താൻ ഗാട്ട് കരാറിൽ അംഗങ്ങളായ 150 –ൽ പരം രാജ്യങ്ങൾ സമ്മതിക്കുമെന്നും വിശ്വസിക്കാനാവില്ല.

റബർ പ്രതസന്ധിയെപ്പറ്റിയുള്ള വിവിധ വിദഗ്ദ്ധരുടെ ലേഖനങ്ങൾ അങ്ങനെതന്നെ ഇവിടെ കൊടുത്തതും ഇനിയും റബർ കർഷകർ വഞ്ചിതരാകാതിരിക്കാനാണ്.

ആഗോളതലത്തിൽ മാറ്റങ്ങളുണ്ടാകാത്തിടത്തോളം കാലം കേരളത്തിലെ റബർ അടക്കമുള്ള കൃഷികൾ കർഷകർക്ക് ആദായകരമാക്കാൻ പ്രാദേശികതലത്തിലെ ഉയർന്ന കൂലിചിലവുകളും ജീവിതച്ചിലവുകളും മുതൽമുടക്കിന് 10% വരുമാനവുമടക്കുമുള്ള കാര്യങ്ങൾ കണക്കിലെടുത്ത് ഓരോ കാർഷിക ഉൽപ്പന്നത്തിന്റെയും ന്യായവില സംസ്ഥാന സർക്കാർ നിശ്ചയിക്കുകയും ആ ന്യായവിലയും വിപണി വിലയും തമ്മിലുള്ള വ്യത്യാസം കർഷകർക്കു സർക്കാർ നേരിട്ടു നൽകുകയും ചെയ്യുക എന്നതു മാത്രമാണ് പരിഹാരം.

ഭാഗം 4

# റബർ വിലയിടിവ് : ഒരു സാമ്പത്തിക - രാഷ്ട്രീയ വിലയിരുത്തൽ




(പുനർ പ്രസിദ്ധീകരിക്കൽ)

ജെയിംസ് വടക്കൻ

## പ്രതിവർഷ നഷ്ടം 10500 കോടി രൂപാ

2011 ഏപ്രിൽ 5-ാം തീയതി ഒരു കിലോക്ക് 244 രൂപാ വിലയുണ്ടായിരുന്ന റബർ ഷീറ്റിന് ഇന്നത്തെ വില 108 രൂപാ. ഒരു കിലോയിൽ 136 രൂപയുടെ വരുമാന നഷ്ടം.

കേരളത്തിൽ 539120 ഹെക്ടർ സ്ഥലത്ത് 10 ലക്ഷത്തിൽപരം ചെറുകിട റബർ കർഷകർ 2012-13-ൽ ഉൽപാദിപ്പിച്ചത് 770580 ടൺ റബർ. റബർ വിലയിടിവുമൂലം റബർ കർഷകർക്ക് നഷ്ടപ്പെട്ടതു 10479.88 കോടി രൂപാ. ഒരു വർഷത്തിൽ 150 വെട്ട് എന്നു കണക്കാക്കിയാൽ പ്രതിദിന നഷ്ടം 70 കോടി രൂപാ. ഒരു കർഷകന് പ്രതിവർഷം നഷ്ടം 104799 രൂപാ. പ്രതിദിന വരുമാന നഷ്ടം 700 രൂപാ.

- ? ഈ വരുമാന നഷ്ടം ഒഴിവാക്കാനാവുമോ?
- ? നിലവിൽ 108 രൂപയുടെ റബർവില പഴയ 244 രൂപയിലെത്തിക്കാനാവുമോ?
- ? 244 രൂപയിലെത്തിയില്ലെങ്കിലും റബർകൃഷി നഷ്ടമില്ലാത്ത കൃഷിയായി നിലനിർത്താൻ ആവശ്യമായ 180 രൂപാ എന്നു കിട്ടാൻ തുടങ്ങും.
- ? ആരാണ് റബർവില താഴ്ത്തിയത്?
- ? ആരൊക്കെയാണതിനു കൂട്ടുനിന്നത്?
- ? എന്നു മുതലാണ് റബർ വിലയിടിക്കൽ ഗൂഢാലോചന നടന്നത്?
- ? റബർ വിലിയിടിവിനു പിന്നിലെ സംസ്ഥാന, ദേശീയ, ആഗോള നയങ്ങളെന്തൊക്കെയാണ്?
- ? റബർ വില പഴയ വിലയിലേക്കുയർത്താൻ ആരെക്കൊണ്ടു സാധിക്കും?
- ? റബർ കർഷകർ ആരുടെകൂടെക്കൂടിയാലാണ് റബർവില ഇനി ഉയർത്താനാവുക

HOW RICH COUNTRIES GOT RICH AND WHY POOR COUNTRIES STAY POOR എന്ന ആഗോള പ്രശ്നമായ ERIK S. REINERT ന്റെ പുസ്തകത്തിലെ രണ്ടു വാചകങ്ങൾ റബർ കർഷകരുടെ ഇന്നത്തെ അവസ്ഥയെയും അവരെ പുനരുദ്ധരിക്കാൻ ഇറങ്ങിപ്പുറപ്പെട്ടിരിക്കുന്നവരുടെ മനോഭാവത്തെയും വ്യക്തമാക്കുന്നു.

“JUST AS CANCER PATIENTS ARE GIVEN PALLIATIVE TREATMENTS, TREATMENTS THAT RELIEVES THE PAIN WITHOUT ATTEMPTING TO CURE THE DISEASE- WE ARE WITNESSING AN INCREASING FOCUS ON PALLIATIVE ECONOMICS AS A SUBSTITUTE FOR DEVELOPMENT ECONOMICS."

അതെ റബർ വിലിയിടിവ് എന്ന കാൻസർ രോഗം ചികിത്സിച്ചു ഭേദമാക്കുകയല്ല കാൻസർ മൂലമുണ്ടാകുന്ന തലവേദനയ്ക്ക് വിക്സ് പുരട്ടിക്കൊടുക്കുകയാണ് എല്ലാവരും. റബർ വിലയിടിവിന്റെ യഥാർത്ഥ കാരണങ്ങൾ ആരും അന്വേഷിക്കുന്നില്ല. യഥാർത്ഥ കാരണങ്ങൾ കണ്ടെത്തിയാലേ ശാശ്വതപരിഹാരമാർഗ്ഗങ്ങൾ നിർദ്ദേശിക്കാനും അവ നടപ്പിലാക്കാനും സാധിക്കൂ.

റബർ വിലയിടിക്കാനുള്ള ശ്രമം 1990 കളിൽ തുടങ്ങിയതാണ് അതിന് ആഗോളതല മാനങ്ങളുണ്ട്. കേന്ദ്ര ഭരണത്തിലെ വാണിജ്യ വകുപ്പുതന്നെയാണ് ഒന്നാം പ്രതി. രാജ്യത്ത് ഏറ്റവും കൂടുതൽ റബർ ഉത്പാദിപ്പിക്കുന്ന സംസ്ഥാനമെന്ന നിലയിൽ റബർ അടക്കമുള്ള കാർഷിക വിളകളെ സംബന്ധിച്ച് ഗൗരവമായ പഠനം നടത്താൻ തയാറാകാതെ മൈതാനപ്രസംഗം നടത്തി സായൂജ്യം അടഞ്ഞ ദേശീയ സംസ്ഥാന രാഷ്ട്രീയ പാർട്ടി നേതാക്കളും ഗൂഢാലോചനയിൽ പങ്കാളികളാണ്.

## 8 ജില്ലകളെ ബാധിക്കുന്ന ജനകീയവിഷയം

റബർ വിലയിടിവ്  റബർകർഷകരുടെ മാത്രം പ്രശ്നമല്ല. 8 ജില്ലകളിലെ ജനജീവിതത്തെ സാരമായി ബാധിച്ച വിഷയമാണ്. രാഷ്ട്രീയ വെല്ലുവിളികളേക്കാൾ കേരളത്തിന്റെ സമ്പദ്‌വ്യവസ്ഥയുടെ നട്ടെല്ലൊടിച്ചു എന്നതാണ് ഏറെ ഗൗരവമേറിയത്. കേരളത്തിൽ ഉൽപാദിപ്പിക്കുന്നത് 7 ലക്ഷം ടൺ റബ്ബറാണ്. ഒരു കിലോ റബ്ബറിൽ 2011-നെ അപേക്ഷിച്ച് 2014-ൽ 136 രൂപയുടെ കുറവാണുണ്ടായിരിക്കുന്നത്. കോട്ടയം, എറണാകുളം, പത്തനംതിട്ട, ഇടുക്കി, കൊല്ലം, തിരുവനന്തപുരം, കണ്ണൂർ, പാലക്കാട് എന്നീ ജില്ലകളിലായി റബ്ബർ വിലയിടിവിലൂടെ 10500 കോടി രൂപയാണ് 10 ലക്ഷത്തോളം റബ്ബർ കർഷകർക്ക് നഷ്ടപ്പെട്ടത്. ഈ 10500 കോടി രൂപയും ഒരു തരത്തിലല്ലെങ്കിൽ മറ്റൊരുതരത്തിൽ കച്ചവടസ്ഥാപനങ്ങളിലും ബാങ്കുകളിലും മറ്റ് ഉൽപാദന മേഖലകളിലുമെത്തേണ്ടതായിരുന്നു. ഈ 10500 കോടി രൂപയുടെ വിറ്റുവരവ് നഷ്ടം ഈ ജില്ലകളിലെ സമസ്ത മേഖലകളെയും ബാധിച്ചിരിക്കുന്നു.

വളരെ തിരക്കേറിയ പട്ടണറോഡുകളിൽ ഇപ്പോൾ തിരക്കേയില്ല. വർക്ക്ഷോപ്പുകൾ കാലി, ഓട്ടോറിക്ഷകൾക്ക് ഓട്ടം പകുതിയായി, തുണി സ്വർണ്ണ കടകളിൽ കച്ചവടമില്ല, പെയിന്റ് ഹാർഡ്വെയർ കടകളിൽ ജീവനക്കാർക്ക് ശമ്പളം നൽകാനുള്ള തുക പോലും ലാഭമായി കിട്ടുന്നില്ല. കടുത്ത സാമ്പത്തികമാന്ദ്യത്തിലാണ് ഈ ജില്ലകളൊക്കെ. നിർമ്മാണ റിയൽഎസ്റ്റേറ്റ് മേഖല ഏതാണ്ട് പൂർണ്ണമായും അടച്ചുപൂട്ടിയിരിക്കുന്നു.

Heuea brasiliensis എന്ന സാങ്കേതിക നാമമുള്ള റബ്ബർ തെക്കേ അമേരിക്കയിലെ ആമസോൺ നദീതടങ്ങളിൽ നിന്ന് യുകെയിലെ Kew Garden കമ്പനിക്ക് വേണ്ടി 1876-ൽ ഏഷ്യയിൽ പരീക്ഷിക്കാനായി Sir Henry Wickham ആദ്യ റബ്ബർ കുരു ബ്രസീലിൽ നിന്നും കൊണ്ടുവന്നു. ഏഷ്യയിലേയും ആഫ്രിക്കയിലെയും അമേരിക്കയിലെയും Tropical Regions-ൽ റബ്ബർ വളരുന്നു. 200 cm ൽ കുറയാത്ത വാർഷിക മഴയുള്ള, 21-35$^{o}$c ചൂടുള്ള സ്ഥലങ്ങളിൽ റബ്ബർ നന്നായി വളരുന്നു.

തമിഴ്നാട്ടിലെ കന്യാകുമാരി ജില്ല തുടങ്ങി കേരളത്തിലൂടെ കർണ്ണാടകത്തിലെ കുടക് ജില്ല വരെ വ്യാപിച്ച് കിടക്കുന്ന വീതി കുറഞ്ഞ പശ്ചിമഘട്ട താഴ്വാരത്തിലാണ് റബ്ബർ വളരുന്നത്. വടക്കുകിഴക്കൻ ഇന്ത്യ, ഒഡീഷ്യ, ഗോവ, കൊങ്കൺ, ആന്ധ്ര, കർണ്ണാടക, പശ്ചിമ ബംഗാൾ എന്നിവിടങ്ങളിലും റബ്ബർ കൃഷി ആരംഭിച്ചിരിക്കുന്നു.

## റബറും ആസിയാൻ രാജ്യങ്ങളും

റബ്ബർ ഉൽപാദക രാജ്യങ്ങളിൽ ഇന്ത്യക്ക് അഞ്ചാം സ്ഥാനമാണുള്ളത്. ഏറ്റവും പഴയ റബർ ഉൽപാദക രാജ്യങ്ങൾ ചേർന്നതാണ് ആസിയാൻ (ASEAN) രാജ്യങ്ങൾ. ഭാരതത്തിൽ ഉൽപാദിപ്പിക്കുന്ന റബറിന്റെ 75% കേരളത്തിലാണ്. കേരളത്തിലെ റബ്ബർ ഉൽപാദനത്തിന്റെ 50% കോട്ടയം, എറണാകുളം, പത്തനംതിട്ട ജില്ലകളിലാണ്. 43443 ഹെക്ടറിൽ റബ്ബർ കൃഷിയുമായി ഇടുക്കിയും തൊട്ടുപിന്നിലുണ്ട്.

റബ്ബർബോർഡിന്റെ ഏറ്റവും ഒടുവിലത്തെ കണക്കുകൾ പ്രകാരം റബ്ബർ കൃഷി ചെയ്തിരിക്കുന്ന 640600 ഹെക്ടർ സ്ഥലം 1190215 കർഷകരുടേതാണ്. രണ്ട് ഹെക്ടറിൽ താഴെ കൃഷിയുള്ള 1171170 കർഷകർ 553710 ഹെക്ർ ഭൂമിയിൽ റബ്ബർകൃഷി ചെയ്യുന്നു. രണ്ട് ഹെക്ടറിന് മുകളിൽ കൃഷി ഭൂമിയുള്ള റബ്ബർ കർഷകർ 19045 പേർ മാത്രമാണ്. അവരുടെ റബർകൃഷി വിസ്തീർണ്ണം 86890 ഹെക്ടർ മാത്രം.

## അസംഘടിതരായ റബർ കർഷകരും സംഘടിതരായ വ്യവസായികളും

50 ഏക്കറിന് മുകളിൽ റബ്ബർകൃഷി ചെയ്യുന്നവരെയാണ് റബ്ബർ എസ്റ്റേറ്റുകൾ എന്ന് വിളിക്കുന്നത്. രാജ്യത്തൊട്ടാകെ അങ്ങനെ 550 റബ്ബർ എസ്റ്റേറ്റുകളാണുള്ളത്. അവർക്കു കീഴിൽ 70960 ഹെക്ടർ റബ്ബർ തോട്ടങ്ങളും.

ചുരുക്കത്തിൽ രാജ്യത്തെ സ്വാഭാവിക റബ്ബർ ഉൽപാദിപ്പിക്കുന്നത് 11.90 ലക്ഷം നാമമാത്ര ചെറുകിട കർഷകരാണ്. അവർക്ക് സ്വന്തമായി സംഘടനയോ പൊതുവിലപേശൽ സംഘടനയോ പൊതുവിലപേശൽ സംവിധാനങ്ങളോ ഇല്ല. ഇവർക്ക് ആശ്രയം മുഖ്യധാരാ രാഷ്ട്രീയ പാർട്ടികളാണ്. കോൺഗ്രസും കേരളാ കോൺഗ്രസുമാണ് റബ്ബർ കർഷകരുടെ അടിസ്ഥാന രാഷ്ട്രീയ പാർട്ടികൾ. ഈ പാർട്ടികളിലെ അത്യുന്നത നേതാക്കൾ എടുക്കുന്ന തീരുമാനങ്ങളാണ് റബ്ബർ വില നിശ്ചയിക്കുന്നത്.

എന്നാൽ രാജ്യത്തെ റബ്ബർ ഉപയോഗിക്കുന്ന വ്യവസായികളുടെ സ്ഥിതി നേരെ മറിച്ചാണ്. രാജ്യത്ത് ഉൽപാദിപ്പിക്കുന്ന റബ്ബറിന്റെ 62% ഉപയോഗിക്കുന്നത് 47 ടയർ കമ്പനികളാണ്.

രാജ്യത്ത് മൊത്തത്തിൽ 4356 റബ്ബർ അധിഷ്ഠിത വ്യവസായങ്ങളാണുള്ളത്. ഇതിൽ 56 വ്യവസായങ്ങൾ പ്രതിവർഷം 1000 ടണ്ണിൽ കൂടുതൽ സ്വാഭാവിക റബ്ബർ ഉപയോഗിക്കുന്ന വ്യവസായികളാണ്. ഇതിൽ ബഹുഭൂരിപക്ഷവും ടയർ കമ്പനികളാണ്. ബാക്കി 43150 വ്യവസായികൾ പ്രതിവർഷം 100 ടണ്ണിൽ കുറവ് റബ്ബർ ഉപയോഗിക്കുന്നവരാണ്.

**റബ്ബർ ഉപഭോഗം വിവിധ വ്യവസായങ്ങളിൽ**

| വിഭാഗം | ഉപഭോഗം (ടൺ) | % |
|---|---|---|
| ടയർ | 589760 | 62.23 |
| സൈക്കിൾ ടയർ | 87050 | 9.19 |
| കാമൽ ബ്ലാക്ക് | 43680 | 4.61 |
| ചെരിപ്പുകൾ | 62480 | 6.59 |
| ബെൽറ്റ് / ഹോസ് | 43570 | 4.60 |
| ലാറ്റക്സ് | 37765 | 3.98 |
| ഡിപ്പ്ഡ് ഗുഡ്സ് | 38925 | 4.11 |
| മറ്റുള്ളവ | 44485 | 4.69 |
| **ആകെ** | **947715** | **100** |

വളരെ ശക്തമായ സംഘടനാസംവിധാനമുള്ളവരാണ് ടയർ കമ്പനികളും മറ്റ് റബ്ബർ അധിഷ്ഠിത വ്യവസായികളും. റബ്ബർ അധിഷ്ഠിത വ്യവസായികൾക്ക് മൂന്ന് സംഘടനകളാണ് ഉള്ളത്.

1. ഓട്ടോമോട്ടീവ് ടയർ മാനുഫാക്ചറേഴ്സ് അസോസിയേഷൻ എന്ന എടിഎംഎ
2. ഇന്ത്യൻ സൈക്കിൾ ആൻഡ് റിക്ഷാ ടയർ മാനുഫാക്ചേഴ്സ് അസോസിയേഷൻ എന്ന ഐസിആർടിഎംഎ.
3. ഓൾ ഇന്ത്യ റബർ ഇൻഡസ്ട്രീസ് അസോസിയേഷൻ എഐആർഐഎ

ഇവരുടെ സംഘടനാ നേതൃത്വമാണ് കാലാകാലങ്ങളിൽ രാജ്യത്തെ സ്വാഭാവിക റബ്ബറിന്റെ വില നിയന്ത്രിക്കാൻ ശ്രമിച്ചിരുന്നത്. റബ്ബർ ഇറക്കുമതിക്ക് നിയന്ത്രണമുണ്ടായിരുന്ന കാലഘട്ടത്തിൽ റബ്ബർ വ്യവസായികൾ ഒന്നായെങ്കിലും കേന്ദ്രം ഭരിച്ചിരുന്ന സർക്കാരിന് റബ്ബർ വ്യവസായികളുടെ താൽപര്യപ്രകാരം സ്വതന്ത്രമായി റബ്ബർ ഇറക്കുമതിക്ക് അനുവാദം നൽകുന്നതിനുള്ള രാഷ്ട്രീയ കാലാവസ്ഥ ഇല്ലായിരുന്നു. കേരളത്തിലെ മറ്റുരാഷ്ട്രീയ മുന്നണികളും റബ്ബർ ഇറക്കുമതി പ്രശ്നത്തിൽ ശക്തമായി ഇടപെട്ടുകൊണ്ടിരുന്നു. 1970-1990കളിലെ കേരളത്തിലെ കോൺഗ്രസ് നേതൃത്വം റബ്ബർ കർഷകരുടെ ഭാഗത്തായിരുന്നു. കേരളത്തിലെ രാഷ്ട്രീയ പാർട്ടികളുടെ സമ്മർദ്ദം വ്യവസായികൾക്ക് തോന്നുന്ന രീതിയിൽ റബ്ബർ ഇറക്കുമതി ചെയ്ത് കേരളത്തിൽ ഉൽപാദിപ്പിക്കുന്ന സ്വാഭാവിക റബ്ബറിന്റെ വില ഇടചിക്കാനുള്ള സാഹചര്യം അനുവദിച്ചിരുന്നില്ല.

## റബർ കർഷകരെ സംരക്ഷിച്ചിരുന്ന പഴയകാല കേന്ദ്രഭരണം

രാജ്യത്ത് ആവശ്യത്തിലധികം സ്വാഭാവിക റബ്ബർ ഇറക്കുമതി ചെയ്യാൻ റബ്ബർ വ്യവസായികൾക്ക് ആവശ്യമായ അനുകൂല തീരുമാനങ്ങളെടുക്കുന്നത് കേന്ദ്ര ധനകാര്യ വകുപ്പാണ്. 2000-01-ൽ 79150 ടൺ മാത്രമായിരുന്നു രാജ്യത്ത് മിച്ചമുണ്ടായിരുന്ന റബ്ബർ. ആ വർഷത്തെ ആഭ്യന്തര ഉൽപാദനം 630455 ടണ്ണായിരുന്നെങ്കിൽ ഉപയോഗം 6314475 ടണ്ണായിരുന്നു. കമ്മി 10705 ടൺ. ആ വർഷം റബ്ബർ വ്യവസായികൾ കടുത്ത സമ്മർദ്ദം ചെലുത്തിയിട്ടും 8970 ടൺ റബ്ബർ ഇറക്കുമതിക്ക് മാത്രമാണ് കേന്ദ്രം സമ്മതിച്ചത്.

എന്നാൽ പി. ചിദംബരവും ഏ.കെ. ആന്റണിയും കേരളത്തിൽ നിന്നുള്ള 7 കേന്ദ്രമന്ത്രിമാരും ഭരിച്ച 2012-ൽ കേരളത്തിൽ നിന്നുള്ള 16 യുഡിഎഫ് എംപിമാരുടെ പിന്തുണ ഇല്ലെങ്കിൽ യുപിഎ സർക്കാരിനും കോൺഗ്രസിനും ഭരണം നഷ്ടപ്പെടുന്ന ഒരു കാലഘട്ടത്തിൽ, കേരളത്തിനായി വിലപേശാൻ ഏറെ അവസരമുള്ള കാലഘട്ടത്തിൽ, 903700 ടൺ സ്വാഭാവിക റബ്ബർ ഉൽപാദനം നടന്ന വർഷത്തിൽ 964415 ടൺ റബ്ബർ ആയിരുന്നു വ്യവസായികൾക്കാവശ്യമായിരുന്നത്. റബ്ബർ കമ്മി കേവലം 60715 ടൺ മാത്രമായിരുന്നു. എന്നാൽ കേരളത്തിലെ റബ്ബർ കർഷകരെ കുത്തുപാളയെടുപ്പിക്കാൻ പി. ചിദംബരം ഇറക്കുമതി ചെയ്തത് 213785 ടൺ റബറായിരുന്നു. ആവശ്യത്തിലധികം റബ്ബർ വിപണിയിലെത്തിച്ച് റബ്ബർ വില കുത്തനെ ഇടിക്കാനായിരുന്നു ഈ നീക്കം.

**റബ്ബർ ഉൽപാദനം ഇറക്കുമതി, ഉപഭോഗം**

| വർഷം | ഉൽപാദനം | ഇറക്കുമതി | ഉപഭോഗം | സ്റ്റോക്ക് |
|---|---|---|---|---|
| 1950-51 | 15830 | 4170 | 19854 | 146 |
| 1960-61 | 25697 | 23125 | 48148 | 674 |
| 1970-71 | 92171 | 2469 | 87237 | 7403 |
| 1980-81 | 153100 | 9250 | 173630 | 11280 |
| 1990-91 | 329615 | 49013 | 364310 | 14318 |
| 2000-01 | 630405 | 8970 | 631475 | 79150 |

| | | | | |
|---|---|---|---|---|
| 2005-06 | 802625 | 45285 | 801110 | 91584 |
| 2006-07 | 852895 | 89799 | 820305 | 122389 |
| 2007-08 | 825345 | 86394 | 861455 | 50284 |
| 2008-09 | 864500 | 77762 | 871720 | 70542 |
| 2009-10 | 831400 | 177130 | 930565 | 77965 |
| 2010-11 | 861950 | 190692 | 947715 | 104927 |
| 2011-12 | 903700 | 213785 | 964415 | 153070 |
| 2012-13 | 850200 | 207442 | 892465 | 318247 |

റബ്ബർ കർഷകരെ പിന്നിൽ നിന്ന് കുത്തിയത് ആരാണെന്ന് വ്യക്തം. പി. ചിദംബരത്തിന്റെ കൊലച്ചതിക്ക് കൂട്ടുനിന്നത് കേരളത്തിൽ നിന്നും റബ്ബർ കർഷകർ ജയിപ്പിച്ചുവിട്ട എംപിമാരാണെന്നത് മറ്റൊരു സത്യം. കേരളത്തിലെ റബർ കർഷകർക്ക് പ്രതിവർഷം നഷ്ടപ്പെട്ടത് 10500 കോടി രൂപയാണ്.

1950 മുതലുള്ള റബ്ബർ ഇറക്കുമതി കണക്കുകൾ കോൺഗ്രസിന്റെ ഈ കൊലച്ചതിയ്ക്ക് തെളിവ്.

## 15-ാംലോകസഭയിലെ (2009-2014) കക്ഷിനില

| പാർട്ടി | All India | കേരളം |
|---|---|---|
| ഇന്ത്യൻ നാഷണൽ കോൺഗ്രസ് | 209 | 13 |
| ഭാരതീയ ജനതാ പാർട്ടി | 116 | NIL |
| സമാജ്‌വാദി പാർട്ടി | 22 | NIL |
| ബഹുജൻ സമാജ്‌വാദി പാർട്ടി | 21 | NIL |
| ജനതാദൾ (യുണൈറ്റഡ്) | 20 | NIL |
| തൃണമൂൽ കോൺഗ്രസ് | 19 | NIL |
| ഡി.എം.കെ. | 18 | NIL |
| സി.പി.ഐ (എം) | 16 | 4 |
| ബിജു ജനതാദൾ | 14 | |
| ശിവസേന | 11 | |
| എഐഎഡിഎംകെ | 9 | |
| എൻസിപി ശരദ്പവാർ | 9 | |
| തെലുങ്ക്ദേശം | 6 | |
| സിപിഐ | 4 | |
| മുസ്ലീം ലീഗ് | 2 | 2 |
| കേരള കോൺഗ്രസ് (എം) | 1 | 1 |
| മറ്റുള്ളവർ | | |
| **ആകെ** | **545** | **20** |

## റബ്ബർവിലയിടിവ് പ്രതികൂലമായി ബാധിക്കുന്ന പാർലമെന്റ് മണ്ഡലങ്ങൾ

1. കോട്ടയം 2. എറണാകുളം 3. ചാലക്കുടി (ഭാഗികം) 4. ഇടുക്കി 5. പത്തനംതിട്ട 6. മാവേലിക്കര 7. കൊല്ലം 8. തിരുവനന്തപുരം 9. കണ്ണൂർ 10. വടകര 11. വയനാട് എന്നിവയാണ്.

ഏറെ റബർ കർഷകരുള്ള 36 നിയമസഭാമണ്ഡലങ്ങളാണ് കേരളത്തിലുള്ളത്. 2011-ലെ നിയമസഭാതെരഞ്ഞെടുപ്പിൽ ഇതിൽ 24 മണ്ഡലങ്ങളിൽ UDF ഉം 12 മണ്ഡലങ്ങളിൽ LDF ഉം ആണ് വിജയിച്ചത്.

## സത്യം പറയാൻ മടിച്ച് നേതൃത്വം

കേരളത്തിലെ കോൺഗ്രസുകാർക്ക് മത്സരിക്കാൻ എംപി സ്ഥാനം ലഭിക്കുന്നത് കോൺഗ്രസ് ഹൈക്കമാന്റിന്റെ ദയകൊണ്ടായതിനാൽ കേന്ദ്ര കോൺഗ്രസിനെതിരെ വായതുറക്കാൻ കേരളത്തിലെ കോൺഗ്രസ് എംപിമാർക്ക് പേടിയാണ്. അതുകൊണ്ട്തന്നെ കേന്ദ്ര കോൺഗ്രസ് നേതൃത്വത്തിന്റെ ഏത് കേരളവിരുദ്ധ നീക്കങ്ങളെയും പിന്തുണയ്ക്കാൻ കേരളത്തിൽ നിന്നുള്ള എംപിമാരെ കിട്ടും. അതുകൊണ്ടുതന്നെയാണ് കേരളത്തിലെ കാർഷിക വിളകളുടെ വിലയിടിക്കാൻ കാരണമായ 2009-ലെ ആസിയൻ കരാറിനെതിരെ കോൺഗ്രസിലെ ആരും രംഗത്തുവരാതിരുന്നത്. സത്യത്തിൽ 2009-ലെ ആസിയാൻ കരാറാണ് ഇന്നത്തെ റബർവിലയിടിവിനു കാരണം. അതിന്റെ ഉത്തരവാദിത്വത്തിൽ നിന്ന് കോൺഗ്രസിനോ കേരളത്തിലെ നേതാക്കൾക്കോ ഒഴിഞ്ഞുമാറാനാവില്ല.

## റബർവിലയിടിച്ച ഗാട്ട്കരാറും ആസിയാൻ കരാറും

1967 ആഗസ്റ്റ് 8-ന് ബാങ്കോക്കിൽ വെച്ചാണ് ASEAN (The Association of South East Asian Nations) രൂപീകരിക്കുന്നത്. ഇൻഡോനീഷ്യ, മലേഷ്യ, ഫിലിപ്പീൻസ്, സിംഗപ്പൂർ, തായ്‌ലൻഡ് എന്നീ രാജ്യങ്ങളാണ് തുടക്കത്തിൽ അംഗങ്ങളായുണ്ടായിരുന്നത്. 1984-ൽ ബ്രൂണൈ ദാറുസ്സലാമും 1995-ൽ വിയറ്റ്നാമും 97-ൽ Lao PDR ഉം മ്യാൻമറും 99-ൽ കംബോഡിയയും ആസിയാനിൽ അംഗങ്ങളായി. ലോകത്തിലെ ഏറ്റവും വലിയ റബർ ഉൽപാദക രാജ്യങ്ങളാണ് ആസിയാൻ അംഗങ്ങൾ.

## നാം നേടിയ സ്വാതന്ത്ര്യം നാംതന്നെ അടിയറവച്ചു

സ്വാതന്ത്ര്യത്തിനുമുൻപ് ഇന്ത്യയുടേത് താരതമ്യേന തുറന്നിട്ട സമ്പദ്ഘടനയായിരുന്നു. ഇറക്കുമതിക്കുമേൽ നിയന്ത്രണം ഏർപ്പെടുത്തുന്നതിനോ തദ്ദേശീയ ഉത്പാദനത്തെ സംരക്ഷിക്കുന്നതിനോ ഇന്ത്യക്കാർക്ക് പറയത്തക്ക അധികാരമൊന്നുമുണ്ടായിരുന്നില്ല, അധികാരത്തിന്റെ ഈ അഭാവം കണ്ടുകൊണ്ടാവണം ഗാന്ധിജി വിദേശവസ്തു ബഹിഷ്കരണത്തെ സ്വാതന്ത്ര്യസമരമാർഗ്ഗമായി വളർത്തിയെടുത്തത്. അതെന്തായാലും കുറേപ്പേർ വെള്ളം കോരിയും വിറകുവെട്ടിയും ജയിലിൽ കിടന്നും മരിച്ചും കൊന്നുമൊക്കെയാണ് സ്വാതന്ത്ര്യം നേടിയത്. അതിലൂടെയാണ് ദശീയ സമ്പദ്ഘടനയെയും തദ്ദേശീയരായ ഉത്പാദകരെയും പുറംലോകത്തുനിന്നുള്ള അനിയന്ത്രിതമായ മത്സരത്തിൽനിന്നും സംരക്ഷിക്കുന്നതിനും വികസിപ്പിക്കുന്നതിനുമുള്ള അധികാരം സ്ഥാപിച്ചെടുത്തത്.

## കർഷകരെ പ്രതികൂലമായി ബാധിച്ച ഉദാരവൽക്കരണം

സ്വാതന്ത്ര്യാനന്തരകാലത്ത് സ്ഥാപിക്കപ്പെട്ട ഇറക്കുമതി നിയന്ത്രണങ്ങളാണ് 1994-ലെ ഗാട്ട് കരാറിലൂടെയും 2009-ലെ ആസിയാൻ കരാറിലൂടെയും ഉദാരമായി നീക്കം ചെയ്യപ്പെട്ടത്. ഇത് പ്രധാനമായും മൂന്നുവിധത്തിലാണ് നടന്നത്. പ്രത്യക്ഷത്തിൽ ബാഹ്യസമ്മർദ്ദം ഒന്നുമില്ലാതെതന്നെ ഇന്ത്യ ഏകപക്ഷീയമായി നടത്തുന്ന ഇറക്കുമതി ഉദാരീകരണമാണ് ആദ്യത്തേത്. മൂന്നുവർഷം ഇടവിട്ട് പ്രസിദ്ധീകരിക്കുന്ന കയറ്റിറക്കുമതിനയങ്ങളിലും വാർഷികബജറ്റുകളിലുമാണ് ഇതു സംബന്ധിച്ച് പ്രഖ്യാപനങ്ങൾ സാധാരണ ഉണ്ടാവാറുള്ളത്. ലോകവ്യാപാര സംഘടനയുടെ (WTO-GATT) ആഭിമുഖ്യത്തിൽ നടക്കുന്ന ചർച്ചകളുടെയും കരാറുകളുടെയും ഫലമായി അരങ്ങേറുന്ന ഉദാരീകരണമാണ് രണ്ടാമത്തേത്. മൂന്നാമത്തെ മാർഗമാണ് ഇന്ത്യ മറ്റു രാഷ്ട്രങ്ങളുമായോ രാഷ്ട്രസമൂഹങ്ങളുമായോ ഏർപ്പെടുന്ന സ്വതന്ത്രവ്യാപാരക്കരാറുകൾ. നേരത്തെ ശ്രീലങ്കയുമായും 2009-ൽ ആസിയാൻ രാജ്യങ്ങളുമായും ഒപ്പിട്ട സ്വതന്ത്രവ്യാപാര കരാറുകൾ ഈ ഗണത്തിൽപ്പെടും. ഇന്ത്യൻ സമ്പദ്ഘടനയെ പുറംലോകത്തുനിന്നുള്ള മത്സരത്തിന് തുറന്നുകൊടുക്കുന്നതിനുള്ള ഇത്തരം ഓരോ നീക്കവും രാജ്യത്ത് വലിയ ആശങ്കകൾക്കും അതിശക്തമായ പ്രതിഷേധത്തിനും ഇടയാക്കിയിരുന്നു. ലോകമെമ്പാടുമുള്ള ഇത്തരം പ്രതിഷേധങ്ങൾ ആത്മഹത്യകളുടെ രൂപം പ്രാപിച്ചതും ഒരുലക്ഷത്തിലധികം പേർക്ക് ജീവൻ നഷ്ടപ്പെട്ടതും അതിലുമെത്രയോ പേർ കൃഷിയെ ഉപേക്ഷിച്ച് നഗരങ്ങളിലെ ചേരികളിൽ അഭയാർത്ഥികളായതും വിവിധ ലോകരാഷ്ട്രങ്ങളിലെ അധികാരികളെ പിൻതിരിപ്പിക്കുന്നതായി കാണുന്നില്ല. അന്നും വിദ്യാസമ്പന്നരായ രാഷ്ട്രീയബോധമുള്ള മലയാളികർഷകർ ഇതൊക്കെ നിസ്സംഗതയോടെ നോക്കിനിന്നു. കർഷകരെ അതു മനസ്സിലാക്കിക്കൊടുക്കാൻ നേതാക്കൾ മിനക്കെട്ടതുമില്ല.

## ഉദാരീകരണത്തിന്റെ യുക്തിക്ക് കാർഷികമേഖല വഴങ്ങില്ല

അനുഭവജ്ഞാനമുള്ള കൃഷിക്കാരെയോ ലോകവ്യാപാരത്തിന്റെ ചരിത്രവും സിദ്ധാന്തവും പരിചയിച്ചിട്ടുള്ളവരെയോ ഇക്കാര്യത്തിൽ അത്ര പെട്ടെന്ന് കബളിപ്പിക്കാനാവില്ല. ഉദാരീകരണത്തിനനുകൂലമായ വാദങ്ങളുടെ ദൗർബല്യം ഒരുപക്ഷേ, ഏറെ പ്രകടമാവുന്നത് കൃഷി-അനുബന്ധ മേഖലകളുടെ കാര്യത്തിലാണ്. കൃഷി-അനുബന്ധ മേഖലകൾ ഉദാരീകരണത്തിന്റെ യുക്തിക്ക് വഴങ്ങില്ല എന്നുതന്നെയാണ് സാർവദേശീയ വ്യാപാരത്തിന്റെ ചരിത്രവും ഇതു സംബന്ധിച്ച സാമ്പത്തികശാസ്ത്ര സിദ്ധാന്തങ്ങളും സർവോപരി വികസിതരാജ്യങ്ങൾ ഇപ്പോഴും കൃഷി-അനുബന്ധ മേഖലകൾക്ക് നൽകിവരുന്ന സംരക്ഷണവും തെളിയിക്കുന്നത്. എന്നാൽ ഇതൊക്കെ പ്രചരിപ്പിക്കാൻ നമ്മുടെ നേതാക്കൾക്കു കഴിഞ്ഞില്ല. അതൊന്നും പറയേണ്ടിടത്തു പറയാനോ 2009-ൽ കേന്ദ്രം ഭരിച്ച ഭരണാധികാരികളെക്കൊണ്ടു കാര്യങ്ങൾ കേരളത്തിനനുകൂലമാക്കാനോ കേരളത്തിലെ കർഷകനേതാക്കൾക്കു സാധിച്ചില്ല. ആസിയാൻ കരാർ കൃഷി- അനുബന്ധ മേഖലകളെ വിശേഷിച്ചും കേരളത്തിന്റെ കാർഷികരംഗത്തെ പ്രതികൂലമായി ബാധിക്കും എന്ന കാര്യം പരോക്ഷമായിട്ടാണെങ്കിലും 2009 -ൽ തന്നെ കേന്ദ്ര-ഭരണാധികാരികൾ സമ്മതിച്ചതാണ്. പക്ഷേ, അതുപോലും സമ്മതിച്ചുതരാൻ കേരളത്തിന്റെ സ്വന്തം നേതാക്കന്മാർ തയ്യാറല്ല. കേരളത്തിന്റെ കേസ് വാദിച്ച് തോല്പിക്കാൻ അരയും തലയും മുറുക്കി അന്നു രംഗത്തെത്തിയത് അന്നത്തെ പ്രതിപക്ഷനേതാവും കെ.പി.സി.സി. പ്രസിഡന്റും ഒക്കെയായിരുന്നു. ആസിയാൻ കരാർ കേരളത്തിന്റെ നന്മയെക്കരുതി രൂപകല്പനചെയ്ത ഒന്നാണെന്നുവരെകോൺഗ്രസുകാർ വാദിച്ച് സ്ഥാപിച്ചുകളഞ്ഞു. കേരളത്തെ ബാധിക്കുന്ന എന്തു കാര്യത്തെയും എൽ.ഡി.എഫ് - യു.ഡി.എഫ് പോരിന്റെ കണ്ണിലൂടെ നേതാക്കന്മാർ കാണുന്നതിന്റെ ദുര്യോഗമായിരുന്നു ആ നിലപാട്. 2008-2009 ലെ ദിനപത്രങ്ങളിലൂടെ ഒന്നുകൂടി കണ്ണോടിച്ചാൽ കാര്യങ്ങൾ വ്യക്തമാകും.

## നേതാക്കൾ 2009-ൽ സത്യസന്ധമായ നിലപാടുകളെടുത്തിരുന്നെങ്കിൽ

സത്യസന്ധമായ നിലപാടെടുത്ത് കേരളത്തിനുവേണ്ടി വാദിക്കുന്നതായാൽ ജനങ്ങൾക്കിടയിൽ അവരോടുള്ള ആദരവും അംഗീകാരവും വർദ്ധിക്കുകയേയുള്ളു എന്ന് ഈ നേതാക്കന്മാരെ പറഞ്ഞ മനസ്സിലാക്കിക്കൊടുക്കാൻ അന്ന് ആരുമുണ്ടായിരുന്നില്ല. ഇവരുടെ 2009-ലെ ഈ നിലപാടുകളാണ് ഇന്ന് റബർ കർഷകരെ ആത്മഹത്യയുടെയും കൊലപാതകങ്ങളുടെയും വക്കിലെത്തിച്ചിരിക്കുന്നത്. ആസിയാൻ കരാറിന്റെ മഹത്ത്വങ്ങൾ സംബന്ധിച്ച അവകാശവാദങ്ങൾ സമ്മതിച്ചുകൊടുത്താലും തരക്കേടില്ല; അതിന് രാജ്യം കൊടുക്കേണ്ടിവരുന്ന വിലയുടെ സിംഹഭാഗവും പേറേണ്ടിവരിക കേരളമാണ്, പ്രത്യേകിച്ചും സംസ്ഥാനത്തെ കൃഷിക്കാരാണ് എന്ന സത്യം സ്ഥാപിച്ചെടുക്കാനും പരിഹാരത്തിനുവേണ്ടി നിർബന്ധിക്കാനും കൂട്ടായ പരിശ്രമം നടത്തുകയാണ് അന്നു വേണ്ടിയിരുന്നത്. ഇവിടെയാണ് രാഷ്ട്രീയ, സമുദായ, മത നേതാക്കൾക്ക് തെറ്റു പറ്റിയത്.

ഇന്ത്യയും ആസിയാൻ രാജ്യങ്ങളും ചേർന്നുള്ള സ്വതന്ത്ര വ്യാപാരമേഖല സ്ഥാപിക്കുന്നതിനുള്ള അടിസ്ഥാന കരാർ 2003-ൽ തന്നെ ഒപ്പുവെക്കപ്പെട്ടിരുന്നു. 2009 ആഗസ്റ്റ് 13-ാം തീയതി ഒപ്പുവെച്ചത് ചരക്കുവ്യാപാരം സ്വതന്ത്രമാക്കുന്നതിനുള്ള കരാറാണ്.

## റബർ അടക്കമുള്ള കേരളത്തിലെ കാർഷികവിളകളെ ഒഴിവാക്കിയതാര്?

ഇന്ത്യയും ആസിയാനും തമ്മിൽ വ്യാപാരം നടക്കുന്ന ഏകദേശം അയ്യായിരത്തോളം ഉതപന്നങ്ങളുടെ കൂട്ടത്തിൽ 90 ശതമാനത്തിന്റെയും കാര്യത്തിൽ വ്യാപാര തടസ്സങ്ങൾ നീക്കം ചെയ്യുന്നതിനുള്ള പ്രക്രിയ 2010 ജനുവരി ഒന്നുമുതൽതന്നെ ആരംഭിച്ചിരുന്നു. എന്നാൽ 489 ഉത്പന്നങ്ങളെ വ്യാപാര തടസ്സങ്ങൾ നീക്കം ചെയ്യുന്ന ഈ ഉദാരീകരണ പ്രക്രിയയിൽനിന്നും 2009-ൽ തന്നെ തത്കാലം ഒഴിവാക്കിയിട്ടുണ്ട്. ഉദാരീകരണ പ്രക്രിയയിൽനിന്നും തത്കാലം ഒഴിവാക്കി നിർത്തിയിരിക്കുന്ന ഉത്പന്നങ്ങളുടെ ഈ ലിസ്റ്റിന് 'എക്സ്ക്ലൂഷൻ ലിസ്റ്റ്' എന്ന സാങ്കേതിക നാമമാണ് നൽകിയിരിക്കുന്നത്. ഇതിനെ ഋണപ്പട്ടികയെന്നോ സംരക്ഷിതപട്ടികയെന്നോ വിളിച്ചാലും തരക്കേടില്ല.

2009-ൽ ഉദാരീകരണം ഉടൻ ആരംഭിക്കുന്ന തൊണ്ണൂറു ശതമാനം ഉത്പന്നങ്ങളുടെ കാര്യത്തിൽ മൂന്ന് വ്യത്യസ്ത സമീപനങ്ങളാണ് കരാർ അന്നു സ്വീകരിച്ചിരുന്നത്.

ആദ്യത്തേത് **നോർമൽ ട്രാക്കാണ്**. 80 ശതമാനം ഉത്പന്നങ്ങളും ഈ ഗണത്തിലാണ് പെടുക. ഇവയുടെ കാര്യത്തിൽ ഇറക്കുമതി നിയന്ത്രണങ്ങൾ പൂർണമായും നിർമാർജനം ചെയ്യണം. 2007 ജൂലായ് ഒന്നാം തീയതി നിലവിലുണ്ടായിരുന്ന അടിസ്ഥാന നിരക്കുകളെയാണ് പടിപടിയായി കുറച്ച് പിന്നീട് പൂർണമായും ഒഴിവാക്കുന്നത്. ഇതിൽ മഹാഭൂരിപക്ഷം ഉത്പന്നങ്ങളുടെയും കാര്യത്തിൽ ഇന്ത്യയിലെ ചുങ്കനിരക്കുകൾ 2013 ഡിസംബർ 31-ാം തീയതിക്കുമുൻപ് പൂജ്യത്തിലേക്ക് എത്തിക്കണമായിരുന്നു. വളരെ അപൂർവം ഉത്പന്നങ്ങളുടെ കാര്യത്തിൽ പ്രത്യേകിച്ചും ഫിലിപ്പീൻസിൽനിന്നുള്ള ഇറക്കുമതിയുടെ കാര്യത്തിൽ 2019 വരെ സാവകാശം കിട്ടും.

രണ്ടാമത്തേത് **സെൻസിറ്റീവ് ഉത്പന്നങ്ങളുടെ ട്രാക്കാണ്**. ഇതിൽ ഏകദേശം 10 ശതമാനം ഉത്പന്നങ്ങളാണ് പെടുക. ഇവയുടെ കാര്യത്തിൽ ചുങ്കം പൂർണമായും ഒഴിവാക്കേണ്ടതില്ല. പകരം നിശ്ചിത കാലയളവിനുള്ളിൽ അഞ്ച്ശതമാനമായി വെട്ടിക്കുറയ്ക്കണം എന്നാണ് അവസ്ഥ. ബഹുഭൂരിപക്ഷം ഉത്പന്നങ്ങളുടെ കാര്യത്തിലും അഞ്ചുശതമാനം എന്ന നിരക്കിലേക്കുള്ള ഈ വെട്ടിക്കുറയ്ക്കൽ 2016-നു മുൻപ് പൂർത്തിയാക്കണം.

ഒരു ചെറിയ ശതമാനം ഉത്പന്നങ്ങളെ 'ഹൈലി സെൻസിറ്റീവ് ഉത്പന്നങ്ങളായി തുടക്കത്തിൽതന്നെ പ്രഖ്യാപിക്കാൻ അംഗരാജ്യങ്ങളെ ആസിയാൻ കരാർ അനുവദിക്കുന്നുണ്ട്. ഈ ഉത്പന്നങ്ങളുടെ കാര്യത്തിലും ഇറക്കുമതിച്ചുങ്കം ക്രമമായി വെട്ടിക്കുറയ്ക്കാൻ അംഗരാജ്യങ്ങൾ ബാധ്യസ്ഥരാണ്. ചുങ്കനിരക്കുകൾ 50 ശതമാനംകണ്ട് വെട്ടിക്കുറയ്ക്കുക അല്ലെങ്കിൽ 50 ശതമാനത്തിലേക്ക് കുറയ്ക്കുക എന്നിങ്ങനെയുള്ള കൂടുതൽ ഉദാരമായ വ്യവസ്ഥകളാണ് ഇവിടെ ബാധകം എന്നുമാത്രം.

മൂന്നാമത്തേത് **സ്പെഷ്യൽ ഉത്പന്നങ്ങളുടെ** പ്രത്യേക പട്ടികയാണ്. ഈ പട്ടിക ആസിയാൻ കരാറിൽ ഏർപ്പെട്ട 11 രാജ്യങ്ങളിൽ ഇന്ത്യയ്ക്കുമാത്രമായി (കേരളത്തിലെ ഉൽപ്പന്നങ്ങൾക്കു മാത്രമായി) കെട്ടിഏല്പിച്ചതാണ്. ഇതിൽപ്പെട്ട ഉത്പ്പന്നങ്ങളൊക്കെ കേരളത്തിന്റെ തനതു കാർഷിക ഉൽപന്നങ്ങളായിരുന്നു എന്നതാണ് സത്യം. 2009 -ൽ കേന്ദ്രം ഭരിച്ച സർക്കാരിന്റെ ഈ കൊടും വഞ്ചനയാണ് കർഷകരെ ചതിച്ചത്. തേയില, കാപ്പി, കുരുമുളക്, അസംസ്കൃത പാം ഓയിൽ, സംസ്കരിച്ച പാം ഓയിൽ എന്നിങ്ങനെ കേരളത്തിന് പ്രത്യേക താൽപര്യമുള്ളത് എന്ന് സർവരും സമ്മതിക്കുന്ന അഞ്ച് ഉത്പന്നങ്ങളെ മാത്രം ഉൾപ്പെടുത്തിക്കൊണ്ട് സ്പെഷ്യൽ ഉത്പന്നങ്ങളുടെ ലിസ്റ്റ് തയ്യാറാക്കിയിരിക്കുന്നത്. ആസിയാൻ രാജ്യങ്ങൾക്കും ഇന്ത്യാ ഗവൺമെന്റിനും കേരളത്തോടുള്ള പ്രത്യേക സ്നേഹവാത്സല്യങ്ങൾക്കു നിദർശനമായാണ് കോൺഗ്രസ് ഇതിനെ കാണുന്നത്, അഥവാ കേരളീയരെ പറഞ്ഞു വിശ്വസിപ്പിക്കാൻ ശ്രമിക്കുന്നത്. ഈ അവകാശവാദത്തിൽ കഴമ്പുണ്ടോ എന്നു നോക്കണമെങ്കിൽ നേരത്തെ സൂചിപ്പിച്ച ഋണപ്പട്ടിക അഥവാ എക്സ്ക്ലൂഷൻ പട്ടികയിലേക്കു മടങ്ങണം. 489 ഉത്പന്നങ്ങളെയാണ് ഋണപ്പട്ടികയിൽ പെടു

ത്തിയിരിക്കുന്നത്. ഇതിൽ 303 ഉത്പന്നങ്ങളും കാർഷികോത്പന്നങ്ങളാണ്. ഇന്ത്യയിലെ മറ്റു സംസ്ഥാനങ്ങൾക്ക് പ്രത്യേക താൽപര്യമുള്ള ഏതാണ്ട് എല്ലാ ഉൽപ്പന്നങ്ങളും ഇറക്കുമതി ഉദാരീകരണത്തിൽനിന്നും ഒഴിവാക്കിയിട്ടുള്ള ഈ പട്ടികയിൽ സ്ഥാനംപിടിച്ചിരിക്കുന്നു. പയർ വർഗ്ഗങ്ങൾ, തക്കാളി, ഉരുളക്കിഴങ്ങ്, കാരറ്റ്, മുളകുകൾ, വെളുത്തുള്ളി, നിലക്കടല, ബീൻസ്, ഉള്ളി, കോളിഫ്ളവർ, മാമ്പഴം, നാരങ്ങ, മുന്തിരി തുടങ്ങി ഇന്ത്യയിലെ പ്രധാനപ്പെട്ട കാർഷികോത്പന്നങ്ങൾക്കെല്ലാം ഇറക്കുമതിച്ചുങ്കം വെട്ടിക്കുറയ്ക്കാൻ ഇന്ത്യ ബാധ്യസ്ഥമല്ലാത്ത ഈ പട്ടികയിൽ ഇടമുണ്ട്. എന്നാൽ അതിൽ റബറോ, തേയിലയോ, കുരുമുളകോ പെടുത്തിയില്ല.

## മദ്യത്തിനു സംരക്ഷണം, റബറിനില്ല

വിസ്കി, ബ്രാൻഡി, റം, വോഡ്ക, ജിൻ, വൈൻ തുടങ്ങിയ ലഹരിപാനീയങ്ങൾപോലും ഈ സംരക്ഷിത പട്ടികയിൽ കടന്നുകൂടിയിട്ടുണ്ട്. എന്നിട്ടും എന്തുകൊണ്ട് കേരളത്തിന്റെ ജീവവായു എന്നു വിശേഷിപ്പിക്കാവുന്ന റബർ, കുരുമുളക്, തേയില, കാപ്പി എന്നീ ഉത്പന്നങ്ങൾ സംരക്ഷിത പട്ടികയിൽ പെട്ടില്ല എന്ന ചോദ്യം ആർക്കാണ് അവഗണിക്കാൻ കഴിയുക. സംരക്ഷിത പട്ടികയിൽ കയറിപ്പറ്റിയ ഉത്പന്നങ്ങളെ അപേക്ഷിച്ച് എന്ത് അനർഹതയാണ് ഈ ഉത്പന്നങ്ങൾക്കും അവയുടെ ഉത്പാദകരായ കൃഷിക്കാർക്കും ഉള്ളത്? എക്സ്ക്ലൂഷൻ ലിസ്റ്റ് വർഷംതോറും അവലോകനം നടത്തുമെന്നും വേണമെങ്കിൽ ഈ ഉത്പന്നങ്ങളെ പിന്നീട് അതിൽപ്പെടുത്താമെന്നും ആയിരുന്നു അന്ന് കോൺഗ്രസ് അവകാശപ്പെട്ടത്. അങ്ങനെയെങ്കിൽ 2010 ജനുവരി ഒന്നിന് കരാർ നിലവിൽ വരുന്നതിന് മുൻപുതന്നെ അതങ്ങ് നടത്തരുതോ എന്ന ചോദ്യത്തിന് ആരും ഉത്തരം നൽകിയില്ല. യഥാർത്ഥത്തിൽ കരാറിൽ പറഞ്ഞിരിക്കുന്നതനുസരിച്ച് സംരക്ഷിത പട്ടിക അവലോകനം ചെയ്യുന്നത് അതിൽപ്പെട്ട ഇനങ്ങളുടെ എണ്ണം കുറച്ച് വ്യാപാരം കൂടുതൽ സ്വതന്ത്രമാക്കാനാണ്. ഗാട്ടിന്റെ നേരത്തെ സൂചിപ്പിച്ച 24-ാം വകുപ്പനുസരിച്ച് നോക്കിയാലും നേരത്തെ നിലവിൽവന്ന സ്വതന്ത്ര വ്യാപാരമേഖലകളുടെ അനുഭവം പരിശോധിച്ചാലും സംരക്ഷിത പട്ടികയിലേക്ക് പുതിയ ഇനങ്ങളെ ഉൾപ്പെടുത്തുക എളുപ്പമല്ല എന്നു കാണാം. കോൺഗ്രസിന്റെ ഈ നിലപാടാണ് റബറിന്റെ വിലയിടിച്ചത്.

## കേരളത്തെ തകർക്കാൻ സൃഷ്ടിക്കപ്പെട്ട ആസിയാൻ കരാർ

കേരളത്തിന്റെ ഉത്പന്നങ്ങളെ എന്തുകൊണ്ട് സംരക്ഷിത പട്ടികയിൽപ്പെടുത്തിയില്ല എന്ന കാര്യം കേന്ദ്ര വാണിജ്യമന്ത്രാലയത്തിലെ എല്ലാ ഉദ്യോഗസ്ഥന്മാർക്കും അറിയാം. ആസിയാൻ കരാർ തന്നെ കേരളത്തിന്റെ ഉൽപ്പന്നങ്ങളായ റബർ, കുരുമുളക് എന്നിവ ഇല്ലാതാക്കാനായിരുന്നു,

ആസിയാൻ രാജ്യങ്ങളെ സംബന്ധിച്ചിടത്തോളം റബർ പാമോയിൽ, തേയില, കാപ്പി, കുരുമുളക് എന്നിവയുടെ ഇന്ത്യൻ വിപണിയാണ് ഈ കരാർകൊണ്ട് അവർ കാണുന്ന ഏറ്റവും പ്രധാന നേട്ടം. ചുരുക്കത്തിൽ ആസിയാൻ തന്ത്രങ്ങളിലെ റബർ അടക്കമുള്ള ഉൽപ്പന്നങ്ങൾ ഇന്ത്യയിൽ കുറഞ്ഞ വില്യ്ക്ക് വിൽക്കാനുള്ള തന്ത്രമായിരുന്നു സ്പെഷ്യൽ ഉത്പന്നങ്ങളുടെ പട്ടിക. ഇനി ഈ പ്രത്യേക പട്ടിക കേരളത്തിനു കിട്ടിയ ലോട്ടറിയാണ് എന്ന അവകാശവാദത്തെക്കുറിച്ച് കൂടുതൽ പറയണോ? സംരക്ഷിത പട്ടികയിൽപ്പെട്ട ഉത്പന്നങ്ങൾക്ക് 2007-ൽ നിലനിന്നിരുന്ന ചുങ്കനിരക്കുകൾ അതേപടി നിലനിർത്താം. സ്പെഷ്യൽ ഉത്പന്നങ്ങളുടെ കാര്യത്തിലാവട്ടെ ചുങ്കനിരക്കുകൾ ഗണ്യമായി വെട്ടിക്കുറയ്ക്കാൻ ഇന്ത്യ ബാധ്യസ്ഥമാണ്. സ്പെഷ്യൽ ഉത്പന്നങ്ങളുടെ കാര്യത്തിൽ അനുവദിക്കുന്ന പരമാവധി ചുങ്കനിരക്കുകളുടെ ചിത്രം താഴെ കൊടുത്തിരിക്കുന്നത് കാണുക.

**സ്പെഷ്യൽ ഉത്പന്നങ്ങളും ചുങ്കത്തിന്റെ ഉയർന്ന പരിധിയും**

| ഉത്പന്നം | അടിസ്ഥാന നിരക്ക് | 2010 | 2015 | 2019 |
|---|---|---|---|---|
| അസംസ്കൃത പാമോയിൽ | 80 | 76 | 56 | 37.5 |
| സംസ്കരിച്ച പാമോയിൽ | 90 | 86 | 66 | 45 |
| കാപ്പി | 100 | 95 | 70 | 45 |
| തേയില | 100 | 95 | 70 | 45 |
| കുരുമുളക് | 70 | 68 | 58 | 50 |

## റബറിനെ മാറ്റിനിർത്തിയതാര്?

മുകളിലെ പട്ടികയിൽ കാണിച്ചിരിക്കുന്നത് ചുങ്കനിരക്കിന്റെ അനുവദനീയമായ ഉയർന്ന പരിധിയാണ് അഥവാ ഫലത്തിൽ അവ ബൗണ്ട്റേറ്റുകളാണ് എന്നതു പ്രത്യേകം ശ്രദ്ധിക്കണം. (ചുങ്കനിരക്കുകളുടെ ഉയർന്ന പരിധിയെയാണ് ബൗണ്ട് റേറ്റുകൾ എന്ന് സാങ്കേതികമായി പറയുന്നത്). ഇന്ത്യക്കു വേണമെങ്കിൽ ചുങ്കനിരക്കുകൾ എത്രവേണമെങ്കിലും കുറയ്ക്കാം. നിർദിഷ്ട പരിധി വിട്ട് ഉയർത്താൻ പാടില്ല എന്നേയുള്ളു. കാർഷിക ഉൽപന്നമായ റബറിനെ എക്സ്ക്ലൂഷൻ പട്ടികയിൽ പെടുത്താതെ സംരക്ഷിത പട്ടികയിൽ അന്നത്തെ (2009) കേന്ദ്ര സർക്കാർ പെടുത്തിയതാണ് റബർ വിലയിടിയാൻ കാരണമായത്. അടിസ്ഥാന ചുങ്കനിരക്ക് ഏറ്റവും കുറഞ്ഞ 70% എന്നതിനു പകരം കേവലം 20 ശതമാനം എന്നാക്കിയതാണ് കൊലച്ചതിയായത്. നേരത്തെ സൂചിപ്പിച്ചതുപോലെ സാർവ്വദേശീയ വിപണിയിൽ അടിക്കടി ഉണ്ടാകാവുന്ന വിലത്തകർച്ചയിൽനിന്നും കർഷകരെ രക്ഷിക്കാൻ റബറിന്റെ കുറഞ്ഞചുങ്കനിരക്ക് അപര്യാപ്തമാണ്.

റബറിന്റെ സങ്കടം മേൽപ്പറഞ്ഞതുകൊണ്ട് മാത്രം തീരുന്നില്ല. റബർ അധിഷ്ഠിത ഉത്പന്നങ്ങളിൽ ഏതാണ്ട് എല്ലാം തന്നെ നോർമൽ ട്രാക്കിലാണ് പെട്ടിരിക്കുന്നത്. ഇതിൽ ടയറും ട്യൂബും മുതൽ റബർബാൻഡുവരെ വരും.ഇവ നോർമൽ ട്രാക്കിലായതുകൊണ്ട് വളരെ പെട്ടെന്നുതന്നെ നിലവിലുള്ള ചുങ്കനിരക്കുകൾ കുത്തനെ വെട്ടിക്കുറയ്ക്കാൻ ഇന്ത്യ നിർബന്ധിതമാകും. ഏറ്റവും മിതമായ ഭാഷയിൽ പറഞ്ഞാൽ ഇത് തീകൊണ്ടുള്ള കളിയാണ്. സ്വാഭാവിക റബറിന് സാർവദേശീയ വിപണിയിൽ ക്ഷാമം അനുഭവപ്പെടുന്നതുകൊണ്ട് പെട്ടെന്ന് ഒരു വിലയിടിവ് ഉണ്ടാകില്ല എന്നു ന്യായമായും കരുതാം. പക്ഷേ, ആസിയാൻ കരാറിലെ വ്യവസ്ഥകൾ ദീർഘകാലം നിലനിൽക്കുന്നവയാണ് എന്നത് കാണാതിരുന്നുകൂടാ.

റബറടക്കമുള്ള അസംസ്കൃത കാർഷികോത്പന്നങ്ങളുടെ സാർവദേശീയ വ്യാപാരത്തിന്റെ ചരിത്രം വിലകളിലെ ചാക്രിക പ്രവണതകളുടെ – അതായത് കയറ്റിറക്കങ്ങളുടെ – ചരിത്രമാണ് എന്നത് കർഷകർക്ക് അനുഭവംകൊണ്ട് നന്നായി അറിയാം. ഇന്നല്ലെങ്കിൽ നാളെ വിലയിറക്കത്തിന്റെ കാലം വരുമ്പോൾ പ്രതിരോധിക്കാനുള്ള പരിചയാണ് ചുങ്കനിരക്കുകളുടെ ഉയർന്ന പരിധി ഇങ്ങനെ വെട്ടിക്കുറയ്ക്കുമ്പോൾ ഇല്ലാതാവുന്നത് എന്ന കാര്യവും രാഷ്ട്രീയക്കാർ മനസ്സിലാക്കണമായിരുന്നു.

## കുറഞ്ഞ ഇറക്കുമതി ചുങ്കം പ്രശ്നകാരണം

കാർഷികോത്പന്നങ്ങളുടെ, പ്രത്യേകിച്ചും റബർപോലുള്ള ദീർഘകാല വിളകളുടെ കാര്യത്തിൽ കുറഞ്ഞ ചുങ്ക പ്രശ്നം രൂക്ഷമാകാൻ സവിശേഷമായ ചില കാരണങ്ങളുണ്ട്. മിക്കവാറും എല്ലാ വ്യാവസായിക ഉത്പന്നങ്ങളുടെയും കാര്യത്തിൽ വിലകൾ ഉയർന്നാൽ ഏറെ വൈകാതെ ഉത്പാദനവും ലഭ്യതയും വർദ്ധിക്കുകയും ഒപ്പം ഡിമാൻഡ് ചുരുങ്ങുകയും ചെയ്യും. അതുകൊണ്ട് ഉത്പാദനച്ചെലവുമായുള്ള ബന്ധം വിട്ട് വിലകൾ ഉയരുന്നത് പെട്ടെന്നു നിയന്ത്രണവിധേയമാവും. എന്നാൽ ദീർഘകാല കാർഷികവിളകളുടെ കാര്യത്തിൽ ഉത്പാദനം പെട്ടെന്ന് ഉയർത്താൻ പറ്റില്ല. അതുകൊണ്ട് ഹ്രസ്വ

കാലത്തേക്ക് ഉത്പാദനച്ചെലവുമായുള്ള ബന്ധം വിട്ടുപോലും വിലകൾ പലമടങ്ങ് ഉയരാം. ഇതേ പ്രതിഭാസംതന്നെ നേരെ തിരിച്ചും സംഭവിക്കാം. വിലകൾ കുത്തനെ ഇടിയുന്നതായാൽ വ്യാവസായിക ഉത്പന്നങ്ങളുടെ ഉത്പാദനവും ലഭ്യതയും ഉത്പാദകർ കുറയ്ക്കും. ഉത്പാദനച്ചെലവിലും കുറഞ്ഞ വിലയ്ക്ക് ഉത്പാദിപ്പിക്കാൻ വ്യാവസായിക ഉത്പാദകരെ കിട്ടില്ല. ദീർഘകാലവിളകളുടെ കാര്യത്തിൽ വില ഇടിഞ്ഞാലും കൃഷിക്കാർ ഉത്പാദനം നടത്തുന്നത് തുടരാൻ നിർബന്ധിതരാവും വിലകൾ കൂടുതൽ ഇടിയുന്നതിലാണ് ഇത് കലാശിക്കുക. പലപ്പോഴും ഉത്പാദനച്ചെലവിലും വളരെ കുറവായ നിലയിലേക്ക് വിലകൾ ഇടിയുന്നത് ഇതുകൊണ്ടാണ്. ഇതാണ് റബറിന്റെ കാര്യത്തിൽ ഇപ്പോൾ സംഭവിച്ചിരിക്കുന്നത്.

### ഊഹക്കച്ചവടവും വിദേശവിനിമയനിരക്കും

കാർഷികോത്പന്നങ്ങളുടെ വിശേഷിച്ചും റബർ പോലുള്ള ദീർഘകാലവിളകളുടെ വിലകളിലെ കയറ്റിറക്കങ്ങളുടെ കഥ ആയിരക്കണക്കിന് പഠനങ്ങളിലൂടെ തെളിയിക്കപ്പെട്ടിട്ടുള്ളതാണ്. കാർഷികോത്പന്നങ്ങളുടെ വിലകളിലെ ഈ ചാഞ്ചാട്ടത്തിന് ഇവിടെ വിശദീകരിച്ചതിനു പുറമെ മറ്റു പല കാരണങ്ങളുമുണ്ട്. ഊഹക്കച്ചവടത്തിന്റെയും വിദേശവിനിമയനിരക്കുകളിലെ മാറ്റത്തിന്റെയും സ്വാധീനം അതിൽ ചിലതാണ്. പല കാർഷികോത്പന്നങ്ങളുടെയും വിലകൾക്ക് ഉണ്ടാവുന്ന കയറ്റിറക്കങ്ങൾക്ക് ഉത്പാദനവുമായോ ഉപഭോഗവുമായോ യാതൊരു ബന്ധവുമുണ്ടാവണമെന്നില്ല. അവധിവ്യാപാരത്തിലൂടെ ഊഹക്കച്ചവടക്കാർ ഈ ഉത്പന്നങ്ങൾ വൻതോതിൽ വാങ്ങുകയും വിൽക്കുകയും ചെയ്യുന്നതുകൊണ്ട് ഇങ്ങനെ സംഭവിക്കാം. അതുപോലെതന്നെയാണ് പ്രധാനപ്പെട്ട ഉത്പാദകരാജ്യങ്ങളിലെ നാണയങ്ങളുടെ വിദേശവിനിമയ നിരക്കുകളിൽ കയറ്റമോ ഇറക്കമോ ഉണ്ടാവുമ്പോൾ അത് ഈ ഉത്പന്നങ്ങളുടെ വിലകളിൽ ഉണ്ടാക്കുന്ന വലിയ മാറ്റങ്ങൾ. ഒരു ദശാബ്ദം മുൻപ് ആസിയാൻ രാജ്യങ്ങളുടെ നാണയങ്ങളുടെ വിനിമയനിരക്ക് കുത്തനെ ഇടിഞ്ഞപ്പോഴാണ് അന്തർദേശീയ വിപണിയിലും തൽഫലമായി ഇന്ത്യയിലും റബറിന്റെയും പാമോയിലിന്റെയും തേയിലയുടെയും കാപ്പിയുടെയും നാളികേരത്തിന്റെയും വെളിച്ചെണ്ണയുടെയുമെല്ലാം വിലയിടിഞ്ഞത്. ആസിയാൻ രാജ്യങ്ങളിൽ ഉത്പാദനക്ഷമത ഉയർന്നതായിരുന്നില്ല അന്നത്തെ വിലയിടിവിനു കാരണം.

കാർഷികോത്പന്നങ്ങളുടെ വിപണിയിൽ നൂറ്റാണ്ടുകളായി തുടരുന്ന വിലകളുടെ ഈ ചാഞ്ചാട്ടത്തിനനുസരിച്ച് കൃഷിയെയും കൃഷിക്കാരെയും വിട്ടുകൊടുക്കണമോ എന്നതായിരുന്നു കാതലായ ചോദ്യം. ആ ചോദ്യത്തിന് കേരളത്തിലെ കർഷകർക്കനുകൂലമായ നിലാപാടുകളല്ല കേരളത്തിലെ രാഷ്ട്രീയ നേതൃത്വം എടുത്തത്.

### അമേരിക്കയും യൂറോപ്പും ഇപ്പോഴും കർഷകർക്ക് വൻ സബ്സിഡി നൽകുന്നു

കാർഷികോത്പന്നങ്ങളുടെ വിപണിയിൽ അന്താരാഷ്ട്ര സമൂഹം എന്ന നിലയിലും വിവിധ രാജ്യങ്ങളിൽ ദേശരാഷ്ട്രങ്ങളുടെ തലത്തിലും കൃഷിക്കാരുടെ കൂട്ടായ്മകളുടെ തലത്തിലുമൊക്കെ കമ്പോളത്തെ നിയന്ത്രിക്കുന്നതിന് ഇടപെടലുകൾ ഉണ്ടാവണം എന്ന അഭിപ്രായസമന്വയം പഴയകാലത്തുതന്നെ ഉള്ളതാണ്. അന്താരാഷ്ട്രതലത്തിൽ കാപ്പിയുടെയും റബറിന്റെയും കാര്യത്തിൽ കമ്മോഡിറ്റി എഗ്രിമെന്റുകൾ ഉണ്ടായത് ഈ പശ്ചാത്തലത്തിലാണ്. ഇന്ത്യയെപ്പോലെയുള്ള രാജ്യങ്ങളിൽ വിലസ്ഥിരത ഉറപ്പാക്കാൻ സർക്കാർ ഇടപെട്ടിരുന്നതിന്റെ കാരണവും മറ്റൊന്നല്ല. സ്റ്റീവൻസൺ സ്കീം പോലെയുള്ള ഉത്പാദകരുടെ കൂട്ടായ ഇടപെടലുകൾ ഉണ്ടായതും ഇതേ കാരണങ്ങൾകൊണ്ടാണ്. അമേരിക്കൻ ഐക്യനാടുകളും യൂറോപ്യൻ രാഷ്ട്രങ്ങളും ജപ്പാനും മറ്റും വിവിധങ്ങളായ ഇറക്കുമതി പ്രതിബന്ധങ്ങൾ ഉയർത്തിയും ഉയർന്ന സ്ബ്സിഡി നൽകിയും കൃഷിക്കാരെയും കൃഷി-അനുബന്ധ മേഖലകളെയും 2014-ലും സംരക്ഷിച്ചുവരുന്നതിന്റെ യുക്തിയും മറ്റൊന്നല്ല. അമേരിക്കയിലെയും യൂറോപ്പിലെയും കർഷകരെ ഉയർന്ന ഇറക്കുമതിചുങ്കം ഈടാക്കി സംരക്ഷിക്കാൻ ഗാട്ടും ആസിയാനും ഒരു വിഷയമല്ല. അതേ നിലപാടുതന്നെയായിരിക്കണം കേരളവും ഇന്ത്യയും എടുക്കേണ്ടത്. അതിന് രാഷ്ട്രീയ നേതൃത്വത്തെ സമ്മർദ്ദത്തിലാക്കണമെങ്കിൽ ഇക്കാര്യങ്ങളൊക്കെ കർഷകർ മനസ്സിലാക്കിയിരിക്കണം. നേതാക്കന്മാരോട് ചോദ്യങ്ങൾ ചോദിക്കണം. അവരെ ചോദ്യം ചെയ്യണം.

### മലേഷ്യൻ നാണയത്തിന്റെ വില കുറഞ്ഞാൽ

സ്പെഷ്യൽ ഉത്പന്നങ്ങൾക്കും റബറിനും മറ്റും ആസിയാൻ കരാർ അനുവദിക്കുന്ന പരമാവധി ചുങ്കനിരക്കുകൾ വളരെ അപര്യാപ്തമാണ് എന്ന് നേരത്തെ സൂചിപ്പിച്ചതിന്റെ കാരണം ഇപ്പോൾ വ്യക്തമായിട്ടുണ്ടാവണം. കാർഷികോത്പന്നങ്ങളുടെ പ്രത്യേകിച്ചും ദീർഘകാലവിളകളുടെ വിലകൾ ഉത്പാദനച്ചെലവുമായി യാതൊരു ബന്ധവുമില്ലാത്ത നിലയിൽ ഉയരുകയും അതുപോലെ താഴുകയും ചെയ്യുന്നതിന്റെ സാമ്പത്തികശാസ്ത്രം നേരത്തെ വിശദീകരിച്ചല്ലോ. വിലകൾ പലമടങ്ങ് ഉയരുകയും പലമടങ്ങ് താഴുകയും ചെയ്യുന്ന അവസ്ഥ ഉള്ളതുകൊണ്ടാണ് ഈ മേഖലയിൽ ഉയർന്ന ചുങ്കനിരക്കുകൾ ആവശ്യമായി വരുന്നത്. ഉദാഹരണത്തിന് ഒരു കിലോഗ്രാം സ്വാഭാവിക റബറിന്റെ വില ഇന്ത്യയിലും ലോക വിപണിയിലും 100 രൂപയാണ് എന്നിരിക്കട്ടെ. മലേഷ്യൻ നാണയത്തിന്റെ വില ഇടിയുന്നതിന്റെ ഫലമായി ആഗോളവിപണിയിലെ വില പെട്ടെന്ന് 50 രൂപയായി കുറയുന്നു എന്നും കരുതുക. റബറിന്റെ ഇന്ത്യൻ വിപണിയിലെ വില സംരക്ഷിക്കണമെങ്കിൽ ചുങ്കനിരക്ക് 100 ശതമാനം ആയിരിക്കണം. ആസിയാൻ കരാർ അനുവദിക്കുന്ന 20 ശതമാനം വളരെ പരിമിതമാണ് എന്നു കാണാൻ വേറെ വിശദീകരണം വേണ്ടല്ലോ. വിലകളുടെ ചാഞ്ചാട്ടം ഏറ്റവും കൂടുതലുള്ള രംഗങ്ങളിൽ അത്രത്തോളം ഉയർന്ന ചുങ്കനിരക്കുകൾ ഉപയോഗിക്കാൻ കഴിയണം.

### വ്യാപാരയുദ്ധത്തിൽ ജീവൻ നഷ്ടപ്പെടുന്ന കേരള കർഷകർ

ഇന്ത്യ ഗാട്ടുകരാറും മറ്റും ഒപ്പിട്ടതുകൊണ്ട് ഇവിടെ ആകാശമൊന്നും ഇടിഞ്ഞുവീണില്ലല്ലോ എന്ന 2009-ലെ കോൺഗ്രസ് അടക്കമുള്ള മുഖ്യധാരാ രാഷ്ട്രീയപാർട്ടികളുടെ അവകാശവാദത്തെക്കുറിച്ചുകൂടി ഇപ്പോൾ 2014-ൽ പരാമർശിക്കേണ്ടതുണ്ട്. കൃഷിക്കാരെ സംബന്ധിച്ചിടത്തോളം ഇടിഞ്ഞുവീഴാൻ ഇനി ആകാശം എവിടെയാണ് ബാക്കി എന്ന മറുചോദ്യമാണ് ഉത്തരം. ഇന്ത്യ യഥാർത്ഥത്തിൽ മഹായുദ്ധസമാനമായ സാഹചര്യങ്ങളിലൂടെയാണ് കടന്നുപോവുന്നത്. പരമ്പരാഗത യുദ്ധങ്ങളുടെ സ്ഥാനത്ത് വ്യാപാരയുദ്ധമാണ് നടക്കുന്നത് എന്നു മാത്രം. വ്യാപാരയുദ്ധത്തിന്റെ ഫലമായി ഇന്ത്യയുടെ രാജ്യാതിർത്തികൾ ഛിന്നഭിന്നമായിക്കൊണ്ടിരിക്കുകയാണ്. വിദേശത്തുനിന്നുള്ള ഇറക്കുമതിയെ പ്രതിരോധിക്കാൻ കഴിയാത്ത വണ്ണം അതിർത്തിയിലെ കോട്ടകൊത്തളങ്ങളിൽ തുളകളും വിള്ളലുകളും വീണുകഴിഞ്ഞു. ലോകവ്യാപാരക്കരാറിന്റെയും സ്വതന്ത്ര വ്യാപാരക്കരാറുകളുടെയും പേരിൽ അവശേഷിക്കുന്ന കാവൽപ്പുരകളുംകൂടി എടുത്തുമാറ്റിക്കൊണ്ടിരിക്കുകയാണ്. പരമ്പരാഗത യുദ്ധങ്ങളെക്കാൾ വലിയ നാശം മനുഷ്യന്റെ ജീവനും സ്വത്തിനും ഉണ്ടായിക്കൊണ്ടിരിക്കുന്നു എന്നും പറയണം. രണ്ട് ലോകമഹായുദ്ധങ്ങളിലുംകൂടി നഷ്ടമായതിനെക്കാൾ കൂടുതൽ മനുഷ്യജീവനുകളാണ് (കർഷകർ) കഴിഞ്ഞ ഒന്നര ദശാബ്ദമായി നടക്കുന്ന വ്യാപാരയുദ്ധത്തിൽ പൊലിഞ്ഞത്. വ്യാപാരയുദ്ധത്തിൽ ജീവൻ വെടിയേണ്ടിവന്ന കൃഷിക്കാർ അനുഭവിച്ചതിലും വലിയ ദുരിതമാണ് അവശേഷിക്കുന്നവർ നേരിടുന്നത്.

### രാഷ്ട്രീയനേതാക്കളുടെ കാഴ്ചപ്പാടിന്റെ പ്രശ്നം

കാർഷികോത്പാദനത്തിന്റെ വളർച്ചയുടെ നിരക്കിലും ദേശീയോത്പാദനത്തിലെ കുറഞ്ഞുവരുന്ന കൃഷിയുടെ പങ്കിലും ഭക്ഷ്യപ്രതിസന്ധിയിലുമെല്ലാം ഈ ദുരന്തത്തിന്റെ ചിത്രങ്ങൾ കാഴ്ചപ്പാടിന്റെയും മനസ്സിന്റെയും പ്രശ്നമാണ്. ഇവിടെയാണ് കേരളത്തിലെ കർഷകരുടെ നഷ്ടപ്പെട്ട പ്രതികരണശേഷി നാം വീണ്ടെടുക്കേണ്ടത്. രാഷ്ട്രീയനേതൃത്വം പറയുന്നത് അതുപോലെ കേട്ടതിന്റെ ദുര്യോഗമാണ് ഇന്ന് റബർ കർഷകർ അനുഭവിക്കുന്നത്. കാര്യങ്ങൾ പഠിക്കാൻ നാം തയ്യാറായില്ല. ഓഹരിക്കമ്പോളം, ഊഹക്കച്ചവടമൂലധനം, വൻകിട മൂലധനം, ബഹുരാഷ്ട്ര കുത്തകകൾ, റിയൽ എസ്റ്റേറ്റ്, ഐ.ടി. എന്നിവയുടെ കാഴ്ചപ്പാടിലൂടെ മാത്രം വികസനത്തെയും സമ്പത്തിനെയും കാണാൻ ശീലിച്ചതിന്റെ പ്രശ്നമാണ് ഇത്. ദേശീയോത്പാദനത്തിലെ ഓഹരി കുറഞ്ഞുപോയെങ്കിലും എണ്ണത്തിൽ മഹാഭൂരിപക്ഷമായി തുടരുന്ന കൃഷിക്കാരുടെയും തൊഴിലാളികളുടെയും ചെറുകിട ഉത്പാദകരുടെയും ഗ്രാമീണ സമ്പദ്ഘടനയുടെയും കാഴ്ചപ്പാടിൽ നോക്കുമ്പോഴാണ് യഥാർത്ഥ ഇന്ത്യയെ (കേരളത്തെ) കണ്ടെത്താനാവുക. ഇന്ത്യയിലെ ഈ മഹാഭൂരിപക്ഷത്തിന് ഇന്നും രാജ്യത്തിന്റെ പരമാധികാരവും അതിർത്തികളും പരമപ്രധാനമാണ്. കൊളോണിയൽ അടിമത്വത്തിന്റെ കാലത്ത് ഇല്ലാതിരുന്നതും സ്വാതന്ത്ര്യസമരത്തിലൂടെ സ്ഥാപിക്കപ്പെട്ടതുമായ ഇറക്കുമതി നിയന്ത്രണങ്ങൾ അവർക്ക് ഇന്നും വിലപ്പെട്ടതാണ്. ലോകവിപണിയിലെ വിലകളുടെ കയറ്റിറക്കങ്ങളിൽനിന്നും സംരക്ഷിച്ചു നിർത്തിക്കൊണ്ടല്ലാതെ ഒരു രാജ്യത്തും കാർഷികവൃത്തിയെ നിലനിർത്താനാവില്ല. സ്വതന്ത്രവ്യാപാരത്തിന്റെ പ്രവാചകരെന്ന് അറിയപ്പെടുന്ന വികസിതരാജ്യങ്ങൾ 2014-ലും പ്രയോഗത്തിലൂടെ കാണിച്ചുതന്നുകൊണ്ടിരിക്കുന്ന ഈ സമീപനം ഇന്ത്യക്കും ബാധകമാണ്. ഇന്ത്യയിലെ കൃഷി-അനുബന്ധ മേഖലകളെയും ഗ്രാമങ്ങളെയും നിലനിർത്താൻ വിലസ്ഥിരത ഉറപ്പാക്കിയേ മതിയാവൂ. അതിനാകട്ടെ വ്യാപാരനിയന്ത്രണങ്ങൾ അനിവാര്യമാണുതാനും. അതിലൂടെ മാത്രമെ റബർ കർഷകരുടെ രക്ഷ ഉറപ്പാക്കാനാവൂ.

### ആസിയൻ രാജ്യങ്ങൾ ഇന്ത്യക്കെതിരെ

ഇതിനെല്ലാം പുറമെയാണ് ഇന്ത്യ-ആസിയാൻ കരാറിലെ വ്യവസ്ഥകൾ ഉപയോഗപ്പെടുത്തിക്കൊണ്ട് ആസിയാൻ രാജ്യങ്ങൾ ഏർപ്പെടുത്താൻ സാധ്യതയുള്ള ഇറക്കുമതി നിയന്ത്രണങ്ങളുടെ പ്രത്യാഘാതം. വിയറ്റ്നാം, ഫിലിപ്പീൻസ് തുടങ്ങിയ രാജ്യങ്ങൾ ചുങ്ക-ചുങ്കേതര പ്രതിബന്ധങ്ങൾ നീക്കംചെയ്യാൻ കൂടുതൽ സമയം ആവശ്യപ്പെട്ടിട്ടുണ്ട്. ആസിയാൻ കരാർ പ്രകാരം ഓരോ രാജ്യത്തിനും അവർ തിരഞ്ഞെടുക്കുന്ന ഉത്പന്നങ്ങളെ ഉൾപ്പെടുത്തിക്കൊണ്ട് ഇറക്കുമതി ഉദാരീകരണം നടത്തേണ്ടാത്ത എക്സ്ക്ലൂഷൻ ലിസ്റ്റും പരിമിതമായ ഉദാരീകരണം മാത്രം നടത്തേണ്ട ഹൈലി സെൻസിറ്റീവ് ലിസ്റ്റും പ്രസിദ്ധീകരിക്കാനുള്ള അവകാശമുണ്ട്. ഓരോ ആസിയാൻ രാജ്യവും മേല്പറഞ്ഞ സാധ്യതകൾ പരമാവധി ഭംഗിയായി ഉപയോഗപ്പെടുത്തിക്കൊണ്ട് അവർക്ക് താൽപര്യമുള്ള മേഖലകളെ സംരക്ഷിക്കാൻ ശ്രമിക്കുന്നുണ്ട്. എന്നാൽ അവിടെയും കേരളം വഞ്ചിക്കപ്പെട്ടു.

### സ്പെഷ്യൽ ഉത്പന്നങ്ങൾ മറ്റ് ആസിയാൻ രാജ്യങ്ങൾക്കില്ല

രസകരമായ ഒരു വസ്തുത കേരളത്തെ കബളിപ്പിക്കാൻ കേന്ദ്രഭരണാധികാരികൾ മെനഞ്ഞുണ്ടാക്കിയ 'സ്പെഷ്യൽ ഉത്പന്നങ്ങൾ' എന്ന ഒരു ഇനം ഒരു ആസിയാൻ രാജ്യത്തിന്റെയും ചുങ്കവിവരപ്പട്ടികയിൽ പ്രത്യക്ഷപ്പെടുന്നില്ല എന്നതാണ്! പകരം വിയറ്റ്നാം, തേയിലയെ ഹൈലി സെൻസിറ്റീവ് ലിസ്റ്റിലാണ് ഉൾപ്പെടുത്തിയിരിക്കുന്നത്. അത്ഭുതകരമെന്നു പറയട്ടെ, ഇന്ത്യ ഒരു ഉത്പന്നത്തെപ്പോലും ഹൈലി സെൻസിറ്റീവ് ലിസ്റ്റിൽ ഉൾപ്പെടുത്തിയിട്ടില്ല. തായ്ലൻഡാവട്ടെ തേയില. കാപ്പി, കുരുമുളക് എന്നീ ഉത്പന്നങ്ങളെ എക്സ്ക്ലൂഷൻ ലിസ്റ്റിലാണ് ഉൾപ്പെടുത്തുന്നത്. ഉൻഡൊനീഷ്യ മത്തിയും ചാളയും അടക്കമുള്ള മത്സ്യവിഭവങ്ങളെ ഏ്താണ്ട് പൂർണമായും ഹൈലി സെൻസ്റ്റീവ് പട്ടികയിൽപ്പെടുത്തി സംരക്ഷിക്കുന്നുണ്ട്. തായ്‌ലൻഡിന് ഈ ഉത്പന്നങ്ങളെ എക്സ്ക്ലൂഷൻ ലിസ്റ്റിൽപ്പെടുത്തി സംരക്ഷിക്കാമെങ്കിൽ എന്തുകൊണ്ട് ഇന്ത്യക്ക് കഴിയില്ല എന്ന ചോദ്യത്തിന് കേരളത്തിലെ കരാർ അനുകൂലികളായ നേതാക്കന്മാരെങ്കിലും മറുപടി പറഞ്ഞേ മതിയാവൂ.

ആസിയാൻ രാജ്യങ്ങൾ ഇന്ത്യയെ അപേക്ഷിച്ച് ചെറിയ സമ്പദ്ഘടനകളാണ്. ഓരോ ആസിയാൻ രാജ്യത്തിനും അവർ ഉത്പാദനത്തിലും കയറ്റുമതിയിലും പ്രത്യേക മിടുക്ക് തെളിയിച്ചിട്ടുള്ള ചുരുങ്ങിയ ഇനം ഉത്പന്നങ്ങളും മേഖലകളുമുണ്ട്. അത്തരം മേഖലകൾ പ്രത്യേകമായി എടുത്ത് ഉയർന്ന ഇറക്കുമതി പ്രതിബന്ധങ്ങൾ സ്ഥാപിക്കുന്ന തന്ത്രമാണ് അവർ സ്വീകരിക്കുന്നത്. അവർക്ക് പ്രത്യേക കഴിവ് പ്രദർശിപ്പിക്കാൻ കഴിയാത്ത രംഗങ്ങളിൽ ഇറക്കുമതി നിയന്ത്രണങ്ങൾ പരമാവധി ഒഴിവാക്കുക എന്ന തന്ത്രവും ഒപ്പം പ്രയോഗിക്കുന്നുണ്ട്. ഉദാഹരണത്തിന് തായ്ലൻഡ് അരിയുടെ ഉത്പാദനത്തിനും കയറ്റുമതിക്കും പുകൾപെറ്റ രാജ്യമാണ്. തായ്ലൻഡിന്റെ ഈ മേഖലയെ ഇറക്കുമതിയിൽനിന്നും സംരക്ഷിക്കാൻ അവർ ഉയർന്ന നികുതിയും മറ്റു സംരക്ഷണ നടപടികളും സ്വീകരിക്കുന്നുണ്ട്. മലേഷ്യ റബർ ഉത്പന്നങ്ങൾക്ക് ഉയർന്ന ഇറക്കുമതി സംരക്ഷണം നൽകുമ്പോൾ ഇന്ത്യ എല്ലാ റബർ ഉത്പന്നങ്ങൾക്കും വലിയതോതിലുള്ള ഉദാരീകരണമാണ് ഈ കരാറിന്റെ ഭാഗമായി അനുവദിച്ചത്. സിന്തറ്റിക് റബറിന്റെയും റബർ ഉത്പന്നങ്ങളുടെയും കാര്യത്തിൽ ഇന്ത്യ ഏറ്റെടുക്കുന്ന വമ്പിച്ച ഇറക്കുമതി ഉദാരീകരണം ആണ് കേരളത്തിലെ റബർ ഉത്പാദനമേഖലകളിൽ സാമ്പത്തികപ്രതിസന്ധിയുണ്ടാക്കിയത്. റബർ ഉത്പാദക മേഖലകളെ പ്രതിനിധാനം ചെയ്യുന്ന പാർലമെന്റ് അംഗങ്ങൾക്ക് ഇക്കാര്യത്തിൽ തീർച്ചയായും പ്രത്യേക ഉത്തരവാദിത്വമുണ്ട്. റബർ അധിഷ്ഠിത വ്യവസായങ്ങളാണ് ഇന്ത്യയിലെ സ്വാഭാവിക റബർ വിപണിയുടെ അടിത്തറ. റബർ അധിഷ്ടിത വ്യവസായങ്ങൾ അപകടത്തിലായാൽ അത് സ്വാഭാവിക റബറിന്റെ വിപണിയെ പ്രത്യേകിച്ച് വിലസ്ഥിരതയെ വളരം പ്രതികൂലമായി ബാധിക്കും.

### സുരക്ഷാസംരക്ഷണ വ്യവസ്ഥകളെവിടെ?

കേരളത്തിന്റെ റബർ അടക്കമുള്ള കാർഷിക ഉത്പന്നങ്ങളെ സംബന്ധിച്ചിടത്തോളം ആസിയാൻ കരാർ ചെയ്യുന്ന ഏറ്റവും വലിയ ദ്രോഹം അന്തർദേശീയ വിപണിയിലെ വലിയ വിലയിടിവുകളിൽനിന്നു കൃഷിക്കാരെയും കൃഷിയെയും രക്ഷിക്കാൻ ഉപയോഗിച്ചിരുന്ന ഇറക്കുമതി ചുങ്കത്തിന്റെ അനുവദനീയമായ ഉയർന്ന പരിധി ഗണ്യമായി വെട്ടിക്കുറച്ചിരിക്കുന്നു എന്നതാണ്. കാർഷികോൽപന്നങ്ങളുടെ വിലകൾ കുത്തനെ ഉയരുകയും ഇടിയുകയും ചെയ്യുന്നത് സ്ഥിരം പ്രതിഭാസമാണ്. വിലയിടിവിൽ നിന്നും സംരക്ഷണം നൽകാതെ കൃഷിയെയും കൃഷിക്കാരെയും നിലനിർത്താനാവില്ല. ആസിയാൻ കരാറിന്റെ ഭാഗമായി ചുങ്കനിരക്കുകളുടെ ഉയർന്ന പരിധി വെട്ടിക്കുറച്ചുപോയി എന്നതുകൊണ്ട് ബദൽ സംരക്ഷണ സംവിധാനം ഉണ്ടായെ മതിയാവൂ. ലോകവ്യാപാരസംഘടനയുടെയും ആസിയാൻ കരാറിന്റെയും ഘടനയ്ക്കുള്ളിൽ നിന്നുകൊണ്ടു തന്നെ ഇതിനുള്ള വഴി കണ്ടെത്താൻ കഴിയുമോയെന്നതാണ് പ്രശ്നം. ഇറക്കുമതി ക്രമംവിട്ട് ഉയരുകയും ആഭ്യന്തര ഉത്പാദനമേഖലകൾക്ക് വലിയ മുറിവ് ഉണ്ടാക്കുകയും ചെയ്യുന്ന സന്ദർഭത്തിൽ ഉപയോഗിക്കാൻ എന്ന് പറഞ്ഞുകൊണ്ട് ചില സുരക്ഷാ സംരക്ഷണവ്യവസ്ഥകൾ (safeguard clauses) ആസിയാൻ കരാറിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. പക്ഷേ, ആസിയാൻ കരാറിലെ ഈ സുരക്ഷാസംരക്ഷണവ്യവസ്ഥകൾക്ക് നാം പ്രതീക്ഷിക്കുന്ന ഫലം ചെയ്യാൻ കഴിയില്ല. തികച്ചും അർഥശൂന്യ

മായ സുരക്ഷാസംരക്ഷണ വ്യവസ്ഥകളാണ് ഈ കരാറിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. ഇറക്കുമതിയുടെ അതിപ്രസരം ഉണ്ടെന്നുകണ്ടാൽ ഒന്നുകിൽ ആസിയാൻ-ഇതര രാജ്യങ്ങൾക്കെതിരെ അപ്പോൾ ഈടാക്കാവുന്ന നിരക്കോ അല്ലെങ്കിൽ ആസിയാൻ കരാർ നിലവിൽവരുന്നതിന് തൊട്ടുമുൻപ് ഈടാക്കിയ നിരക്കോ തമ്മിൽ ഏതാണു കുറവ് എന്നുവെച്ചാൽ ആ നിരക്കിൽ ചുങ്കം ഈടാക്കാം എന്നാണ് വ്യവസ്ഥ. ആസിയാൻ ഇതര രാജ്യങ്ങൾക്കെതിരെ ഈടാക്കുന്ന ചുങ്കനിരക്കുകളുടെ ഉയർന്ന പരിധി ലോകവ്യാപരസംഘടനയിൽ ഇന്ത്യ സമർപ്പിച്ചിട്ടുള്ള ബൗണ്ട് നിരക്കുകളാണ്. സാമാന്യം ഉയർന്ന ബൗണ്ട് നിരക്കുകളാണ് ഇന്ത്യയുടെ ചുങ്കപ്പട്ടികയിൽ ഉണ്ടാവുക. ഇറക്കുമതിയുടെ തള്ളിക്കയറ്റം ഉണ്ടാവുമ്പോൾ അഥവാ ആഭ്യന്തരവിലകൾ ക്രമാതീതമായി കുറയുമ്പോൾ ആസിയാനിതര രാജ്യങ്ങൾക്കെതിരായ ചുങ്കനിരക്കുകൾ ബൗണ്ട് റേറ്റുകളോളം ഉയർത്തുന്നതിന് തടസ്സമില്ല. പക്ഷേ, അതുകൊണ്ടുമാത്രം പ്രശ്നം തീരുന്നില്ല. ഇന്ത്യ-ആസിയാൻ കരാർ നിലവിൽവരുന്നതിനു തൊട്ടുമുൻപ് നിലവിലിരിക്കുന്ന നിരക്ക് ബൗണ്ട് റേറ്റുകളെക്കാൾ കുറവാണെങ്കിൽ അതേ ഈടാക്കാനാവൂ. അങ്ങനെയാണെങ്കിൽ 2010 ജനുവരി ഒന്നിന് തൊട്ടുമുൻപ് ഇന്ത്യ കാർഷികോത്പന്നങ്ങളുടെ ഇറക്കുമതിക്കെതിരെ ഈടാക്കുന്ന ചുങ്കനിരക്കുകൾ (applied rates) ബൗണ്ട് നിരക്കുകളിലേക്ക് ഉയർത്തേണ്ടിയിരുന്നു. 2009-ൽ കേന്ദ്രം ഭരിച്ചവർക്ക് മനസ്സുണ്ടായിരുന്നെങ്കിൽ ഇന്ത്യ-ആസിയാൻ കരാർ തയ്യാറാക്കിയ സന്ദർഭത്തിൽത്തന്നെ ഇത്തരം കാര്യങ്ങൾ അവർക്ക് ശ്രദ്ധിക്കാമായിരുന്നല്ലൊ. ഈ അലംഭാവമാണ് റബർ കർഷകരെ പെരുവഴിയിലിറക്കിയത്.

## ലോകവ്യാപാര സംഘടനയുടെ സംരക്ഷണകവചമെവിടെ?

ഇന്ത്യ-ആസിയാൻ കരാറിലെ കരുതൽ-സുരക്ഷാ വ്യവസ്ഥകൾ വളരെ ദുർബലമായതുകൊണ്ട് സ്വീകരിക്കാവുന്ന ഒരു മാർഗം ഇതിനായി ലോകവ്യാപാരസംഘടനയിൽ നിലനിൽക്കുന്ന വ്യവസ്ഥകൾ ഉപയോഗിക്കുക എന്നതാണ്. ഇറക്കുമതിയുടെ തള്ളിക്കയറ്റം ഉണ്ടാവുമ്പോൾ ആഭ്യന്തര ഉത്പാദനമേഖലയെ അതിന്റെ ആഘാതത്തിൽനിന്നും രക്ഷിക്കാൻ ലോകവ്യാപാരസംഘടയിൽ ചില സംവിധാനങ്ങൾ ഉണ്ട്. ചരക്കുവ്യാപാര ഉടമ്പടി (GATT 1984) യുടെ പത്തൊൻപതാം വകുപ്പ്, സംരക്ഷണ-സുരക്ഷാ നടപടികൾ സംബന്ധിച്ച കരാർ (Agreement on Safeguards), കാർഷികോത്പന്നങ്ങൾ സംബന്ധിച്ച കരാറിന്റെ അഞ്ചാം വകുപ്പ് എന്നിവയാണ് ഇതുസംബന്ധിച്ച സംവിധാനങ്ങൾ. ലോക വ്യാപാര കരാറിന്റെ ഈ വ്യവസ്ഥകൾ ഉപയോഗിക്കുന്നതിന് ആസിയാൽ കരാർ തടസ്സമല്ല. നിർഭാഗ്യവശാൽ സാങ്കേതികവും നിയമപരവുമായ ഒരുപാട് കുരുക്കുകളുള്ള ഇത്തരം വ്യവസ്ഥകൾ ഒന്നും അസംഘടിതരും ദുർബലരുമായ ജനവിഭാഗങ്ങളുടെ താൽപര്യം സംരക്ഷിക്കുന്നതിനായി ഉപയോഗിച്ച ചരിത്രം ലോകവ്യാപാരസംഘടനയിൽ ഇല്ല. ഇതേസമയം ശക്തമായ ലോബികളുള്ള വിഭാഗങ്ങളുടെയും വൻകിട മൂലധനത്തിന്റെയും താൽപര്യം സംരക്ഷിക്കാൻ ലോകവ്യാപാര സംഘടനയുടെ വ്യവസ്ഥകൾ കർശനമായി ഉപയോഗിക്കുന്നതിന്റെ ചരിത്രം ഉണ്ടുതാനും. കൊച്ചിയിൽനിന്നുമുള്ള സമുദ്രോത്പന്ന കയറ്റുമതിക്കെതിരെ ലോകവ്യാപാര സംഘടനയുടെ നിയമങ്ങൾ ഉപയോഗിച്ച് പാശ്ചാത്യരാജ്യങ്ങൾ അടിക്കടി പ്രയോഗിക്കുന്ന നടപടികൾ ഇതിന് ഉദാഹരണമാണ്. വിലയിടിവിന്റെ ഭീഷണി വരുന്നത് മുൻകൂട്ടി കണ്ട് വേണ്ട രേഖകളെല്ലാം തയ്യാറാക്കി സാങ്കേതിക-നിയമവിദഗ്ദ്ധന്മാരുടെ സഹായത്തോടുകൂടി പ്രതിരോധ നടപടികൾ എടുക്കാൻ കൃഷിക്കാർ സർക്കാരിനെ സമീപിക്കും എന്ന് കരുതാനാവില്ല. അതിനുള്ള പരിപൂർണ്ണ ഉത്തരവാദിത്വം ഇത്തരം കരാറുകളുടെ സ്രഷ്ടാവായ കേന്ദ്രസർക്കാർതന്നെ ഏറ്റെടുക്കണം എന്ന നിർദ്ദേശമാണ് ഇവിടെ മുന്നോട്ടുവെക്കുന്നത്. കർഷകരെ പ്രതിസന്ധിയിലാക്കിയ കേന്ദ്രസർക്കാരിനെ കേരളത്തിനു പുറത്തുള്ള വോട്ടർമാർ 2014-ൽ തെരഞ്ഞെടുപ്പിലൂടെ പുറത്താക്കിയതിനാൽ ഇത്തരമൊരു സംവിധാനം ഒരുക്കാൻ കേന്ദ്രസർക്കാരിനെ സ്വാധീനിക്കാൻ കേരളസർക്കാർ തന്നെ ഒരു വിദഗ്ദ്ധ സംവിധാനം ഉണ്ടാക്കണം. ഗാഡ്ഗിൽ - കസ്തൂരിരംഗൻ വിഷയത്തിൽ ചെയ്തതിനു സമാനമായ സംസ്ഥാന സംവിധാനം.

## നമുക്കും വേണം ഒരു സംരക്ഷണസംവിധാനം

ഇറക്കുമതിയുടെ തള്ളിക്കയറ്റമോ അമിതമായ വിലയിടിവോ ഉണ്ടാകകന്നത് മുൻകൂട്ടി കണ്ട് വേണ്ട കരുതൽ നടപടികളോ പ്രതിരോധ സംവിധാനങ്ങളോ ഏർപ്പെടുത്താൻ സർക്കാർതന്നെ സ്വയം പ്രവർത്തനസജ്ജമായ ഒരു സംവിധാനം ഏർപ്പെടുത്തണം. ലോകവ്യാപാര സംഘടനയുടെയും ഇന്ത്യ-ആസിയാൻ കരാറിന്റെയും മറ്റു സ്വതന്ത്ര വ്യാപാര കരാറുകളുടെയും വ്യവസ്ഥകൾക്ക് അനുസരിച്ച് വേണ്ട നടപടി കൈക്കൊള്ളാൻ ഈ സർക്കാർ സംവിധാനം സദാ സജ്ജമായിരിക്കണം. ഇനി അഥവാ അത്തരം നടപടികൾകൊണ്ട് വില സ്ഥിരത ഉറപ്പുവരുത്താൻ കഴിയുന്നില്ലെങ്കിൽ ന്യായവില നൽകാനുള്ള വ്യവസ്ഥകൾ ഈ സംവിധാനത്തിൽ ഉണ്ടാവണം. റബർ ബോർഡ്, നാളികേര വികസന ബോർഡ്, സ്പൈസസ് ബോർഡ്, കോഫി ബോർഡ് തുടങ്ങിയവയുടെ സഹകരണത്തോടെ കേരളം ആസ്ഥാനമായി പ്രവർത്തിക്കുന്നതായിരിക്കണം ഈ പുതിയ സംവിധാനം. ഇതേ സംവിധാനം ഉപയോഗിച്ച് അന്താരാഷ്ട്ര വിപണിയിലെ അപ്രതീക്ഷിത വിലയിടിവു തടയാൻ ആസിയാൻ കരാറിനുള്ളിൽനിന്നു തന്നെ ചുങ്കം വർദ്ധിപ്പിക്കാനുള്ള സംവിധാനമൊരുക്കണം.

## സംഘടിപ്പിക്കണം ആഗോള റബർ ഉൽപ്പാദകരാജ്യ സംഘടന

ആഗോള കമ്പോളത്തിലെ വമ്പൻ സ്രാവുകളെ നേരിടാൻ പണ്ടുപണ്ട് എന്നു പറയാവുന്ന കാലത്ത് കേരളത്തിലെ കൃഷിക്കാർ ശ്രമിച്ചിരുന്നു എന്ന ചരിത്രംകൂടി ഇവിടെ സൂചിപ്പിക്കേണ്ടതുണ്ട്. അന്ന് പക്ഷേ, കൃഷിയെ നിയന്ത്രിച്ചിരുന്നത് യൂറോപ്യൻ പ്ലാന്റർമാരായിരുന്നു. ഇന്ത്യയിലെയും പൂർവേഷ്യൻ രാജ്യങ്ങളിലെയും യൂറോപ്യൻ പ്ലാന്റർമാർ ഒത്തുകൂടി ആഗോളവിപണിയിലെ ഡിമാൻഡിനനുസരിച്ച് ഉത്പാദനത്തെ നിയന്ത്രിച്ചും ക്രമീകരിച്ചും മെച്ചപ്പെട്ട വില വസൂലാക്കാൻ ശ്രമിച്ചതിന്റെ ഒരുപാട് ചരിത്രമുണ്ട്. 1920-കളിൽ സ്വാഭാവിക റബറിന്റെ ലോകകമ്പോളത്തിൽ പരീക്ഷിക്കപ്പെട്ട സ്റ്റീവൻസൺ സ്കീം ഇതിന് ഉദാഹരണമാണ്. തേയില. കാപ്പി. ഭക്ഷ്യഎണ്ണ, റബർ, സുഗന്ധവ്യഞ്ജനങ്ങൾ, മത്സ്യം എന്നിവ ലോക കമ്പോളത്തിനുവേണ്ടി ഉത്പാദിപ്പിക്കുന്ന പ്രമുഖ രാജ്യങ്ങൾ എല്ലാംതന്നെ ദക്ഷിണേന്ത്യയിലും പൂർവേഷ്യയിലുമാണുള്ളത്. ഈ രാജ്യങ്ങൾ തമ്മിലുള്ള സ്വതന്ത്ര വ്യാപാര കരാറുകൾ അസംഘടിതരായ ഉത്പാദകർ തമ്മിലുള്ള മത്സരം ഉച്ചസ്ഥായിലേക്ക് ഉയർത്താൻ പോവുകയാണ്. ഈ ഉത്പന്നങ്ങൾ ഒരുമിച്ചു വാങ്ങിക്കൂട്ടുന്ന വിരലിൽ എണ്ണാവുന്ന കുത്തകകളായിരിക്കും ഈ മത്സരത്തിന്റേ നേട്ടം കൊയ്യുക. ഉത്പാദക രാജ്യങ്ങൾ തമ്മിലുള്ള ആരോഗ്യകരമായ സഹകരണത്തിന് വഴിയുണ്ടോ എന്നു നോക്കി അതിന് നേതൃത്വം കൊടുക്കാനാണ് ഇന്ത്യയും കേരളവും ശ്രമിക്കേണ്ടത്. മദ്ധ്യപൂർവ ദേശത്തെ എണ്ണ ഉത്പാദക രാജ്യങ്ങളുടെ (OPED) അനുഭവം ഇക്കാര്യത്തിൽ നമുക്കു വഴികാട്ടിയാവേണ്ടതാണ്.

## ആസിയാൻ കഴിഞ്ഞപ്പോൾ ഡൽഹി ഹൈക്കോടതി

ഓട്ടോമോട്ടീവ് ടയർ മാനുഫാക്ചറേഴ്സ് അസോസിയേഷൻ (ATMA) WPC 3374/2010 ആയും ഇന്ത്യൻ സൈക്കിൾ & റിക്ഷാ ടയർ മാനുഫാക്ചറേഴ്സ് അസോസിയേഷൻ (ICRTMA) WPC 3373/2010 ആയും ഓൾ ഇന്ത്യ റബ്ബർ ഇൻഡസ്ട്രീസ് അസോസിയേഷൻ (AIRIA) WPC 3376/2010 ആയും മൂന്ന് കേസുകൾ ഡൽഹി ഹൈക്കോടതിയിൽ 2010-ൽ ഫയൽ ചെയ്തതോടെയാണ് റബ്ബർ വിലയിടിക്കാനുള്ള ആസൂത്രിത നീക്കം ആരംഭിക്കുന്നത്.

റബ്ബർ വ്യവസായികൾ നൽകിയ ഈ മൂന്നുകേസുകളിൽ 2010 മെയ് 17-ൽ പുറപ്പെടുവിച്ച വിധിന്യായത്തിൽ നാല് കാര്യങ്ങൾ പരിഗണിക്കാനാണ് ഡൽഹി ഹൈക്കോടതി വാണിജ്യ വകുപ്പിനോടാവശ്യപ്പെട്ടത്.

1) സ്വാഭാവിക റബ്ബറിന്റെ ഉൽപാദന ചിലവ് കണക്കാക്കിയും റബ്ബർ ആക്ടിന്റെ 13-ാം വകുപ്പ് പ്രകാരം സ്വാഭാവിക റബ്ബറിന് പരമാവധി വില നിശ്ചയിക്കുകയും ചെയ്യുക.

2) സ്വാഭാവിക റബ്ബറിന്റെ ഇറക്കുമതി നികുതി പുനർ നിശ്ചയിക്കുക.

3) സ്വാഭാവിക റബ്ബറിന്റെ ഫ്യൂച്ചർ ട്രേഡിംഗ് (Future Trading) അവസാനിപ്പിക്കുക.

4) റബ്ബർ സെസ്സ് എടുത്തുകളയുക.

ഇക്കാര്യങ്ങളൊക്കെ ചൂണ്ടിക്കാട്ടി കേന്ദ്ര വാണിജ്യ വകുപ്പിന് നിവേദനം നൽകിയതായിരുന്നെന്നും നാളിതുവരെ ഇക്കാര്യങ്ങൾ പരിഗണിക്കാത്തതിനാൽ വാണിജ്യ വകുപ്പിനോട് തങ്ങളുടെ നിവേദനങ്ങൾ പരിഗണിക്കാൻ ഉത്തരവിടണമെന്നുമായിരുന്നു റബ്ബർ വ്യവസായികളുടെ ഹർജി. നേരത്തെ ചൂണ്ടിക്കാട്ടിയതുപോലെ രാജ്യത്തെ എല്ലാ റബ്ബർ വ്യവസായികളും കേസുകൊടുത്ത മൂന്ന് സംഘടനകളിലെ അംഗങ്ങളാണ്. റബർ വില സംബന്ധിച്ച് ഉചിതമായ തീരുമാനങ്ങളെടുക്കാൻ ഒരു വിദഗ്ധ സമിതിയെ നിയമിക്കാൻ വാണിജ്യ വകുപ്പിനോടാവശ്യപ്പെടണമെന്നും ഹർജിയിൽ ആവശ്യപ്പെടണമെന്നും ഹർജിയിൽ ആവശ്യപ്പെട്ടിരുന്നു.

റബർ വിലയുടെ കാര്യത്തിൽ കാര്യകാരണസഹിത തീരുമാനങ്ങളെടുക്കാൻ വാണിജ്യ വകുപ്പിന് ഉത്തരവ് നൽകണനമെന്നാവശ്യപ്പെട്ട് നൽകിയ ഹർജിയിൽ പെട്ടെന്ന് തന്നെ ഡൽഹി ഹൈക്കോടതി വിധി പ്രഖ്യാപിച്ചു. 2010 മെയ് 17-ലെ വിധിന്യായത്തിൽ പരാതിക്കാരുടെ ആവശ്യങ്ങളൊക്കെ കോടതി അംഗീകരിച്ചു.

ഡൽഹി ഹൈക്കോടതി വിധിക്കുശേഷം കാര്യങ്ങൾ റോക്കറ്റ് വേഗത്തിലാണ് നീങ്ങിയത്. 2010 ജൂൺ 22-ൽ തന്നെ (കോടതിവിധിക്ക് ഒരു മാസത്തിനകം) വാണിജ്യ വകുപ്പ് വിദഗ്ധ സമിതി രൂപീകരിക്കുന്നു. ഓരോ പരാതിക്കാരനേയും പ്രത്യേകം പ്രത്യേകം കേൾക്കുന്നു. അതിനായി വിദഗ്ധ സമിതി ദിവസങ്ങൾ ചിലവഴിക്കുന്നു. കേസിൽ പറയാത്ത കാര്യങ്ങളും വസ്തുതകളും പരാതിക്കാർക്ക് പിന്നീട് ഉന്നയിക്കണമെന്ന് തോന്നുന്നതെന്തും വിദഗ്ധ സമിതിയുടെ മുമ്പിൽ അവതരിപ്പാക്കാനും കോടതി അവസരം നൽകിയിരുന്നു.

### റബർ കർഷകർ വഞ്ചിക്കപ്പെടുന്നു

അപ്പോളോ ടയേഴ്സ്, ബിർള ടയേഴ്സ്, സിയറ്റ് ജെകെ ടയേഴ്സ്, എംആർഎഫ്., എൻഎസ്ആർ, ചക്ര എന്നീ ടയർ കമ്പനി പ്രതിനിധികളും എ.കെ. ഗുപ്ത എന്ന കൺസൾട്ടന്റുമായിരുന്നു 2010 ജൂലൈ 7-ൽ ചേർന്ന ആദ്യ വിദഗ്ധ സമിതിയിൽ പരാതിക്കാരുടെ പ്രതിനിധികളായി എത്തിയത്. പിന്നീട് നടന്ന മറ്റ് രണ്ട് റബ്ബർ വ്യവസായി സംഘടനകളുമായുള്ള വിദഗ്ധ സമിതി ചർച്ചയിലും എ.കെ. ഗുപ്ത തന്നെയായിരുന്നു വിഷയം അവതരിപ്പിക്കാനെത്തിയത്. ചുരുക്കത്തിൽ കേസ് മൂന്നാണെങ്കിലും വാദമുഖങ്ങളൊക്കെ ഒന്നുതന്നെയായിരുന്നു. ഇത് റബ്ബർ വ്യവസായികളുടെ സംയുക്ത നീക്കവുമായിരുന്നു. ഇത് ആദ്യമെ തിരിച്ചറിഞ്ഞത് റബർ ബോർഡായിരുന്നു. ആ ഘട്ടത്തിൽ ഈ കേസിന്റെ കാര്യം കേരളത്തിൽ നിന്നുള്ള എംപിമാരെയോ സംസ്ഥാന സർക്കാരിനെയോ അറിയിച്ചിരുന്നെങ്കിൽ ഡൽഹി ഹൈക്കോടതി വിധിക്കെതിരെ അപ്പീൽ നൽകാൻ സാധിച്ചേനെ. റബർ വിലയിടിക്കുന്നതിനെതിരെ റബർബോർഡ് വൻകിട വ്യവസായികളെ സഹായിക്കുകയായിരുന്നെന്ന് വ്യക്തം.

വിദഗ്ധ സമിതി അംഗങ്ങൾ

1) സാജൻ പീറ്റർ, ചെയർമാൻ റബർബോർഡ്

2) സി.സി. ചാക്കോ, ഡയറക്ടർ (L& ED) റബർബോർഡ്

3) തരിയൻ ജോർജ്, Joint Director Economics റബർബോർഡ്

4) കെ.വി. മാത്യു, Joint RPC, Development റബർബോർഡ്

5) വർഗീസ് ഐപ്, Deputy Director, LAW റബർ ബോർഡ്

6) ടോം ജോസഫ്, ഇക്കണോമിസ്റ്റ് റബർബോർഡ്

7) ഷൈലജ നായർ, Deputy Director, Forward Market Commission

എന്നിവരായിരുന്നു.

### കർഷകരെ വഞ്ചിച്ച വിദഗ്ധ സമിതി റിപ്പോർട്ട്

24 പേജുകളുള്ള വിദഗ്ധസമിതി റിപ്പോർട്ട് വായിച്ചാൽ അത് റബ്ബർ വ്യവസായികളെ സഹായിക്കാനായി കോട്ടയത്തെ റബ്ബർ ബോർഡിലെ മലയാളികളായ ഉദ്യോഗസ്ഥർ സൃഷ്ടിച്ചതാണെന്ന് വ്യക്തം. വിദഗ്ധ സമിതി റിപ്പോർട്ട് രണ്ട് ഭാഗങ്ങളായിട്ടാണ് വിഷയം പഠിച്ചത്പോലും. ഒന്നാം ഭാഗത്ത് ആവശ്യത്തിന് സ്വാഭാവിക റബ്ബർ ലഭ്യമാകാത്ത സാഹചര്യവും അന്താരാഷ്ട്ര വിലയേക്കാൾ കൂടിയ റബ്ബർ വില രാജ്യത്ത് നില നിൽക്കുന്ന സാഹചര്യവും ആണ് വിദഗ്ധ സമിതി പഠിച്ചത്. രണ്ടാമത്തെ ഭാഗത്ത് ഡൽഹി ഹൈക്കോടതിയിൽ പരാതിക്കാർ നൽകിയ വ്യക്തമായ പരാതികൾ പരിഗണിച്ചതിന്റെ വിശദാംശങ്ങളും.

റബ്ബറിന്റെ ലഭ്യതയാണ് ഏറ്റവും വലിയ വിഷയമെന്നായിരുന്നു വിദഗ്ധ സമിതി കണ്ടെത്തൽ. അതേ സമയംതന്നെ 2010-11 കാലഘട്ടത്തിൽ 85000 ടൺ റബ്ബറിന്റെ കുറവ് രാജ്യത്തുണ്ടെന്ന് സമിതി കണ്ടെത്തി. എന്നാൽ 2010 ഏപ്രിലിൽ തന്നെ രാജ്യത്ത് 253975 ടൺ റബ്ബർ സ്റ്റോക്കുണ്ടെന്നും ഇത് വളരെ കൂടുതലാണെന്നും കഴിഞ്ഞ വർഷം കൂടുതൽ റബ്ബർ ഇറക്കുമതി ചെയ്തതാണ് ഇങ്ങനെ വലിയ സ്റ്റോക്ക് റബർ ഉണ്ടാകാൻ കാരണമെന്നും സമിതി കണ്ടെത്തി. ഇതിനെ സമിതി ന്യായീകരിക്കുകകൂടി ചെയ്തപ്പോൾ റബ്ബർബോർഡിന്റെ മനസ്സ് എവിടെയായിരുന്നു വ്യക്തമാകുന്നു. വില കൂടുമെന്ന ചിന്തയിൽ ചെറുകിട റബർ കർഷകർ ആവശ്യത്തിലധികം റബ്ബർ സ്റ്റോക്ക് സ്വന്തമായി കൈവശം വയ്ക്കുകയും അങ്ങനെ വിപണിയിൽ കൃത്രിമ ക്ഷാമം സൃഷ്ടിച്ച് റബ്ബർ വില ഉയർത്തുകയും ചെയ്യുന്നുണ്ടെന്നും ഇത്തരമൊരു സാഹചര്യം മറ്റ് റബർ ഉൽപാദക രാജ്യങ്ങളിൽ ഇല്ലെന്നും വിദഗ്ധ സമിതി കണ്ടെത്തി(?). കോട്ടയത്തിരുന്ന് ഇങ്ങനെയൊരു പച്ചക്കള്ളം എഴുതിയുണ്ടാക്കിയ വിദഗ്ധ സമിതി അംഗങ്ങൾ തന്നെയാണ് ഒരു പരിധിവരെ റബർ വില കുറയ്ക്കാൻ ഉത്തരവാദികൾ. ഇത്തരത്തിലൊരു റിപ്പോർട്ട് തയ്യാറാക്കിയതിന് പിന്നിൽ എന്തെങ്കിലും സ്ഥാപിത താൽപര്യങ്ങളുണ്ടായിരുന്നോ എന്ന് പരിശോധിക്കേണ്ടിയിരിക്കുന്നു. 1947 മുതൽ റബ്ബർ കൃഷിക്കാർക്കും റബ്ബർ അധിഷ്ഠിത വ്യവസായികൾക്കും സംരക്ഷണം നൽകിക്കൊണ്ടുള്ള ഒരു വില നിയന്ത്രണ സംവിധാനമാണ് നിലവിലുണ്ടായിരുന്നത്. സ്വാഭാവിക റബർ ഉൽപാദനം രാഷ്ട്ര വികസനത്തിന്റെ ഭാഗമായതിനാലാണ് ഇത്തരമൊരു സംരക്ഷണം ഏർപ്പെടുത്തിയിരുന്നത്. 1991-92 ൽ ആഗോളതലത്തിലുണ്ടായ കച്ചവട നിയന്ത്രണങ്ങൾ നീക്കലിന്റെ ഭാഗമായി റബറിന്റെ മേലുള്ള നിയന്ത്രണങ്ങളും നീക്കി. വിദഗ്ധ സമിതി കണ്ടെത്തുന്നു.

### നഷ്ടം സഹിച്ചത് റബർ വ്യവസായികളെന്ന് റബർ ബോർഡ്

1947 മുതലുള്ള റബർ വില സംരക്ഷണത്തിന്റെ ഭാഗമായി ആഗോള തലത്തിലേതിനേക്കാൾ 50% കൂടിയ വിലയ്ക്കാണ് ഭാരതത്തിൽ റബറിന്റെ വില നിലനിർത്തിയിരുന്നതെന്നാണ് റബർബോർഡ് വിദഗ്ധ സമിതി കണ്ടെത്തിയത് ഇങ്ങനെ

കൂടിയ വില റബർ അധിഷ്ഠിത വ്യവസായങ്ങളാണ് സഹിച്ച തെന്നും (?) വിദഗ്ധ സമിതി കണ്ടെത്തി. 1990 കളിലാണ് ഇതിന് മാറ്റമുണ്ടായതെന്നും സമിതി കണ്ടെത്തി. അതിനു ശേഷം ആഗോള വിപണിയെ അടിസ്ഥാനമാക്കിയാണ് കേര ളത്തിലെ റബർവില നിശ്ചയിച്ചിരുന്നത്. ഈ കണ്ടെത്തലുക ളൊക്കെ റബർ വ്യവസായികളെ സഹായിക്കാൻ റബർബോർഡ് ഉദ്യോഗസ്ഥർ വഴിവിട്ട് നീങ്ങി എന്ന് വ്യക്ത മാക്കുന്നു. 1980 മുതൽ 2009 വരെയുള്ള ആഗോള പ്രാദേശിക റബർ വിലയെപ്പറ്റി റബർബോർഡ് തന്നെ നടത്തിയ പഠന ത്തിൽ 1990 നുമുമ്പ് 6 ശതമാനമായിരുന്നു Instability Index എന്നും 1990 നുശേഷം 28% ആയി ഉയർന്നു എന്നും കണ്ടെ ത്തിയിരുന്നു. 1990 കളിൽ പ്രാദേശിക റബർ വില ആഗോള വിപണിയേക്കാൾ 6.5% കൂടുതലായിരുന്നെങ്കിൽ 2000-ൽ അത് 3% കുറവായി മാറി. 2008 ഏപ്രിൽ മുതൽ 2010 ജൂൺ വരെ യുള്ള കാലയളവിൽ (27 മാസം) 15 മാസം ആഗോളതലത്തിൽ റബർവില ഉയർന്നുന്നെ നിന്നിരുന്നു. നാട്ടിലെ റബർ വില കുറ വായിരുന്നെന്നർത്ഥം.

1980-2009 കാലഘട്ടത്തിലെ 29 വർഷം റബറിന്റെ വില യിൽ 6.8% കണ്ട് വാർഷിക വർദ്ധനവുണ്ടായെങ്കിലും വില നിലവാരവുമായി തട്ടിച്ചു നോക്കിയാൽ(Real Value of Price)വി ലകുറയ്ക്കലാണ് സ്വാഭാവിക റബർ വിപണിയിലുണ്ടായത് എന്നും വിദഗ്ധ സമിതി കണ്ടെത്തി. ചുരുക്കത്തിൽ സ്വാഭാ വിക റബർ കൃഷി മേഖല 1980-2009 കാലഘട്ടത്തിൽ വളരു കയല്ല മുരടിക്കുകയായരുന്നു എന്ന് വിദഗ്ധ സമിതി വിലയി രുത്തി.

### റബർവ്യവസായികൾ സംരക്ഷിക്കപ്പെടണം,റബർകർഷകരോ?

ഈ കണ്ടെത്തലുകളെയൊക്കെ ക്രോഡീകരിച്ചപ്പോൾ റബർ ലഭ്യതക്കുറവും റബർ വിലയുമായി ബന്ധമുണ്ടെന്നും അതിനാൽ ഈ രണ്ടുവിഷയങ്ങളെ ബന്ധപ്പെടുത്തി കർഷ കർക്കും വ്യവസായികൾക്കും അനുകൂലമായ തീരുമാനമായി രിക്കും വിദഗ്ധ സമിതി എടുക്കുക എന്നും പറഞ്ഞിരിക്കുന്നു. റബർ വ്യവസായികളും ഈ ഫാക്ടറികളിൽ പണിയെടുക്കുന്ന തൊഴിലാളികളും സംരക്ഷിക്കപ്പെടേണ്ടതാണ് പോലും. എന്നാൽ 11 ലക്ഷം റബർ കർഷകരെപ്പറ്റി ആർക്കും വേദന യില്ല. ഏറ്റവും കൂടുതൽ ചെറുകിട കർഷകർ കൃഷി ചെയ്യുന്ന കൃഷിയാണ് റബർ. 10 ലക്ഷത്തിലധികം റബർ കർഷകർ രാജ്യ ത്തുണ്ട്. ശരാശരി റബർ കൃഷിത്തോട്ടത്തിന്റെ വിസ്തൃതി ഒരേ ക്കറാണ്. കാർഷിക മേഖലയിൽ ഏറ്റവും കുറവ് ഇറക്കുമതി ചുങ്കം ചുമത്തുന്നത് റബറിനാണ്. 20% മാത്രം. തേയിലയ്ക്കും കാപ്പിക്കും ഇറക്കുമതി ചുങ്കം 100% ആണ്. ഏലക്കായ്ക്ക് ഇറ ക്കുമതി ചുങ്കം 70% ആണ്. ഈ മൂന്ന് മേഖലകളിലുമായി ലക്ഷ ത്തിൽ താഴെ ഹെക്ടറിൽ മാത്രമാണ് കൃഷിയുള്ളത്. അങ്ങനെ നോക്കിയാലും കൂടുതൽ ഇറക്കുമതി ചുങ്കം ചുമത്തേണ്ടത് റബറിനായിരുന്നു. ചൈനയിൽ വരെ കൂടിയ ഇറക്കുമതി ചുങ്ക മാണ് നിലനിൽക്കുന്നത്.

1997 മുതൽ 2002 വരെ രാജ്യത്തെ റബർവില കുറഞ്ഞ തിനാൽ ഒത്തിരി റബർ തോട്ടങ്ങൾ മറ്റാവശ്യങ്ങൾക്കായി മാറി. ഇത് സ്വാഭാവിക റബറിന്റെ ഉൽപാദനത്തെ വരെ ബാധിച്ചു എന്നും വിദഗ്ധ സമിതി കണ്ടെത്തി. ഇങ്ങനെയൊക്കെ ചൂണ്ടി ക്കാണിച്ചെങ്കിലും വിദഗ്ധ സമിതി രാജ്യത്ത് റബർവില ഉയർന്ന് തന്നെയാണ് നിൽക്കുന്നതെന്നും റബർ കർഷകർ വില കൂട്ടാ നായി റബർ സ്വന്തമായി സ്റ്റോക്ക് ചെയ്യുന്നുണ്ടെന്നും 'കണ്ടെ ത്തി'. അതിനനുസൃതമായ റിപ്പോർട്ടാണ് സമർപ്പിച്ചത്.

### ഇറക്കുമതി ചുങ്കം 20% എന്നത് 20 രൂപയാക്കിയ വഞ്ചന

അതുവരെ 20% ആയിരുന്ന റബർ ഇറക്കുമതി ചുങ്കത്തിൽ ഈ വിദഗ്ധ സമിതിയാണ് കർഷകരെ മുടിപ്പിക്കാൻ വെള്ളം ചേർത്ത് 20 രൂപയാക്കിയത്. 2010 വരെയുള്ള 3 വർഷത്തെ റബർ വിലയുടെ അടിസ്ഥാനത്തിൽ ഇറക്കുമതി ചുങ്കത്തിന് സമാനമായ Non Advolerum Optional Duty Cap ആയി 20.46 രൂപ നിശ്ചയിച്ച് വിദഗ്ധ സമിതി റിപ്പോർട്ട് നൽകി. വർഷാവർഷം റബർ വില കൂടുന്നതിനും കുറയുന്നതിനും അനുസരിച്ച് ഈ Duty Cap പുനർനിർണ്ണയിക്കണമെന്ന് വിദഗ്ധ സമിതി എഴു തിവച്ചെങ്കിലും പിന്നീട് ഒന്നും സംഭവിച്ചില്ല. ആഗോള തല ത്തിൽ ഉയരുന്ന റബർ വിലയെ അടിസ്ഥാനമാക്കി വർഷാ വർഷം Non Advolerum Optional Duty Cap പുനർനിർണ്ണയിച്ചാൽ റബർ വ്യവസായികൾക്ക് അത് പ്രതികൂലമാകുമെന്നതിനാൽ റബർ ബോർഡ് ഇക്കാര്യത്തിൽ കഴിഞ്ഞ 3 വർഷമായി മൗനം പാലിച്ചുകൊണ്ടിരിക്കുന്നു. 2007-ലെ 91 രൂപയും 2008-ലെ 101 രൂപയും 2009-ലെ 115 രൂപയും ശരാശരി ചെയ്താണ് 2010-ൽ 20.46 രൂപ ചുങ്കമായി നിശ്ചയിച്ചത്. ഈ വിലയിലാണ് 2013-ലും ഇറക്കുമതി ചുങ്കം നിശ്ചയിക്കുന്നത്. ഇത് രാജ്യത്തെ 11 ലക്ഷം കർഷകരെ കുത്തുപാളയെടുപ്പിക്കാനാണെന്ന് വ്യക്തം. 2010 ഒക്ടോബർ 24-ൽ കേന്ദ്രവാണിജ്യ വകുപ്പ് തയ്യാറാക്കിയ F No 6/15/2010 - Plant C നോട്ട് പ്രകാരം റബർബോർഡ് വിദഗ്ധ സമിതി നിർദ്ദേശിച്ച മൂന്നുവർഷത്തെ റബറിന്റെ ശരാശരി വിലയെ അടിസ്ഥാനമാക്കിയുള്ള Non Advolerum Optional Duty Cap ചുങ്കം (ഇറക്കുമതി ചുങ്കത്തിന് സമാനമായത്) പ്രായോ ഗികമായി നടപ്പിലാക്കാൻ സാധിക്കുന്നതല്ലെന്ന് കണ്ടെത്തിയി രുന്നു. റബർ ബോർഡ് കണ്ടെത്തിയ അതിനൂതനവും പുതി യതുമായ ചുങ്കം നിശ്ചയിക്കൽ (Innovatiove type of duty cap) ആശയപരമായി നല്ലതാണെങ്കിലും പ്രായോഗികമായി നടപ്പാ ക്കാൻ ബുദ്ധിമുട്ടുള്ളതാണെന്ന് വ്യക്തമാക്കിയിരുന്നു. Though theoretically this appers to be the safest way, it will be almost impossible to impliment, as the duty structures in the country are not built around moving avernes. But are based on fixed percentages announced in the annual budget which are easily understood and easily impementable uniformly across the country." Para No.5 (ii) (6)

വാണിജ്യ വകുപ്പിന്റെ ഈ കണ്ടെത്തലിനെ അടിസ്ഥാ നമാക്കി കേന്ദ്രസർക്കാരിന് 20 രൂപ എന്ന ഇറക്കുമതി ചുങ്കനിർദ്ദേശം അവഗണിക്കാമായിരുന്നു. അതിന് വേണ്ടിയി രുന്നത് കേരളത്തിൽ നിന്നുള്ള 16 എംപിമാരുടെ സമ്മർദ്ദമാ യിരുന്നു. അതിനവർ തയ്യാറായില്ല എന്നുമാത്രമല്ല, ഇക്കാര്യ ങ്ങളൊന്നും അവർ അറിഞ്ഞതേയില്ല. (അറിഞ്ഞെങ്കിലും അവർ അറിഞ്ഞതായി ഭാവിച്ചില്ല). പക്ഷെ ഇക്കാര്യങ്ങൾ റബ്ബർ ബോർഡ് അറിഞ്ഞിരുന്നു. കാരണം ഈ നോട്ടിന്റെ ഒരു കോപ്പി റബ്ബർബോർഡിനും ലഭിച്ചിരുന്നു.

### വൈകിവന്ന പ്രതിഷേധം

കേരളത്തിൽ റബ്ബർ കർഷകരുടെ പ്രതിഷേധം വ്യാപകമാ കുന്നു എന്ന തിരിച്ചറിവിൽ മറ്റു മാർഗ്ഗങ്ങളില്ലാത്തതിനാൽ 2012 ഡിസംബർ 20-ൽ കേരളത്തിൽ നിന്നുള്ള എംപിമാർ കേന്ദ്ര വാണിജ്യ വകുപ്പിനെ സമീപിച്ച് റബ്ബറിന്റെ 20 രൂപ എന്ന ചുങ്കം കൂട്ടണമെന്നഭ്യർത്ഥിക്കുന്നു. ഇതേ വിഷയത്തിൽ കേന്ദ്രമന്ത്രി കെ.വി. തോമസും കേന്ദ്ര വാണിജ്യ മന്ത്രിയെ കാണുന്നു. പക്ഷെ റബ്ബറിന് 161 രൂപ വിലയുള്ളതിനാൽ റബർ വില കൂട്ടാ നായി ഇറക്കുമതി ചുങ്കം കൂട്ടേണ്ടതില്ലെന്ന് കെ.വി. തോമസടക്കമുള്ളവർ തീരുമാനിക്കുന്നു. ആ സമയത്ത് ആഗോള വിപണിയിൽ 17 രൂപയായിരുന്നു വില. കർഷകർക്ക് ലോകവ്യാപാര സംഘടനയും ഗാട്ടും അനുവദിച്ച് നൽകിയ 20% ഇറക്കുമതി ചുങ്കം പുനർ നിശ്ചയിച്ചെങ്കിൽ കേരളത്തിലെ റബർ വില 161 രൂപയ്ക്ക് പകരം 204 രൂപയായേനെ. അമേരി ക്കൻ സായിപ്പ് അനുവദിച്ച ആനുകൂല്യം പോലും കേരള ത്തിലെ 10 ലക്ഷത്തോളം റബർ കർഷകർക്ക് നൽകാൻ പ്രാദേ ശിക ഭരണാധികാരികൾ (കേന്ദ്രമന്ത്രിമാർ) തയ്യാറായില്ല. 2012 ഡിസംബർ 27-ന് കൂടിയ റബ്ബർ ബോർഡിന്റെ വിദഗ്ധ സമിതിയും റബർ വില 161 രൂപയായിട്ടും അത് മികച്ച വില യാണെന്നും റബർ വില കൂട്ടേണ്ടതില്ലെന്നും കണ്ടെത്തിയിരു ന്നു.

2013 ഫെബ്രുവരി 11-ാം തീയതി റബ്ബർ വില 157 രൂപ

യായി താഴ്ന്നു. ഇത് കഴിഞ്ഞ മൂന്ന് വർഷത്തെ ഏറ്റവും കുറഞ്ഞ വിലയായിരുന്നു. 2012 ഫെബ്രുവരിയിൽ റബർ വില 187 രൂപയായിരുന്നു. റബ്ബർ വിലയിടിവ് കൂടുതൽ കർഷക രോഷം ഉയർത്തിയതിനെ തുടർന്ന് 2013 ഫെബ്രുവരി 11-ൽ റബർബോർഡ് ചെയർമാൻ തന്നെ 20 രൂപ എന്ന ഇറക്കുമതി ചുങ്കം പിൻവലിക്കണമെന്നും ഇറക്കുമതി ചുങ്കം വർദ്ധിപ്പിക്കണമെന്നും ആവശ്യപ്പെട്ട് വാണിജ്യ മന്ത്രാലയത്തിന് കത്തയച്ചു. 20 രൂപ എന്ന ഇറക്കുമതി ചുങ്കം 34 രൂപ ആക്കണമെന്നും റിപ്പോർട്ടയച്ചു.

അന്നന്നത്തെ അപ്പത്തിന് വകയില്ലാത്ത ഒരേക്കറിൽ താഴെ റബ്ബർ കൃഷി ചെയ്യുന്ന കേരളത്തിലെ റബ്ബർ കർഷക മുതലാളിമാർ (!) 130000 ടൺ റബ്ബർ സ്വന്തമായി സ്റ്റോക്ക് ചെയ്തിട്ടുണ്ടെന്നാണ് കേന്ദ്ര വാണിജ്യ മന്ത്രാലയം ഈ സാഹചര്യത്തിൽ കണ്ടെത്തിയത്. 2013 ഫെബ്രുവരി 25-ാം തീയതി ഇറക്കുമതി ചുങ്കം 20 രൂപയിൽ നിന്ന് 20% (35 രൂപ) ആക്കണമെന്ന് കേരള മുഖ്യമന്ത്രി ഉമ്മൻ ചാണ്ടിയും കേന്ദ്രമന്ത്രി കൊടിക്കുന്നിൽ സുരേഷും ആവശ്യപ്പെട്ടു. എന്നിട്ടും തീരുമാനമൊന്നുമുണ്ടായില്ല.

അവസാനം 2013 ഫെബ്രുവരി 27-ൽ കേന്ദ്രവാണിജ്യ മന്ത്രാലയം റബ്ബറിന്റെ ഇറക്കുമതി ചുങ്കം "20 രൂപയോ 20% ഏതാണ് കുറവെന്ന" പഴയ നിരക്കിന് പകരം "34 രൂപയോ 20% ഏതാണ് കുറവെന്ന" പുതിയ ഇറക്കുമതിചുങ്കം ആക്കണമെന്ന് തീരുമാനിച്ച് മേൽ നടപടികൾക്കായി കേന്ദ്ര ധനവകുപ്പിനയച്ചു. കടുത്ത സമ്മർദ്ദത്തെ തുടർന്ന് 2013 ഡിസംബർ അവസാനം കേന്ദ്ര ധനകാര്യവകുപ്പ് 20 രൂപ 34 രൂപയാക്കി ഉയർത്തി. എന്നാൽ അതു നടപ്പിലാക്കുന്നതിനു മുൻപുതന്നെ കേന്ദ്രത്തിൽ അധികാരമാറ്റം നടന്നു.

## റബർ ഉൽപാദന ചിലവ് 238 രൂപ

റബറിന്റെ ഉൽപാദന ചിലവിനെ അടിസ്ഥാനമാക്കി റബറിന്റെ വില നിശ്ചയിക്കണമെന്ന കാര്യത്തിൽ വിദഗ്ധ സമിതിക്ക് തീരുമാനമെടുക്കാനായില്ല. റബറിന്റെ ഉൽപാദന ചിലവ് നിശ്ചയിക്കാനാവില്ല എന്നായിരുന്നു സമിതിയുടെ കണ്ടെത്തൽ. ഇതുതന്നെ ടയർ വ്യവസായ ലോബിയെ സഹായിക്കാനായിരുന്നു. മാത്രമല്ല വ്യവസായികാടിസ്ഥാനത്തിൽ റബർ കൃഷി ചെയ്യുന്നതിന്റെ കണക്ക് അവതരിപ്പിച്ചാൽ റബർ വില നിലവിലുള്ളതിന്റെ നാലിരട്ടിയാകുമെന്നും പ്രമുഖ ഉപഭോക്തൃ സംഘടനയായ സെന്റർ ഫോർ കൺസ്യൂമർ എഡ്യൂക്കേഷൻ സ്ഥാപിച്ച ഫാർമേഴ്സ് അസോസിയേഷൻ ആന്റ് മൂവ്മെന്റ്സ് കോഓർഡിനേഷൻ കൗൺസിൽ (FAMCCO) നിയമിച്ച വിദഗ്ധ സമിതി കണ്ടെത്തി.

റബർ കൃഷി ചെയ്യാൻ അനുയോജ്യമായ ഒരേക്കർ സ്ഥലം ലഭിക്കണമെങ്കിൽ ഏക്കറിന് 20 ലക്ഷം രൂപ മുടക്കണം. ഒരു ഏക്കറിൽ 150 റബർ തൈകൾ വയ്ക്കാം. ഒരു റബർ തൈയ്ക്ക് 80 രൂപ, കുഴി എടുക്കാൻ 20 രൂപ, കുഴി മൂടാൻ 15 രൂപ, തൈവയ്ക്കാൻ 10 രൂപ, ആകെ 125 രൂപ. 150 തൈകൾക്ക് 18750 രൂപ. ഒരേക്കറിൽ വളം ഇടാൻ പ്രതിവർഷം 700 രൂപ. തൈകൾ സംരക്ഷിക്കാനും കാടുവെട്ടിതെളിക്കാനും പ്ലാറ്റ്ഫോം വെട്ടാനുമായി പ്രതിവർഷം 6 പണി. 600 രൂപ ദിവസകൂലിയിൽ 3600 രൂപ. റബർ വച്ച് ഏഴാം വർഷമേ ആദായം എടുക്കാൻ സാധിക്കൂ. അങ്ങനെ ആദ്യത്തെ ഏഴുവർഷത്തെ ആവർത്തന ചിലവ് 4300 x 7 = 30,100. ആദ്യവർഷത്തെ തൈവയ്ക്കൽ ചിലവ് 18750 രൂപ. ആകെ ചിലവ് 48850 രൂപ. മുതൽ മുടക്കായ (ബാങ്ക് വായ്പ) 20 ലക്ഷം രൂപയുടെ 12% പലിശ നിരക്കിൽ വാർഷിക പലിശ 2,40,000. തൈവയ്ക്കൽ ചിലവിനെ ഏഴായി ഭാഗിച്ച് വാർഷിക ചിലവ് കണക്കാക്കിയാൽ 7000 രൂപ. അങ്ങനെ ആകെ വാർഷിക ചിലവ് 2,47,000 രൂപ.

നിലവിലെ കാലാവസ്ഥയിൽ പ്ലാസ്റ്റിക് ഇട്ട് വെട്ടിയാലും ഒരു വർഷം ലഭിക്കാവുന്ന വാർഷിക വെട്ട് 150 ദിവസമാണ്. ഒരു ഏക്കർ റബർ തോട്ടത്തിൽ നിന്നും ലഭിക്കുന്ന ഉണക്ക റബറിന്റെ തൂക്കം 9 കിലോ ആണ്. വാർഷിക ഉൽപാദനം ഏക്കറിന് 1350 കിലോ. 160 രൂപാ നിരക്കിലാണെങ്കിൽ ലഭിക്കാവുന്ന വാർഷിക വരുമാനം 2,16,000 രൂപ.

നിലവിലെ വെട്ടുകൂലി റബറൊന്നിന് 2 രൂപ. 150 മരത്തിന് 150 വെട്ടിന് 45,000 രൂപ വാർഷിക വെട്ടുകൂലി. തുരിശടിക്കും മറ്റുമായി 2500 രൂപ വാർഷിക ചിലവ്. മറ്റു പണിചിലവുകളും വളം ഇടലും കൂടി 4500 രൂപ. ആകെ വാർഷിക ചിലവ് 2,47,000 രൂപ. ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിലെ കൂലിയായ 200 രൂപ ഒരു ദിവസം നൽകിയാലും 365 ദിവസത്തെ കൂലിയായി റബർ കർഷകന് ലഭിക്കേണ്ടത്73,000 രൂപ. അങ്ങനെ ആകെ ചിലവ് 3,20,000 രൂപ. റബർ 160 രൂപ നിരക്കിൽ ലഭിക്കുന്ന വരുമാനം 2,16,000 രൂപ. ലാഭവും നഷ്ടവുമില്ലാതെ റബർ കൃഷി ചെയ്യണമെങ്കിൽ ഒരു കിലോ റബർ ഷീറ്റിന് 238 രൂപ എങ്കിലും ലഭിക്കണം.

## റബ്ബർ ഇറക്കുമതി ചാനലുകൾ

കാലാകാലങ്ങളിൽ കേന്ദ്രസർക്കാർ നിശ്ചയിക്കുന്ന ഇറക്കുമതി ചുങ്കം (Import Duty) നൽകി ആർക്കും റബ്ബർ ഇറക്കുമതി ചെയ്യാൻ 2001 ഏപ്രിൽ 1 മുതൽ സാധിക്കും. വിവിധ ചാനലുകളിലൂടെ റബ്ബർ ഇറക്കുമതി ചെയ്യാം.

1) Open Channel
2) Asia Pacafic Trade Agreement
3) Duty Entitled Pass Book Scheme
4) Advance License Scheme
5) Duty Free Import Authorisation Scheme
6) Scheme For 100% Eou

ഇതിൽ ഓപ്പൺ ലൈസൻസ് സ്കീമിലൂടെയാണ് മിക്കവരും റബ്ബർ ഇറക്കുമതി ചെയ്യുന്നത്.

2004 ജനുവരി 9 മുതൽ സ്വാഭാവിക റബ്ബറിന്റെ ഇറക്കുമതി ചുങ്കം 20% ആണ്.

2012 മാർച്ചിൽ കേരളത്തിലെ റബ്ബർ വില 193 രൂപയായിരുന്നു. അന്താരാഷ്ട്ര വിപണിയിൽ (ബാങ്കോക്കിൽ) റബ്ബർ വില 201 രൂപ. റബ്ബർ വ്യവസായികൾ റബർ ഇറക്കുമതി ചെയ്യണമെങ്കിൽ 201 രൂപയ്ക്ക് മേൽ മറ്റൊരു 20% കൂടി നൽകണം. 242 രൂപ. കപ്പലിൽ റബ്ബർ ഇന്ത്യയിലെത്തിക്കാൻ ഒരു കിലോയ്ക്ക് മറ്റൊരു 8 രൂപ കൂലി ആകും. ആകെ ചിലവ് 250 രൂപ. നാട്ടിലെ റബ്ബർവില 193 രൂപ. നാട്ടിലെ റബ്ബർ കർഷകർ റബ്ബർ വിപണിയിൽ വിൽക്കാതെ സ്റ്റോക്ക് ചെയ്താൽ റബ്ബർ വ്യവസായികൾ പുറത്തുനിന്നും റബ്ബർ വാങ്ങണമെങ്കിൽ 250 രൂപ നൽകേണ്ടി വരും. ഇത് മുൻകൂട്ടി റബ്ബർ വ്യവസായികൾ മനസ്സിലാക്കി കൂടിയ വിലയ്ക്ക് റബ്ബർ നാട്ടിൽ നിന്നും വാങ്ങും. അങ്ങനെ റബ്ബർ വില ഉയരും. ഇതായിരുന്നു റബ്ബർ വിലയുടെ പിന്നിലെ സാമ്പത്തിക ശാസ്ത്രം.

നാട്ടിലെ വിലയേക്കാൾ വളരെ കുറഞ്ഞ വിലയ്ക്ക് അന്തർദേശീയ റബ്ബർ രാജ്യത്തെത്തിച്ച് നൽകാം. അതിൽ നിന്ന് വ്യവസായികൾക്ക് കിട്ടുന്ന ലാഭത്തിന്റെ പങ്ക് തങ്ങൾക്കും നൽകണം എന്ന് ചിലർ കരാറെടുത്തതിന് പിന്നിൽ ശതകോടികളുടെ അഴിമതിയുണ്ട്.

## റബ്ബർ കൃഷി ചിലവുകൾ

കേരളത്തിൽ റബ്ബർ കൃഷി ചെയ്യുന്ന ചിലവല്ല മലേഷ്യയിലും ചൈനയിലും. ഓരോ രാജ്യത്തും ഉൽപാദന ചിലവുകൾ കൂടിയും കുറഞ്ഞും ഇരിക്കും. കേരളത്തിലെ റബ്ബർ ടാപ്പിംഗ് കൂലിയുടെ അഞ്ചിലൊന്നേ ചൈനയിലും മലേഷ്യയിലും ടാപ്പിംഗ് കൂലിയായുള്ളൂ.

## റബറൈസ്ഡ് റോഡുകളുടെ പ്രസക്തി

റോഡ്നിർമ്മാണത്തിൽ റബർ അധിഷ്ഠിത ബിറ്റുമിൻ ഉപയോഗിക്കുന്നതിന് ഇന്ത്യൻ റോഡ് കോൺഗ്രസ് നല്കിയ നിർദ്ദേശം കേന്ദ്രസർക്കാർ അംഗീകരിച്ചെങ്കിലും തീരുമാനം അട്ടിമറിച്ചതും വ്യവസായലോബിയാണ്. റോഡ് നിർമ്മാണത്തിൽ പ്രകൃതിദത്ത റബർ ഉപയോഗിച്ചാൽ 20 ശതമാനം ലാറ്റക്സ് ഇവിടെത്തന്നെ പ്രയോജനപ്പെടുത്താമെന്നും റബർവില ഉയരുമെന്നും വിദഗ്ദ്ധർ അഭിപ്രായപ്പെടുന്നു. കൊച്ചി റിഫൈനറിയിൽ മാത്രം വർഷം ഒരു ലക്ഷം ടൺ റബർ ബിറ്റുമിൻ ഉത്പാദിപ്പിക്കാനുള്ള പ്ലാന്റ് സ്ഥാപിച്ച് ഉത്പാദനം തുടങ്ങിയെങ്കിലും ഇതു വാങ്ങി ഉപയോഗിക്കാൻ റബർ കർഷകർക്കുവേണ്ടി കണ്ണീരൊഴുക്കുന്ന സംസ്ഥാനസർക്കാരിനു കീഴിലുള്ള പൊതുമരാമത്ത് വകുപ്പും കരാറുകാരും താത്പര്യപ്പെടുന്നില്ല. റബറൈസ്ഡ് റോഡുകൾക്ക് 20 ശതമാനം നിർമ്മാണച്ചെലവ് കൂടുതലാണെങ്കിലും ആയുസ് ഇരട്ടിയാണ്. അപകടസാധ്യത നന്നേ കുറയും. ടയറിന് ആയുസ് വർധിക്കും. അറ്റകുറ്റപ്പണിക്കു വേണ്ടിവരുന്ന ചെലവ് കണക്കാക്കുമ്പോൾ ആത്യന്തികമായി റബർ ടാറിംഗ് ലാഭകരമാണ്. 1994-ൽ മലനാട് ഡെവലപ്മെന്റ് സൊസൈറ്റിയുടെ നേതൃത്വത്തിൽ പമ്പാവാലിയിലെ തുലാപ്പള്ളി മുതൽ മൂക്കൻപെട്ടിവരെ 12 കിലോമീറ്റർ ഗ്രാമീണപാത റബറൈസ് ചെയ്തു. അഞ്ചു വർഷത്തോളം ഈ പാതയിൽ അറ്റകുറ്റപ്പണി വേണ്ടിവന്നില്ല.

22 വർഷം പിന്നിട്ടിട്ടും കേരളത്തിൽ ആകെയുള്ള റബറൈസ്ഡ് റോഡുകളുടെ ദൈർഘ്യം അൻപതു കിലോമീറ്ററിൽ താഴെയാണ്. കോട്ടയം-കുമളി റോഡിൽ പെരുവന്താനത്തും വണ്ടിപ്പെരിയാറ്റിലും രണ്ടു കിലോമീറ്റർ വീതവും കോട്ടയം മാധവൻപടിയിലും കൊച്ചി രവിപുരത്തും ഓരോ കിലോമീറ്ററും പരീക്ഷണം നടത്തി വിജയകരമായി കണ്ടു. ദേശീയനിലവാരമുള്ള നിരവധി സംസ്ഥാന-ദേശീയപാതകൾ കേരളത്തിൽ നിർമ്മാണത്തിലുണ്ടെങ്കിലും റബറൈസേഷൻ നടത്തി കർഷകരെ രക്ഷിക്കാൻ കേന്ദ്ര, സംസ്ഥാന സർക്കാരുകൾക്കും ഉദ്യോഗസ്ഥ-കരാർ ലോബിക്കും താത്പര്യമില്ല.

## ദേശീയ റബർ നയ രൂപീകരണ സമിതിയോ നശിപ്പിക്കൽ സമിതിയോ

ഏറെ പ്രതീക്ഷ നൽകുന്നു എന്ന് രാഷ്ട്രീയക്കാർ വിലയിരുത്തുന്ന റബർ ദേശീയനയം രൂപീകരിക്കുന്നതിനായി കേന്ദ്ര ഗവൺമെന്റ് രൂപീകരിച്ച 31 അംഗ കമ്മിറ്റിയിൽ 3 പേർ മാത്രം റബർ കർഷകർ. സമിതി 2014 ഡിസംബറിനകം റിപ്പോർട്ട് സമർപ്പിക്കും. റബർ ബോർഡ് ചെയർമാൻ കൺവീനറായി പ്രവർത്തിക്കുന്ന ഈ സമിതി എല്ലാ വിഭാഗം ആളുകളിൽനിന്നും അഭിപ്രായങ്ങൾ സ്വീകരിക്കുമെന്നും അത് കർഷകർക്ക് ഗുണകരമാകുമെന്നുമാണ് പ്രചരിക്കപ്പെടുന്നത്.

റബർ നയ രൂപീകരണ സമിതിയുടെ കൂടിയാലോചനയ്ക്കുള്ള വിഷയങ്ങൾ ഇവയാണ്.

1. ഇന്ത്യൻ റബർ വ്യവസായത്തിൽ സ്വാഭാവിക റബർ, സിന്തറ്റിക് റബർ, റിക്ലെയ്മ്ഡ് റബർ, റബർ ഉത്പന്നങ്ങൾ എന്നിവയുടെ നിലവിലുള്ള സ്ഥിതിയും വളർച്ചയും.

2. അടുത്ത 10 വർഷത്തേക്കു രാജ്യത്തിന് ആവശ്യമുള്ള എല്ലാവിധ റബർ, റബർ ഉത്പന്നങ്ങൾ എന്നിവയുടെ ലഭ്യതയും ഉപഭോഗവും കയറ്റി അയയ്ക്കാവുന്നതിന്റെ കണക്കുകളും അവലോകനം ചെയ്യുക.

3. സ്വാഭാവിക റബർ, സിന്തറ്റിക് റബർ, റിക്ലെയ്മ്ഡ് റബർ, ടയർ, ടയറിതര ഉത്പന്നങ്ങൾ എന്നിവയുടെ ഉത്പാദനത്തിൽ പ്രത്യേക അവസരങ്ങളുടെ സാധ്യതകളും ഉണ്ടാകുന്ന വെല്ലുവിളികളും കണ്ടുപിടിക്കുക.

4. വലിയ തോതിലുള്ള ഇറക്കുമതികൾമൂലം കർഷകർക്കുണ്ടായ കഷ്ടനഷ്ടങ്ങളും ആഭ്യന്തരവിലയിലുണ്ടായ വിലയിടിവിന്റെ പ്രത്യാഘാതങ്ങളും വിലയിരുത്തുക.

5. സ്വാഭാവിക റബറിന്റെ സംഭരണം, വില്പന ഇറക്കുമതി എന്നിവയിലുള്ള അപാകതകൾ മൂലം കർഷകർക്ക് ഉത്പാദനത്തിലും വിലനിലവാരത്തിലുമുള്ള നഷ്ടങ്ങളെ വിലയിരുത്തുക.

6. റബർകൃഷി വ്യാപനത്തിനായും ഉത്പാദനവർദ്ധനയ്ക്കായും നിലവിലുള്ള പദ്ധതികളും നയങ്ങളും കൂടുതൽ സ്ഥലങ്ങളിലേക്കും വടക്കുകിഴക്കൻ സംസ്ഥാനങ്ങളിലേക്കും വ്യാപിക്കാനുള്ള സാദ്ധ്യതകൾ പരിശോധിക്കുക.

7. റബർ കൃഷിയുടെ വികസനത്തിന് ആവശ്യമായ നയങ്ങൾ കേന്ദ്ര-സംസ്ഥാന തലങ്ങളിൽ രൂപീകരിക്കാനുള്ള നിർദ്ദേശങ്ങൾ.

8. റബർ ഉത്പാദനത്തിനും വ്യവസായത്തിനും യോഗ്യമായ ആനുകൂല്യങ്ങൾ, നികുതികൾ, വിദേശവ്യാപാര ലൈസൻസുകൾ, നിയന്ത്രണങ്ങൾ എന്നിവയ്ക്കുള്ള നയങ്ങൾ.

9. റബർ കർഷകർക്കും റബർ മേഖലയിൽ പ്രവർത്തിക്കുന്ന തൊഴിലാളികൾക്കുമായി നിലവിലുള്ള ക്ഷേമപദ്ധതികൾ അവലോകനം ചെയ്യുകയും പുതിയതു നിർദ്ദേശിക്കുകയും ചെയ്യുക.

റബർ നയ രൂപീകരണ സമിതിയിലെ അംഗങ്ങൾ ആരൊക്കെയാണെന്നു മനസ്സിലാക്കിയാൽ റബ്ബർ നയ രൂപീകരണ സമിതിയല്ല, റബർ നശിപ്പിക്കൽ സമിതിയാണ് പ്രവർത്തിക്കുന്നതെന്നു വ്യക്തം. റബർ നയ രൂപീകരണസമിതിയിൽ കേന്ദ്രസർക്കാരിനും വ്യവസായികൾക്കും മൃഗീയ ഭൂരിപക്ഷമാണ്. 31 അംഗ സമിതിയിൽ 3 പേർ മാത്രമാണ് കർഷകപ്രതിനിധികൾ. കേന്ദ്രസർക്കാരിന്റെ 9 പ്രതിനിധികൾ, വ്യവസായികളുടെ 13 പ്രതിനിധികൾ, CDS ന്റെ 1 പ്രതിനിധി, വൻകിട പ്ലാന്റർമാരുടെ 2 പ്രതിനിധികൾ, കേരളസർക്കാരിന്റെ 1 പ്രതിനിധി എന്നിങ്ങനെയാണ് 31 അംഗ സമിതി. ഈ സമിതിയിൽ നിന്നും കർഷകർ ഒന്നും പ്രതീക്ഷിക്കേണ്ട.

## റബർതടി പ്രതിസന്ധി– ഉത്തരവാദിത്വം സംസ്ഥാന ഭരണനേതൃത്വത്തിനുതന്നെ

റബർത്തടി വിറ്റു മക്കളെ പഠിപ്പിക്കുകയോ റീപ്ലാന്റ് ചെയ്യുകയോ മകളെ കെട്ടിച്ചയയ്ക്കുകയോ ചെയ്യാമെന്നു കണക്കുകൂട്ടിയ കർഷർക്കെല്ലാം തോൽവി സംഭവിച്ചു. റബർ ഷീറ്റിനും ഒട്ടുപാലിനും പിന്നാലെ റബർത്തടിക്കും വിലയിടിയുകയാണ്. ഭാരിച്ച ചെലവിൽ കർഷകൻ റബർ വളർത്തിയാലും തടിയുടെ ലാഭം തൊഴിലാളിക്കും കച്ചവടക്കാരനും മില്ലുടമയ്ക്കുമാണു കിട്ടുന്നത്. ഇക്കാലത്ത് ഒരു ബ്ലോക്കിലെ റബർ (300 മരം) വിറ്റാൽ ഉടമയ്ക്കു ലഭിക്കുക പരമാവധി മൂന്നു ലക്ഷം രൂപയാണ്. ഇത്രയും മരം വെട്ടി ലോഡ് ചെയ്യുന്നതിനു തൊഴിൽക്കൂലി രണ്ടര ലക്ഷം രൂപ കൊള്ളക്കൂലിയും. റബർകർഷകർക്കുവേണ്ടി കണ്ണീരൊഴുക്കുന്ന രാഷ്ട്രീയപാർട്ടികളുടെതന്നെ തൊഴിലാളിവിഭാഗങ്ങൾ തന്നെയാണ് ഈ കർഷകദ്രോഹത്തിനു നേതൃത്വം നൽകുന്നത്. ലോറിവാടകയും വെട്ടുകൂലിയും ഓരോവർഷവും വർദ്ധിക്കുമ്പോൾ ഉടമയ്ക്കുള്ള വരുമാനം കുറഞ്ഞുവരുന്നു. 30 വർഷം തോട്ടം പരിപാലിച്ച ഉടമയ്ക്ക് അർഹതപ്പെട്ട പണം ഒരാഴ്ചകൊണ്ടു തൊഴിലാളിയും കച്ചവടക്കാരനും മില്ലുടമയും ചേർന്നു വീതംവയ്ക്കുന്നു.

ഷീറ്റ് വില കുറഞ്ഞതോടെ സ്ലോട്ടർ മരങ്ങൾ വെട്ടി പുതിയ തൈ നടാൻ കർഷകരും സ്ലോട്ടർ കരാറുകാരും താൽപര്യപ്പെട്ടതോടെ തടിമില്ലുകളിൽ തടിയുടെ വരവ് വർദ്ധിച്ചു. ഒരു ടൺ സെലക്ഷൻ റബർത്തടിക്ക് 7000 രൂപവരെ ലഭിച്ചിരുന്ന സ്ഥാനത്ത് ഇപ്പോൾ വില 5,500 രൂപ. കോൽത്തടിയുടെ വില 4000 രൂപയും വിറകിന് 1200 രൂപയുമായി കുറഞ്ഞു. പെരുമ്പാവൂർ, കാലടി എന്നിവിടങ്ങളിലെ കുത്തക തടിമില്ലുടമകളാണു റബർത്തടിക്കു വില നിശ്ചയിക്കുന്നത്. ഈ മില്ലുടമകളാണു റബർത്തടിക്കു വില നിശ്ചയിക്കുന്നത്. ഈ മില്ലുടമകളാവട്ടെ കേരളത്തിലെ പ്രമുഖരായ രാഷ്ട്രീയനേതാക്കളും അവരുടെ ബിനാമികളുമാണുതാനും. റബർ വിലയിടിവിനെതിരേ സമരം നയിക്കുന്ന ഇവർ തന്നെയാണു തടിയുടെ

വില ഇടിച്ചു കർഷകരെ ചൂഷണം ചെയ്യുന്നത്.

ഇടുക്കി, കോട്ടയം, എറണാകുളം, പത്തനംതിട്ട ജില്ലകളിൽനിന്ന് ദിവസം 500 ലോഡ് റബർ തടി കാലടി, പെരുമ്പാവൂർ മില്ലുകളിൽ എത്തുന്നുണ്ട്. ഒരു ദിവസം എത്ര ലോഡ് തടി എത്തുന്നു എന്നു കണക്കാക്കിയാണു മില്ലുടമകൾ ഈയിടയായി വിലയിടുന്നത്. മുമ്പു വൈകുന്നേരം മുതൽ പെരുമ്പാവൂരിൽ തടി വിൽക്കാമായിരുന്നു. ഇപ്പോൾ തടിയുടെ ആകെ വരവറിഞ്ഞശേഷം പുലർച്ചേ മൂന്നിനു ശേഷമാണു മില്ലുടമ വിലയിടുക.

വില കുറഞ്ഞുപോയതിനാൽ തടി തിരികെ കൊണ്ടുവരിക സാധ്യമല്ല. അതിനാൽ കിട്ടുന്ന വിലയ്ക്കു തടി വിറ്റ് കച്ചവടക്കാരൻ ലോറിയുമായി മടങ്ങുന്നു. നാട്ടിലാവട്ടെ കച്ചവടക്കാർ പറയുന്ന വിലയല്ലാതെ തടിക്കു വിലപേശി വാങ്ങാനുള്ള ഒരു സാഹചര്യവും കർഷകനില്ല. തടിയുടെ കൃത്യമായ മാർക്കറ്റ് വില കർഷകന് അറിയില്ലതാനും. റബർതടി വിൽപ്പനയുടെ കുത്തകസംഭരണം സംസ്ഥാനസർക്കാർ ഏറ്റെടുത്ത് റബർതടി വ്യാപാരം പാലാ / കാഞ്ഞിരപ്പള്ളി എന്നിവിടങ്ങളിൽ കേന്ദ്രീകരിക്കണം. ഈ സംവിധാനം നിയന്ത്രിക്കാൻ കർഷകരുടെ ഒരു ഉന്നതാധികാരസമിതിയും ഉണ്ടാക്കണം.

പ്ലൈവുഡ്, പാക്കിംഗ് ബോക്സ് നിർമ്മാണം എന്നിവയ്ക്കു മാർക്കറ്റ് ഉള്ളിടത്തോളം കാലം റബർത്തടിക്കു ആവശ്യക്കാർ ഏറെയായിരിക്കും.

## കാർബൺ ക്രെഡിറ്റ് പദ്ധതിയിലൂടെ ശതകോടികളുടെ വരുമാനസാദ്ധ്യത

ആഗോളതാപനവുമായി ബന്ധപ്പെട്ട് അന്താരാഷ്ട്ര കാർബൺ ക്രെഡിറ്റ് പദ്ധതിയിലൂടെ റബർകൃഷിക്ക് വളരെയേറെ നേട്ടങ്ങൾ കൈവരിക്കാനാകും. പ്രായപൂർത്തിയായ ഒരു റബർമരം പ്രതിവർഷം അന്തരീക്ഷത്തിലേക്കു വമിപ്പിക്കുന്ന ഓക്സിജന്റെ അളവ് അമൂല്യമാണ്. ലോകത്തിലെ വ്യാവസായിക രാജ്യങ്ങൾ വർഷങ്ങളായി പുറത്തേക്കു തള്ളുന്ന ടൺ കണക്കിനു കാർബൺ ഡൈയോക്സൈഡിനും അതുമൂലമുണ്ടാകുന്ന ആഗോളതാപന വർദ്ധനവിനുമുള്ള പ്രതിവിധിയാണിത്. കാർബൺ ക്രെഡിറ്റ് പദ്ധതിയിൽനിന്ന് ഇവിടത്തെ റബർ കർഷകർക്ക് ശതകോടികൾ ലഭിക്കാനുള്ള മേഖലയാണിത്. കാറ്റാടി വൈദ്യുതി യന്ത്രങ്ങൾക്കു ലഭിക്കുന്ന കൂറ്റൻ തദ്ദേശീയ വിദേശ സബ്സീഡികളേക്കാൾ ഏറെ സബ്സീഡി റബർ കർഷകർക്കു ലഭിക്കാൻ സാധ്യതയുള്ള മേഖലയാണിത്.

അഞ്ചു വർഷത്തേക്കുകൂടി ക്യോട്ടോ ഉടമ്പടിയുടെ വ്യവസ്ഥകൾ പാലിക്കാൻ ഡർബൻ ഉച്ചകോടിയിൽ സമ്പന്നരാജ്യങ്ങൾ സന്നദ്ധത അറിയിച്ച പശ്ചാത്തലത്തിൽ (2017 വരെ) ആഗോളതാപനത്തിന്റെ കോംപൻസേറ്റിംഗ് ഫണ്ടിൽ നിന്നും ശതകോടികളുടെ കാർബൺ ക്രെഡിറ്റ് ഫണ്ട് റബർ കർഷകർക്കു നേടിക്കൊടുക്കാൻ സംസ്ഥാനസർക്കാർ കർഷകരടങ്ങുന്ന ഒരു വിദഗ്ദ്ധ സമനിതിയെ നിയമിക്കണം.

## റബർവിഷയം പഠിക്കാൻ സംസ്ഥാന സർക്കാർ സമിതിയെ നിയമിക്കണം

ഗാഡ്ഗിൽ, കസ്തൂരിരംഗൻ വിഷയങ്ങളിൽ സംസ്ഥാന സർക്കാർ ഉമ്മൻ വി. ഉമ്മൻ കമ്മറ്റിയെ നിയമിച്ച് പ്രശ്നപരിഹാരത്തിനു ശ്രമിച്ചതുപോലെ അതിലേറെ ജനങ്ങളെ ബാധിക്കുന്ന റബർ വിലയിടിവു പ്രശ്നം പഠിക്കാൻ കർഷകരും കർഷകരോടു താല്പര്യമുള്ള വിദഗ്ദ്ധരുമടങ്ങുന്ന ഒരു സംസ്ഥാനതല വിദഗ്ദ്ധസമിതിയെ സംസ്ഥാനസർക്കാർ അടിയന്തിരമായി നിയമിച്ച് റബർ മേഖലയിലെ എല്ലാ വിഭാഗം ജനങ്ങളുടെയും സ്ഥാപനങ്ങളുടെയും (റബർ ബോർഡ് ഒഴിച്ച്) അഭിപ്രായങ്ങൾ ആരാഞ്ഞ് അവ ക്രോഡീകരിച്ച് കേന്ദ്രത്തിനും പുതിയ റബർ നയ രൂപീകരണസമിതിക്കും സമർപ്പിക്കണം. ഞങ്ങൾ ചെയ്തതുപോലെ യഥാർത്ഥ റബർ കർഷകരായിരിക്കണം സമിതിയിലെ അംഗങ്ങൾ.


**ഉപജീവന റബർ, അതിജീവന ചിന്തകൾ**

Upajeevana Rubber, Athijeevana Chinthakal

by James Vadakkan, Mundankal P.O., Pala 686 574
Mob: 9497340829 E-mail: vadakkan.james@gmail.com

Ist Edition : February 2016

Printed at : St Alphonsa Offset Press Pala

Published by : Vibrant Publications Pvt. Ltd.,
Parinamam Road, Kaloor, Kochi - 682 017

Price : Rs. 50




ജെയിംസ് വടക്കൻ


ബിസിനസ് ദീപികയിൽ ജെയിംസ് വടക്കൻ, നോർത്തേൺ, ചാണക്യൻ എന്നീ തൂലികാനാമങ്ങളിലും ധനം, വികസനജ്യോതി, ബിസിനസ് ന്യൂസ്, റിയൽ എസ്റ്റേറ്റ് ഫോക്കസ്, മാധ്യമം തുടങ്ങിയ പ്രസിദ്ധീകരണങ്ങളിലായി മാനേജ്മെന്റ്, സംരംഭകത്വം, മാർക്കറ്റിംഗ്, പൊതുഗതാഗതം, കൃഷി, പബ്ലിക്ക് ഫൈനാൻസ് എന്നീ വിഷയങ്ങളിൽ 3000 ലധികം ലേഖനങ്ങൾ. കേരളത്തിലെ ഏറ്റവും അറിയപ്പെടുന്ന ഉപഭോക്തൃ സംഘടനയായ സെന്റർ ഫോർ കൺസ്യൂമർ എഡ്യുക്കേഷൻ സ്ഥാപകനും മുഖ്യ ഉപദേഷ്ടാവും ചീഫ് മെന്ററും. സംസ്ഥാന ധനകാര്യ നികുതി വകുപ്പ് ഗവേഷണ നയരൂപീകരണ സ്ഥാപനമായ ഗുലാത്തി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫൈനാൻസ് ആന്റ് ടാക്സേഷൻ ഗവേണിംഗ് ബോഡി എക്സിക്യൂട്ടീവ് കമ്മറ്റി അംഗം. കേരള, തമിഴ്നാട്, പോണ്ടിച്ചേരി സംസ്ഥാനതല ബാങ്കേഴ്സ് കമ്മറ്റി അംഗം. റബർവിലയിടിവ് ഒരു സാമ്പത്തിക രാഷ്ട്രീയ വിലയിരുത്തൽ (2014), ജനങ്ങളുടെ സ്വന്തം കെ.എസ്.ആർ.ടി.സി. – പ്രതിസന്ധികളും പരിഹാരമാർഗ്ഗങ്ങളും (2014), കൃഷി രാഷ്ട്രീയമല്ല, വികസനമാണ്, കേരളത്തിലെ കർഷകരുടെ ഭാവിവികസനത്തിനായുള്ള ഗൗരവചിന്തകൾ (2015) എന്നിവയാണ് ലേഖകന്റെ ഏറ്റവും ഒടുവിലത്തെ ഗവേഷണപ്രബന്ധ പുസ്തകങ്ങൾ.



ഉപജീവന **റബർ**
**അതിജീവന ചിന്തകൾ**

# ഫ്രണ്ട്സ് ഓഫ് റബർ

**KP 6/399 Vadakkan Buildings,**
**Mundankal P.O. Pala - 686 574**

സംഘടിതരും സമ്പന്നരും നയതീരുമാനങ്ങളെടുക്കുന്ന രാഷ്ട്രീയ ഉദ്യോഗസ്ഥ നേതൃത്വങ്ങളുമായി വളരെ അടുത്ത ബന്ധം പുലർത്തുന്ന റബർ വ്യവസായികളും നിർമ്മാതാക്കളും കച്ചവടക്കാരും ഒരു വശത്തും 12 ലക്ഷത്തിലധികം അസംഘടിത കർഷകർ മറ്റൊരു ഭാഗത്തും നിന്നു നടത്തിക്കൊണ്ടിരിക്കുന്ന അതിജീവനത്തിനായുള്ള പോരാട്ടമാണ് (സത്യത്തിൽ നിലനിൽപിനായുള്ള യുദ്ധം തന്നെയാണിത്). കഴിഞ്ഞ കുറെ വർഷങ്ങളായി റബർ കൃഷി മേഖലയിൽ നടന്നുകൊണ്ടിരിക്കുന്നത്.

വ്യവസായികളും കച്ചവടക്കാരും റബർ വിലയിടിക്കാൻ ഒറ്റക്കെട്ടായി കോടിക്കണക്കിനു രൂപാ ചിലവഴിച്ച് നിയമ, സാങ്കേതിക, മാനേജ്മെന്റ് വിദഗ്ദ്ധരെയും പ്രൊഫഷണലുകളെയും അണിനിരത്തി തങ്ങൾക്കനുകൂലമായ തീരുമാനം സൃഷ്ടിക്കാൻ ഏതുതരത്തിലുള്ള സംവിധാനവുമൊരുക്കിക്കൊണ്ടിരിക്കുമ്പോൾ കർഷകർ വിവിധ തട്ടുകളിലായി / വിഭാഗങ്ങളിലായി വിഭജിക്കപ്പെട്ട് നിയമ മാനേജ്മെന്റ് സാങ്കേതിക വിദഗ്ദ്ധരുടെ പിന്തുണയൊന്നുമില്ലാതെ ഭിന്നസ്വരത്തിൽ സംസാരിക്കുമ്പോൾ കർഷകരുടെ വിലപേശൽ ശക്തി അനുദിനം കുറഞ്ഞുകൊണ്ടിരിക്കുന്നു. റബർ വിലയിടിവു പ്രശ്നത്തിൽ കർഷകർക്കു വേണ്ടി പ്രവർത്തിക്കുന്ന വിവിധ വിഭാഗങ്ങൾ തമ്മിൽ ഏകോപനമുണ്ടാകേണ്ടിയിരിക്കുന്നു. ആശയങ്ങൾ ക്രോഡികരിക്കേണ്ടിയിരിക്കുന്നു. നിയമ സാങ്കേതിക പോരാട്ടങ്ങൾക്കു പ്രൊഫഷണലിസം ഉണ്ടാകേണ്ടിയിരിക്കുന്നു.

കഴിഞ്ഞ 25 വർഷമായി ജനങ്ങളുടെ പ്രശ്നങ്ങളിൽ ഇടപെട്ടു പ്രവർത്തിക്കുന്ന സെന്റർ ഫോർ കൺസ്യൂമർ എഡ്യൂക്കേഷൻ കാർഷിക വിഷയങ്ങളിൽ പ്രവർത്തിക്കുന്നവർക്ക് ഗവേഷണ/നിയമ/സാങ്കേതിക/ പ്രൊഫഷണൽ സഹായങ്ങൾ ഒരുക്കാനായി രൂപീകരിച്ചതാണ് ഫ്രണ്ടസ് ഓഫ് റബർ എന്ന റബർ കൂട്ടായ്മ. "ഉപജീവന റബർ അതിജീവന ചിന്തകൾ" എന്ന നയമാണ് റബർ കൂട്ടായ്മയെ മുന്നോട്ടു നയിക്കുന്നത്. റബറുമായി ബന്ധപ്പെട്ട സമസ്ത മേഖലകളിലും പ്രവർത്തിക്കുന്നവരുമായി നിരന്തര ആശയ സംവാദങ്ങളും ചർച്ചകളും നടത്തുക എന്നതാണിതിന്റെ ഉദ്ദേശം. എല്ലാ മാസത്തിലെയും രണ്ടാം ശനിയാഴ്ച വൈകുന്നേരം റബർ കൂട്ടായ്മ ഒത്തുകൂടാനാണ് തീരുമാനം.

വ്യക്തികൾക്കല്ല, ആശയങ്ങൾക്കും മുന്നേറ്റങ്ങൾക്കും ആണ് പ്രധാന്യം കൊടുക്കേണ്ടതെന്നതിനാൽ റബർ കൂട്ടായ്മ വ്യക്തിയധിഷ്ഠിതമല്ല. വ്യക്തികൾക്കു പകരം സംഘടനയായിരിക്കും അറിയപ്പെടുക.